പ്രവണതകളും ആവർത്തിക്കാതിരിക്കാനുള്ള നടപടികളും സ്വീകരിക്കും. ഏതായിരുന്നാലും ഇതിനെപ്പറ്റി ഗൗരവത്തോടുകൂടിത്തന്നെ ഹൗസ് കമ്മിറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കും. അതിനുശേഷം കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

ഇതോടൊപ്പംതന്നെ മറ്റൊരു സംഭവംകൂടിയുണ്ട്. വാച്ച് ആൻറ് വാർഡിൽപ്പെട്ട ഒരാളെ പുറമേനിന്നും വന്ന ഒരാൾ കയ്യേറ്റം ചെയ്തതായി റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതെല്ലാം കമ്മിറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കും.

V. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

ജലവും മലിനജലവും സംബന്ധിച്ച 1984-ലെ കേരള ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 1986 ജൂൺ 26-ാം തീയതിവരെ ദീർഘിപ്പിക്കണമെന്ന പ്രമേയം.

Minister for Co-operation: (**Smt. M. Kamalam**): Sir, I move that the time for the presentation of the Report of the Subject Committee on the Kerala Water and Waste Water Bill, 1984 be extended up to June 26, 1986.

പ്രമേയം സഭ അംഗീകരിച്ചു.

VI. റിപ്പോർട്ട് സമർപ്പണം

ജലവും മലിനജലവും സംബന്ധിച്ച 1984-ലെ കേരള ബില്ലിനെപ്പറ്റിയുള്ള ഒൻപതാം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്.

Smt. M. Kamalam Minister for Co- operation: Sir, I present the Report of the Subject Committee on the Kerala Water and Waste water Bill, 1984.

VII. ധനകാര്യം

1986-87 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും. വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ: XXIII-നഗരവികസനം

ധനാഭ്യർത്ഥന നമ്പർ: XXI-പൊതുജനാരോഗ്യ എൻജിനീയറിംഗ്.

ധനാഭ്യർത്ഥന നമ്പർ: XXXIX- ജലസേചനം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നഗരവികസനമെന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പൊതുജനാരോഗ്യ എൻജിനീയറിംഗ് എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ജലസേചനമെന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ളതുക 1986-87 സാമ്പത്തികവർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവകുപ്പുമന്ത്രി (ശ്രീമതി എം കമലം): സർ, ഞാൻ അതിനെ പിൻതാങ്ങുന്നു.

ധനാഭ്യർത്ഥന നമ്പർ: XXXVI- പഞ്ചായത്ത്

Minister for Panchayats and Devaswoms: **Shri. C. M. Sundaram:**

Sir, I move that the amount shown in Col. 7 of the list referred to in the order paper be granted to complete the same necessary to defray the charges that will come in course of payments during the year 1986-87 in respect of the head of demand entered against it Viz. Demand No.XXXVI- Panchayat.

Minister for Law and Irrigation: **Sri K. M. Mani**: sir, I second it.

ധനാഭ്യർത്ഥന നമ്പർ XXIII—നഗരവികസനം

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നഗരവികസനം എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,73,34,500 രൂപയിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

Shri Kodiyeri Balakrishnan: Sir, I move that the amount of Rs. 2,73,34,500 under Demand XXIII- Uraban Development be reduced by Rs. 100.

ശ്രീ. കെ. ശങ്കരനാരായണപ്പിള്ള: സർ, നഗരവികസനം എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,73,34,500 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, നഗരവികസനം എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,73,34,500 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു

(പൊതുവായി ചർച്ചചെയ്യുന്നതിന്)

ശ്രീ. വി. സി. കബീർ: സർ, നഗരവികസനം എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,73,34,500 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതിരിപ്പിക്കുന്നു.

Shri K. Moossakutty: Sir, I move that the amount of Rs. 2,73,34,500 under Demand XXIII- Urban Development be reduced by Rs.100

(To discuss in general)

ശ്രീ. എ. കെ. പത്മനാഭൻ: സർ, നഗരവികസനം എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,73,34,500 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതിരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(Shri E. Padmanabhan): Sir, I move that the amount of Rs. 1,73,34,500 under Demand XXIII- Urban Development be reduced by Rs. 100.

(To discuss in general)

ശ്രീ വി. കെ. രാജൻ: സർ, നഗരവികസനം എന്ന XXIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,73,34,500 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ: സർ, നഗരവികസനം എന്ന XXIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,73,34,500 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(Shri V. S ChandrasekharanPillai): Sir, I move that the amount of Rs. 2, 73,34,500 under Demand XXIII- Urban Development be reduced by Rs. 100.

(To discuss in general)

സൂചക വെട്ടിക്കുറയ്ക്കൽ

(Shri Kodiyeri Balakrishnan): Sir, I move that the amount of Rs. 36,63,66,700 under Demand XXI- Public Health Engineering be reduced by Rs. 100.

(To discuss generally)

ശ്രീ വി. കെ. രാജൻ: സർ, പൊതുജനാരോഗ്യ എൻജിനീയറിംഗ് എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 36,63,66,700ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി റേച്ചൽ സണ്ണിപനവേലിൽ: സർ, പൊതുജനാരോഗ്യ എൻജിനീയറിംഗ് എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 36,63,66,700 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ ശങ്കരനാരായണപ്പിള്ള: സർ, പൊതുജനാരോഗ്യ എൻജിനീയറിംഗ് എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 36,63,66,700 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പൊതുജനാരോഗ്യ എൻജിനിയറീംഗ് എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 36,63,66,700 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു

(Shri K. Moossakutty): Sir, I move that the amount of Rs. 36,63,66,700 under Demand XXI- Public Health Engineering be reduced by Rs. 100.

(To discuss in general)

LIBRARY ARCHIVES Kerala Legislative Assembly

(**Shri E. Padmanabhan**): Sir, I move that the amount of Rs. 36,63,66,700 under Demand XXI- Public Health Engineering be reduced by Rs. 100.

(To discuss in general)

ശ്രീ. വി. സി. കബീർ: സർ, പൊതുജനാരോഗ്യ എൻജിനീയറിംഗ് എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 36,63,66,700 കെ.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. പത്മനാഭൻ: സർ, പൊതുജനാരോഗ്യ എൻജിനീയറിംഗ് എന്ന XXI–ാ നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 36,63,66,700 കെ.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ: സർ, പൊതുജനാരോഗ്യ എൻജിനീയറിംഗ് എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 36,63,66,700 കെ.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, പൊതുജനാരോഗ്യ എൻജിനീയറിംഗ് എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 36,63,66,700 കെ. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുജനങ്ങൾക്ക് ആവശ്യത്തിന് ശുദ്ധജലം കിട്ടാത്തതിനെപ്പറ്റി ചർച്ച ചെയ്യാൻ)

(**Shri V. S. Chandrasekharan Pillai**) Sir, I move that the amount of Rs. 36,63,66,700 under Demand XXI- Public Health Engineering be reduced by Rs. 100.

(To discuss in general)

സൂചക വെട്ടിക്കുറയ്ക്കൽ

(**Shri Kodiyeri Balakrishnan**): Sir, I move that the amount of Rs. 59,01,99,600 under Demand XXXIX- Irrigation be reduced by Rs. 100.

ശ്രീമതി റേച്ചൽ സ്ണ്ണിപനവേലിൽ: സർ, ജലസേചനം എന്ന XXXIX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 59,01,99,800 കെ.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ജലസേചനം എന്ന XXXIX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 59,01,99, 600 കെ.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ വി. കെ. രാജൻ: സർ, ജലസേചനം എന്ന XXXIX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 59,01,99,600 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

Shri K. Moossakutty: Sir, I move that the amount of Rs. 59,01,99,600 under Demand XXXIX—Irrigation be reduced by Rs. 100.

(To discuss in general)

Shri E. Padmanabhan: Sir, I move that the amount of Rs. 59,01,99,600 under Demand XXXIX—Irrigation be reduced by Rs. 100.

(To discuss in general)

ശ്രീ വി. സി. കബീർ: സർ, ജലസേചനം എന്ന XXXIX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 59,01,99,600 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. പത്മനാഭൻ: സർ, ജലസേചനം എന്ന XXXIX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 59,01,99,600 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

Shri V.S. Chandrasekharan Pillai: Sir, I move that the amount of Rs. 59, 01, 99,600 under Demand XXXIX—Irrigation be reduced by Rs.100.

(To discuss generally)

ശ്രീ. സി. ടി. കൃഷ്ണൻ: സർ, ജലസേചനം എന്ന XXXIX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 59,01,99,600 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കാനം രാജേന്ദ്രൻ: സർ, ജലസേചനം എന്ന XXXIX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 59,01,99,600 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറക്കൽ

Shri Kodiyeri Balakrishnan: Sir, I move that the amount of Rs. 7,60,55,600 under Demand XXXVI—Panchayat be reduced by Rs. 100.

ശ്രീ. വി. കെ. രാജൻ: സർ, പഞ്ചായത്ത് എന്ന XXXVI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,60,55,600 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, പഞ്ചായത്ത് എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,60,55,600 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥരേണം സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകളേയും പ്രശ്നങ്ങളേയുംകുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പഞ്ചായത്ത് എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,60,55,600 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. സി. കബീർ: സർ, പഞ്ചായത്ത് എന്ന XXXVI-ാം നമ്പർ ധന ഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,60,55,600 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

Shri K. Moossakutty: Sir, I move that the amount of Rs. 7,60,55,600 under Demand XXXVI—Panchayat be reduced by Rs. 100.

(To discuss in general)

ശ്രീ. എ. കെ. പത്മനാഭൻ: സർ, പഞ്ചായത്ത എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,60,55,600 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ: സർ, പഞ്ചായത്ത് എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,60,55,600 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, പഞ്ചായത്ത് എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,60,55,600 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താത്തതിനെപ്പറ്റി ചർച്ചചെയ്യാൻ)

Shri V.S. Chandrasekharan Pillai: Sir, I move that the amount of Rs. 7,60,55,600 under Demand XXXVI—Panchayat be reduced by Rs. 100.

(To discuss generally)

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഈ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് മുൻധനകാര്യമന്ത്രി ശ്രീ. മാണി പറഞ്ഞു മിച്ചമാണെന്ന്. കേന്ദ്രമന്ത്രി പറഞ്ഞു കമ്മിയാണെന്ന്. ഇന്ത്യയിലൊട്ടാകെയുള്ള ധനകാര്യവിദഗ്ദ്ധൻമാർ ഇത് കള്ള ബജറാണെന്നാണ് പറഞ്ഞത്. അതുകഴിഞ്ഞ് പുതിയ ധനകാര്യമന്ത്രി വന്ന് ആകെ പരിശോധിച്ചു ഒരു സ്റ്റേറ്റ്മെന്റ് നടത്തി. അപ്പോൾ ഇതൊരു

LIBRARY ARCHIVES Kerala Legislative Assembly

തട്ടിപ്പാണെന്ന് മനസ്സിലായി. സർ, കാർഷികമേഖലയാണ് നാടിന്റെ നട്ടെല്ല്. ഈ കാർഷികമേഖല പുഷ്ടിപ്പെടുത്തുന്നതിനുവേണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കണം. ആ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രധാന ഘടകങ്ങളിൽ ഒന്നാണ് ജലസേചനസൗകര്യം. കേരളത്തിലെ ജലസേചനസൗകര്യങ്ങളെപ്പറ്റി പറയുമ്പോൾ തുടങ്ങിയ പദ്ധതികളും പലതുണ്ട്. ഈ പദ്ധതികളും ഒന്നുംതന്നെ പൂർത്തിയാക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. അതുപോലെത്തന്നെ പുതിയ പദ്ധതികളും തുടങ്ങുന്നുമില്ല. അതിന് ഗവൺമെന്റിന് നയമില്ല. അതിന് പണമില്ല. സർ, തിരുവനന്തപുരം ജില്ലയിലെ കൃഷിക്കാരുടെ ജീവത്തായ ഒരു പദ്ധതിയാണ് വാമനപുരം പദ്ധതി. കഴിഞ്ഞ നാലു വർഷമായി ഈ പദ്ധതി തുടങ്ങാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. 1954 തൊട്ട് ഈ പദ്ധതിയെപ്പറ്റി ഈ നിയമസഭയിൽ പറഞ്ഞുകേൾക്കുന്നു. 1957-ൽ ഇൻവെസ്റ്റിഗേഷൻ അയച്ചു. അന്നത്തെ ജലസേചന വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി.ആർ. കൃഷ്ണയ്യർ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിൽ ഈ പദ്ധതി കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. 1969-ൽ ഇതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഈ പദ്ധതിയെ ഉൾക്കൊള്ളിച്ചു. 1979-ലാണ് എസ്റ്റിമേറ്റ് തയ്യാറാക്കി വന്നത്. 36.40 കോടി രൂപയുടെ ഒരു എസ്റ്റിമേറ്റാണ് ഈ പദ്ധതിക്കുവേണ്ടി തയ്യാറാക്കിയത്. ഈ 36 കോടിയിൽപ്പരം രൂപ 1979-ൽ തയ്യാറാക്കിയെങ്കിൽ ഇപ്പോൾ തീരണമെങ്കിൽ കുറഞ്ഞത് 250 കോടി രൂപയെങ്കിലും വേണം. സർ, 13-12-1982-ൽ കേന്ദ്രഗവൺമെന്റിന്റെ ക്ലിയറൻസ് കിട്ടി. ഇങ്ങനെ കേന്ദ്രഗവൺമെന്റിന്റെ ക്ലിയറൻസ് 1982 ഡിസംബറിൽ കിട്ടിയെങ്കിലും 5 വർഷക്കാലമായി ഈ പദ്ധതി തുടങ്ങാൻ ഗവൺമെന്റിന് സാധിക്കുന്നില്ല. 8 കൊല്ലംകൊണ്ട് തീരണമെന്നുള്ള ഒരു പ്രൊപ്പോസലാണ് ഇതിനുള്ളത്. എന്നാൽ അഞ്ചുകൊല്ലംകൊണ്ട് തീർത്താൽ ലാഭകരമാണെന്ന് ഒരു സജഷനുണ്ട്. അങ്ങനെയാണെങ്കിൽ 1987-ൽ ഈ പദ്ധതി തീരുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഈ പദ്ധതികൊണ്ട് 10500 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താം. ഈ ജില്ലയിലെ തിരുവനന്തപുരം, നെടുമങ്ങാട്, ചിറയിൻകീഴ് താലൂക്കുകളിൽ ഈ പദ്ധതികൊണ്ട് രണ്ട് ഘട്ടങ്ങളിലായി 10600 ഹെക്ടർ സ്ഥലത്ത് ജലസേചനം ചെയ്യുമ്പോൾ 1 വർഷം 9.48 കോടി രൂപയുടെ ബെനിഫിറ്റ് കിട്ടുമെന്ന് കണക്കാക്കുന്നു. കഴിഞ്ഞ നാലുകൊല്ലമായി പദ്ധതിക്കുവേണ്ട പണം വകകൊള്ളിച്ചിട്ടില്ല. 163 സ്റ്റാഫ് ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി കഴിഞ്ഞ നാല് വർഷമായി പ്രവർത്തിക്കുന്നു. പ്രതിവർഷം ഭരണച്ചെലവുമാത്രം 25 ലക്ഷം രൂപയാണ് വേണ്ടിവരുന്നത് എന്നുപറഞ്ഞാൽ ഈ സംസ്ഥാനത്ത് കഴിഞ്ഞ നാലുവർഷം 1 കോടി രൂപ സംസ്ഥാന ഖജനാവിൽനിന്ന് ചെലവാക്കുന്നു. അതുകൊണ്ടുള്ള പ്രയോജനമോ? ഒന്നുമില്ല. വെറും പാഴ്യം മാത്രം. 1977-ൽ തിരുവനന്തപുരത്ത് ഒരു സബ് ഡിവിഷൻ ഉണ്ടായി. അന്ന് കല്ലടയാണ് അതിന്റെ ഡിവിഷൻ. 1957-ൽ നെടുമങ്ങാട് ഡിവിഷൻ വന്നു. നാല് സബ് ഡിവിഷൻ അതിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഇപ്പോൾ ഈ ബഡ്ജറ്റിൽ 45 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. ഇതിന്റെ ഭരണച്ചെലവിന് ഉദ്യോഗസ്ഥൻമാർക്ക് മാത്രം ഏകദേശം 25 ലക്ഷം രൂപയിൽക്കവിഞ്ഞ് ചെലവാകും. പിന്നെ ഉള്ളത് വെറും 20 ലക്ഷത്തിൽ താഴെയാണ്. ഈ പദ്ധതിക്ക് 250 കോടി രൂപയെങ്കിലും ചെലവാക്കേണ്ടിവരും. ഈ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങണമെങ്കിൽതന്നെ ഇനിഷ്യൽ ആയി 10 കോടി രൂപയുണ്ടെങ്കിൽ മാത്രമേ കഴിയുകയുള്ളു. ഭരണച്ചെലവുകളുൾപ്പെടെ 45 ലക്ഷം രൂപയാണു്. അതുകൊണ്ടു് ഈ പദ്ധതി ഇപ്പോഴും ഉപേക്ഷിച്ച മട്ടിലാണു്. എന്നുപറഞ്ഞാൽ ഇപ്പോഴും യാതൊരു രീതിയിലും ആ പദ്ധതി തുടങ്ങാനുള്ള സാദ്ധ്യതയില്ല. ഈ പദ്ധതി തുടങ്ങണമെങ്കിൽ 320 ഹെക്ടർ വനഭൂമി ഇതിനുവേണ്ടി ഉപയോഗിക്കേണ്ടതായി വരും. എന്നാൽ ഇപ്പോഴും ഉടനെ തുടങ്ങണമെങ്കിൽ 50 ഹെക്ടർ കിട്ടിയാൽമതി. 20-6-1980-ൽ സി. സി. എഫ്. നോട്ടു് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനുവേണ്ടി ഈ ഭൂമി വിട്ടുകിട്ടണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടു്. നിരവധി റിമയിൻഡറുകളും പോയിട്ടുണ്ടു്. പക്ഷേ അതിനു് യാതൊരു മറുപടിയുമില്ലെന്നു് മാത്രമല്ല ഡാം കെട്ടുന്നതിനു് മണ്ണു് പരിശോധിക്കാൻപോലും ഇറിഗേഷന്റെ ഉദ്യോഗസ്ഥന്മാരെ ഡാം സൈറ്റിൽ കയറാൻപോലും വനം ഡിപ്പാർട്ടുമെന്റു് സമ്മതിക്കുന്നില്ല. ഇതിനു് തൊട്ടടുത്തു് കല്ലാറിൽ നടന്ന അഴിമതിയെപ്പറ്റി നിയമസഭയിൽ ഞാൻ കഴിഞ്ഞ സമ്മേളനത്തിൽ പറഞ്ഞു.

കല്ലാറിൽനിന്നും പൊൻമുടിയിൽ പോകുമ്പോൾ ഇടതൂർന്നു കിടക്കുന്ന ഘോരവനം, ആ വനത്തിൽനിന്നു് യാതൊരു തീരുമാനവുമില്ലാതെ അനധികൃതമായി തടി വെട്ടി നശിപ്പിക്കുന്നു. വനം വകുപ്പു മന്ത്രി അതിനെ സംബന്ധിച്ചു് ഒന്നും പറഞ്ഞില്ല. ഈ രാജ്യത്തു് നാനാവിധമായി വനങ്ങളും വെട്ടിനശിപ്പിക്കുന്നു, സ്വകാര്യ മുതലാളിമാർ വനം വെട്ടി നശിപ്പിക്കുമ്പോഴും, ആളുകൾ കയ്യേറുമ്പോഴും, നാട്ടിൽ ജനങ്ങൾക്കുവേണ്ടി ജലസേചന പദ്ധതിക്കുവേണ്ടി സർക്കാർ കേന്ദ്ര ഗവൺമെന്റിന്റെ ഓർഡിനൻസിനെ മുറുകെ പിടിച്ചുകൊണ്ടു് ഇങ്ങനെ നിന്നാൽ നാട്ടിൽ ജലസേചന പദ്ധതികളും എങ്ങനെ ഉണ്ടാക്കുമെന്നാണു് എനിക്കു് ചോദിക്കാനുള്ളതു്. ഒരു കാര്യംകൂടി—അവിടെ നിന്നും 216 കുടുംബങ്ങളെ മാറ്റി പാർപ്പിക്കണം. അതിൽ 135 പേർ എക്സ് സർവ്വീസുകാരാണു്. അവരിൽ 54 പേർ കാണി സെറ്റിൽമെന്റിൽപ്പെട്ടവരാണു്. അവരെ മാറ്റി താമസിപ്പിക്കാനും മറ്റുമുള്ള ഒരു റിപ്പോർട്ടു് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റു് കൊടുത്തിട്ടുണ്ടു്. മണലി എന്നു പറയുന്ന സ്ഥലത്തു്, വിതുര വില്ലേജിൽ 'സർവ്വേ നമ്പർ 6-ൽ സ്ഥലമുണ്ടെന്നു് കാണിച്ചുകൊണ്ടു് റിപ്പോർട്ടു് കൊടുത്തിട്ടു് അതിനുപോലും ഈ ഗവൺമെന്റു് യാതൊരുവിധ നടപടിയും എടുക്കുന്നില്ല. എങ്ങനെയും ഈ പദ്ധതി തുടങ്ങാൻ പാടില്ല എന്നുള്ള ഒരു തീരുമാനത്തിൽ ചെന്നെത്തുകയാണോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ മുഴുവൻ കൃഷിക്കാരുടേയും അവരുടെ ജലസേചന സൗകര്യത്തിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതിയാണിതു്. അതിനെ തുരങ്കം വയ്ക്കാൻ ആരോ പുറകിൽനിന്നു് പരിശ്രമിക്കുന്നു എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. 1982-ൽ പ്ലാനിങ്ങു് കമ്മീഷൻ അപ്രൂവൽ കൊടുത്തു് ഒരു പദ്ധതിയും ഇതുപോലെ തുടങ്ങാതിരുന്നിട്ടില്ല. അടിയന്തിരമായി ഒരു കാര്യം പറയാനുണ്ടു്. 4 കൊല്ലമായി ഈ പദ്ധതി, പദ്ധതിയെന്നു് പറഞ്ഞു് പറഞ്ഞിക്കുകയാണു്. അവിടത്തെ ജനങ്ങൾ നമ്മുടെ ഇറിഗേഷൻ വകുപ്പുമന്ത്രിയുടെ മറുപടിയ്ക്കായി കാത്തിരിക്കുകയാണു്. എന്താണു് അതിൻമേലുള്ള മറുപടിയെന്നു് അറിഞ്ഞുവേണം ഈ പദ്ധതിയെ സംബന്ധിച്ചു് ഭാവി പ്രവർത്തനപരിപാടികൾ ഉൾപ്പെടെയുള്ള പരിപാടികൾ കൈക്കൊള്ളാൻ. ഒരിക്കൽ ഓഫീസു് മാറാൻ പോയി. അപ്പോഴേക്കും നിങ്ങൾക്കു് അവിടെ സ്ഥിരം

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസ് ഇടേണ്ടതായ സാഹചര്യമുണ്ടായിട്ടുണ്ട്. അത് ഇനിയും ആവർത്തിക്കാതിരിക്കാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിന്റെയും റവന്യൂ ഡിപ്പാർട്ടുമെന്റിന്റെയും ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിന്റെയും ഒരു സംയുക്ത ഹൈലെവൽ കോൺഫറൻസ് വിളിച്ചുകൂട്ടി ഈ പദ്ധതി തുടങ്ങുന്നതിന് വേണ്ടിയുള്ള അടിയന്തിര നടപടികളും നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

അതുപോലെതന്നെ ഈ ജില്ലയിലെ മറ്റൊരു പദ്ധതിയാണ് നെയ്യാർ ഡാം പദ്ധതി. തിരുവനന്തപുരം ജില്ലയിൽ യഥാർത്ഥമായി പറഞ്ഞാൽ അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. വർഷക്കാലത്ത് ജലം സംഭരിക്കാനും അതിൽകൂടി അങ്ങനെ വെള്ളപ്പൊക്കം തടയുന്നതിനും വേനൽക്കാലം വരുമ്പോൾ ജലസേചനത്തിന് തുറന്നു വിട്ടുകൊടുക്കുന്നതിനും വേണ്ടിയാണ് ജലസേചനപദ്ധതികൾ തുടങ്ങുന്നത്. ഇവിടെ അങ്ങനെയല്ല നെയ്യാർ ഡാം പദ്ധതിയിൽ വർഷക്കാലം വരുമ്പോൾ വെള്ളം മുഴുവൻ അവിടെ നിർത്താൻ കഴിയുകയില്ല. അതിന് അതിന്റെ റിസർവോയറിന് സൗകര്യമില്ല. അതുകൊണ്ട് വർഷകാലം വരുമ്പോൾ ഡാം തുറന്നു വിടേണ്ടിവരും. ഡാം തുറന്നു വിടുമ്പോൾ വർഷകാലത്ത് ആറിന്റെ രണ്ടു ഭാഗത്തുമുള്ള മുഴുവൻ കൃഷിയും കുടികളും നശിക്കുന്നു. വേനൽക്കാലം വരുമ്പോൾ വെള്ളമില്ല. അങ്ങനെ ആ ഡാം ഇന്ന് അശാസ്ത്രീയവും അപര്യാപ്തവുമാണ്. ക്യാച്ച്മെൻറ് ഏരിയായിലെ താമസക്കാരെ മാറ്റി താമസിപ്പിക്കാനുള്ള പദ്ധതിയും തുരങ്കം വച്ചിരിക്കുന്നു. ഇക്കാര്യങ്ങൾ മുൻപ് ഞാൻ തന്നെ ഈ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. അവിടെ ഒരു അപ്പർ ഡാം പണി കഴിപ്പിക്കണമെന്ന്. അപ്പർ ഡാം പണി കഴിപ്പിച്ചാൽ ആ വെള്ളം മുഴുവനും ശേഖരിച്ചുകൊണ്ട് അത് ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും ഉപയോഗിക്കാൻ കഴിയും. അങ്ങിനെ ഒരു അപ്പർ ഡാം പണിയിക്കണമെന്നുള്ള നിർദ്ദേശവും ക്യാച്ച്മെൻറ് ഏരിയായിൽ താമസിക്കുന്നവരെ മാറ്റി താമസിപ്പിക്കണമെന്ന ആവശ്യവും ഞാൻ ജലസേചന വകുപ്പുമന്ത്രിയുടെ മുമ്പിൽ വയ്ക്കുകയാണ്. അത് അടിയന്തിരമായി നടപ്പിലാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

അതുപോലെതന്നെ നെയ്യാർ ഡാമിനെപ്പറ്റി പറയുമ്പോൾ അവിടെ ഇറിഗേഷൻ വകുപ്പിന്റെ വകയായി ഒരു പൂന്തോട്ടമുണ്ടായിരുന്നു. സംസ്ഥാനത്തിന്റെ പല ഭാഗത്തുമുള്ള ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിന്റെ വകയായിട്ടുള്ള ഡാം പൂന്തോട്ടങ്ങളെപ്പോലെയല്ല, ഈ പൂന്തോട്ടം. അവിടത്തെ പൂന്തോട്ടം ഇന്ന് നശിച്ച് നാമാവശേഷമായിരിക്കുകയാണ്. ഇന്ന് അനാഥമാണത്. വൈദ്യുതി ഇല്ല. അതുപോലെതന്നെ സംരക്ഷണമില്ല. അവിടെ യാതൊന്നും ഇല്ല. ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന നെയ്യാർ ഡാമിലെ പൂന്തോട്ടം നശിച്ചുകിടക്കുകയാണ്. അവിടത്തെ കാൻറീൻ പ്രവർത്തിക്കുന്നില്ല. അവിടെ ഒരു കാര്യം മാത്രം സുലഭമായിട്ടുണ്ട്—ചീങ്കണ്ണി. മറ്റൊരു സംഗതിയുമില്ല. നെയ്യാർ ഡാമിലെ പൂന്തോട്ടം നന്നാക്കുന്നതിനുവേണ്ടി, സംരക്ഷിക്കുന്നതിനുവേണ്ടി ആവശ്യമായ ഏർപ്പാടുകളുണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

നമ്മുടെ സംസ്ഥാനത്ത് വൻകിട ജലസേചനപദ്ധതികളും ചെറുകിട ജലസേചനപദ്ധതികളുമുണ്ട്. മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ് എന്നു പറഞ്ഞാൽ ഇന്ന് താറുമാറായിക്കിടക്കുകയാണ്. കുളങ്ങളും, തോടുകളും തുടങ്ങി ഇറിഗേഷൻ സൗകര്യപ്പെടുത്താനുള്ള സംവിധാനങ്ങളെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

നശിച്ചു. ഒരു പണിയും നടക്കുന്നില്ല. പണമില്ല, പണമില്ല എന്നാണ് പറയുന്നത്. കഴിഞ്ഞവർഷം തീർത്ത വർക്കുകളുടെ പണം പോലും കൊടുക്കാൻ കഴിയാതെ നിൽക്കുകയാണ്. ലക്ഷക്കണക്കിനു രൂപ ഈ മൈനർ ഇറിഗേഷൻ പണികൾ ചെയ്ത വകയിൽ കോൺ ട്രാക്ടർമാർക്ക് കൊടുക്കണം. അത് കൊടുത്തെങ്കിൽ മാത്രമേ അടുത്ത വർഷം പണമുണ്ടെങ്കിൽതന്നെ വർക്കുകൾ ചെയ്യിക്കാൻ കഴിയുകയുള്ളു. മൈനർ ഇറിഗേഷനിൽ യാതൊരുവിധ പണികളും നടക്കുന്നില്ല. അതാണ് മൈനർ ഇറിഗേഷന്റെ സ്ഥിതി. മേജർ ഇറിഗേഷന്റെ സ്ഥിതിയുമിതുതന്നെയാണ്. ജലസേചന വകുപ്പുതന്നെ ഒന്ന് റീഓർഗനൈസ് ചെയ്ത് കാര്യക്ഷമമാക്കി ഈ രാജ്യത്തെ കൃഷിക്കാർക്ക് ജലസേചനസൗകര്യമുണ്ടാക്കിക്കൊടുക്കാൻ കഴിയണമെന്നും അതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ഉണ്ടാക്കണമെന്നും അഭ്യർത്ഥിക്കുന്നു. അതോടൊപ്പംതന്നെ പ്രധാനമായി പറയാനുള്ളത് വാമനപുരം പദ്ധതിയെ പറ്റിയാണ്. ഈ കൊല്ലംതന്നെ ഇത് അടിയന്തിരമായി നടപ്പിലാക്കാനുള്ള നടപടികളെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അത് എടുത്തില്ലെങ്കിൽ അതിനെതിരായി ശക്തിമത്തായി പ്രക്ഷോഭമടക്കം തുടങ്ങിയ നടപടികളും ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് ഒരു മുന്നറിയിപ്പുകൂടി നൽകിക്കൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. പി. കുമാരൻ: സർ, ബഹുമാനപ്പെട്ട ജലസേചന വകുപ്പു മന്ത്രിയും ബഹുമാനപ്പെട്ട പഞ്ചായത്തുവകുപ്പുമന്ത്രിയും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. മുഖ്യമന്ത്രിയും പഞ്ചായത്തു മന്ത്രിയും മെമ്പർമാരായ 9-ാം നമ്പർ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു. ''രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങളുടെ എല്ലാ മേഖലകളിലും പഞ്ചായത്തുകളെകൂടി ഉൾപ്പെടുത്തേണ്ടതാവശ്യമാണ്. പക്ഷേ പഞ്ചായത്തുകൾക്ക് ഇപ്പോൾ വേണ്ടത്ര പങ്കാളിത്തം കിട്ടുന്നില്ല. സംസ്ഥാനത്തിന്റെ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിലും അവ നടപ്പാക്കുന്നതിലും പഞ്ചായത്തുകളെ അകറ്റി നിറുത്തുന്ന ഒരു പ്രവണത ശക്തിപ്രാപിച്ചുവരുന്നതായിട്ടു പോലും കമ്മിറ്റി മനസ്സിലാക്കുന്നു. പദ്ധതികൾ തെരഞ്ഞെടുക്കുമ്പോഴും അവ നടപ്പിലാക്കുമ്പോഴും പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. ഗ്രാമവികസന പ്രവർത്തനങ്ങളുടെ ഏജൻസി പഞ്ചായത്തുകളായിരിക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ നമ്മുടെ അയൽസംസ്ഥാനം നമ്മുടെ സംസ്ഥാനത്തെക്കാൾ മാതൃകാപരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് കമ്മിറ്റി മനസ്സിലാക്കുന്നു''. ഇങ്ങനെ റിപ്പോർട്ടിൽ എഴുതുവാൻ ആരാണ് കാരണക്കാർ? ഇത് നടപ്പിലാക്കുന്നതിൽ ഈ ഭാഗത്തുള്ളവരാരും (പ്രതിപക്ഷത്തുള്ള ആരും) താത്പര്യമുണ്ടാക്കില്ല. നമ്മുടെ പഞ്ചായത്തു വകുപ്പുമന്ത്രി പഞ്ചായത്തു തെരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞല്ലോ? ഇതേപ്പറ്റി കേരളത്തിലെ ജനങ്ങളുടെ പ്രതികരണം എന്താണെന്ന് അദ്ദേഹത്തോട് ആരെങ്കിലും പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കണം. പഞ്ചായത്തു വകുപ്പുമന്ത്രി ഈ കാര്യത്തിൽ ഒരു പ്രധാന കുറ്റക്കാരനാണെന്നുള്ള കാര്യം ആർക്കും തന്നെ സംശയമില്ലാത്ത കാര്യമാണ്. ഗവൺമെന്റുതന്നെ പഞ്ചായത്തുകളെ ജനകീയവേദിയാക്കുന്ന കാര്യം പരിശോധിച്ച് ജനങ്ങളുടെ വികാരം മനസ്സിലാക്കി ഈ സഭയ്ക്കുതന്നെയും ഉള്ള പൊതു അഭിപ്രായം സ്വീകരിക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ അലംഭാവപൂർണ്ണമാണ് ജലസേചനപദ്ധതികളുടെ പ്രവർത്തനങ്ങളുടെ കാര്യവും. എന്റെ മണ്ഡലത്തിൽത്തന്നെ കഴിഞ്ഞപ്രാവശ്യം ആരംഭിച്ച 11 വനികിട പദ്ധതികളിൽ രണ്ടെണ്ണം മാത്രമാണ് ഇപ്പോഴുള്ളത്. കാഞ്ഞിരപ്പുഴ പദ്ധതി രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് പൂർത്തിയാക്കത്തക്കവിധത്തിൽ രൂപംകൊടുത്ത ഒരു പദ്ധതിയാണ്. 7-ാം പഞ്ചവൽസര പദ്ധതിയാരംഭിച്ചിട്ടും അതിന്റെ പ്രവർത്തനത്തിന് രൂപം കൊടുത്തപ്പോൾ ഉള്ള മൊത്തം തുക ഇനി വക കൊള്ളിച്ചാൽ മാത്രമേ പൂർത്തിയാക്കാൻ സാധിക്കൂ. 40 കോടിയിലധികം രൂപ ഇപ്പോൾ അതിനുവേണ്ടി ചെലവാക്കിക്കഴിഞ്ഞിരിക്കുകയാണ്. 1987-ലോ 88-ലോ പൂർത്തിയാകുമെന്ന് മന്ത്രി 23-ാം തീയതി തന്ന മറുപടിയിൽ പറയുകയുണ്ടായി. ഏതായാലും ആ പദ്ധതിയുടെ പൂർത്തീകരണത്തോടുകൂടി അതിനോടനുബന്ധിച്ചുള്ള തുപ്പനാട് പദ്ധതിയുടെ കൂടി പ്രവർത്തനം പൂർത്തിയാക്കാൽമാത്രമേ കാഞ്ഞിരപ്പുഴ പദ്ധതികൊണ്ട് ഉദ്ദേശിച്ച ഫലം ഉണ്ടാകുകയുള്ളുവെന്നുകൂടി ബന്ധപ്പെട്ട മന്ത്രിയെ ഓർമ്മിപ്പിക്കുന്നു. അതിന്റെ ത്വരിതഗതിയിലുള്ള പ്രവർത്തനം വളരെ അടിയന്തിരമാണ്. ഒറപ്പാലം, മണ്ണാർക്കാട് എന്നീ രണ്ട് താലൂക്കുകളെ ബന്ധപ്പെടുത്തിക്കൊണ്ടാണ് അതിന്റെ ആയക്കെട്ട് ഏറിയ. വളരെ പ്രധാനപ്പെട്ട ഈ പദ്ധതി നടപ്പിലാക്കുവാൻവേണ്ട സത്വരനടപടികളും കൈക്കൊള്ളണമെന്നഭ്യർത്ഥിക്കുന്നു. അട്ടപ്പാടിയിലാകട്ടെ എ. വി. ഐ. പി. യുടെ പ്രവർത്തനം 1974-ൽ ആരംഭിച്ചതാണ്. എന്നാൽ ഇപ്പോഴും അട്ടപ്പാടിയിൽ യതൊരു പ്രവർത്തനവും നടക്കുന്നില്ല. മരുഭൂമിയായിക്കിടക്കുന്ന അട്ടപ്പാടിയുടെ ജലസേചനപ്രവർത്തനത്തിനായി ഫലപ്രദമായ കാര്യങ്ങളും ചെയ്യുകയും അതിനാവശ്യമായ നടപടികളും പൂർത്തീകരിക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു. അട്ടപ്പാടിയിൽ ഇനി ജലസേചനമാണ് അടിയന്തിരാവശ്യം. വളരെ സത്വരമായ നടപടികളും ഇക്കാര്യത്തിൽ കൈക്കൊള്ളേണ്ടതാണ്. കഴിഞ്ഞ രണ്ടുവർഷം മുമ്പ് നിരന്തരമായ നിവേദനത്തെത്തുടർന്ന് നൂറോളം വരുന്ന മൈനർ ഇറിഗേഷന്റെ പ്രോജക്റ്റുകളുടെ ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചു. എന്നാൽ ഇന്നുവരെ ഒരു പദ്ധതിയുടെപോലും പ്രാരംഭപ്രവർത്തനങ്ങളും പൂർത്തിയാകാതെ ഇരിക്കുന്ന സ്ഥിതിയാണുള്ളത്. അട്ടപ്പാടിപോലുള്ള അവികസിത പ്രദേശങ്ങളുടെ വിശാലമായ വികസനത്തിന് പ്രത്യേക ശ്രദ്ധയോടെ അർഹിക്കുന്ന പ്രാധാന്യം കൊടുത്തുകൊണ്ട് ജലസേചനസൗകര്യങ്ങളും വർദ്ധിപ്പിക്കാനാവശ്യമായ നടപടികളും സ്വീകരിക്കണമെന്ന് ജലസേചന വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. ഇതൊന്നും ശ്രദ്ധിക്കാൻപോകുന്നില്ല എന്ന് ഉത്തമവിശ്വാസമുള്ളതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി ഞാൻ എതിർക്കുന്നു. എന്റെ വാക്കുകളും ഉപസംഹരിക്കുന്നു.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയും പഞ്ചായത്തു വകുപ്പു മന്ത്രി ശ്രീ. സി. എം സുന്ദരവും ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിൻതാങ്ങുകയാണ്. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ ഇവിടെ പ്രസംഗിച്ചപ്പോൾ ചില വസ്തുതകളും മറച്ചുവെച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. ചില പുതിയ പദ്ധതികളും ഏറെടുക്കുന്നില്ലെന്നും ഏറെടുത്തു നടത്തിക്കൊണ്ടിരിക്കുന്ന പദ്ധതികളും പൂർത്തീകരിക്കുന്നില്ലെന്നും അദ്ദേഹം ആമുഖമായി സൂചിപ്പിക്കുകയുണ്ടായി. അത് ശരിയല്ല. ഈ വർഷം അവസാനിക്കുമ്പോഴേക്കും കുറ്റിയാടി, ചിറ്റൂർപ്പുഴ, പമ്പ, പഴശ്ശി,

LIBRARY ARCHIVES Kerala Legislative Assembly

പെരിയാർവാലി തുടങ്ങിയ പ്രോജക്ടുകളും പൂർത്തീകരിക്കുവാൻ പോവുകയാണ്. ഇറിഗേഷനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ 1985 വരെ 6-ാം പഞ്ചവൽസര പദ്ധതി അവസാനിക്കുമ്പോഴേക്കും 3.57 ലക്ഷം ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ സാധിച്ചുവെന്നുള്ളത് ഒരു വസ്തുതയാണ്. ഗവൺമെന്റിന്റെ കൈയിലുള്ള കണക്കുകളാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 1984–85 ആയപ്പോഴേക്കും 4633 ഹെക്ടർ ഭൂമിയും മൈനർ ഇറിഗേഷൻ സെക്ടറിൽ 1163 ഹെക്ടർ ഭൂമിയും ജലസേചന സൗകര്യത്തിനുവേണ്ടി ഉപയോഗപ്പെടുത്തിയെന്നുപറഞ്ഞാൽ അതൊരു വമ്പിച്ച നേട്ടമാണ്. 13 മേജർ ഇറിഗേഷൻ സ്കീമുകളുടെയും അഞ്ച് മീഡിയം ഇറിഗേഷൻ സ്കീമുകളുടെയും പ്രവർത്തനം ഇപ്പോഴും ഇവിടെ നടന്നുകൊണ്ടിരിക്കുകയാണെന്നുള്ളത് ഒരു വസ്തുതയാണ്.

സർ, പ്രോജക്ട് വർക്കുകളെ സംബന്ധിച്ചിടത്തോളം നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുള്ള സാമ്പത്തികമായ അഭിവൃദ്ധി എത്രമാത്രം ഉണ്ടെന്നുള്ളത് കഴിഞ്ഞകൊല്ലക്കാലങ്ങളിലെ നെല്ലുൽപ്പാദനത്തിന്റെ കണക്കെടുത്തു പരിശോധിച്ചാൽ വ്യക്തമായി മനസ്സിലാവുന്നതാണ്. ചിലവുകളും വർദ്ധിച്ചിട്ടുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. പ്രോജക്ടുകളുടെ പ്രവർത്തനത്തിന് കാര്യക്ഷമതയില്ലാതായിരിക്കുന്നുഎന്നുള്ള ദുരാരോപണം ശരിയല്ലയെന്നുള്ളത് സൂചിപ്പിക്കുന്നതിനാണ് ഞാൻ ഈ കണക്കുകളും ഇവിടെ സൂചിപ്പിക്കുന്നത്. സർ, ശുദ്ധജല വിതരണത്തിന്റെ കാര്യം എടുക്കുന്നതിനുമുൻപ് ഞാൻ കടലാക്രമണനിവാരണത്തെസംബന്ധിച്ചിടത്തോളം ചിലത് പറയുവാൻ ആഗ്രഹിക്കുന്നു. ആറാം പദ്ധതിയുടെ അവസാനം ആകുമ്പോഴേക്ക് രണ്ടായിരത്തി എണ്ണൂറ്റി അറുപത്തിമൂന്ന് ലക്ഷം ഉറുപ്പികയാണ് കടൽഭിത്തി നിർമ്മിക്കുന്നതിനുവേണ്ടി വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. ഏകദേശം 68.69 കിലോമീറ്റർ ദൂരമുള്ള കടൽഭിത്തികളുടെപണി പൂർത്തീകരിക്കുകയുംചെയ്തു എന്ന് മിനിയാന്ന് ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഏകദേശം 25 കിലോമീറ്ററിൽ കുറയാത്ത സ്ക്കാറോർഡായി കിടക്കുന്ന പ്രദേശങ്ങളിൽ മാത്രമേ ഇനി കടൽഭിത്തി കെട്ടാൻ ബാക്കിയുള്ളുവെന്നാണ് അദ്ദേഹം പറഞ്ഞത്. അതിന് അതിന്റെതായ സാമ്പത്തിക വിഷമതകളും പ്രയാസങ്ങളുമെല്ലാം ഉണ്ടെങ്കിൽപോലും കടൽഭിത്തികെട്ടിഒതുക്കിക്കൊണ്ട് കടലാക്രമണപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് ഏകദേശം 590 കിലോമീറ്റർ ദൂരമുള്ള നമ്മുടെ കടലോരപ്രദേശങ്ങൾ സുരക്ഷിതമേഖലയാക്കി മാറ്റുന്ന കാര്യത്തിൽ ഗവൺമെന്റ് എടുത്ത ഇനിഷ്യേറ്റീവിനെ സംബന്ധിച്ചിടത്തോളം മറന്നുകളയുന്നത് ശരിയല്ല എന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ ഭരിച്ചിരുന്ന കാലത്ത് കടലാക്രമണ നിരോധനത്തിന് ഒന്നും ചെയ്തില്ലായെന്നു ഞാൻ പറയുന്നില്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര കിലോമീറ്റർ ദൂരം കടൽഭിത്തി കെട്ടിയെന്നാണ് മെമ്പർ മനസിലാക്കിയിട്ടുള്ളത്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, എനിക്കുകിട്ടിയ കണക്കുപ്രകാരം 68.69 കിലോമീറ്റർ ആണെന്നാണ്. ചിലപ്പോഴും ഈ കണക്കിൽ തെറ്റുപറ്റാം: അതിനെപ്പറ്റിയല്ല പറയുന്നത്. എനിക്ക് കിട്ടിയിരിക്കുന്ന റിപ്പോർട്ടിന്റെയും, നമ്മുടെ ഇക്കണോമിക് റെവ്യൂ ഉണ്ടല്ലോ അത് ഞാൻ വായിച്ചുനോക്കിയതിന്റെയും അടിസ്ഥാനത്തിൽ കിട്ടിയതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബാക്കിയുള്ളത് സ്ക്കാേറർഡ്ആയിക്കിടക്കുന്ന നമ്മുടെ കടൽത്തീരത്തിലെ (കൃത്യമായിട്ട് അറിയില്ല.) ഏകദേശം 22.65 കിലോമീറർ മാത്രമേ ഇനി കടൽഭിത്തി കെട്ടാൻ ബാക്കിയുള്ളു. അതാണ് എന്റെ കണക്ക്.. എന്റെ നിയോജകമണ്ഡലത്തിൽതന്നെ വളരെ ചുരുങ്ങിയ ഭാഗം മാത്രമേ ഇപ്പോഴും കടലാക്രമണത്തിന് വിധേയമായ പ്രദേശങ്ങളുള്ളു. അതുപോലെ വടകര, ബാലുശ്ശേരിയിലെ ചില ഭാഗങ്ങൾ, തലശ്ശേരി. അതുപോലെ ചില പ്രദേശങ്ങളിലും .രൂക്ഷമായ കടലാക്രമണമുണ്ടായിട്ടുണ്ട്. അത് പത്രം നോക്കിയാലും അറിയാം. കഴിഞ്ഞ നാലഞ്ചുവർഷം മുൻപ് ഉണ്ടായിരുന്ന റിപ്പോർട്ടുകളും ഇപ്പോഴുള്ള റിപ്പോർട്ടുകളും വച്ചുനോക്കിയാൽ, കടൽ അടിച്ചു കരയെ എടുക്കുന്ന സ്ഥിതിവിശേഷം ഇന്ന് ഇല്ല. പണ്ടത്തേതിൽനിന്ന് മാറ്റം വന്നിരിക്കുന്നു. അപ്പോഴും ശ്രദ്ധിച്ചില്ലായെന്ന് പറയുന്നത് സത്യത്തിൽ ശരിയല്ല. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം നമുക്ക് അറിയാം. 1983 കാലഘട്ടങ്ങളിൽ രൂക്ഷമായ വരൾച്ച ഉണ്ടായപ്പോഴും ശുദ്ധജലം കൊടുക്കുന്ന കാര്യത്തിൽ ഈ ഗവൺമെൻറു കാണിച്ച ശുഷ്ക്കാന്തി, എന്റെ കണക്ക് ശരിയാണെങ്കിൽ ഞാൻ ഒരു കണക്കുപറയാം. പീതാംബരൻ മാസ്റ്റർക്ക് സംശയമുണ്ടെങ്കിൽ നോക്കിക്കോളൂ. 1982 വരെയുള്ള കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനം ഭരിച്ചിരുന്ന സർക്കാരുകളും മുഴുവൻകൊടുത്ത കണക്കുകളും പരിശോധിച്ചാൽ 28.28 ശതമാനം ആളുകൾക്കാണ് ഈ രാജ്യത്ത് ശുദ്ധജലവിതരണ സൗകര്യം ഉണ്ടാക്കികൊടുത്തതെങ്കിൽ ഞങ്ങളുടെ ഗവൺമെൻറ് വന്നതിനുശേഷം ഇതിനു പുറമേ ഒരു 25 ശതമാനം ആളുകൾക്കുകൂടി ശുദ്ധജല വിതരണ സൗകര്യം ഉണ്ടാക്കിക്കൊടുത്തിരിക്കുന്നു എന്ന് വസ്തുനിഷ്ടമായി നമുക്ക് എല്ലാവർക്കും. ബോദ്ധ്യപ്പെട്ടതാണ്. ഇപ്പോൾ അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട എന്റെ പല സ്നേഹിതൻമാരുടെയും നിയോജക മണ്ഡലത്തിൽ, ബഹുമാനപ്പെട്ട ശ്രീ. കെ.എം. മാണിയുടെ മുൻഗാമിയായിരുന്ന ശ്രീമാൻ എം. പി. ഗംഗാധരൻ മന്ത്രിയായിരുന്നകാലത്ത് ശുദ്ധജലവിതരണപദ്ധതിയുടെ പ്രവർത്തനം എന്ത് മെച്ചപ്പെട്ടതായിരുന്നു. ഇവിടെ പറഞ്ഞു ചിലത് പൊട്ടക്കിണറാണെന്ന്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ഇത് വെള്ളം കിട്ടിയതിന്റെ കണക്കാണോ അതോ ശ്രീമാൻ ഗംഗാധരൻ പൈപ്പ് വാങ്ങിയതിന്റെ കണക്കാണോ പറഞ്ഞത് ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി: അതിലേക്ക് ഞാൻ വരുന്നതേയുള്ളു; വെറുതെ തോക്കിൽ കയറി വെടിവെക്കേണ്ട. അതുകൊണ്ടാണ് ഞാൻ ആദ്യം മറ്റ് കാര്യങ്ങൾ അല്പം സംക്ഷിപ്തമായിട്ട് സൂചിപ്പിച്ചത് ബഹുമാനപ്പെട്ട പീതാംബരൻ മാസ്റ്ററുടെ നിയോജകമണ്ഡലം, വിശേഷിച്ച് കടൽതീരത്തുള്ള നിയോജകമണ്ഡലങ്ങൾ എടുത്തുനോക്കിയാൽ എത്രമാത്രം മെച്ചപ്പെട്ട പ്രവർത്തനമാണ് ഈ രംഗത്ത് നടത്തിയിട്ടുള്ളതെന്ന് മനസിലാക്കാം. സർ, മുപ്പത്തിമൂന്ന് നഗര ശുദ്ധജലവിതരണ പദ്ധതിയും 1493 റൂറൽ വാട്ടർസപ്ലൈ സ്കീമും ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ പറയുന്നതെല്ലാം വ്യക്തമായ കണക്കുകളാണ്. അതുപോലെതന്നെ നമ്മുടെ നഗരങ്ങളിലുള്ള 80 ശതമാനം ആളുകൾക്ക് ശുദ്ധജലം വേണം. ഗ്രാമങ്ങളിലുള്ള ഏകദേശം 50 ശതമാനം ആളുകൾക്കും ശുദ്ധജലം വേണം. ഇത്രയും വരുന്ന ജനകോടികൾക്ക് ശുദ്ധജലം കൊടുക്കുന്നതിനുള്ള ചില പദ്ധതികൾ ആസൂത്രണം ചെയ്യുന്ന കാര്യത്തിൽ ഈ ഗവൺമെൻറ് എടുത്ത നിലപാട് എന്തൊക്കെയാണ് ? 313 കുഴൽ കിണറുകൾ കുഴിച്ചു. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെൻറ്. അതി

LIBRARY ARCHIVES Kerala Legislative Assembly

നുവേണ്ടിത്തന്നെ ഈ ഗവൺമെന്റിന് 112 ലക്ഷം ഉറുപ്പിക ഇന്ഡ്യാ ഗവൺമെന്റിൽനിന്ന് സഹായധനമായി ലഭിക്കുകയുണ്ടായി. ഞാൻ ചോദിക്കുവാനാഗ്രഹിക്കുന്നു. ഇൻഡ്യയിലെ 22 സ്റ്റേറ്റുകളിൽ ഏറ്റവും മെച്ചപ്പെട്ട ശുദ്ധജലവിതരണ സൗകര്യമുണ്ടാക്കിക്കൊടുത്തതിന്റെ പേരിൽ 3.5 കോടി ഉറുപ്പിക ഇൻഡ്യാഗവൺമെന്റിന്റെ പ്രത്യേക അവാർഡ് സ്വീകരിച്ച ഗവൺമെന്റാണ് ഈ ഗവൺമെന്റ് എന്ന് ഞാൻ അവകാശപ്പെട്ടാൽ അത് നിഷേധിക്കാൻ കഴിയുകയില്ല. ശ്രീമതി ഇന്ദിരാഗാന്ധിയുടെ ഇരുപതിന പരിപാടിയിൽ ഏറ്റവും കൂടുതൽ ഊന്നൽ കൊടുത്ത് ശുദ്ധജലവിതരണ പദ്ധതി ഏറ്റെടുത്ത് സൗകര്യമുണ്ടാക്കിക്കൊടുത്ത കാര്യത്തിൽ മെച്ചപ്പെട്ട പെർഫോർമൻസ് കാഴ്ച വച്ച കേരളസർക്കാരിന് ഇൻഡ്യാഗവൺമെന്റ് അനുവദിച്ച പദ്ധതി വിഹിതത്തിന് പുറമേ 3.5 കോടി ഉറുപ്പിക അവാർഡായി കൂട്ടിക്കൊടുത്തു എന്നുള്ളത് വസ്തുത അല്ലേ ? ആ സർക്കാരിനെ നിങ്ങൾ എന്തിനാണ് കുറ്റപ്പെടുത്തുന്നത്; ഒന്നും കൊടുത്തില്ലായെന്ന് പറയുന്നത് ശരിയല്ല. ഞാൻ ഒരു കണക്കുപറയാം. ഇപ്പോൾ പ്രോബ്ലം വില്ലേജസ് എന്നുപറയുന്ന വില്ലേജുകളെ സംബന്ധിച്ചിടത്തോളം നമ്മുടെ സംസ്ഥാനത്ത് കണക്ക് ഉണ്ട്. ആ പ്രോബ്ലം വില്ലേജുകളിൽ 1164 എണ്ണത്തിൽ 1148 എണ്ണത്തിലും ശുദ്ധജലം കൊടുക്കുവാൻ സാധിച്ചിരിക്കുന്നു ഈ സർക്കാരിന്. അതിനാണ് പൊട്ടക്കിണറിൽ വെള്ളമില്ലായെന്നു പറഞ്ഞത്. സർ, ചിലപ്പോൾ ചോറുതിന്നുമ്പോൾ ഒരു കല്ല് കടിച്ചുപോയാൽ ആ ചോറു മുഴുവൻ മോശമെന്നല്ല അതിന്റെ അർത്ഥം. ചിലപ്പോൾ കല്ലുകടിച്ചുപോകും എന്നുള്ളത് സത്യമാണ്. അത് ഞാൻ സമ്മതിക്കുന്നു. നമ്മൾ ഇപ്പോൾ എന്തു ചെയ്താലും ഏതെങ്കിലുമൊരു ചെറിയ തെറ്റ് വന്നാൽ അതു മുഴുവൻ തെറ്റാണെന്നുള്ള അഭിപ്രായം എനിക്ക് ഇല്ല. നമ്മൾ വ്യക്തികിണർ കുഴിക്കുന്നു അതൊക്കെ ചിലപ്പോൾ പൊട്ടക്കിണറായിപോകും, ചിലപ്പോൾ വെള്ളം കാണുകയില്ല. അതിന് ഈ സംസ്ഥാനത്തുള്ള എല്ലാ കിണറുകളും പൊട്ടക്കിണറാണെന്നു നിങ്ങൾ നടത്തുന്ന പ്രചരണം വസ്തുതക്ക് നിരക്കുന്നതല്ലെന്നുമാത്രം സൂചിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

സർ, എൽ. ഐ. സി. മുഖേന 280 ലക്ഷംരൂപ ഒൻപതു സ്കീമുകൾക്കുവേണ്ടി വായ്പ വാങ്ങിച്ചുകൊണ്ട് ചില പദ്ധതികൾ ഇവിടെ നടത്തുന്നു. ഇതൊക്കെ വസ്തുതകൾ അല്ലേ ? മൂന്നു വർഷം കൊണ്ട് 555 ലക്ഷം പേർക്ക് ശുദ്ധജലം പുതുതായി കൊടുക്കാൻ സാധിച്ച സർക്കാരാണ് ഞങ്ങളുടെ സർക്കാർ. സർ, 1982 മുതൽ 1985 വരെ 353 ഹരിജൻ–ഗിരിജൻ കോളനികളിൽ വെള്ളം എത്തിച്ചുകൊടുത്തു. 4,000 കുഴൽക്കിണറുകൾ കുഴിച്ചു. 1300 ഹരിജന–ഗിരിജന വാസസ്ഥലങ്ങളിൽ കിണറുകൾ കുഴിച്ചുകൊണ്ട് ശുദ്ധജലം കൊടുക്കുവാൻ സാധിച്ചു. ഇതൊക്കെ ഞങ്ങൾ പറയുമ്പോൾ നെറിച്ചുളിച്ചിട്ടു കാര്യമില്ല.

ശ്രീ. സി. റ്റി. കൃഷ്ണൻ: 4300 കുഴൽക്കിണറുകൾ കുഴിച്ചു. അതിൽ 350 എണ്ണത്തിൽപോലും വെള്ളമെടുത്ത് ആളുകൾക്ക് കൊടുക്കാൻ ശ്രമിച്ചില്ല എന്നത് അങ്ങേക്ക് അറിയാമോ ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ഇതൊക്കെ വെറുതെയാണ് മി. കൃഷ്ണാ, ഇതെല്ലാം നമ്മൾക്ക് അറിഞ്ഞുകൂടേ ? അതൊന്നും പറഞ്ഞ് എന്നെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കേണ്ട. ഇതെല്ലാം വെറും പ്രചരണമാണ്. നാലായിരത്തിൽ ചിലപ്പോൾ കുഴൽക്കിണറുകൾ

LIBRARY ARCHIVES Kerala Legislative Assembly

കുഴിച്ചിട്ട് അതിൽ 300 എണ്ണത്തിലേ വെള്ളമുള്ളു എന്നു പറഞ്ഞത് സത്യവിരുദ്ധമാണ്. മറിച്ച് അഞ്ചോ പത്തോ നൂറോ കിണറുകളിൽ ഒരു പക്ഷേ വെള്ളം കണ്ടില്ലെന്നു വന്നിരിക്കാം. അത് സമ്മതിക്കുന്നു. ഇപ്പോഴും വാട്ടർ ആൻറ് വെയ്സ്റ്റ് വാട്ടർ അതോറിറ്റിയിൽ അഴിമതി നടക്കുന്നു, ആ അന്വേഷണത്തിന് ഞങ്ങളും എതിരല്ല. കാര്യം എന്താണെന്ന് ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണിക്ക് എഴുതിക്കൊടുക്കൂ. അദ്ദേഹം അന്വേഷിക്കട്ടെ. അവിടെ നടത്തിയ നിയമനങ്ങളെ സംബന്ധിച്ചുള്ള അന്വേഷണങ്ങളെ സംബന്ധിച്ച് മുമ്പ് ഇവിടെ പറയുകയുണ്ടായി. വെറുതെ തള്ളിപ്പറയുകയാണ്. സത്യത്തിൽ പഴയ മന്ത്രിയായിരുന്ന ശ്രീ. എം. പി. ഗംഗാധരൻ പത്മവ്യൂഹത്തിൽപ്പെട്ട് കുടുങ്ങിപ്പോയ അഭിമന്യുവിനെപ്പോലെ രക്തസാക്ഷിയാകേണ്ടിവന്നു എന്നത് ഒരു യാഥാർത്ഥ്യമാണെങ്കിലും അത് ഒരിക്കലും ഈ രാജ്യത്തിലെ പ്രതിപക്ഷത്തിന്റെ ശക്തികൊണ്ടല്ല എന്നുള്ളത് ഒരു വസ്തുതയല്ലേ ? സർ, എന്റെ നാട്ടിൽ ഒരു പഴയ കഥയുണ്ട്. പാമ്പുകടിയേറ്റ് വൈദ്യന്റെ അടുത്തുകൊണ്ടുപോയ ഒരാളെ നോക്കിക്കൊണ്ട് ഞാഞ്ഞൂൽ പറഞ്ഞു, ഞങ്ങളോട് കളിച്ചാൽ അങ്ങിനെയാണെന്ന്. ഇവിടെ എം.പി. ഗംഗാധരനെക്കുറിച്ച് നൂറായിരം ആരോപണങ്ങളും പറഞ്ഞു. പൈപ്പ് കുംഭകോണത്തെപ്പറ്റി പറഞ്ഞു. പട്ടായതണ്ടിനുള്ളിൽകൂടി വെള്ളം കൊടുക്കുന്ന പണിയൊന്നും ഞങ്ങളുടെ കയ്യിലില്ല. നൂറായിരം ആരോപണങ്ങളും കൊണ്ടുവന്നിട്ടൊന്നും ശ്രീ. എം. പി. ഗംഗാധരനെ വീഴ്ത്താൻ സാധിച്ചില്ല. അദ്ദേഹവുമായി ബന്ധപ്പെട്ട ഒരു സെൻറിമെൻറലായ ഇഷ്യൂ ഹൈക്കോടതി പരാമർശിച്ചശേഷം അദ്ദേഹം രാജിവെച്ച് പുറത്തു പോയപ്പോഴും അവർ പറയുകയാണ് ഞങ്ങളോടു കളിച്ചാൽ അങ്ങനെയാണെന്ന്. എന്തുചെയ്താലും തള്ളിപ്പറയുകയെന്നത് അപ്പുറത്തിരിക്കുന്നവരുടെ സ്വഭാവമാണ്. അത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ രീതിയാണ്. ജോസഫ് സ്റ്റാലിൻ, മലങ്കോവ് ബുഗാനിൻ ക്രൂഷ്ചേവ്, ചൗ-എൻ-ലായ്, മാവോസേതുങ്ങ് ഹൊചിമാൻ അലക്സാണ്ടർ ഡ്യൂബ്പെക്ക്, ജനോസ് ഖാദർ, എസ്. എ. ഡാങ്കേ, കെ.പി.ആർ. ഗോപാലൻ മുതലായവരെ തള്ളിപ്പറഞ്ഞവരാണ് നിങ്ങളും. ഇപ്പോഴും ഇതാ എം. വി. രാഘവനെ തള്ളിപ്പറഞ്ഞിരിക്കുന്നു. ആ നിങ്ങളും ശ്രീ. എം. പി. ഗംഗാധരനെ തള്ളിപ്പറയുന്നത് ഞങ്ങൾക്കു പുച്ഛമാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. പി. എ. മുഹമ്മദുകുണ്ണ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. തിരുവനന്തപുരം നഗരം ഇപ്പോഴും രാജാക്കൻമാരുടെ ഭരണത്തിന്റെ നേട്ടങ്ങളിൽ ഒതുങ്ങിനിൽക്കുകയാണ്. ജനകീയ ഗവൺമെൻറുകളെല്ലാം അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം നഗരത്തോട് ഒരേ നിലപാട്, അതായത് അവഗണനയാണ് സ്വീകരിച്ചിട്ടുള്ളത്. ആദ്യമായി റോഡിന്റെ കാര്യമെടുക്കാം. ഇവിടെയുള്ള റോഡുകളും കുഴിച്ചുമൂടിച്ച് ഗതാഗതതടസ്സങ്ങളും ഉണ്ടാക്കുകയാണ്. അന്വേഷിച്ചാൽ പി. ഡബ്ലിയു. ഡി. ക്കാരാണ്, പി. എച്ച്. ഇ. ഡി. യാണ്, നാഷണൽ ഹൈവേക്കാണ് എന്നൊക്കെ പറയും. അവരോട് പരിഹാരം ഉണ്ടാക്കാൻ പറഞ്ഞാൽ ഫണ്ടില്ല എന്നുപറയും, പൈപ്പ് കുഴിച്ചിട്ടവരും ഡ്രെയിനേജ് കുഴിച്ചിട്ടവരും ചെയ്യട്ടെയെന്ന് പറയും. തിരുവനന്തപുരത്തെ സ്ഥിതി ഞാൻ പറയാതെതന്നെ ഇവിടെയുള്ള ബഹുമാനപ്പെട്ട മെമ്പർമാർക്ക് എല്ലാം അറിയാവുന്നതാണ്. ഇവിടെ കുടിവെള്ളത്തിന്റെ കാര്യം പറഞ്ഞു. 1950-ൽ അൻപതിനായിരം ജനസംഖ്യയുണ്ടായിരുന്ന തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും 6 ലക്ഷം ജനങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. തീര പ്രദേശങ്ങളിലും പാവപ്പെട്ട ആളുകളും താമസിക്കുന്ന പ്രദേശങ്ങളിലും അന്നും കുടിവെള്ളം എത്തിയിട്ടില്ല. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസ് വരെ കയറിയിറങ്ങിയാൽ അതിന് തൃപ്തികൊള്ളിച്ചിട്ടില്ല എന്നുപറയും. ഇത് ഒന്നുരണ്ടു വാർഡുകളിലെ കാര്യം മാത്രമല്ല. ആയിരക്കണക്കിന് ആളുകൾക്ക് കുടിക്കാൻ സിറ്റിയിൽ വെള്ളം കിട്ടുന്നില്ല എന്നു പറഞ്ഞാൽ ആ സത്യം മറച്ചുവയ്ക്കാൻ ആരെക്കൊണ്ടും സാദ്ധ്യമല്ല. ഇപ്പോഴും ഗ്രാമപ്രദേശങ്ങളിൽ കിട്ടുന്ന സൗകര്യംപോലും ബീമാപള്ളി, പൂന്തുറ, വലിയതുറ, വേളി, കമലേശ്വരം എന്നീ സ്ഥലങ്ങളിലില്ല. ആ ഭാഗത്തൊന്നും കുടിവെള്ളവും വെളിച്ചവുമില്ല. അവിടെ പാർവ്വതി പുത്തനാറ് എന്ന ഒരു തോടുണ്ട്. ആ തോട്ടിൽനിന്നും വെള്ളം കൊടുക്കാമെന്നുവച്ചാൽ ഡ്രെയിനേജ് വാട്ടർ അതിലേക്കാണ് പമ്പുചെയ്യുന്നത്. നൂറേക്കർ പുൽത്തോട്ടം ഇവിടെയുണ്ട്. സിറ്റിയിൽ ആർക്കും കന്നുകാലികളില്ല. ഡ്രെയിനേജ് വാട്ടർ ആ തോട്ടിൽ വീഴുന്നതുകൊണ്ട് തോട്ടിലെ വെള്ളം പോലും എടുത്തുപയോഗിക്കാൻ സാദ്ധ്യമല്ലാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഈ സിറ്റിയുടെ കാര്യം പറയുമ്പോഴും വളരെ പ്രയാസമുണ്ട്. 20 ശതമാനം പേർക്കാണ് ഡ്രെയിനേജ് സൗകര്യം ഉള്ളത്. അതുകാരണം റോഡിൽകൂടി നടക്കാൻ സാധിക്കുകയില്ല. പള്ളികളുടെ മുൻപിലും അമ്പലങ്ങളുടെ മുൻപിലുമാണ് ഡ്രെയിനേജ് പൈപ്പുകൾ പൊട്ടിയൊലിച്ചുകിടക്കുന്നത്. വേണ്ടപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതിന് പരിഹാരമുണ്ടാകുന്നില്ല. അതിനെല്ലാം പരിഹാരമുണ്ടാക്കണം. ഇത് വളരെ അത്യാവശ്യമായ കാര്യമാണ്. ഗ്രാമപ്രദേശങ്ങളെക്കാൾ ഗതികേടിലാണ് സിറ്റി എന്നു പറഞ്ഞാൽ ഇവിടെ താമസിക്കുന്ന ആളുകളുടെ സ്ഥിതി മനസ്സിലാക്കാമല്ലോ. ബഹുമാനപ്പെട്ട മന്ത്രിമാരടക്കമുള്ള ആളുകൾ ഇവിടെ താമസിക്കുന്നുണ്ട്, ബാക്കിയുള്ളവരുടെ കാര്യം ഞാൻ പറയുന്നില്ല. അവർ താമസിക്കുന്ന സ്ഥലങ്ങളിൽ മാത്രം സൗകര്യങ്ങൾ ചെയ്യുന്നു. തമിഴിൽ ഒരു ചൊല്ലുണ്ട്, ''തെക്ക് തേയിത, വടക്ക് വാഴത'' എന്ന്. അത് ഉണ്ടാകരുത്. മറ്റ് ഭാഗങ്ങളിലും മനുഷ്യരാണ് താമസിക്കുന്നത്. ബീമാപള്ളി പൂന്തുറ, വേളി, വലിയതുറ എന്നീ സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് വെള്ളം കിട്ടുന്നില്ല എന്നു പറഞ്ഞാൽ ടൗണിൽ താമസിക്കുന്നവരുടെ സ്ഥിതി എന്താണ്? ഒന്നിനും തൃപ്തികൊള്ളിച്ചിട്ടില്ല. റോഡിന്റെ സ്ഥിതി വളരെ ശോചനീയമാണ്.

ഇവിടെയൊരു ഡവലപ്പ്മെന്റ് അതോറിട്ടിയുണ്ട്. കേരള സംസ്ഥാനത്തെ രണ്ടാമത്തെ ഡവലപ്മെന്റ് അതോറിട്ടിയാണ് ഇത്. 15 ലക്ഷം രൂപയാണ് അവർക്ക് പ്രവർത്തനങ്ങൾക്കുവേണ്ടി കൊടുത്തിട്ടുള്ളത്. ഓരോ ഡവലപ്പ്മെന്റ് അതോറിട്ടികൾക്കും കൊടുത്തിട്ടുള്ളതുക, ഞാൻ പറയുന്നില്ല. അത് പറഞ്ഞാൽ എനിക്ക് നാണക്കേടാണ്. തിരുവനന്തപുരം സിറ്റിയെ അവഗണിച്ചിരിക്കുകയാണ്. അവർ എന്തു ചെയ്യും? എന്തെങ്കിലും സ്കീമിനുവേണ്ടി ഗവൺമെന്റിനോട് അനുവാദം ചോദിച്ചാൽ അനുവാദം കിട്ടുന്നില്ല. ഈ നിലയിലാണ് തിരുവനന്തപുരം സിറ്റിയുടെ സ്ഥിതി. മന്ത്രിമാരും ഗവർണ്ണറും താമസിക്കുന്ന സ്ഥലവും തലസ്ഥാനനഗരവുമാണ്. തീരപ്രദേശങ്ങളും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളും എല്ലാം വളരെ മോശമായ സ്ഥിതിയാണുള്ളത്. ഡ്രെയിനേജിനും വാട്ടർ സപ്ലൈയ്ക്കും ഉടൻ പരിഹാരമുണ്ടാകണം. ഡ്രെയിനേജ് സൗകര്യം ഇല്ലെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

കുടിക്കുവാനെങ്കിലും വെള്ളം കൊടുക്കണം. ജനങ്ങളുടെ ആവശ്യങ്ങൾക്കു വേണ്ടി വികസന അതോറിട്ടികൾ ഗവൺമെന്റിനെ സമീപിച്ചാൽ അതിന് ഗവൺമെന്റ് അനുവാദം കൊടുക്കണം.

ഇവിടെ പാർക്കുകളുണ്ട്. മൂന്നും നാലും സെന്റിൽ താമസിക്കുന്നയാളുകൾക്ക് എവിടെയെങ്കിലും സൈരമായി ചെന്നിരിക്കാമെന്നു വച്ചാൽ വിശാലമായ ഒരു സ്ഥലമില്ല. പാർക്കുകൾ കാർഷെഡ്ഡുകളാക്കി മാറിയിരിക്കുകയാണ്. പുത്തരിക്കണ്ടം മൈതാനം പോലെയുള്ള സ്ഥലങ്ങൾ പാർക്കാക്കി മാറി ജനങ്ങൾക്ക് വിശ്രമിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. അവിടെയുള്ള ട്രാൻസ്പോർട്ടിന്റെ ഗ്യാരേജ് മാറി സ്ഥാപിക്കണം. നാലും അഞ്ചും സെന്റ് സ്ഥലമുള്ളവർ കന്നുകാലികളെ വളർത്തുന്നില്ല. ഇവിടെ നൂറേക്കർ സ്ഥലം പുൽത്തോട്ടമുണ്ട്. ആ പുൽത്തോട്ടം ഇപ്പോൾ കരിങ്കൽക്കോട്ട കെട്ടി മറച്ചിരിക്കുകയാണ്. അവിടെ ഒരിക്കൽ തീപിടിച്ചു. എന്റെ വീടിന്റെ അടുത്താണ് അത്. എനിക്ക് ഫോൺ കിട്ടി. അവിടെ പച്ചപ്പുല്ലിനാണ് തീപിടുത്തമുണ്ടായത്. ഞാൻ അവിടെ ചെന്നുനോക്കിയപ്പോൾ വാഹനപകരണത്തിലാണ് തീപിടുത്തമുണ്ടായതെന്ന് മനസ്സിലാക്കാൻ സാധിച്ചു. അതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ അത് സിറ്റിയിലെ പ്രധാന വാഹനകേന്ദ്രമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഡിപ്പാർട്ടുമെന്റ് കരിങ്കൽക്കോട്ട കെട്ടി അതിന് സൗകര്യം ഉണ്ടാക്കിക്കൊടുത്തിരിക്കുകയാണ്. സിറ്റിയിലെ വാഹനങ്ങൾ മുഴുവൻ വാഹനങ്ങൾ അവിടെവച്ചാണ്. നൂറേക്കർ സ്ഥലമുള്ളതാണ്. അത് നെടുമങ്ങാടോ മറ്റു സ്ഥലങ്ങളിലേക്കോ മാറ്റിക്കൊടുക്കണം. അവിടെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് വേറെയെവിടെയെങ്കിലും തൊഴിൽ കൊടുക്കണം. സെൻട്രൽ ജയിലിരിക്കുന്ന സ്ഥലം 200 ഏക്കറാണ്. ജയിലിനുവേണ്ടി പത്തേക്കർ തികച്ചുവരികയില്ല. ബാക്കിയുള്ള സ്ഥലം ഇഴജന്തുക്കളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. സന്ധ്യയ്ക്ക് 6 മണി കഴിഞ്ഞാൽ ആ പ്രദേശത്ത് ഊളന്റെ ശബ്ദം കേൾക്കാം.

ഇപ്പോൾ ഹൗസിങ്ങ് ബോർഡ് സ്കീമുകളുമായിട്ട് ഇറങ്ങിയിരിക്കുകയാണ്. താമസിക്കുന്നവരെ മാറ്റി ഒന്നിലധികം വീടുള്ളവർക്ക് വീടുവച്ചുകൊടുക്കുകയാണ് ഹൗസിങ്ങ് ബോർഡിന്റെ പരിപാടി. ഞാൻ സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റിൽ മെമ്പറായിരുന്നു. അന്ന് വീടുണ്ടായിരുന്നവർ ഇന്ന് ഹൗസിങ്ങ് ബോർഡിന്റെ വീട് വാങ്ങിയ്ക്കാൻ ആപ്ലിക്കേഷൻ കൊടുത്തിരിക്കുകയാണ്. മൂന്നു വീടുകളുള്ള എ. എ. എസ്. ഓഫീസറെ എനിക്കറിയാം. പാവപ്പെട്ടവർക്കുവേണ്ടി ഹൗസിങ്ങ് ബോർഡിന്റെ ഒരു സ്കീമുമില്ല. നാലും അഞ്ചും സെന്റിൽ താമസിക്കുന്നവരെ ഒഴിപ്പിച്ച് സമ്പന്നർക്ക് വീടുവച്ചു കൊടുക്കുവാൻ വേണ്ടിയാണ് ഹൗസിങ്ങ് ബോർഡിന്റെ സ്കീം.

വർഷങ്ങളായിട്ട് പത്തും മുപ്പതും സെന്റിൽ പത്തും ഇരുപത്തഞ്ചും തെങ്ങും മറ്റു വൃക്ഷങ്ങളുമുള്ള സ്ഥലത്ത് അഞ്ചാറു മെമ്പേഴ്സുള്ള കുടുംബമായിട്ടാണ് താമസിക്കുന്നത്. അവർ തെങ്ങിന്റെ യീൽഡിംഗ്
കൊണ്ടോ അച്ഛന്റെയോ അമ്മയുടെയോ ഉദ്യോഗത്തിൽ
11 a. m.] നിന്നുള്ള വരുമാനംകൊണ്ടോ ആയിരിക്കും ജീവിക്കുന്നത്. ഇങ്ങനെയുള്ള കുടുംബങ്ങളെ ഒഴിപ്പിച്ച് ഹൗസിങ്ങ് ബോർഡ് പറയുന്ന ഏതെങ്കിലും മൂലയിൽ 5 സെന്റ് സ്ഥലം അവർക്ക് കൊടുക്കും. ഈ പത്തും മുപ്പതും തെങ്ങുകളുള്ള ഭൂമിക്ക് ഹൗസിങ്ങ് ബോർഡുകാർ കൊടുക്കുന്നത് സെന്റിന് രണ്ടായിരമോ മൂവായിരമോ

LIBRARY ARCHIVES Kerala Legislative Assembly

രൂപ ആയിരിക്കും. നേരേമറിച്ച് അവർ അത് വിറ്റാൽ കിട്ടുന്നത് സെന്റിന് അയ്യായിരമോ പതിനായിരമോ മുപ്പതിനായിരമോ ആയിരിക്കും. സഹകാര്യമായി കാണുന്നവരെ അവർ ഇതിൽനിന്ന് ഒഴിവാക്കികൊടുക്കും. അങ്ങനെ പല കേസുകളും ഞാൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവിടേയും ജാതിയുടെ അടിസ്ഥാനത്തിലാണ് ഹൗസിങ്ങ് ബോർഡ് സ്ഥലം അക്വയർ ചെയ്യുന്നത്. സിറ്റിയിലെ ഡവലപ്പ്മെന്റ് അതോറിട്ടി, സിറ്റി കോർപ്പറേഷൻ തുടങ്ങിയവ ഇതു പാടില്ലെന്ന് പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്. എന്നിട്ടും പൈസ പിരിക്കാൻവേണ്ടി അകവിസിഷൻ ഒഴിവാക്കിക്കൊടുക്കാമെന്ന പേരിൽ ഉദ്യോഗസ്ഥൻമാർ നടക്കുകയാണ്. അതുകൊണ്ട് ഇതിന് ഒരു പരിഹാരമുണ്ടാക്കണം. വേറൊരു കാര്യം എനിക്ക് പറയാനുള്ളത് ഈ ഡവലപ്പ്മെന്റ് അതോറിട്ടിയെ ഒരു കൃാപ്പിറ്റൽ ഡവലപ്പ്മെന്റ് അതോറിട്ടിയാക്കി മുഖ്യമന്ത്രിയുടെ കീഴിൽത്തന്നെ കൊണ്ടുവരണം. ഈ ഗതികേടിൽ ഒരു ഡവലപ്മെന്റ് അതോറിട്ടിയുടെ ആവശ്യമില്ല. ഇപ്പോൾ സിറ്റിയിലെ എം. എൽ.എ. മാരെയെല്ലാം അതിലെ മെമ്പർമാർ ആക്കിയിട്ടുണ്ട്. അവിടെ പ്ലാനിനു വേണ്ടി കൊടുക്കുന്ന തുക വാങ്ങിച്ചാണ് ഓഫീസ് വാടകയും സ്റ്റാഫിന്റെ ശമ്പളവും കൊടുത്തു നടത്തിക്കൊണ്ടുപോകുന്നത്. ആ ഗതികേടിലാണ് ഇവിടത്തെ ഡവലപ്മെന്റ് അതോറിട്ടി. 1976-ലെ സർക്കാർ ടൈറ്റാനിയം ഫാക്ടറിയുടെ വികസനത്തിനുവേണ്ടി അതിന്റെ ചുറ്റുപാടുമുള്ള പ്രദേശത്തു താമസിക്കുന്ന ആളുകൾക്ക് ചില ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിരുന്നതാണ്. അത് നടക്കാത്തതുകാരണം, ആ വികസനം പാടെ സ്തംഭിച്ചിരിക്കുകയാണ്. അതുകൊണ്ട് അവരുടെ നന്മയ്ക്കുവേണ്ടി അത് ഉടനെ ചെയ്തുകൊടുക്കണം.

തൃശ്ശൂർ ജില്ലയിൽ ചാവക്കാടു പ്രദേശത്തെ വാട്ടർസപ്ലൈ സ്കീം തീരപ്രദേശമായതിനാൽ അവിടെ കുടിവെള്ളത്തിന്റെ പ്രശ്നം മുടങ്ങികിടക്കുകയാണ്. അതിന് ഒരു പരിഹാരം ഉണ്ടാക്കണം. ഗുരുവായൂർ ഡ്രെയിനേജ് സ്കീം അടിയന്തിരമായി പൂർത്തിയാക്കാനുള്ള നടപടി ഉണ്ടാകണം.

ഇനി ഒരു കാര്യം പറയാനുള്ളത് എന്റെ പാർട്ടിയുടക്കമുള്ള പാർട്ടികളും റോഡിൽ പ്രകടനം നടത്തുന്നത് പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. അതിന് എല്ലാ നേതാക്കൻമാരും കൂടിയിരുന്ന് ഒരു തീരുമാനം എടുത്ത് സിറ്റിയിൽ സൈരജീവിതത്തിന് അവസരം ഉണ്ടാക്കിക്കൊടുക്കണം. പത്തുപേർ ഒരു പ്രകടനത്തിൽ പങ്കെടുത്താലും ശരി ആ റോഡിന്റെ വീതിക്ക് രണ്ടുപേർ ഒരു ബാനർ പിടിച്ചാൽ വാഹനങ്ങൾക്കൊന്നുംതന്നെ പോകാൻ കഴിയുകയില്ല. ഓഫീസിൽ പോകുന്നവർക്ക് സമയത്തിന് എത്തിച്ചേരാൻ കഴിയുകയില്ല. സ്കൂളിൽ കുട്ടികൾക്ക് സമയത്തിന് എത്താൻ കഴിയുകയില്ല, രോഗികളെ സമയത്തിന് ആശുപത്രിയിൽ എത്തിക്കാൻ കഴിയുകയില്ല. ഇതാണ് ഇന്നത്തെ അവസ്ഥ. അതുകൊണ്ട് ഇതിന് ഒരു പരിഹാരം ഉണ്ടാക്കണം. ഈ സിറ്റിയിലെ ജനങ്ങൾക്ക് കുടിവെള്ളവും വെളിച്ചവും എത്തിച്ച് ആ പ്രയാസങ്ങൾ ഉടനെ പരിഹരിക്കണമെന്നും ഒരു കൃാപ്പിറ്റൽ ഡവലപ്മെന്റ് അതോറിട്ടിയായി ഇവിടത്തെ ഡവലപ്മെന്റ് അതോറിട്ടിയെ ഉയർത്താനും ദയവുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ടി. പി. പീതാംബരൻമാസ്റ്റർ: സർ, പഞ്ചായത്ത്, ജലസേചനം, പി. എച്ച്. ഇ. ഡി., നഗരവികസനം എന്നീ വകുപ്പുകൾക്കുവേണ്ടി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പഞ്ചായത്തുകളുടെ പ്രവർത്തനം പൂർണ്ണമായി മരവിപ്പിച്ചിരിക്കുകയാണ് ഈ സർക്കാർ, വികസനപ്രവർത്തനങ്ങളിൽ പഞ്ചായത്തുകളെ പൂർണ്ണമായി ഒഴിവാക്കിയിരിക്കുന്നുവെന്ന പരാതി നമ്മുടെ സബ്ജക്ട് കമ്മിറ്റി തന്നെ കഴിഞ്ഞവർഷത്തെ റിപ്പോർട്ടിലും ഈ വർഷത്തെ റിപ്പോർട്ടിലും ആവർത്തിച്ചു പറഞ്ഞിട്ടുള്ളത് ഇതിനു വ്യക്തമായതെളിവാണ്. സർ, ഈ കമ്മിറ്റികളുടെ ശുപാർശകൾ പൂർണ്ണമായി അവഗണിക്കുന്ന പ്രവണത ഈ കമ്മിറ്റിയുടെ പ്രയോജനംതന്നെ ഇല്ലാതാക്കുന്ന ഒരു അവസ്ഥയിലേക്ക് കൊണ്ടുചെന്നെത്തിക്കുന്നതായാണ് നമുക്കു കാണാൻ കഴിയുന്നത്. പഞ്ചായത്തുകളിൽ വില്ലേജ്റോഡ് മെയിൻറനൻസിനുനൽകുന്ന തുക വളരെ അപര്യാപ്തമാണ്. അതിനെ സംബന്ധിച്ചും കഴിഞ്ഞ വർഷം സബ്ജക്ട് കമ്മിറ്റി ഉന്നയിച്ച ശുപാർശകൾ ഗവൺമെൻറ് അംഗീകരിച്ചിട്ടില്ല: പി. ഡബ്ലിയു. ഡി., റോഡ് മെയിൻറനൻസിനു നൽകുന്ന നിരക്കുകളനുസരിച്ചുതന്നെ പഞ്ചായത്തുകൾക്കും നൽകണമെന്ന കാര്യം എന്തുകൊണ്ട് പരിശോധിക്കുന്നില്ലായെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അതുപോലെ നമ്മുടെ ബേസിക് ടാക്സിനുപകരം ഗ്രാൻറ് നൽകുന്ന ഒരു ഏർപ്പാടുണ്ട്. അതിനു പുതിയനിരക്കനുസരിച്ച് കൊടുക്കാൻ പഞ്ചായത്തുകമ്മീഷൻറെ ശുപാർശ ഉണ്ടായിട്ടും അതിനു വേണ്ടി സംഖ്യകൊള്ളിക്കാൻ ഈ സർക്കാർ തയ്യാറായിട്ടില്ല. ഗ്രാമവികസന സമിതികളെ ഒരുതരം പ്രഹസനമാക്കി മാറ്റുന്ന ഒരു സ്ഥിതി ആണ്. പഞ്ചായത്തുകളിലെ ഭരണം ജനപ്രതിനിധികൾക്ക് കിട്ടിയിരുന്നെങ്കിൽ ഇത്തരം കാര്യങ്ങളെക്കുറിച്ച് കുറേക്കൂടി ഫലപ്രദമായി ശബ്ദമുയർത്താൻ അവർക്ക് കഴിയുമായിരുന്നു. ഇപ്പോൾ ഇതെല്ലാം എക്സിക്യൂട്ടീവ് ഓഫീസർമാരെ ഏൽപ്പിച്ചിരിക്കുന്നതുകൊണ്ട് അവർക്ക് അതിൽനിന്ന് എങ്ങനെ കാശു സമ്പാദിക്കാമെന്നുള്ള ശ്രമമല്ലാതെ മറെറാന്നുംഅവിടെ നടക്കുന്നില്ല. വില്ലേജ്റോഡ് മെയിൻറനൻസിൻെറ പേരിൽ മെയിൻറനൻസ് നടത്താത്ത റോഡുകളുടെ ലിസ്റ്റ് കാലാകാലങ്ങളിൽ ഉണ്ടാക്കി അതിൽ മെയിൻറനൻസ് നടത്തിയെന്നുപറഞ്ഞ് വമ്പിച്ച തുക അനർഹമായി തട്ടിയെടുക്കുന്ന ഒരു സമ്പ്രദായമാണ് ഇപ്പോൾ എല്ലാ പഞ്ചായത്തുകളിലും നടക്കുന്നത്. നികുതിയിൽനിന്നു കിട്ടുന്ന പണംകൊണ്ട് അവിടത്തെ സ്റ്റാഫിൻെറ ശമ്പളത്തിനുപോലും തികയുന്നില്ല. ഇങ്ങനെ ഈ പഞ്ചായത്തുകളെ നശിപ്പിക്കുന്ന ഒരു പ്രവണത എന്തിനു സർക്കാർ തുടരുന്നുവെന്ന് എത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലാകുന്നില്ല. പഞ്ചായത്തുകളിൽ എത്രയുംവേഗം തെരഞ്ഞെടുപ്പ് നടത്തണമെന്ന ആവശ്യം എത്രയോ പ്രാവശ്യം ഈ നിയമസഭയിൽ ഉന്നയിച്ചിട്ടുണ്ട്. എന്നാൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ ചില നടപടികൾ പൂർത്തിയാക്കാനെന്ന പേരിൽ ഇതു നീട്ടിക്കൊണ്ടുപോകാൻ തുടങ്ങിയിട്ട് രണ്ടുകൊല്ലം ആയിരിക്കുന്നു. ഇക്കാര്യത്തിൽ ഈ അസംബ്ലിയിൽ ചോദിച്ച ചോദ്യങ്ങൾക്കുപോലും വ്യക്തമായ ഒരു മറുപടി നൽകാൻ നമ്മുടെ മന്ത്രി തയ്യാറാകാതെ ഒഴിഞ്ഞുമാറുകയാണ്. ജനങ്ങളെ ഇത്രമാത്രം ഭയപ്പെടേണ്ട കാര്യമുണ്ടോ? പഞ്ചായത്തുകളിൽ എത്രയുംവേഗം തെരഞ്ഞെടുപ്പുനടത്താൻ ഗവൺമെൻറ് തയ്യാറാകണം. എല്ലായിടത്തും ശുദ്ധജലം എത്തിച്ചുകൊടുത്തിരിക്കുന്നു, ഹരിജനങ്ങൾക്ക് വേണ്ടത്ര സഹായം ചെയ്തിരിക്കുന്നു, മറ്റു ദുർബല വിഭാഗങ്ങൾക്ക് വീടുകളും വായ്പകളും

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിരിക്കുന്നു എന്നൊക്കെയാണ് ഗവൺമെൻറിന്റെ പ്രചരണം. ഇത്രയെല്ലാം സാമ്പത്തിക സഹായങ്ങളും മറ്റു വമ്പിച്ച ആനുകൂല്യങ്ങളും പൊതുജനങ്ങൾക്ക് അനുവദിച്ചുകൊടുത്തു എന്ന് അവകാശപ്പെടുന്ന ഒരു സർക്കാർ എന്തുകൊണ്ടാണ് ഈ പഞ്ചായത്തു തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല? തെരഞ്ഞെടുപ്പേ നടത്തില്ല എന്നുള്ളവിധത്തിലാണ് ഐക്യ ജനാധിപത്യ മുന്നണി തീരുമാനിക്കുന്നതെങ്കിൽ അത് പരസ്യമായി ജനങ്ങളുടെ മുമ്പിൽ പറയാനുള്ള തന്റേടമെങ്കിലും കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, ജനാധിപത്യത്തിൽ വിശ്വാസമില്ലായെന്ന് അപ്പുറത്തുള്ളവർ പറയുന്ന ഇടതുപക്ഷം ഭരിക്കുന്ന പശ്ചിമബംഗാളിൽ കഴിഞ്ഞ 10 കൊല്ലത്തിനിടക്ക് രണ്ടു പ്രാവശ്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പുനടത്തിയെന്ന വിവരം അറിയാമോ ?

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ജനങ്ങളുടെ അഭിപ്രായമനുസരിച്ച് ഭരണം നടക്കണമെന്ന് ആഗ്രഹിക്കുന്ന കക്ഷികളും നേതാക്കളും ഭരിക്കുന്ന സ്ഥലത്ത് അങ്ങനെയൊക്കെ ചെയ്യാൻ പറ്റും. ജനങ്ങളെ പേടിച്ചു കഴിഞ്ഞുകൂടുന്ന ഒരു ഭരണകൂടത്തിന് തെരഞ്ഞെടുപ്പെന്നുകേട്ടാൽ സ്വാഭാവികമായും ഒളിച്ചോടുക അല്ലാതെ വേറെ മാർഗ്ഗമില്ല. അതുകൊണ്ട് ഈ ഗവൺമെൻറിനെ വെല്ലുവിളിക്കുന്നു, ധൈര്യമുണ്ടെങ്കിൽ.....

ശ്രീ. പി. പി. തങ്കച്ചൻ: സർ, ഞാനും പീതാംബരൻമാസ്റ്ററുമൊക്കെ ഒരുമിച്ചു പാർട്ടിയിൽനിന്ന കാലഘട്ടത്തിൽ അന്ന് 12 കൊല്ലക്കാലം കഴിഞ്ഞിട്ടാണ് പഞ്ചായത്തുതെരഞ്ഞെടുപ്പ് നടത്തിയതെന്ന് അറിയാമോ ? അന്ന് ഈ രോഷമൊന്നും കണ്ടില്ലല്ലോ ?

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ: ഞാനും അതുതന്നെയാണ് പറയുന്നത്. ഗവൺമെൻറിനെ ജനങ്ങൾക്ക് വിശ്വാസമുണ്ടെന്നു വരുന്ന ഘട്ടം വരുമ്പോൾ തെരഞ്ഞെടുപ്പുനടത്തും. ഈ ഗവൺമെൻറിന് അങ്ങനെയൊരു വിശ്വാസം ഇല്ലാത്തതുകൊണ്ടുമാത്രമാണ്, അതായത് ജനങ്ങളെ പേടിച്ചിട്ടാണ് തെരഞ്ഞെടുപ്പ് നടത്താത്തതെന്ന് ഞാൻ പറയുന്നു. ധൈര്യം ഉണ്ടാകുമ്പോൾ നിങ്ങൾ തെരഞ്ഞെടുപ്പു നടത്തുമെന്ന് ഞങ്ങൾക്ക് അറിയാം. ഇന്ന് നിങ്ങളെ ഞാൻ വെല്ലുവിളിക്കുകയാണ്, ഈ വർഷം അവസാനിക്കുന്നതിനുമുമ്പ് നിങ്ങൾക്ക് പഞ്ചായത്തു തെരഞ്ഞെടുപ്പ് നടത്താൻ ധൈര്യമുണ്ടോയെന്ന്? ഉണ്ടെങ്കിൽ ഇന്ന് മന്ത്രി അതു പ്രഖ്യാപിക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്.

സർ, ജലസേചനവകുപ്പിനെപ്പറ്റി പറയുമ്പോൾ, ജലസേചനവകുപ്പ് ഏറ്റെടുത്തിരിക്കുന്ന ബഹുമാന്യനായ പുതിയ മന്ത്രി നടത്തിയ പ്രസ്താവന ഒരു പത്രത്തിൽ കണ്ടു. പത്രം എന്റെ കൈവശമുണ്ട്. അദ്ദേഹം വളരെ ആത്മാർത്ഥമായി ഖേദം പ്രകടിപ്പിച്ചുകൊണ്ട് കഴിഞ്ഞ എത്രയോ വർഷങ്ങളായി ഇവിടെ പ്രവർത്തനം ആരംഭിച്ചതും ആരംഭിക്കാൻ ഒരുങ്ങിനിൽക്കുന്നതുമായ 18 ജലസേചന പദ്ധതികൾക്ക് പണം അനുവദിക്കാത്തതിന്റെ പേരിൽ പൂർത്തിയാകാതെ കിടക്കുന്നുവെന്നു പറഞ്ഞ് അദ്ദേഹം നിവേദനം നടത്തിയതായി പത്രങ്ങളിൽ കാണാൻ കഴിഞ്ഞു. ഇത്തരം പദ്ധതികൾ മൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്തു ആരംഭി

LIBRARY ARCHIVES Kerala Legislative Assembly

ച്ചത് ഉപ്പെടെയുള്ള ഈ ജലസേചന പദ്ധതികളും പൂർത്തിയാകാത്തതിന്റെ ഫലമായി ഈ രാജ്യത്തെ കാർഷിക വിളവ് വർദ്ധനവിനെ എത്ര ദോഷകരമായി ബാധിച്ചുവെന്ന് അപ്പുറത്തുനിന്നു സംസാരിച്ച ചില മെമ്പർമാർ സൂചിപ്പിക്കുന്നത് ഞാൻ കേട്ടു. അതുമാത്രമല്ല ഇവയ്ക്കെല്ലാംവേണ്ടി ഗവൺമെന്റ് സ്വന്തമായി മുടക്കിയിട്ടുള്ളതും വായ്പയായി മുടക്കിയിട്ടുള്ളതുമായ തുകയുടെ പലിശത്തന്നെ കോടിക്കണക്കിനുവരും. ലോകബാങ്കിന്റെ സഹായമുള്ള പദ്ധതികളും പലതും കേന്ദ്രഗവൺമെന്റിന്റെ ക്ലിയറൻസ് കിട്ടാത്തതുകൊണ്ട് നടപ്പാകാതെ കിടക്കുന്നുണ്ട്, കേന്ദ്രഗവൺമെന്റിന്റെ ക്ലിയറൻസ് വാങ്ങി ആ പദ്ധതികളും നടപ്പിലാക്കാൻ പുതിയ മന്ത്രിയെങ്കിലും തയ്യാറാകുമോ? അതിനു ശ്രമിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കടലാക്രമണ നിരോധനത്തെക്കുറിച്ച് ശ്രീമാൻ കുട്ട്യാലി ഇവിടെ വലിയ പ്രസംഗം നടത്തുന്നതു കേട്ടു. ഈ വർഷം 6 കിലോമീറ്റർ പുതിയ കടൽഭിത്തി നിർമ്മിക്കുമെന്നും 3 കിലോമീറ്റർ പുനർനിർമ്മാണം നടത്തുമെന്നുമാണ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. ശ്രീ. കുട്ട്യാലിയുടെ പ്രസംഗം കേട്ടാൽ ഈ സർക്കാർ വന്നതിനുശേഷം വളരെയധികം കടൽഭിത്തി നിർമ്മിച്ചു എന്നു തോന്നും. കേരളത്തിന്റെ കടൽതീരം 580 കിലോമീറ്ററാണ്. അതിൽ 295 കിലോമീറ്റർ കടൽഭിത്തിയുണ്ടെന്നാണ് സർക്കാർ അവകാശപ്പെടുന്നത്. അങ്ങനെയാണെങ്കിൽ ബാക്കി 285 കിലോമീറ്റർ കടൽഭിത്തി ഇല്ലാത്തഭാഗമുണ്ട്. അക്കാര്യം മറന്നിട്ട് കാര്യമില്ല.

ശ്രീ. എം. പി. ഗംഗാധരൻ: 590 കിലോമീറ്ററിൽ 320 കിലോമീറ്റർ മാത്രമാണ് വൻകരബിംബം പോയിന്റായിട്ടുള്ളത് എന്നാണ് കണക്കാക്കിയിട്ടുള്ളത്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, വൻകരബിംബം പോയിന്റെന്നു പറയുന്നത് ശാശ്വതമായ ഏർപ്പാടല്ല. കാരണം കടലിലുണ്ടാകുന്ന ഒഴുക്കിന്റെ ഗതിയനുസരിച്ചാണ് വൻകരബിംബം പോയിന്റുണ്ടാകുന്നത്. ഈ വർഷം വൻകരബിംബം പോയിന്റാകുന്ന സ്ഥലം അടുത്തവർഷം അങ്ങനെ ആയിക്കൊള്ളണമെന്നില്ല. ഒഴുക്കിന്റെ ഗതിയനുസരിച്ച് കാലാകാലങ്ങളിലുണ്ടാകുന്ന ശീതോഷ്ണസ്ഥിതിയുടെ വ്യത്യാസമനുസരിച്ച് വൻകരബിംബം പോയിന്റ് മാറിക്കൊണ്ടിരിക്കും. അതുകൊണ്ട് കടലോരം പൂർണ്ണമായി സംരക്ഷിക്കാൻ പൂർണ്ണമായ കടൽഭിത്തികെട്ടണം. അതിനുവേണ്ട സമഗ്രമായ പരിപാടി ആവിഷ്കരിക്കാൻ കഴിയണം. അതല്ലാതെ ഈ വർഷം കടലാക്രമണം ഉണ്ടായിടത്ത് അടുത്തവർഷം കടൽഭിത്തി കെട്ടാമെന്ന സ്റ്റോപ്പ് ഗാപ് അറേഞ്ച്മെന്റാണ് മന്ത്രിയുടെ തലയിലുള്ളതെങ്കിൽ ഈ രാജ്യം എങ്ങനെ രക്ഷപ്പെടാനാണ്? എറണാകുളം ജില്ലയിലെ ഫോർട്ട്കൊച്ചി മുതൽ ചെല്ലാനം വരെയുള്ള മേഖലയിലെ കടലാക്രമണത്തിന്റെ സ്ഥിതി മന്ത്രി മനസ്സിലാക്കിയിട്ടുണ്ടോയെന്നു എനിക്കറിയില്ല. പുതിയമന്ത്രി എറണാകുളത്തുവന്നപ്പോൾ പലരും അദ്ദേഹത്തെ സമീപിച്ച് ഇക്കാര്യം ചൂണ്ടിക്കാണിച്ചതാണ്. അവിടം കൊച്ചിരാജാവിന്റെ കാലത്ത് കടൽഭിത്തിയുണ്ടായിരുന്ന മേഖലയാണ്. അതു പൂർത്തിയാക്കാൻ ശ്രമിച്ചിട്ടുണ്ടെന്ന കാര്യം ഞാൻ മറക്കുന്നില്ല. കഴിഞ്ഞവർഷം രണ്ടുമൂന്നു കിലോമീറ്റർ നീളത്തിൽ കടൽഭിത്തി പൂർത്തിയാക്കീട്ടുണ്ട്. എന്നാൽ വീണ്ടും അവിടെ കടലാക്രമണം ഉണ്ടാകാൻ കാരണം അന്ന് ഉണ്ടായിരുന്ന കടൽഭിത്തിയുടെ വീതി 10 അടിയാണ്. ആധുനികരീതിയനുസരിച്ച് കടൽഭിത്തിക്ക് 40 അടിവീതിയും 12 അടി ഉയരവുമുണ്ടായിരിക്കണം. ഈ

LIBRARY ARCHIVES Kerala Legislative Assembly

രീതിയിൽ കരിങ്കല്ല് ഉപയോഗിച്ച് കടൽഭിത്തി കെട്ടിയിടത്ത് ഈ വർഷം കടലാക്രമണം ഉണ്ടായിട്ടില്ല. എന്നാൽ ഫോർട്ടുകൊച്ചി മുതൽ ചെല്ലാനം വരെയുള്ള പ്രദേശങ്ങളിൽ ഈ വർഷവും കടലാക്രമണമുണ്ടായി നൂറുകണക്കിനു വീടുകളും നശിക്കുകയുണ്ടായി. പഴയരീതിയിലുള്ള കടൽഭിത്തി കവിഞ്ഞു കടൽ ഉള്ളിലേക്ക് കയറുകയാണുണ്ടായത്. അതു കാരണം ഈ പ്രദേശങ്ങളിലെ ജനങ്ങൾ വർഷംതോറും വളരെയധികം ദുരിതം അനുഭവിക്കുകയാണ്. അവരെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. കടൽ ദേശീയ അതിർത്തിയാണ്. അതു സംരക്ഷിക്കേണ്ട ചുമതല കേന്ദ്രഗവൺമെന്റിനുതന്നെയാണ്. ഹിമാലയം കമ്പിവേലികെട്ടി സംരക്ഷിക്കുന്നതുപോലെതന്നെ കടലോരവും സംരക്ഷിക്കണം. ആ ബാദ്ധ്യത കേന്ദ്രഗവൺമെന്റിനുണ്ട്. അതിനുള്ള തുക കണ്ടുപിടിച്ചു മേടിച്ചു കാര്യങ്ങൾ നടത്താൻ ഈ സർക്കാരിന് ഇതുവരെ കഴിഞ്ഞില്ല. പുതിയ മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇവിടെ നിർമ്മിച്ചിട്ടുള്ള കടൽഭിത്തി മുഴുവൻ ആധുനികരീതിയിൽ പുനർനിർമ്മാണം നടത്തണമെന്നാണ്. ആ പ്രദേശത്തെ ജനങ്ങൾ കാലാകാലങ്ങളായി അനുഭവിക്കുന്ന ദുരിതത്തിൽനിന്നു അവരെ രക്ഷിക്കണം. ഈയിടെയുണ്ടായ കടലാക്രമണത്തിന്റെ ഫലമായി കാട്ടിപ്പറമ്പ്, ചെറിയകടവ്, കണ്ണമാലി, പുത്തൻതോട്, കണ്ടക്കടവ്, ചാളക്കടവ് ഗണപതികാട് തുടങ്ങിയ പ്രദേശങ്ങളിൽ നൂറു കണക്കിനു വീടുകൾ നശിച്ചിട്ടുണ്ട്. ഫോർട്ടുകൊച്ചിയിൽ കെട്ടിയിരുന്ന കടൽഭിത്തി തകർന്നുപോയി. അവിടെ വേളാങ്കണ്ണിമാതാവിന്റെ ദേവാലയത്തിന് സമീപംവരെ ഇത്തവണ കടൽകയറുകയുണ്ടായി. അടിയന്തിരമായി അവിടെയുള്ളകടൽഭിത്തി നന്നാക്കിയില്ലെങ്കിൽ അടുത്തവർഷം ആ പള്ളി പൂർണ്ണമായും കടൽവിഴുങ്ങും. താൽക്കാലിക സംരക്ഷണത്തിനുവേണ്ടി കടൽഭിത്തിയുടെ പിൻഭാഗത്ത് മണൽച്ചാക്കിടുന്നുണ്ട്. ഇങ്ങനെ മണൽച്ചാക്കിടുന്നത് ഒരു പാഴ്വേലയാണ്. കെല്ലംതോറും മണൽച്ചാക്കിടുന്നതിന് ലക്ഷക്കണക്കിനു രൂപ ചെലവാക്കുന്നുണ്ട്. മണൽച്ചാക്കിനുപകരം കൽപ്പൊടിയിടുകയാണെങ്കിൽ കുറച്ചുകൂടി സോളിഡായിരിക്കും. ഇങ്ങനെ ഉപയോഗിക്കുന്ന സംഖ്യകൂടി ഉപയോഗിച്ച് ആധുനികരീതിയിലുള്ള കടൽഭിത്തിനിർമ്മിക്കണം.

ശുദ്ധജലവിതരണത്തിന്റെ കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇവിടെയൊരു ജലമലിനജല അതോറിറ്റി പ്രവർത്തിക്കുന്നുണ്ട്. അതു പ്രയോഗത്തിൽ മലിനജല അതോറിറ്റിയായി മാറിയിരിക്കുന്നു, അതിന്റെ മാലിന്യവും ദുർഗന്ധവും സംസ്ഥാനം മുഴുവൻ പരന്നിരിക്കുന്നു, പുതിയ മന്ത്രി അവിടെയുള്ള മാലിന്യം നീക്കാൻ ശ്രമിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അവിടത്തെ നിയമനങ്ങളുടെ കാര്യത്തിലും പ്രവർത്തനങ്ങളുടെ കാര്യത്തിലും നടന്നിട്ടുള്ള അഴിമതികളെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി അത്തരം അനഭിലഷണീയ പ്രവർത്തനങ്ങൾ നടത്തി പണം സമ്പാദിച്ചിട്ടുള്ളവരെ കണ്ടുപിടിച്ചു പുറത്താക്കി ഒരു ശുദ്ധീകരണ നടപടിക്ക് തയ്യാറാകണം. അതിനുള്ള ധൈര്യം പുതിയ മന്ത്രിക്കുണ്ടോയെന്നാണ് അറിയേണ്ടത്? അദ്ദേഹവും ഇപ്പോൾ പരുങ്ങിനിൽക്കുന്ന അവസ്ഥയിലാണെന്ന് എനിയ്ക്കറിയാം. ശുദ്ജലവിതരണത്തെ സംബന്ധിച്ച് പല അവകാശവാദങ്ങളും ശ്രീമാൻ കുട്ട്യാലി അവതരിപ്പിക്കുകയുണ്ടായി. 'ശുദ്ധജലം സുലഭം' എന്ന പേരിൽ ഗവൺമെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു പുസ്തകത്തിലെ കണക്ക് ഉദ്ധരിച്ചുകൊണ്ടാണ് ശ്രീമാൻ കുട്ട്യാലി സംസാരിച്ചത്, 1148 പ്രശ്നഗ്രാമങ്ങൾക്ക് വെള്ളം കൊടുത്തു എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളത്തെ കണക്കും അതിലുണ്ട്. അതിൽ നിന്നാണ് അതിൽ പറഞ്ഞിരിക്കുന്ന കണക്ക് മുഴുവൻ കളവാണെന്ന് എനിക്ക് മനസ്സിലായത്. എറണാകുളത്ത് 82 പ്രശ്നഗ്രാമങ്ങളുള്ളതിൽ 82 എണ്ണത്തിലും ശുദ്ധജലം ലഭ്യമാക്കിയിട്ടുണ്ടെന്നാണ് അതിൽപ്പറഞ്ഞിരിക്കുന്നത്, എന്റെ നിയോജകമണ്ഡലത്തിലെ കുമ്പളങ്ങി പഞ്ചായത്തിൽ ഒരു തുള്ളി ശുദ്ധജലം ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ഗവൺമെന്റ് പറഞ്ഞിരിക്കുന്ന ഈ 82 പ്രശ്നഗ്രാമങ്ങളിൽ ഈ കുമ്പളങ്ങി പഞ്ചായത്ത് പെടില്ലേ? അതാ വെള്ളം കൊടുക്കുന്നിടത്തോളം ഗ്രാമങ്ങൾ മാത്രമേ അവിടെയുള്ളോ? നാണംകെട്ട രീതിയിലുള്ള ഈ പ്രചരണം അവസാനിപ്പിക്കണം. ചെല്ലാനത്ത് രാജഭരണകാലത്ത് വെള്ളം കിട്ടിയിരുന്നു. കഴിഞ്ഞ രണ്ട് കൊല്ലമായി ചെല്ലാനത്ത് ഒരു തുള്ളി വെള്ളംപോലും കിട്ടുന്നില്ല. ഉണ്ടായിരുന്ന വെള്ളംപോലും കൊടുക്കാൻ കഴിയാത്ത ഈ സർക്കാർ വെള്ളം കൊടുക്കുന്നു എന്നു പറയുന്നതിൽ എന്തർത്ഥമാണുള്ളത്? കുമ്പളം, പനങ്ങാട്, നെട്ടൂർ, മരട് എന്നീ സ്ഥലങ്ങളിൽ ശുദ്ധജലം പേരിനുണ്ടെന്നു സമ്മതിക്കുന്നു. എന്നാൽ അവിടെ ജനങ്ങൾക്ക് ആവശ്യമുള്ള ജലത്തിന്റെ പത്തിൽ ഒന്ന് അംശംപോലും കിട്ടുന്നില്ല. ഹരിജനകോളനികളിൽപ്പോലും ശുദ്ധജലം ലഭിക്കുന്നില്ല. ഹരിജനകോളനികളിൽ ഇടയ്ക്ക് ഒരു ടാപ്പിൽ വെള്ളം കൊടുത്തുകൊണ്ട് ആ ഗ്രാമത്തിൽ മുഴുവൻ വെള്ളം കൊടുത്തുവെന്ന് അവകാശപ്പെടുന്നത് അപഹാസ്യമാണ്. കടലിനും കായലിനും ഇടയ്ക്ക് കിടക്കുന്ന, ഉപ്പുവെള്ളം മാത്രം കിട്ടുന്ന പ്രദേശങ്ങളിൽപ്പോലും ഈ സർക്കാർ ശുദ്ധജലം ലഭ്യമാക്കിയിട്ടില്ല. കുട്ടിയാലി പറഞ്ഞതുപോലെ പൈപ്പ് വാങ്ങിച്ചിട്ടുണ്ട്. കുഴൽക്കിണർ കുഴിച്ചിട്ടുണ്ട്. പക്ഷെ അടിസ്ഥാനപരമായി സർക്കാർ പരാജയപ്പെട്ടത് എവിടെയാണെന്നു വച്ചാൽ വെള്ളം കൊടുക്കുന്നതിനുള്ള സോഴ്സുകൾ കണ്ടുപിടിക്കാതെ പൈപ്പുകൾ നിട്ടികൊടുക്കുന്നു എന്നുള്ളതാണ്.

ശ്രീ മണിമംഗലത്തു കുട്ടിയാലി: അങ്ങയുടെ നിയോജകമണ്ഡലത്തിൽ തന്നെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊടുത്ത ശുദ്ധജല വിതരണസൗകര്യവും ഇതുപക്ഷമുന്നണി അധികാരത്തിൽ ഉണ്ടായിരുന്ന കാലത്ത് കൊടുത്ത ശുദ്ധജല വിതരണവും തമ്മിലൊന്നു താരതമ്യപ്പെടുത്തി അതിന്റെ വ്യത്യാസം ഒന്നു പറയാമോ?

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: ഇടതുപക്ഷജനാധിപത്യമുന്നണിയുടെ കാലത്ത് ലഭ്യമായിരുന്നത്ര വെള്ളംപോലും, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ രണ്ടുവർഷക്കാലമായി കിട്ടുന്നില്ല. കുമ്പളം, മരട് പ്രദേശത്ത് കുറേ പുതിയ ടാപ്പുകൾക്ക് കണക്ഷൻ കൊടുത്തതുകൊണ്ട് മുൻപ് കിട്ടിയിരുന്നത്ര ജലംപോലും ഇപ്പോൾ കിട്ടാതെ വരുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. കാരണം, എറണാകുളത്തെ നഗരപ്രദേശങ്ങളിൽ ജലം കിട്ടുന്നത് ആലുവായിൽ നിന്നാണ്. വളരെ പഴക്കം ചെന്ന പ്ലാന്റാണിത്. പണ്ടത്തെ എറണാകുളം മുനിസിപ്പാലിറ്റിയ്ക്കും കൊച്ചിൻ മുനിസിപ്പാലിറ്റിയ്ക്കും വേണ്ടി ഉണ്ടാക്കിയ പഴക്കം ചെന്ന ഒരു ട്രീറ്റുമെന്റ് പ്ലാന്റാണ് ആലുവായിലുള്ളത്. 28 ദശലക്ഷം ഗ്യാലൻ ജലം മാത്രമാണ് അവിടത്തെ ട്രീറ്റുമെന്റ് പ്ലാന്റിൽനിന്നും പമ്പുചെയ്യാൻ കഴിയുന്നത്. ആലുവാ, പറവൂർ, തൃപ്പൂണിത്തുറനഗരം, കൊച്ചിൻ നഗരസഭയിലെ മുഴുവൻ പ്രദേശങ്ങളിലേയ്ക്കും കൂടാതെ പറവൂർ പ്രദേശത്തുള്ള പഞ്ചായത്തുകൾ, ഞാറയ്ക്കൽ പഞ്ചായത്ത്, പള്ളുരുത്തി, മരട്,

LIBRARY ARCHIVES Kerala Legislative Assembly

കുമ്പളം, തൃക്കാക്കര, കളമശ്ശേരി മുതലായ പഞ്ചായത്തുകൾ ഉൾപ്പെടെ ആ മേഖലയിലുള്ള മുഴുവൻ കണക്ഷനുകളും അതിനുശേഷം കൊടുത്തിട്ടുള്ളതാണ്. എന്നാൽ പൈപ്പുലൈനിന്റെ കണക്ഷൻ കൊടുക്കുക മാത്രമല്ലാതെ, പമ്പിംഗ് സ്റ്റേഷന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു നടപടിയും ഇതുവരെയും സ്വീകരിച്ചിട്ടില്ല. 1980-ൽ ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്ത്, ഒരു പുതിയ ട്രീറ്റുമെന്റ് പ്ലാന്റ് ഉണ്ടാക്കുന്നതിന് അവിടെ അടിത്തറയിട്ടു. പക്ഷേ അതിനുശേഷം നാലുകൊല്ലം കഴിഞ്ഞിട്ടും അത് പൂർത്തിയാക്കാനുള്ള നടപടിയൊന്നും എടുത്തിട്ടില്ല. അങ്ങനെ 42 ദശലക്ഷം ഗ്യാലൻ ജലം ആവശ്യമുള്ള ആ സ്ഥലത്ത് ഇപ്പോൾ ലഭിക്കുന്നത് 28 ദശലക്ഷം ഗ്യാലൻ ജലം മാത്രമാണ്. 28 ദശലക്ഷം ഗ്യാലൻ ജലം പമ്പുചെയ്യാനുള്ള കപ്പാസിറ്റി മാത്രമേ ആ പ്ലാന്റിനുള്ളൂ. എന്നാൽ ഇപ്പോൾ കൂടുതലായി കണക്ഷനുകൾ കൊടുക്കുന്നതുകൊണ്ട്, മുൻപ് ലഭിച്ചുകൊണ്ടിരുന്ന പ്രദേശങ്ങളിൽപ്പോലും ഇന്ന് വേണ്ടത്ര ജലം പൈപ്പുകളിലൂടെ ലഭിക്കാതെ വരുന്നു. അതുകൊണ്ടാണ് ആ പ്രദേശത്തെ ശുദ്ധജലവിതരണം സ്തംഭിച്ചിട്ടുള്ളത്. ഇങ്ങനെ ധാരാളം പുതിയ കണക്ഷനുകൾ കൊടുക്കുന്നതിന്റെ ഫലമായി നാഴിയുരിപാലുകൊണ്ട് നാടാകെ കല്ല്യാണം, എന്നു പറയുന്നതുപോലെയാണ് 28 ദശലക്ഷം ഗ്യാലൻ വെള്ളം പമ്പുചെയ്യാൻ കപ്പാസിറ്റിയുള്ള പമ്പിംഗ് സ്റ്റേഷനിലൂടെ വരുന്ന ജലംകൊണ്ട് 42 ദശലക്ഷം ഗ്യാലൻ ജലം ആവശ്യമുള്ളത്രയും പ്രദേശങ്ങളിൽ വിതരണം ചെയ്യേണ്ടി വരുകയെന്നുള്ളത്. ഇതിന് ഒരു പരിഹാരം ഉടനേ ഉണ്ടാക്കണം. ഇവിടെ കൊച്ചിൻ കോർപ്പറേഷനിലെ ശുദ്ധജലക്ഷാമത്തിന്റെ കാരണങ്ങളെക്കുറിച്ചാണ് ഞാൻ പറഞ്ഞു വരുന്നത്. അവിടെയുള്ള വളരെ ഭയാനകമായ ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സർ, അർബൻ ഡവലപ്പ്മെന്റിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞവർഷം നഗരസഭകളേയും മറ്റും സഹായിക്കുന്നതിനുവേണ്ടിയുള്ള വായ്പാ പദ്ധതിയിൽ ഒരുകോടിനാല്പത്തിയേഴു ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. ഈ പദ്ധതിക്കുള്ള വിഹിതം ഇപ്പോൾ സർക്കാർ 80 ലക്ഷമാക്കി കുറച്ചു. 80 ലക്ഷം രൂപകൊണ്ട് എങ്ങനെ ഈ നഗരസഭകൾ പ്രവർത്തിക്കും? നഗരവികസനത്തിന് കഴിഞ്ഞതവണ 57 ലക്ഷമായിരുന്നെങ്കിൽ ഇപ്പോൾ അത് 30 ലക്ഷം രൂപയേ ഉള്ളൂ. ഇത്തരം നഗരങ്ങൾക്കു സമഗ്രമായ വികസനത്തിനുള്ള വായ്പകൾക്കായി നീക്കിവച്ചിരുന്നത്, കഴിഞ്ഞ തവണ 90 ലക്ഷം രൂപയായിരുന്നുവെങ്കിൽ ഇത്തവണ 50 ലക്ഷം രൂപയാണ് ഇതിനായിട്ടുള്ളത്. മുനിസിപ്പാലിറ്റികളുടെ വികസനത്തിന് ഏഴര ലക്ഷമുണ്ടായിരുന്നിടത്ത് ഇപ്പോൾ അഞ്ചര ലക്ഷമാക്കിയിരിക്കുകയാണ്. അതുപോലെ കൊച്ചിൻ കോർപ്പറേഷനിലെ ചേരിനിർമ്മാർജ്ജനത്തിന് 25 ലക്ഷം ഉണ്ടായിരുന്നത്. 10 ലക്ഷമാക്കി. നഗരാസൂത്രണപദ്ധതിക്ക് കഴിഞ്ഞതവണ 14 ലക്ഷം ഉണ്ടായിരുന്നത് 10 ലക്ഷമാക്കി. മുനിസിപ്പൽ പ്രദേശങ്ങളുടെ വികസനത്തിന് 10 ലക്ഷമുണ്ടായിരുന്നത്. 5 ലക്ഷമാക്കി. അങ്ങനെ കഴിഞ്ഞ തവണ അനുവദിച്ച സംഖ്യകൾ തന്നെ വെട്ടിച്ചുരുക്കിയിരിക്കുകയാണ്. തിരുവനന്തപുരം നഗരത്തിൽ തെരുവ് വിളക്കുകത്തിക്കുന്നതിനുവേണ്ടി 14 ലക്ഷം രൂപയുടെ സഹായം അനുവദിച്ചുകൊടുക്കുന്നുണ്ട്. കൊച്ചിൻ നഗരത്തിലെ മണ്ണെണ്ണ വിളക്കുമാറ്റിയിട്ട്, അവിടെ നല്ല വിളക്കുകൾ കത്തിക്കുന്നതിന് ഒരു നയാപൈസപോലും കൊടുത്തിട്ടില്ല. അതിനുവേണ്ടി യാതൊന്നും വകകൊള്ളിച്ചിട്ടില്ല. ഇതാണ് സർ, കൊച്ചി നഗരത്തിലെ സ്ഥിതി.

LIBRARY ARCHIVES Kerala Legislative Assembly

വിശാലകൊച്ചി വികസന അതോറിറ്റി്ക്ക് വേണ്ടി, ഒരു പൈസ പോലും കൊടുത്തിട്ടില്ല, അങ്ങേക്കറിയാമല്ലോ സർ, കൊച്ചിൻ നഗരത്തിന്റെ വികസനം സ്തംഭിച്ചിരിക്കുകയാണ്. അവിടെ ഒരു റെയിൽവേ ലൈൻ റോഡിന്റെ മദ്ധ്യത്തിൽക്കൂടികടന്നുപോകുന്നതു കൊണ്ട്, വാഹന ഗതാഗതത്തിന് ഉണ്ടാകുന്ന തടസ്സം നിമിത്തം ജനങ്ങൾക്ക് ശ്വാസം മുട്ടുകയാണ്. കൊച്ചിൻ ഡവലപ്പ്മെന്റ് അതോറിറ്റിക്ക് അവിടെ മുല്ലപ്പടിയിലും പച്ചാളത്ത് പൊറ്റക്കുഴി റോഡ് വഴിയും പനംപള്ളി നഗരിയിൽനിന്നും 3 ഓവർബ്രിഡ്ജുകൾ നിർമ്മിക്കുവാനുള്ള പരിപാടിയുണ്ട്. ഇത് നടപ്പിലാക്കുവാൻ ഗവൺമെന്റിന്റെ സഹായമില്ലാതെ സാധിക്കുകയില്ല.

സർ, 1967-ലാണ് കൊച്ചിൻനഗരസഭ സ്ഥാപിക്കപ്പെട്ടത്. അന്ന് അതിന്റെ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് അന്നത്തെ മുഖ്യമന്ത്രി പറഞ്ഞു, വളരെ അവികസിതമായ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഒരു ഭാഗമായിത്തീർന്നിട്ടുള്ള കൊച്ചി നഗരസഭയുടെ വികസനത്തിന് ഒരു കോടി രൂപ ധനസഹായമായി നൽകുമെന്ന്. സർ, കഴിഞ്ഞ നിയമസഭയിലും അതിന്റെ മുൻപിലത്തെ നിയമസഭയിൽ ഞാനും നമ്മുടെ ഡെപ്യൂട്ടി സ്പീക്കർ, ശ്രീ. ഹംസക്കുഞ്ഞും, മട്ടാഞ്ചേരി പ്രതിനിധിയുമൊക്കെ മാറിമാറി, ഈ സഹായം ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടും, ഇപ്പോഴും ഒരു പൈസപോലും കൊടുത്തിട്ടില്ല. കഴിഞ്ഞ വർഷം ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവിടെ കോർപ്പറേഷൻ ഹാളിൽ ഒരു സമ്മേളനം കൂടി. അന്ന് അവിടെ കൂടിയിരുന്നവരെല്ലാം പറഞ്ഞു, നഗരസഭയുടെ വികസനത്തിന് ആവശ്യമായിട്ടുള്ള സഹായം തരണമെന്ന്. മുഖ്യമന്ത്രി അന്ന് കൂടുതൽ ധനസഹായം തരാമെന്ന് വാഗ്ദാനം ചെയ്തിരുന്നു. പക്ഷേ ഇപ്പോഴും ഒരു പൈസപോലും അതിലേക്കായി വകകൊള്ളിച്ചിട്ടില്ല. പണമില്ലാതെ ഈ പണികളെല്ലാം എങ്ങനെ മുൻപോട്ടുകൊണ്ടുപോകാനാവും? കൊച്ചിൻ നഗരവികസനത്തിന് സർക്കാരിന്റെ ഔദാര്യമൊന്നും വേണമെന്ന അഭിപ്രായമെനിക്കില്ല. സർ, ഈ രാജ്യത്തിന്റെ ഖജനാവിലേക്ക് 260 കോടി രൂപ കൊടുക്കുന്നത് കൊച്ചിയിലും എറണാകുളത്തും ഉള്ള കച്ചവടക്കാരാണ്. സെയിൽസ് ടാക്സ് ഇനത്തിൽ കൊച്ചി നഗരത്തിൽ നിന്നും മട്ടാഞ്ചേരിയിൽനിന്നുമായി 260 കോടിരൂപ പിരിച്ചെടുക്കുന്നുണ്ട്. അതിന് സർക്കാരിനുള്ള ചെലവ് കളക്ഷൻ ചാർജായിട്ടും എസ്റ്റാബിളിഷ്മെന്റ് ചാർജായിട്ടും കേവലം 3 കോടി രൂപമാത്രമാണ്. അതായത് വരുമാനത്തിന്റെ ഏകദേശം ഒന്നര ശതമാനം മാത്രം. സർ, വികസന സമിതിയിലെ അംഗങ്ങൾ ഉൾപ്പെടെ വികസനസമിതിയുടെ എക്സിക്യൂട്ടീവ് ഗവൺമെന്റിനോട് ഈ 260 കോടി രൂപയുടെ ടാക്സ് തരുന്ന കച്ചവടക്കാരുടെ സഹായത്തിനുവേണ്ടി, അവർക്കുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനായി അവരിൽ നിന്നും പിരിക്കുന്ന നികുതിയുടെ 2% എങ്കിലും അനുവദിച്ചുതരണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. ഇപ്പോഴാ അവർക്ക് വേണ്ട എല്ലാ സൗകര്യങ്ങളും കൊച്ചിൻ നഗരസഭയാണ് ചെയ്യുന്നത്. കച്ചവടക്കാരെ സഹായിക്കുന്നതിനായി റോഡുകൾ നന്നാക്കുക, വിളക്കുകൾ സ്ഥാപിക്കുക, ചാനലുകൾ നന്നാക്കുക, ശുദ്ധജലം കൊടുക്കുക തുടങ്ങി അവരുടെ എല്ലാ ആവശ്യങ്ങളും കൊച്ചിൻ നഗരസഭയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. സർക്കാർ ഇവർക്കുവേണ്ടി യാതൊന്നും ചെയ്യുന്നില്ല. അപ്രകാരം കച്ചവടക്കാർക്കുവേണ്ടി, പല ചെലവുകളും വഹിക്കുന്ന കോർപ്പറേഷന് അവരിൽനിന്നും പിരിക്കുന്നനികുതിയുടെ 2% ആയ സംഖ്യയെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കണം. വിശാലകൊച്ചി വികസന അതോറിറ്റിക്ക് ഈ തുക അനുവദിച്ചുകൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കേവലം 6 കോടി രൂപ നൽകുന്നതുകൊണ്ട് ഗവൺമെന്റിന് യാതൊരു നഷ്ടവും വരാനില്ല. റോക്സ് കളക്ഷനുവേണ്ടി 4 കോടിയും നഗരസഭയുടെ വികസനത്തിനുവേണ്ടി 6 കോടിയും കിഴിച്ചാൽ തന്നെയും ഗവൺമെന്റിന് 250 കോടിയുടെ വരുമാനമുണ്ട്. അതുകൊണ്ട് ഈ വിവേചനം അവസാനിപ്പിച്ച് ഈ കാര്യങ്ങൾക്ക് പ്രത്യേകം പരിഗണന കൊടുക്കുകയും, നഗരസഭയുടെ വികസനം സ്തംഭിപ്പിക്കുന്നതിന് പകരം അതിന്റെ വികസനത്തിനുവേണ്ടി, സഹായിക്കുന്നതിന് ഒരു 2% എങ്കിലും കൊടുക്കണമെന്ന ആവശ്യം ഗവൺമെന്റ് അംഗീകരിച്ച് തിരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. ഇ. ജെ. ലൂക്കോസ്: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. ഈ സംസ്ഥാനത്തെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലേക്കും തെരഞ്ഞെടുപ്പ് നടത്താൻ ഈ ഗവൺമെന്റിനു ഭയമാണെന്ന് ശ്രീ. പീതാംബരൻ മാസ്റ്റർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ നടത്തുന്നതിന് യാതൊരു വിധത്തിലുള്ള ഭയവുമില്ലെന്ന് സത്യസന്ധമായി ഈ സഭയിൽ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചിരുന്നതാണ്. സർ, പഞ്ചായത്തുകളെ സംബന്ധിച്ച് പറയുകയാണെങ്കിൽ 1000 ത്തിലധികംവരുന്ന പഞ്ചായത്തുകളിലെ വരുമാനം ഉപയോഗിച്ചുകൊണ്ട് അവയുടെ വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സാദ്ധ്യമല്ലെന്ന് നമുക്ക് കാണാൻ സാധിക്കുന്നതാണ്. സർ, അവിടെ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുത്തുകഴിഞ്ഞാൽ, വികസനത്തിനുവേണ്ടി പഞ്ചായത്തുകൾക്ക് മാറ്റിവയ്ക്കാൻ കഴിയുന്ന സംഖ്യ വളരെ കുറവാണ്. അങ്ങനെ വരുമ്പോൾ പഞ്ചായത്തുകളുടെ വികസനത്തിനുവേണ്ടി ഗ്രാമവികസനവകുപ്പും, പഞ്ചായത്തുകളുമെല്ലാം യോജിച്ചുകൊണ്ട് സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കണം. പഞ്ചായത്തുകളുടെ മെയിൻറനൻസ് എന്നുള്ള നിലയിലായാലും പഞ്ചായത്തിലെ റോഡുകളുടെ വർക്കുകളായാലും, അവിടെയൊക്കെ കുറെ കോൺട്രാക്റ്റർമാരുടെ സ്ഥിരം അഡ്ജസ്റ്റുമെന്റുകളാണ് നടക്കുന്നത്. ഓരോ വർഷവും ഓരോ റോഡ് വീതമെങ്കിലും ടാർ ചെയ്ത് പൂർത്തിയാക്കത്തക്കവിധത്തിലുള്ള ഒരു സംവിധാനം ഉണ്ടാക്കണം. പഞ്ചായത്തു മെമ്പർമാർ തമ്മിൽ അവരുടെ വാർഡുകളിലുള്ള ജോലികൾ പൂർത്തിയാക്കുന്നതിന് അങ്ങോട്ടുമിങ്ങോട്ടും, അവകാശങ്ങളൊക്കെ പറയും. എങ്കിലും ഓരോ വർഷവും ഓരോ വാർഡുകളായിട്ട് അവയുടെ പണികൾ പൂർത്തിയാക്കുകയുണ്ടെങ്കിൽ, നമ്മുടെ ഗ്രാമപ്രദേശങ്ങളുടെ മുഖച്ഛായതന്നെ മാറ്റിയെടുക്കാൻ കഴിയും. അതുപോലെ സ്വന്തമായി കെട്ടിടമില്ലാത്ത പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അവയ്ക്ക് കൊടുക്കുന്ന ഗ്രാന്റ് വെറും 15,000 രൂപയാണ്. പക്ഷേ കെട്ടിടം നിർമ്മിക്കുന്നതിനായി ഈ ഗ്രാന്റ് തീരെ അപര്യാപ്തമാണ്. സാമാന്യം ചെറിയ സൗകര്യങ്ങളോടുകൂടിയ കെട്ടിടമാണ് നിർമ്മിക്കുന്നതെങ്കിലും, ഈ തുക അപര്യാപ്തമാണ്. അതുകൊണ്ട് പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന ഗ്രാന്റ് തുക വർദ്ധിപ്പിക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

സർ, നമ്മുടെ സംസ്ഥാനത്ത് ശുദ്ധജലക്ഷാമമുള്ള പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് കഴിഞ്ഞ നാലു വർഷമായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

യുദ്ധകാലാടിസ്ഥാനത്തിൽ തീവ്രയത്നം പരിപാടിയനുസരിച്ചുള്ള പരിശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. 1983 ൽ ഈ സംസ്ഥാനത്ത് അതിരൂക്ഷമായ ജലദൗർലഭ്യമുണ്ടായതിന്റെ ഫലമായി, അന്ന് നിലവിലുണ്ടായിരുന്ന വാട്ടർ സപ്ലൈ സ്കീം വികസിപ്പിച്ച് പരമാവധി ജലം എല്ലായിടത്തും എത്തിക്കുവാൻ ശ്രമിച്ചു. പുതിയ ജലവൈദ്യുത പദ്ധതികളും ആരംഭിച്ചു. അതിനുള്ള പുതിയ സ്കീമുകളും ഏർപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ ഏർപ്പെടുത്തിയെങ്കിലും, ഇന്നും പൂർത്തിയാകാതെ ധാരാളം പദ്ധതികൾ അവശേഷിക്കുന്നുണ്ട്. പീതാംബരൻ മാസ്റ്റർ ഇവിടെ സൂചിപ്പിച്ചതുപോലെ ചില പ്രദേശങ്ങളിലെല്ലാം വെള്ളം എത്തിക്കാനുള്ള മറ്റു സൗകര്യങ്ങളും ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഉദാഹരണമായി വൈക്കം വാട്ടർ സപ്ലൈ സ്കീം. വൈക്കം മുനിസിപ്പാലിറ്റിക്കും 12 പഞ്ചായത്തുകൾക്കും ഉള്ള ആ സ്കീമിൽനിന്ന്, മറ്റു പ്രദേശങ്ങളിലേക്കുള്ള ജലവിതരണം നടത്താമെന്ന് ഉദ്ദേശിച്ചിരുന്നു. അത് ഒന്നും സാദ്ധ്യമല്ലെന്ന് ഇപ്പോൾ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ നിയോജകമണ്ഡലത്തിലുൾപ്പെട്ട ഉഴവൂരും വെളിയന്നൂരും കരൂരും ഈഴൂരും കൈനകരിയിലുമെല്ലാം ജലവിതരണത്തിനുള്ള പൈപ്പുകളിട്ടിട്ടുണ്ട്. പക്ഷേ ശുദ്ധജലമെത്തിക്കാനുള്ള സംവിധാനങ്ങളൊന്നും സ്വീകരിച്ചിട്ടില്ല. അങ്ങനെയുള്ള പ്രദേശങ്ങളിൽ വെള്ളം എത്തിക്കാനുള്ള പൈപ്പുകളിടുകയും എന്നാൽ പൈപ്പുകൾവഴി ജലം വിതരണം ചെയ്യുന്നുള്ള നടപടികളും ആരംഭിച്ചിട്ടില്ലാത്ത പ്രദേശങ്ങളിൽ അടിയന്തിരമായി ജലവിതരണം നടപ്പിലാക്കുകയും ചെയ്യാൻ ശ്രദ്ധിക്കണം. അതുപോലെതന്നെ കൈനകരി പഞ്ചായത്ത് കോമൺ വാട്ടർ സപ്ലൈ സ്കീമിൽപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ അവിടെ സമൃദ്ധമായി ജലം കിട്ടുന്ന ഒരു കുഴൽക്കിണറുണ്ട്. മറ്റു പഞ്ചായത്തുകളും തമ്മിൽ ചേർന്ന് തയ്യാറാക്കിയ വിപുലമായ പദ്ധതി വരുന്നതിനുമുൻപ് (പൈപ്പുകളും അവിടെ മണ്ണിനടിയിൽ ഇട്ടിട്ടുണ്ടായിരുന്നു) അവിടെ വെള്ളം വിതരണം ചെയ്യുന്നതിന് ഈ കുഴൽക്കിണറിൽനിന്നും ലഭിക്കുന്ന വെള്ളം ഉപയോഗിച്ചുകൊണ്ട് താൽക്കാലികമായിട്ടെങ്കിലും സംവിധാനങ്ങളുണ്ടാക്കണം. അതുപോലെതന്നെ അതിരമ്പുഴ, ഏറ്റുമാനൂർ, ആർപ്പൂക്കര, നീണ്ടൂർ, കാണക്കാരി, മാഞ്ഞൂർ ഇങ്ങനെയുള്ള പഞ്ചായത്തുകളിലേയ്ക്കുവേണ്ടിയുള്ള സമഗ്രമായ ഒരു പദ്ധതിക്ക് മീനച്ചിലാറ്റിൽനിന്നും ജലം പമ്പുചെയ്ത് വിതരണം നടത്തുന്നതിനായി 433 കോടി രൂപയുടെ ഒരു പദ്ധതിക്ക്, 1983 മാർച്ചുമാസം 16-ാം തീയതി, ശിലാസ്ഥാപനം നടത്തുകയുണ്ടായി. അതിന് ലോകബാങ്കിൽനിന്ന് ധനസഹായം കിട്ടും. അതുകൊണ്ട് ആ പദ്ധതി ഉടനെ നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കോട്ടയം വാട്ടർ സപ്ലൈ സ്കീമിനും അതുപോലെതന്നെ ലോകബാങ്കിന്റെ സഹായം ലഭിക്കുന്നുണ്ട്. ലോകബാങ്കിൽനിന്നും ഏഴര കോടി രൂപ ലഭിച്ചിട്ടുണ്ട്. കോട്ടയം വാട്ടർ സപ്ലൈ സ്കീമിന്റെ പണി ആരംഭിച്ചിട്ടുണ്ട്. ഇരവിപുരം പഞ്ചായത്തിൽ മൂന്നര ഏക്കർ സ്ഥലം പമ്പുഹൗസിനും മറ്റ് ആവശ്യങ്ങൾക്കുമായി എടുത്തിട്ടുണ്ട്. അതിൽനിന്നും സ്ഥലം ഒഴിവാക്കിക്കിട്ടാൻ വേണ്ടി പലരും ശ്രമിക്കുന്നുണ്ട്. സർവേ നമ്പർ തെറ്റാണെന്നുപറഞ്ഞ് റവന്യൂ ഉദ്യോഗസ്ഥൻമാരും അതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. യാതൊരു കാരണവശാലും ആരേയും അതിൽനിന്ന് ഒഴിവാക്കാതെ കഴിയുന്നതും വേഗത്തിൽ ആ സ്ഥലം ഏറ്റെടുത്ത് കോട്ടയം വാട്ടർ

LIBRARY ARCHIVES Kerala Legislative Assembly

സമ്പൂർണ്ണ സ്കീം നടപ്പിലാക്കുവാനും ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് കുടിവെള്ളമെത്തിക്കുന്നതിനുള്ള ഇത്തരം പദ്ധതികളും നടപ്പിലാക്കുന്നതിന് കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ഈ ഗവൺമെന്റ് വളരെ ആത്മാർത്ഥമായ ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി വെളിച്ചവിപ്ലവം നൽകി, ഈ സംസ്ഥാനത്ത് വെളിച്ചം എത്തിച്ചതുപോലെ സംസ്ഥാനത്ത് ശുദ്ധജല വിപ്ലവം നടത്തി, ഇനിയും ശുദ്ധജലം എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിൽ അത് എത്തിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സൂചിപ്പിക്കുകയാണ്. ഏത് വകുപ്പ് തന്റെ കയ്യിൽ കിട്ടിയാലും അതിനെ തേച്ചുമിനുക്കി, പൊന്നാക്കുന്നതിന് കഴിവുള്ള മന്ത്രിയെ സംബന്ധിച്ചിടത്തോളം ഈ ചുരുങ്ങിയ ഒരു കൊല്ലം കൊണ്ട്, ശുദ്ധജലവിപ്ലവം നടത്തി നമ്മുടെ ജനങ്ങൾക്ക് ജലം കൊടുത്ത് സംരക്ഷിക്കണമെന്നുള്ള കാര്യം സൂചിപ്പിക്കുകയാണ്.

സർ, കുട്ടനാടൻ മേഖലയിലും കുടിവെള്ളത്തിന്റെ പ്രശ്നമുണ്ട്. വെള്ളപ്പൊക്കത്തിന്റെ കെടുതിമൂലം അവിടത്തെ പാടശേഖരങ്ങളുടെ കരഭൂമി നശിക്കാറുണ്ട്. ജലസേചന വകുപ്പിൽനിന്നും കരിങ്കൽകെട്ടി, ആ പ്രദേശങ്ങളെ പ്രത്യേകം സംരക്ഷിക്കണമെന്ന് സൂചിപ്പിക്കുകയാണ്. കോട്ടയം ജില്ലയിൽ ഓരുവെള്ളം തടയുന്നതിനും ശുദ്ധജലം വിതരണം ചെയ്യുവാനുംവേണ്ടി, ഉതകുന്നവിധത്തിൽ മീനച്ചൽ നദീതട പദ്ധതിയുടെ പ്രവർത്തനം വേഗത്തിൽ തുടങ്ങണം. ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങളും വേഗം ആരംഭിച്ച് കോട്ടയം ജില്ലയിലെ എല്ലാ പ്രദേശങ്ങളിലും കൂടുതൽ കനാലുകളും സ്ഥാപിക്കുകയും, ജലം എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുകയും വേണം. തിരക്കുകൂടിയ കോട്ടയം പട്ടണത്തിൽ നാഗംപടവും കോടിമതയുമായി ബന്ധിപ്പിക്കുന്ന എം.സി. റോഡിന് സമാന്തരമായിട്ടുള്ള ഒരു ബൈപാസ് മുനിസിപ്പാലിറ്റിയും പി. ഡബ്ല്യു. ഡി. യും ചേർന്ന് ഏർപ്പെടുത്തണം. അതിനുവേണ്ട പ്രവർത്തനങ്ങളും ആരംഭിക്കണമെന്ന് സൂചിപ്പിക്കുന്നു.

സർ, അതുപോലെതന്നെ വളർന്നുകൊണ്ടിരിക്കുന്ന ഏറ്റുമാനൂർ പോലെയുള്ള പ്രദേശങ്ങളിൽ സാമ്പത്തിക പ്രതിസന്ധിയെന്നപേരിൽ വികസനപ്രവർത്തനങ്ങളും മാറ്റിവെയ്ക്കാതെ അങ്ങനെയുള്ള സ്ഥലങ്ങളും മുനിസിപ്പാലിറ്റിയാക്കി മാറ്റാനുള്ള നടപടികളും സ്വീകരിക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: സർ, നഗരവികസനം, പൊതുജനാരോഗ്യ എഞ്ചിനീയറിംഗ്, ജലസേചനം, പഞ്ചായത്തുകളും എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്. സർ, മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരന്റെ രാഷ്ട്രീയ ജാലവിദ്യയുടെ രാഷ്ട്രീയ രക്തസാക്ഷിയായ എന്റെ ബഹുമാന്യനായ സ്നേഹിതൻ മുൻ ധനകാര്യവകുപ്പുമന്ത്രി, ശ്രീ. കെ.എം. മാണിയുടെ ഓർമ്മയ്ക്കുമുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. സർ, ഒരു സിംഹത്തെപ്പോലെ ഗർജ്ജിച്ചിരുന്ന ശ്രീ. കെ. എം. മാണി, ഇന്ന് പാർട്ടിക്കകത്തും പുറത്തും ഒറ്റപ്പെട്ട് ഒരു ശുനകന്റെ നിലയിലേക്ക് വലിച്ചെറിയപ്പെട്ടിരിക്കുകയാണ്. ഈ സഭയിൽ 4 വർഷക്കാലം ധനകാര്യവകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ, ആ വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച്, വിശദമായി ഞാൻ വിമർശിച്ചിട്ടുണ്ട്. പ്രതിപക്ഷങ്ങളും വിമർശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സിസ്റ്റത്തെക്കുറിച്ച് വിമർശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ അവസരം ഉപയോഗപ്പെടുത്തിക്കൊണ്ട്, മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ, മാണിയിൽനിന്ന് ധനകാര്യവകുപ്പ് പിടിച്ചെടുത്തത്, ശ്രീ. കരുണാകരന്റെയും അദ്ദേഹത്തിന്റെ അനുയായിയായ ശ്രീ. എം. പി. ഗംഗാധരന്റെയും മുഖം രക്ഷിക്കാൻവേണ്ടിയാണെന്നുള്ള വസ്തുത ആരും നിഷേധിക്കുന്ന കാര്യമല്ല, സർ, ഈ സഭയിൽതന്നെ പൈപ്പ് കുംഭകോണത്തിന്റെയും വാൽവ് കുംഭകോണത്തിന്റെയും എല്ലാം ഉത്തരവാദിത്വം ഞാൻ ഏറെടുക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞിട്ടുള്ള കാര്യം അങ്ങ് വിസ്മരിക്കുമെന്ന് ഞാൻ കരുതുന്നില്ല. ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ഇൻസ്പെക്ഷൻ വിംഗ്, ശ്രീ. മന്നാടിയാരുടെ നേതൃത്വത്തിൽ നടത്തിയ അന്വേഷണത്തിൽ, ആ റിപ്പോർട്ടുകൾ വന്നുകഴിഞ്ഞാൽ, കരുണാകരന്റെയും, എം. പി. ഗംഗാധരന്റെയും മുഖം വികൃതമാകുമെന്നു കണ്ടപ്പോൾ, അതിൽനിന്നും രക്ഷപ്പെടാൻവേണ്ടിയാണ് ശ്രീ. കരുണാകരൻ ധനകാര്യവകുപ്പ് ഏറെടുക്കാൻ നിർബന്ധിതനായിത്തീർന്നത്. ഈ അവസരത്തിൽ ഞാൻ കൂടുതലൊന്നും പറയാനാഗ്രഹിക്കുന്നില്ല. ഈ സഭയിൽ ശ്രീ. എം. പി. ഗംഗാധരൻ വാട്ടർ ആൻഡ് വെയിസ്റ്റ് വാട്ടർ അതോറിട്ടിയുടെ മന്ത്രിയായിരുന്ന കാലത്ത്, പൈപ്പു കുംഭകോണത്തെ സംബന്ധിച്ചായിരുന്നാലും വാൽവ് കുംഭകോണത്തെ സംബന്ധിച്ചായിരുന്നാലും, അതിന്റെ നടപടിക്രമങ്ങളെ സംബന്ധിച്ചും ആ ബോർഡിലെ നിയമനങ്ങളെ സംബന്ധിച്ചും, അതിൽ പെൻഷനായ ജീവനക്കാരെ നിയമിച്ചതു സംബന്ധിച്ചുമെല്ലാം വ്യക്തമായ അഴിമതിയാരോപണങ്ങളാണ് ഈ സഭയിൽ ഞാനുൾപ്പെടെ എഴുതി ഉന്നയിച്ചിട്ടുള്ളതാണ്. ഞാൻ ശ്രീ. മാണിയോട് പറയുകയാണ്, അങ്ങ് ധനകാര്യവകുപ്പുമന്ത്രിയായിരുന്ന കാലത്ത്, ടെക്കനിക്കൽ ഇൻസ്പെക്ഷൻ വിംഗ് നടത്തിയ അന്വേഷണ റിപ്പോർട്ട് അങ്ങ് കണ്ടുകാണും. അതിന്റെ അടിസ്ഥാനത്തിൽ, കഴിഞ്ഞ നാലു വർഷക്കാലം ഈ വകുപ്പിൽ നടന്നിരിക്കുന്ന അഴിമതിയുടെ രൂപരേഖ പുറത്തുകൊണ്ടുവരാനുള്ള ഒരു നടപടി സ്വീകരിക്കുവാൻ ശ്രീ. മാണിക്ക് കഴിയുമോ? അതിനുള്ള നട്ടെല്ല് ശ്രീ. മാണിക്കുണ്ടോ? ശ്രീ. ബാലകൃഷ്ണപിള്ളയെ മന്ത്രിസഭയിൽ തിരിച്ചുകൊണ്ടുവരുന്നതിനായി മഹാത്യാഗം നടത്തിയ ശ്രീ. മാണി, ശ്രീ. എം. പി. ഗംഗാധരനെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം കൂടിയുണ്ടോ എന്ന് ചോദിക്കുകയാണ്. ഈ സഭയിൽ മുൻപ് ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച്, ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല. കേരളത്തിലെ ജനങ്ങൾക്ക് ഈ വകുപ്പിൽ നടന്നിട്ടുള്ള അഴിമതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശ്രീ. മാണി, ഈ വകുപ്പ് ഏറെടുത്തതിനുശേഷം സത്യാവസ്ഥ പുറത്ത് കൊണ്ടുവരുമെന്ന പ്രതീക്ഷയിൽ കഴിയുകയാണ് ഇവിടെയുള്ള ജനങ്ങൾ. ആ നടപടി സ്വീകരിക്കാനെങ്കിലും ശ്രീ. മാണി തയ്യാറാകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്.

സർ, ഇന്നലെ ഈ അസംബ്ലിയിൽ തന്ന കണക്കുകളിൽ കാണുന്നത്, 47.85 കോടി രൂപയുടെ പൈപ്പുവാങ്ങി, അതിൽ 4.25 കോടി രൂപയുടെ പൈപ്പ് ഉപയോഗിക്കാൻ കഴിയാതെ കെട്ടിക്കിടക്കുകയാണെന്നാണ്. സർ, അതുപോലെതന്നെ 912 വാൽവുകൾ വാങ്ങിയതിൽ 196 വാൽവുകൾ ഉപയോഗിക്കാൻ കൊള്ളാതെ കിടക്കുകയാണ്. ശ്രീ. മന്നാടിയാരുടെ റിപ്പോർട്ടിൽ 2 കോടി 82 ലക്ഷം രൂപയ്ക്കുള്ള സ്ലൂയീസ് വാൽവ് വാങ്ങിയതിൽ അതിന്റെ വില

LIBRARY ARCHIVES Kerala Legislative Assembly

85 ലക്ഷം രൂപപോലും വരില്ലെന്നാണ് പറയുന്നത്. ഈ റിപ്പോർട്ടുകളെല്ലാം സഭയിൽ കൊണ്ടുവരാൻ ശ്രീ. മാണിക്ക് കഴിയുമോ എന്നാണ് ആവർത്തിച്ച് ചോദിക്കുവാനുള്ളത്. സർ, കടലാക്രമണ നിരോധനത്തെ സംബന്ധിച്ച്, ഞാൻ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എം. പി. ഗംഗാധരൻ: ഈ കഴിഞ്ഞ നിയമസഭയിലും ഇതുപോലെതന്നെ പൈപ്പിന്റെ കാര്യം പറഞ്ഞിരുന്നു. മന്ത്രിയെന്നുള്ള നിലയിൽ അന്ന് ഞാൻ അതിന് മറുപടി പറയുകയും ചെയ്തിരുന്നു. ഇപ്പോഴും അതിനെക്കുറിച്ച് വീണ്ടും പറയുകയാണ്. 250-ൽപരം വാട്ടർ സപ്ലൈ സ്കീമുകൾക്കുവേണ്ടിയാണ് പൈപ്പുകൾ വാങ്ങിയത്. അത് മുഴുവൻ ഇന്ത്യാഗവൺമെന്റിന്റെ റേറ്റ് കോൺട്രാക്ടറ് പ്രകാരമാണ് വാങ്ങിയത്. ടെൻഡർ ആണെങ്കിൽ ലോവസ്റ്റ് ടെൻഡർ പ്രകാരവുമാണ്. ഇപ്രകാരം ലോവസ്റ്റ് ടെൻഡർ നിരക്കിലല്ലാതെ ഒരു മീറ്റർ പൈപ്പുപോലും വാങ്ങിയിട്ടില്ലെന്ന് അന്ന് പറഞ്ഞിരുന്നതാണ്. ധൈര്യമുണ്ടെങ്കിൽ അഴിമതിയാരോപണങ്ങളെക്കുറിച്ച് എഴുതി കൊടുക്കൂ എന്ന് നിയമസഭക്കകത്തും പുറത്തുംവച്ച് ഞാൻ പലതവണ പറഞ്ഞിട്ടുള്ളതാണ്. അത് എഴുതിക്കൊടുക്കാതെ വീണ്ടും ചലപില പറയുന്നതിൽ കാര്യമില്ല.

ശ്രീ. ഏ. വി. താമരാക്ഷൻ: സർ, ഞാനിപ്പോൾ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് മാണി അന്വേഷിക്കണം. ഈ സംസ്ഥാനത്തിന്റെ ധനകാര്യവകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ അദ്ദേഹംതന്നെ കൈകാര്യം ചെയ്തിരുന്ന വകുപ്പിന്റെ കീഴിൽ ഇൻസ്പെക്ഷൻ വിംഗ് നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കുവാനുള്ള അധികാരം ശ്രീ. മാണിക്ക് കിട്ടിയിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുവാൻ മാണിക്കു കഴിയുമോ? ഇതിനെക്കുറിച്ച് ശ്രീ. മാണി മറുപടി പറയുമ്പോൾ, പറയണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

സർ, കടലാക്രമണ നിരോധനത്തിനുവേണ്ടി ഈ വർഷം നീക്കിവച്ചിട്ടുള്ള തുക തീരെ അപര്യാപ്തമാണ്. ഇവിടെ 1987-88 വരെയുള്ള ഒന്നാം ഘട്ടം പണി പൂർത്തിയാക്കണമെങ്കിൽ ഇരുപത്തിയെട്ടര കോടി രൂപ വേണ്ടിവരും. എന്നാൽ ബഡ്ജറിൽ നീക്കിവച്ചിട്ടുള്ളത് ആകെ 4.95 കോടി രൂപയാണ്. ഇതിൽ രണ്ടര കോടി രൂപയുടെ കുടിശ്ശിക ബിൽ കൊടുത്തുകഴിഞ്ഞാൽ ഈ വർഷം യാതൊരു പണിയും നടത്തുവാൻ സാധിക്കുകയില്ല.

സർ, ആലപ്പുഴ ജില്ലയിൽ, തൃക്കുന്നപ്പുഴ മുതൽ ആറാട്ടുകടവരെയുള്ള 13 കിലോമീറ്റർ നീളത്തിലുള്ള കടലോരം അതിരൂക്ഷമായ കടലാക്രമണത്തിന്റെ പിടിയിലാണ്. കായംകുളം കായലും അറേബ്യൻ കടലുമായി ഏതവസരത്തിലും ഒന്നിച്ചുചേരാൻ കഴിയുന്നവിധത്തിൽ സംഘോടനാത്മകമായ നിലയിൽ അന്തിച്ചുനിൽക്കുന്ന കാഴ്ചയാണ് നമുക്കുകാണാൻ കഴിയുന്നത്. ആ സ്ഥലത്ത് ബഹുമാന്യനായ ജലസേചനവകുപ്പുമന്ത്രി പോവുകയും, ആയിരക്കണക്കിനാളുകൾ താമസിക്കുന്ന ആ പ്രദേശത്തെ ജനങ്ങളെ രക്ഷിക്കുവാനും തയ്യാറാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളെ സംബന്ധിച്ച് പറയുകയാണെങ്കിൽ, നമ്മുടെ വികസനപ്രവർത്തനത്തിന്റെ അടിസ്ഥാനശിലയാണ് ഗ്രാമങ്ങളെന്ന് ഈ ഗവൺമെന്റ് സമ്മതിക്കുമെന്ന് ഞാൻ കരുതുകയാണ്. അങ്ങനെയാണെങ്കിൽ എന്തെല്ലാം വികസനപ്രവർത്തനങ്ങളാണ് നമ്മുടെ പഞ്ചായത്തുകളിൽ നടക്കുന്നത്? 1001 പഞ്ചായത്തുകളിൽ കഴിഞ്ഞ ഒരു വർഷക്കാലമായി പഞ്ചായത്തുകമ്മിറ്റികളിലില്ലാത്തതുകൊണ്ട്, നമ്മുടെ നാടിന്റെ വികസനപ്രവർത്തനങ്ങളാകെ സ്തംഭിച്ചിരിക്കുകയാണ്. സർ, ഒരു സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം 1001 പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും എന്നിവ ഇന്ന് ഭരണസമിതിയില്ലാതെ അവയുടെ എല്ലാ വികസനപ്രവർത്തനങ്ങളും മുടങ്ങി, വികസനത്തിന് തടസ്സമായി നിൽക്കുന്ന കാഴ്ചയാണ് കാണുന്നത്. ഇതെല്ലാം വളരെ ലാഘവത്തോടുകൂടിയാണ് ഈ സംസ്ഥാന ഗവൺമെന്റ് കാണുന്നത് എന്ന് ഖേദത്തോടെ പറയാതിരിക്കാൻ നിർവ്വാഹമില്ല. താലൂക്കിലുള്ള എല്ലാ പഞ്ചായത്തുകളുടെയും പ്രവർത്തനങ്ങളും നടത്തുന്നത് ഒരു താലൂക്ക് ഇൻസ്പെക്ടറാണ്. അതിന്റെ ഫലമായി യാതൊരു വികസനപ്രവർത്തനവും ഉണ്ടാകാതെ ഈ നാടിന്റെ പ്രവർത്തനമാകെ വഴിമുട്ടിനിൽക്കുകയാണ്.

സർ, മറ്റൊരു കാര്യം പറയുവാനുള്ളത്, ആലപ്പുഴയിലെ കുടിവെള്ളത്തിനെക്കുറിച്ചാണ്. ആലപ്പുഴ പട്ടണത്തിൽ, ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ കുടിക്കാൻപോലും വെള്ളമില്ല. കഴിഞ്ഞ നിയമസഭയിലും രണ്ടുതവണ ഇതുസംബന്ധിച്ചുള്ള ശ്രദ്ധക്ഷണിക്കൽ പ്രമേയം ഞാൻ അവതരിപ്പിച്ചിരുന്നു. 1974-ൽ ആവിഷ്ക്കരിച്ച പദ്ധതിയനുസരിച്ച് ഉണ്ടാക്കിയ 20 കുഴൽക്കിണറുകളും വഴിയാണ് ആലപ്പുഴ പട്ടണത്തിലുള്ള ജനങ്ങൾക്ക് ജലം വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ആ 20 കുഴൽക്കിണറുകളിൽ 10 എണ്ണം കഴിഞ്ഞ ഒരു വർഷമായി പ്രവർത്തനരഹിതമായിരിക്കുകയാണ്. 1974-ലെ ജനസംഖ്യയെ അപേക്ഷിച്ച് ഇപ്പോൾ 50% വർദ്ധനവുണ്ടായിട്ടുണ്ട്. കഴിഞ്ഞ നാലഞ്ചുമാസക്കാലമായി, അവിടെയുള്ള 10% ആളുകൾക്കുപോലും ജലം കിട്ടാതെ കഷ്ടപ്പെടുകയാണ്. അതുകൊണ്ട് ഇപ്പോഴത്തെ ജലസേചനവകുപ്പുമന്ത്രിയെന്നുള്ള നിലയിൽ ശ്രീ. മാണി, ആലപ്പുഴ ജില്ലയിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. ശ്രീ. എം. കെ. രാഘവൻ ഇറിഗേഷൻമന്ത്രിയായിരുന്ന സമയത്ത്, മൂവാറ്റുപുഴയിൽനിന്നും തണ്ണീർമുക്കംവഴി ജലം എത്തിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടായിരുന്നു. ആ പദ്ധതി നടപ്പിലാക്കുന്നുള്ള നടപടികളും സത്വരമായി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

* ശ്രീ. കെ. ജി. ആർ. കർത്താ: സർ, നഗര സംവിധാനത്തിന്റെയും ഗ്രാമസംവിധാനത്തിന്റെയും ആരോഗ്യ സംരക്ഷണത്തിന്റെയും പ്രധാന ഘടകം ശുദ്ധജലവിതരണമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരം ശുദ്ധജലം ലഭിക്കാത്ത ഭൂവിഭാഗങ്ങളിലെല്ലാം സമൃദ്ധിയായി ശുദ്ധജലം കൊടുക്കാൻ പ്രവർത്തിച്ചില്ലായെന്നുള്ള പരാതി എനിക്കില്ല. പക്ഷേ ഏറ്റവും ശുദ്ധജലക്ഷാമമുള്ള ഒരു പ്രദേശത്തെയാണ് ഞാൻ പ്രതിനിധീകരിക്കുന്നത്. കൊച്ചി കോർപ്പറേഷന്റെ നിരവധി വാർഡുകളിലും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലും തൃക്കാക്കര, ചോറ്റാനിക്കര, ഉദയംപേരൂർ തുടങ്ങിയ പഞ്ചായത്തുകളിലും ശുദ്ധജലം ഒരു സ്വപ്നമായി മാറിയിരിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. വളരെയധികം സ്കീമുകളും ഈ ഗവൺമെൻറിനുണ്ടെന്ന് പറഞ്ഞു. കുത്തകപ്പാടിയിലുള്ള തമ്മനം ടാങ്കിൻെറ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി ജലം വിതരണം ചെയ്യുന്നതിന് അനേകം ലക്ഷം രൂപ ഈ ഗവൺമെൻറ് ചെലവഴിച്ചു. ഇന്ന് ആരും അങ്ങോട്ട് തിരിഞ്ഞു നോക്കുന്നില്ലായെന്നുള്ളതും അത് കമ്മിഷൻ ചെയ്യാനുള്ള തയ്യാർ ആരും എടുക്കുന്നില്ല എന്നുള്ളതും ഏറ്റവും വേദനാജനകമായ ഒരു കാര്യമാണ്. കഴിഞ്ഞ 3 വർഷക്കാലമായി ജനപ്രതിനിധികളും നിരന്തരമായി ഈ സഭയെ അറിയിക്കുന്ന ഒരു കാര്യമാണ് ഈ ടാങ്ക് കമ്മീഷൻ ചെയ്യണമെന്നുള്ളത്. ഇതുവരെ അത് ചെയ്തിട്ടില്ല. ഏതാനും ലക്ഷം രൂപ ചെലവുചെയ്താൽ ശുദ്ധജലം കളക്ട് ചെയ്ത് തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ കൊണ്ടുവരാൻ സാധിക്കുമെന്ന് ഇവിടെ അറിയിച്ചിട്ടുണ്ട്. ഇപ്പോഴും ഭരിക്കുന്ന മന്ത്രിക്കും ഇതിനുമുൻപുണ്ടായിരുന്ന രണ്ട് മന്ത്രിമാർക്കും ഇതറിയാമായിരുന്നു. റോഡ് ക്രോസ്സു ചെയ്യേണ്ട ഒരു തടസ്സം മാത്രമേയുള്ളൂ. വലിയപേരൂർ പദ്ധതി തൃപ്പൂണിത്തുറയിൽ ആരംഭിച്ചുകൊണ്ട് എൽ. ഐ. സി. യിൽനിന്നും രൂപ കടം വാങ്ങിച്ചുകൊണ്ടാണ് ടാങ്ക് നിർമ്മാണം ആരംഭിച്ചത്. ഇന്ന് അത് പൂർത്തിയാക്കാതെ കിടക്കുകയാണ്. കോൺട്രാക്ടർ അത് ബഹിഷ്കരിച്ചുപോയിരിക്കുകയാണ്. ഇത് ആരുടെ തകരാറെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി വെളിച്ചവിപ്ലവം നടത്തിയതുപോലെ മറ്റു പല വിപ്ലവവും നടത്തണമെന്ന് എനിക്ക് അഭിപ്രായമില്ല. ഇവിടെ വെള്ളം കൊടുക്കാനുള്ള സമഗ്രമായ ഒരു പദ്ധതി ഉണ്ടായേ മതിയാകൂ. ഉപ്പുവെള്ളവും കലക്കവെള്ളവുമാണ് ഈ നാട്ടിലെ ജനങ്ങൾ കുടിക്കുന്നതെന്ന് പറഞ്ഞാൽ ഏറ്റവും വേദനാജനകമായ കാര്യമാണ്. ഉപ്പുവെള്ളം ഊറ്റി രണ്ടു ദിവസം കഴിഞ്ഞാണ് അവർ കുടിക്കുന്നത്. കലക്കവെള്ളം ശേഖരിച്ചുവെച്ച് ഊറ്റിയാണ് അവർ കുളിക്കുന്നത്. water, water, everywhere not a drop to drink എന്നു പറയുന്നത് എത്രയോ പരമാർത്ഥമാണ്. ആ ഭാഗത്തൊന്നും ശുദ്ധജലമില്ല. ഹൗസ് കണക്ഷൻ ഇല്ലാത്ത ഏക മുനിസിപ്പാലിറ്റി തൃപ്പൂണിത്തുറയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഈ കാര്യം പറഞ്ഞു. അദ്ദേഹം കോൺഫറൻസ് വിളിച്ചുകൂട്ടി. ഇതിനുവേണ്ടി തീരുമാനങ്ങളും എടുത്തു. ഇതിനുവേണ്ടി ചില നടപടികളും സ്വീകരിച്ചു. വരുംവരുമ്പോൾ ടാങ്കറിൽ വെള്ളം എത്തിച്ചുകൊടുക്കുന്നതിനുള്ള കാശുമതി ഇത് കമ്മിഷൻ ചെയ്യാൻ. ഇങ്ങനെ ചെലവാക്കിയാൽ നമുക്ക് വളരെയധികം പണം ലാഭമുണ്ടാകും. ഈ കാര്യം ഈ ഗവൺമെൻറ് ശ്രദ്ധിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

റോഡുകളുടെ കാര്യം വളരെ പരിതാപകരമാണ്. തൃപ്പൂണിത്തുറ ടൗണിലെ പൂർണത്രയീശ ക്ഷേത്രനടക്കലുള്ള റോഡ് അങ്ങേക്കറിയാമല്ലോ? അനേകം വാഹനങ്ങളും പോകുന്ന റോഡിൽ ആ വളവിലെ മൂലയിടിച്ചുമാറ്റി സഞ്ചാരയോഗ്യമാക്കിയാൽ എത്രയോ നന്നായിരിക്കുമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. രാജാക്കൻമാരുടെ വാഴ്ചക്കാലത്തുണ്ടായ കുതിരലായം ഇന്ന് ഗവൺമെൻറിൻെറ കയ്യിലാണ്. ആ കുതിരലായം മുനിസിപ്പാലിറ്റിക്ക് വിട്ടുകൊടുത്തുകൊണ്ട് ഷോപ്പിംഗ് കോംപ്ലക്സ് പണിത് കച്ചവടക്കാരെ അങ്ങോട്ടുമാറ്റിയാൽ ആ റോഡ് വികസിപ്പിക്കാനും ആപത്തുകളും ഒഴിവാക്കാനും കഴിയും. കാറുകളും ബസ്സുകളും വന്ന് അമ്പലത്തിൽ പോകുന്ന ആളുകൾക്ക് തടസ്സം സൃഷ്ടിക്കുന്നു. ഭക്തജനങ്ങൾ ആപത്ത് സംഭവിക്കുമോ എന്ന് ഭയന്നാണ് ആ റോഡിൽക്കൂടെ യാത്ര ചെയ്യുന്നത്. മന്ത്രിക്ക് ഇത് അറിയാവുന്ന കാര്യമാണ്. അദ്ദേഹം അവിടെ ഒരു സബ്ട്രഷറി ഉൽഘാടനം ചെയ്യാൻ വന്നിട്ടുണ്ട്. വളരെ വിഷമി

LIBRARY ARCHIVES Kerala Legislative Assembly

ച്ചാണ് അന്ന് അദ്ദേഹം അങ്ങോട്ട് കാർ ക്യാറാറിയത് അതുകൊണ്ട് ആ സ്ഥലം അദ്ദേഹത്തെ കാണിച്ചുകൊടുക്കേണ്ട ആവശ്യമില്ല. ഈ നഗരത്തിന്റെ പരിതാപകരമായ നില നേരിട്ട് കണ്ടതാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിൽ അദ്ദേഹം ആത്മാർത്ഥമായി ശ്രമിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്: ഇവിടെ പഞ്ചായത്ത് മുനിസിപ്പൽ തെരഞ്ഞെടുപ്പിനെക്കുറിച്ചു പറഞ്ഞു. 15 കൊല്ലം തെരഞ്ഞെടുപ്പുകൾ നടത്താതിരുന്ന കാലഘട്ടമുണ്ടായിരുന്നു. കാലാവധി കഴിഞ്ഞിട്ടും തെരഞ്ഞെടുപ്പുകൾ നടത്തിയില്ല. ഇത് ആരെതിർത്തിട്ടാണ്? 12 കൊല്ലം മുനിസിപ്പൽ ചെയർമാനായിരുന്നു ബഹുമാനപ്പെട്ട മെമ്പർ പി. പി. തങ്കച്ചൻ. അന്ന് തെരഞ്ഞെടുപ്പ് നടത്തണമെന്ന് ആരും ആവശ്യപ്പെട്ടില്ല. തെരഞ്ഞെടുപ്പിനെ നേരിടാൻ ഞങ്ങൾക്ക് ഭയമില്ല. എപ്പോഴും തെരഞ്ഞെടുപ്പിനെ നേരിടാൻ തയ്യാറാണ്. മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടന്നില്ല, പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നില്ലായെന്നൊന്നും എനിക്ക് പരാതിയില്ല. എല്ലാവരുടെയും കാലത്ത് ഇതുപോലെ ഇവിടെ നടന്നിട്ടുണ്ട്. അടിയന്തിരപ്രാധാന്യമുള്ള ഈ കാര്യങ്ങളെക്കുറിച്ച് വകുപ്പുമന്ത്രി ആലോചിക്കണം. നഗരവും ഗ്രാമങ്ങളും സമ്പൂർണ്ണമാക്കാൻവേണ്ടി ഈ ഗവൺമെന്റ് ചെലവഴിക്കുന്ന ഓരോ നയാപൈസയും കൃത്യസമയത്ത് ചെലവാക്കാൻ നമ്മുടെ ഉദ്യോഗസ്ഥൻമാർക്ക് കർക്കശമായ താക്കീത് നൽകിക്കൊണ്ട്, ഏറ്റവും വേഗത്തിൽ ഈ പരിപാടികൾ പൂർത്തിയാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ധനകാര്യമന്ത്രിക്കു ഈ വകുപ്പു പോയതിനുശേഷമുണ്ടായിട്ടുള്ള ഷോക്ക് ഇതുവരെ മാറിയിട്ടില്ല. 4 കൊല്ലം അദ്ദേഹം എല്ലാവരെയും ഭരിച്ചു. ഇപ്പോൾ അദ്ദേഹത്തിന്റെ സ്വന്തം പാർട്ടിക്കാരടക്കം എല്ലാവരും ദ്രോഹിടുകൾപ്പിച്ചിരിക്കുകയാണ്, മന്ത്രിസ്ഥാനം നഷ്ടപ്പെടുമെന്നു കരുതിയല്ലേ ഈ വകുപ്പ് ഏറ്റെടുത്തതിനുശേഷം അതിലുണ്ടായ അഴിമതികളെക്കുറിച്ചുള്ള അന്വേഷണറിപ്പോർട്ടിൽ യാതൊരു നടപടിയും എടുക്കാത്തത്. ആ അന്വേഷണറിപ്പോർട്ട് ശ്രീ മാണിയുടെ കൈയിൽ കിട്ടിയോ, മുഖ്യമന്ത്രി കൈയിൽ വച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ശ്രീ. മാണിക്ക് ധൈര്യമുണ്ടെങ്കിൽ, ലേശം ആത്മാഭിമാനമുണ്ടെങ്കിൽ, ശ്രീ. കരുണാകരനും, ശ്രീ. ഗംഗാധരനും ചെയ്ത വൈരാഗ്യം തീർക്കാൻവേണ്ടിയെങ്കിലും അദ്ദേഹം ഫൈനാൻസ് വിംഗിന്റെ അന്വേഷണറിപ്പോർട്ടിന്റെ മേൽ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ശ്രീ. മാണി ശ്രീ. പി. റാവിച്ചായ്ക്കോയുടെ അനുയായിയാണ്. അതുകൊണ്ട് നടപടി എടുക്കുമെന്ന് അങ്ങേക്കറിയാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: അത് നമുക്ക് കണ്ടറിയാം. ബഹുമാനപ്പെട്ട മാണിയുടെ ശ്രദ്ധയ്ക്കായി ഒരു ഫയൽ നമ്പർ ഞാൻ വയ്ക്കുകയാണ്. അതിൽ ശ്രീ. മാണിക്ക് ആണത്തമുണ്ടെങ്കിൽ നടപടിയെടുക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കുവാനുള്ളത്. 79519/എഫ് ഡബ്ല്യൂ സി 3/ഫിൻ/85 എന്ന ഫയലാണ്, അത്. ശ്രീ. കുരുവിള വർഗ്ഗീസ് എന്ന ഉദ്യോഗസ്ഥനെ വിളിച്ചുവരുത്തണം. അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

അതിൽ അന്വേഷിച്ച സ്പെയിസ് വാൽവിന്റെ റിപ്പോർട്ട് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഗൺമെറ്റൽ വാൽവാണ് വാങ്ങിയിരിക്കുന്നത്. ഒരു കോടി അറുപത്തിയെട്ടു ലക്ഷം രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. 1982 വരെയും സാധാരണ കാസ്റ്റ് അയൺ വാൽവാണ് വാങ്ങിയിരിക്കുന്നത്. 1982നുശേഷം ശ്രീ. ഗംഗാധരൻ മന്ത്രിയായ ശേഷം അതിന്റെ ഇരട്ടിവിലയുള്ള ഗൺമെറ്റൽ വാൽവാണ് വാങ്ങിയിരിക്കുന്നത്. ശ്രീ. സുബ്രഹ്മണ്യന്റെ കാലത്ത് ഇത് വാങ്ങിയെന്നു പറഞ്ഞല്ലോ? 1982 വരെയും കാസ്റ്റ് അയൺ വാൽവാണ് വാങ്ങിയിരിക്കുന്നത്. എന്തുകൊണ്ട് ശ്രീ. ഗംഗാധരന്റെ കാലത്ത് ഗൺമെറ്റൽ വാൽവ്—കാസ്റ്റ് അയൺ വാൽവിന്റെ ഇരട്ടിവിലയുള്ള ഗൺമെറ്റൽ വാൽവ്—വാങ്ങിയെന്നുള്ളതിനെക്കുറിച്ച് യാതൊരു വിവരും ഉദ്യോഗസ്ഥൻമാരോട് ചോദിച്ചപ്പോഴും കിട്ടിയില്ല എന്നു വ്യക്തമായി റിപ്പോർട്ടിൽ എഴുതിയിട്ടുണ്ട്. അതിന്റെ പേരിൽ വിശദമായ ഒരന്വേഷണം നടത്തണമെന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്. ഗൺമെറ്റൽ വാൽവ് വാങ്ങിയതിൽ ഡിപ്പാർട്ട്മെന്റ് പ്രാക്ടിക്കൽ പ്രൊസീഡ്യുറും ഡി. ജി എസ്. ആൻഡ് ഡി.റൂളും എല്ലാം ലംഘിച്ചുവെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. റിപ്പോർട്ടിന്റെ അഞ്ചാം പേജിൽ, സപ്ലൈ ഓർഡറിൽ ഡിമൻറിംഗ് ഓഫീസറുടെ ഒപ്പു പോലുമില്ലായെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള പർച്ചേസ് നടത്തുന്നതിന് അതിന്റെ വാല്യൂ കണക്കാക്കി അതിന്റെ റിപ്പോർട്ടും കൂടിവേണം. അതൊന്നുമില്ലാതെതന്നെ പർച്ചേസ് നടത്തിയിട്ടുണ്ട്. അതുപോലെതന്നെ സപ്ലൈ ഓർഡർ കോൺട്രാക്ടർമാർക്ക് കൊടുത്തു. സാധാരണ സപ്ലൈ ഓർഡർ കൊടുത്താൽ അത് രജിസ്റ്റാർ ചെയ്തത് അയയ്ക്കണമെന്നുണ്ട്. സപ്ലൈ ഓർഡർ കൊടുത്തതിന്റെ യാതൊരു രേഖയുമതിലില്ല. എഞ്ചിനീയർമാരുടെ കയ്യിൽതന്നെ കൊടുത്തിരിക്കുകയാണ്. ഈ കാരണങ്ങളൊക്കെ വച്ച് വിശദമായ ഒരു റിപ്പോർട്ടാണ് അദ്ദേഹം നൽകിയിട്ടുള്ളത്. ഈ റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രി കണ്ടിട്ടില്ലേ, അതോ മുഖ്യമന്ത്രി ആ ഫയൽ കൈവശം വച്ചിരിക്കുന്നോ? അതൊന്നു വിളിച്ചുചോദിക്കണം. നേരത്തെ ശ്രീ. ഗംഗാധരൻ പറഞ്ഞു, നിങ്ങളും അതിൽ അന്വേഷിച്ചോ.....

ശ്രീ. എം. പി. ഗംഗാധരൻ: ഞാൻ മന്ത്രിയായിരുന്ന കാലത്ത് നടന്ന പർച്ചേസിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതെങ്കിൽ ആ കാലത്തുള്ള പർച്ചേസിനെക്കുറിച്ച് ഫൈനാൻസ് വിംഗിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഉത്തരവിട്ടത് ഞാൻ തന്നെയാണ്. ഞാൻ ചെയർമാനായിരുന്ന ബോർഡാണ്. ഗവൺമെന്റ് ഡിപ്പാർട്ടുമെന്റിന്റെ എല്ലാ കാര്യങ്ങളും ഫൈനാൻസ് വിംഗിന് പരിശോധിക്കുവാൻ അധികാരമുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി ഒരു സ്വതന്ത്ര ബോർഡായതുകൊണ്ട് അതുകൂടി ഫൈനാൻസ് വിംഗിന്റെ പരിശോധനയ്ക്ക് വിധേയമാക്കാൻ ഞാൻ ചെയർമാനായിരുന്ന ബോർഡാണ് തീരുമാനിച്ചത്. അതിന്റെ പേരിൽ റിപ്പോർട്ടിൽ കർശനമായ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടതും ഞാൻ തന്നെയാണെന്നറിയാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: അതു സമ്മതിച്ചു. അങ്ങനെയാണെങ്കിൽ ആ ഫയൽ ഇപ്പോഴെവിടെയാണ്.? ആ ഫയലെടുത്ത് നമ്മുക്ക് ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ വേണ്ടി അങ്ങ് ശുപാർശ ചെയ്യാമോ? അങ്ങുംകൂടി ഉൾപ്പെട്ടതാണല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗംഗാധരൻ: വളരെ ധൈര്യമായി അന്നത്തെ സ്‌ലൂയിസ് വാൽവിന്റെ ഇടപാട് ഫൈനാൻസ് വിംഗ് പരിശോധിച്ച റിപ്പോർട്ട് പരിശോധിക്കാം. അത് പബ്ലിക് ഡോക്യുമെന്റാണ്. അതിൽ നടപടിയെടുക്കണമെന്ന് ഞാൻ ശുപാർശ ചെയ്യുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇതിനെക്കുറിച്ച് വളരെ വിശദമായി ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണം. അങ്ങ് കഴിഞ്ഞ ധനകാര്യമന്ത്രിയായിരുന്നപ്പോഴും ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു കാര്യം പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽ വന്ന് കുറെ കേരളാ കോൺഗ്രസ്സുകാരെ കണ്ടപ്പോഴും അവരെ തൃപ്തിപ്പെടുത്താൻ വേണ്ടി, ഞാനിതാ കുരിയാർകുറ്റി കാരപ്പാറ പ്രോജക്ട് നടപ്പാക്കാമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞു. അങ്ങ് ഇറിഗേഷന്റെ ചുമതല വഹിക്കുന്നുണ്ട്. ഇപ്പോഴും അങ്ങയുടെ പാർട്ടിക്കാരൻ തന്നെയാണ് ഇലക്ട്രിസിറ്റി വകുപ്പ് കൈകാര്യം ചെയ്യുന്നത്. ഇനി ഇപ്പോഴും വലിയ തടസ്സമില്ല. അങ്ങേക്കു ധൈര്യമുണ്ടെങ്കിൽ ആ പ്രോജക്ട് നടപ്പാക്കാൻ മുന്നോട്ടു വരണം. ഇല്ലെങ്കിൽ ആ പ്രോജക്ടിന് തടസ്സം നിൽക്കുന്നത് ആരാണ്. അത് കോൺഗ്രസ്സുകാരാണെങ്കിൽ അത് പുറത്തു പറയാനുള്ള ധൈര്യമുണ്ടാകണം. ബഡ്ജറ്റ് പ്രസംഗത്തിലുള്ള പ്രോജക്ട് നടപ്പാക്കാൻ അങ്ങ് മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കോട്ടക്കുഴി സുകുമാരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എന്റെ നിയോജക മണ്ഡലത്തിലെ ശാസ്താംകോട്ട കായൽ 900 ഏക്കർ വിസ്തൃതിയുള്ളതാണ്. കേരളത്തിലെ ഏക ശുദ്ധജല തടാകവും അതാണ്. അവിടെ നിന്നാണ് കൊല്ലംജില്ലയിലേക്ക് വെള്ളം സപ്ലൈചെയ്യുന്നത്. എന്നാൽ എന്റെ നിയോജകമണ്ഡലത്തിലെ ശാസ്താംകോട്ട പഞ്ചായത്തിൽ വെള്ളമില്ലായെന്നുള്ളത് വളരെ വിഷമമുണ്ടാക്കുന്ന ഒരു കാര്യമാണ്. ശാസ്താംകോട്ടയിൽത്തന്നെ ഒരു ടാങ്ക് പണിത് പൂർത്തിയാക്കിയിട്ട് എട്ടൊൻപതു മാസമായി. പല പ്രാവശ്യം പല നിവേദനങ്ങളും നടത്തിനോക്കിയിട്ടും ശാസ്താംകോട്ടയിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ല. അവിടെ തൊട്ടടുത്ത പഞ്ചായത്താണ് പടിഞ്ഞാറെ കല്ലട പഞ്ചായത്ത്. ബഹുമാനപ്പെട്ട സി. കെ. തങ്കപ്പന്റെയും എന്റെയും പഞ്ചായത്താണത്. ആ പഞ്ചായത്ത് ശാസ്താംകോട്ട കായലിനോട് ചേർന്നു കിടന്നിട്ടുപോലും പടിഞ്ഞാറേ കല്ലട പഞ്ചായത്തിൽ വെള്ളമില്ല. അതേസമയം ജലസേചന വകുപ്പുമന്ത്രിയെ സംബന്ധിച്ച് ഒരു പ്രശംസ പറയുകയല്ല, ശാസ്താംകോട്ട പഞ്ചായത്തിനോട് ചേർന്നുകിടക്കുന്ന മൈനാകപ്പള്ളി പഞ്ചായത്തിൽ അന്നത്തെ ജലസേചനവകുപ്പുമന്ത്രി ജലസേചനം നടപ്പാക്കാനുള്ള ഉത്തരവിട്ടതിന്റെ ഫലമായി അതിന്റെ പണി നടക്കുകയാണ്. അവിടെ ഒരു കുഴപ്പം സംഭവിച്ചിരിക്കുന്നത് ടാങ്കിന്റെ പണി പൂർത്തിയാക്കിബിൽ മാറിക്കൊണ്ടുപോയിയെങ്കിലും പൈപ്പിന്റെ പണിയിൽ ഉദാസീനത കാണിച്ചിരിക്കുകയാണ്. അതുപോലെത്തന്നെയാണ് തഴവ പഞ്ചായത്തിന്റെ കാര്യവും. അവിടെ അന്നത്തെ ജലസേചന വകുപ്പുമന്ത്രി വാട്ടർ സപ്ലൈ സ്കീം നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചു. അവിടെ ടാങ്കിന്റെ പണി നടക്കാതെയും പൈപ്പിന്റെ പണി നടക്കുകയും ചെയ്തിരിക്കുന്ന സ്ഥിതിയാണുള്ളത്. ആകെകൂടി നോക്കിയാൽ ശാസ്താംകോട്ട കായലിന്റെ പരിസരത്തു താമസിക്കുന്ന ആളുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

കുടിവെള്ളം കിട്ടാതിരിക്കുന്ന സംഗതി വളരെ ഗൗരവമായി എടുക്കേണ്ടതാണ്. ഇന്നത്തെ ജലസേചനമന്ത്രിയും അന്നത്തെ ജലസേചന വകുപ്പു മന്ത്രിയെപ്പോലെതന്നെ കഴിവുള്ള ആളാണെന്ന് എല്ലാവർക്കുമറിയാം. അദ്ദേഹത്തിന് ഏതു വകുപ്പുകിട്ടിയാലും അത് ശരിക്ക് കൈകാര്യം ചെയ്യാനറിയാം. ഇവിടെ ഒരു പ്രവണത ഉണ്ടെന്നു പറയുന്നത്, എന്തെങ്കിലും ചെയ്യുന്ന മന്ത്രിമാരെ–ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ മന്ത്രിമാരെ– തേജോവധം ചെയ്യുന്ന പ്രവണതയാണ്. മുൻജലസേചനവകുപ്പുമന്ത്രി ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ അന്തസ്സുള്ള മന്ത്രിയായിരുന്നുവെന്നു പറയാതിരിക്കുവാൻ നിർവാഹമില്ല. കേരളത്തിന്റെ ഏതു ഭാഗത്തുനോക്കിയാലും ഏതു പഞ്ചായത്ത് എടുത്തുനോക്കിയാലും, കുഴൽക്കിണർ കുഴിക്കുന്ന കാര്യമായാലും വാട്ടർ സപ്ലൈ സ്കീം നടപ്പാക്കുന്ന കാര്യമായാലുംശരി റിക്കാർഡ് ഭേദിച്ച കാര്യങ്ങൾ ചെയ്യുന്ന മന്ത്രിയാണ് .... (ബഹളം) .....

ഈ രാജ്യത്ത് വല്ലതുമൊക്കെ ചെയ്യുന്ന മന്ത്രിമാർ, ജനശ്രദ്ധ ആകർഷിക്കുന്ന മന്ത്രിമാർ, ഇവരെയൊക്കെ അഴിമതിക്കാർ അഴിമതിക്കാർ എന്നു പറഞ്ഞിട്ട് (ബഹളം) നമ്മുടെ മുൻ ജലസേചന വകുപ്പുമന്ത്രി മന്ത്രിസ്ഥാനത്തു നിന്ന് പുറത്തുപോയത് അഴിമതി കാണിച്ചിട്ടല്ല. പക്ഷേ കേരളത്തിലുള്ള ആളുകൾ, ജലം ലഭിക്കുന്ന കാര്യത്തിൽ മുൻ ജലസേചനവകുപ്പു മന്ത്രി ശ്രീ. എം. പി. ഗംഗാധരനെ അനുമോദിക്കാതിരിക്കുകയില്ല. എനിക്ക് ജലസേചനവകുപ്പുമന്ത്രിയോട് പറയാനുള്ളത്, ശാസ്താംകോട്ട പഞ്ചായത്തിന്റെ കാര്യം നിസാരമായി പറഞ്ഞതോ, ഒരു പ്രചരണത്തിനുവേണ്ടി പറഞ്ഞതോ അല്ല. അത് വളരെ ഗൗരവമായി എടുക്കേണ്ട കാര്യമാണ്. അതിന് നടപടിയെടുക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥൻമാർക്ക് വേണ്ട നിർദ്ദേശം കൊടുക്കണമെന്ന് ഒരിക്കൽകൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ഭാസ്കരൻ: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. കണ്ണൂരിന്റെ പ്രശ്നം മാത്രം ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. ചരിത്രപ്രസിദ്ധമായ ഒരു നഗരമാണ് കണ്ണൂർ. അത് വികസനസാദ്ധ്യതയുള്ള പട്ടണമാണ്. അത് സമീപ പഞ്ചായത്തുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കോർപ്പറേഷനായി രൂപാന്തരപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിക്കണം. കണ്ണൂരിന്റെ മുഖച്ഛായ മാറാൻ ഇതുപകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അവിടെയുള്ളവർ മൂന്നുകൊല്ലമായി തുടർച്ചയായി ശുദ്ധജലത്തിനുവേണ്ടി ദാഹിക്കുകയാണ്. വേനൽക്കാലത്ത് ഇരിക്കൂർ പുഴയിൽ വെള്ളമുണ്ടാകുന്നില്ല. അഞ്ചരക്കണ്ടിയിലെ കീഴല്ലൂർ ശുദ്ധജല വിതരണപദ്ധതി പരാജയപ്പെടുകയാണ്. പഴശ്ശി കനാലിലെ വെള്ളം കടമെടുക്കുകയാണ്. അടിയന്തിരമായും അവിടെ ശുദ്ധജല വിതരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കണം. യുദ്ധകാലാടിസ്ഥാനത്തിൽ ഇതിനു പരിഹാരം കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ കൊല്ലം കുടിവെള്ളത്തിനുവേണ്ടി നിരാഹാരവ്രതംതന്നെ അനുഷ്ഠിക്കേണ്ടിവന്നുവെന്ന വസ്തുത ഞാൻ ഓർമ്മിപ്പിക്കുകയാണ്.

സർ, എന്റെ നിയോജകമണ്ഡലത്തിലെ പള്ളിക്കുന്നു പഞ്ചായത്തിൽ പടന്നത്തോട്ടിൽ കെട്ടിക്കിടക്കുന്ന അഴുക്കുജലം ഒരു പ്രശ്നമാണ്. 25 കൊല്ലമായി അവിടത്തെ ജനങ്ങൾ അതുകൊണ്ടുള്ള ദുരിതമനുഭവിക്കുകയാണ്. കൊതുകുശല്യവും ദുർഗന്ധവും മന്തുരോഗവും

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിച്ചിരിക്കുന്നു. കഴിഞ്ഞ മാർച്ചിൽ ഇതിൽ പ്രതിഷേധിച്ച് നാട്ടുകാർ ബന്തു നടത്തുകയുണ്ടായി. കണ്ണൂർ മുനിസിപ്പാലിറ്റിയിൽ നിന്ന് ഒഴുകിപ്പോകുന്ന അഴുക്കുവെള്ളമാണ് ഈ ദുരന്തത്തിനു കാരണം. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. മാണിയുടെ വകുപ്പിൽ നിന്നാണ് ഈ അഴുക്കുവെള്ളം സുന്ദരംസ്വാമിയുടെ വകുപ്പിലേക്ക് കടന്നുപോകുന്നത്എന്ന വസ്തുത ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്.

എന്റെ നിയോജക മണ്ഡലത്തിലെ ചിറക്കൽ പഞ്ചായത്തിൽ റൂറൽ വാട്ടർ സപ്ലൈ സ്കീം അനുവദിച്ച് പ്രാഥമിക പ്രവർത്തനങ്ങളും ആരംഭിച്ചെങ്കിലും അത് മന്ദഗതിയിലാണ്. അടിയന്തിരമായും ഇത് പ്രാവർത്തികമാക്കണം. സർ, പഴശ്ശി പദ്ധതിയുടെ ആസ്ഥാനമായ വെള്ളിയമ്പ ഒരു സുഖവാസകേന്ദ്രമായി രൂപാന്തരപ്പെടുത്തണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. വി. ദിനകരൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ജലസേചനം സംബന്ധിച്ച് പറയുകയാണെങ്കിൽ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കടലാക്രമണ നിരോധനത്തെക്കുറിച്ച് പറഞ്ഞ അവസരത്തിൽ,
12 Noon] കേരളത്തിൽ 25 കിലോമീറ്റർ മാത്രമേ കടലാക്രമണത്തിന് വിധേയമായിട്ടുള്ളുവെന്നു പറയുകയുണ്ടായി. സാങ്കേതികമായി നമുക്കൊരു തെറ്റുവന്നു. കേന്ദ്രഗവൺമെന്റിന് നമ്മൾ കൊടുത്ത റിപ്പോർട്ടിൽവന്ന തെറ്റുകാരണം കേന്ദ്രഗവൺമെന്റിൽനിന്നും ഉദാരമായ സഹായം കിട്ടാനുള്ള സാദ്ധ്യത കുറഞ്ഞുവരുന്ന സ്ഥിതിയുണ്ട്. അതു കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തി കൂടുതൽ സഹായം ലഭിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. കടലാക്രമണ നിരോധന പ്രവർത്തനം യുദ്ധകാലാടിസ്ഥാനത്തിൽ നടത്തണം. ഞാൻ മുൻപ് സൂചിപ്പിച്ചതുപോലെ ടെണ്ടർ വിളിച്ച് തുടങ്ങിയ വർക്കുകൾപോലും നടപ്പാക്കിയിട്ടില്ല. എ. എസ്. കിട്ടിയ വർക്കുകൾ എന്റെ നിയോജകമണ്ഡലത്തിൽതന്നെ ഒരു വർഷം കഴിഞ്ഞിട്ടും തുടങ്ങിയിട്ടില്ല. ആ വർക്ക് നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കണം. അതുപോലെതന്നെ 50% സഹായമാണ് ഇന്ന് കേന്ദ്രത്തിൽ നിന്നും കിട്ടുന്നത്. കേന്ദ്രത്തിൽനിന്ന് 100% ഗ്രാന്റായി വാങ്ങിച്ചുകൊണ്ട് ഈ കടലാക്രമണനിരോധനപ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്താൻ നടപടി സ്വീകരിക്കണം.

ശുദ്ധജല വിതരണത്തെപ്പറ്റി ഒരു വാചകം കൂടി പറയാനാഗ്രഹിക്കുന്നു. ശുദ്ധജല വിതരണത്തിനുവേണ്ടി മുൻവകുപ്പ് മന്ത്രിയുടെ കാലത്ത് പല കാര്യങ്ങളും ചെയ്തിട്ടുണ്ട്. അതിനൊന്നു തുടർച്ചയായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ചില കാര്യങ്ങൾ ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. കുട്ടനാട് ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ കിഴക്കൻ മേഖലയിലേക്ക് പോകുന്നു. അത് ലോവർ കുട്ടനാട്ടിൽകൂടി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കണം. എന്റെ നിയോജകമണ്ഡലത്തിൽ അല്പംപോലും ശുദ്ധജലമില്ലാത്ത നെടുമുടി, കൈനകരി പഞ്ചായത്തുകളിൽ ആരംഭിച്ച വർക്കുകൾ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കണം. പുറക്കാട് പഞ്ചായത്തിൽ 17 ലക്ഷം രൂപയുടെ വർക്ക് ആരംഭിച്ചു. നടപടിയും സ്വീകരിച്ചു. പക്ഷേ പ്രവർത്തനം തുടങ്ങിയിട്ടില്ല. അടിയന്തിരമായി എസ്റ്റിമേറ്റ് അംഗീകരിച്ചുകൊണ്ട് ടെണ്ടർ വിളിച്ച് അതു നടത്താൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. പഞ്ചായ

LIBRARY ARCHIVES Kerala Legislative Assembly

ത്തുകളെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. അദ്ദേഹത്തിന് പണംകൊടുത്ത് ആ പഞ്ചായത്തിലെ റോഡുകളും നന്നാക്കുവാനും വികസന പ്രവർത്തനം നടത്താനുമുള്ള നടപടി സ്വീകരിക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. പി. പി. തങ്കച്ചൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഇന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ അവർ നിർവഹിക്കേണ്ട പ്രധാനപ്പെട്ട ചുമതലകൾ അവർക്ക് നിർവഹിക്കാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതിയിലാണ് എത്തിച്ചേർന്നിട്ടുള്ളത്. അതിനാൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കിയാൽ മാത്രമേ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾകൊണ്ട് ഉദ്ദേശിച്ചിട്ടുള്ള ലക്ഷ്യപ്രാപ്തിയിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളുവെന്നുള്ളതാണ് സത്യം.

ശ്രീ. വി. കെ. രാജൻ: നിങ്ങളുടെ പാർട്ടിയിൽ കുട്ട്യാലിയും തങ്കച്ചനും അല്ലാതെ വേറെ ആളില്ല, നിങ്ങൾ വളരെ വിദഗ്ദ്ധരെന്നുള്ള ഭാവത്തിലാണോ എല്ലാ ദിവസവും ഇക്കാര്യത്തെക്കുറിച്ച് പ്രസംഗിക്കുന്നതിന് നിങ്ങളെ നിയോഗിച്ചിരിക്കുന്നത്.

ശ്രീ. പി. പി. തങ്കച്ചൻ: സർ, ഇവിടെ ഒരു പ്രദേശത്തുള്ള ജനങ്ങൾക്ക് നടക്കാനുള്ള വഴി, കാണാനുള്ള വെളിച്ചം, കുടിക്കാനുള്ള വെള്ളം ഇങ്ങനെയുള്ളവ ലഭ്യമാക്കുന്ന വളരെ പ്രധാനപ്പെട്ട മൂന്നു ചുമതലകളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുള്ളത്. പക്ഷേ എന്താണ് ഇന്നത്തെസ്ഥിതി. ഇലക്ട്രിസിറ്റിബോർഡിന്റെ കീഴിലാണു തെരുവു വിളക്കുകൾ. മുനിസിപ്പൽ കൗൺസിലുകളോ പഞ്ചായത്തുകളോ വിചാരിച്ചാൽ തെരുവുവിളക്കുകൾ ഇടാനോ ആർക്കെങ്കിലും കണക്ഷൻ കൊടുക്കാനോ സാദ്ധ്യമല്ല. അങ്ങേയറ്റം വന്നാൽ ഒരു പ്രമേയം പാസ്സാക്കാം. ഇന്ന് എന്താണ് ശുദ്ധജലവിതരണത്തിന്റെ സ്ഥിതി. ചുരുക്കം ചില മുനിസിപ്പാലിറ്റികളോ, അല്ലെങ്കിൽ ഒന്നോ രണ്ടോ കോർപ്പറേഷനുകളൊഴിച്ചാൽ മറ്റുള്ള സ്ഥലങ്ങളിലൊക്കെ എന്തിനും റെസലൂഷൻ പാസാക്കി അയക്കാമെന്നല്ലാതെ ഒരു ലൈൻ എക്സ്റ്റൻഡ് ചെയ്യാനോ ഒരു ടാപ്പിട്ടുകൊടുക്കാനോപോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവകാശമില്ലാത്ത സ്ഥിതിയിലേക്ക് എത്തിച്ചേർന്നിരിക്കുകയാണ്. വഴികൾ ഉണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിലാണെങ്കിൽ കോർപ്പറേഷനുകളോ, മുനിസിപ്പാലിറ്റികളോ സാമ്പത്തികമായി ഒരു മാർഗ്ഗവുമില്ല. പി. ഡബ്ലിയു. ഡി. യെക്കൊണ്ട് വഴിയുണ്ടാക്കിക്കണമെങ്കിൽ അവർ പറയുന്ന 6 മീറ്റർ, 8 മീറ്റർ നോംസ് അനുസരിച്ചുള്ള വീതിയിൽ പട്ടണപ്രദേശങ്ങളിൽ വഴിയുണ്ടാക്കാൻ സാദ്ധ്യമല്ല, അങ്ങനെയൊരു വല്ലാത്ത ഗതികേടിലാണ് തദ്ദേശ സ്ഥാപനങ്ങൾ ചെന്നെത്തിയിരിക്കുന്നത്. ഈ ദുഃസ്ഥിതിക്കൊരു മാറ്റമുണ്ടാക്കണം. എനിക്ക് നിർദ്ദേശിക്കുവാനുള്ള പ്രധാനപ്പെട്ട ഒരു കാര്യം ഏറ്റവും ചുരുങ്ങിയത് കുടിവെള്ളമെത്തിക്കുന്ന കാര്യത്തിലും അതുപോലെ തെരുവുവിളക്കുകൾ കത്തിക്കുന്ന കാര്യത്തിലും, പുതുതായി അനുവദിക്കുന്ന കാര്യത്തിലുമൊക്കെയുള്ള ചുമതലയും അവകാശവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ—ഇതിനുമുൻപ് പല തവണകളിലും മുനിസിപ്പൽ ചെയർമാൻമാരുടെ സമ്മേളനങ്ങളിലും പഞ്ചായത്തു പ്രസിഡന്റുമാരുടെ സമ്മേളനങ്ങളിലുമൊക്കെ നിർദ്ദേശമുണ്ടായിട്ടുണ്ട്. ഈ ഗവൺമെന്റ് കണക്കിലെടുത്തുകൊണ്ട്—അതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കണം. എങ്കിൽമാത്രമേ ഈ സ്ഥാപനങ്ങൾ പ്രവർത്തിച്ചിട്ട് പ്രയോജനമുള്ളു. അതുകൊണ്ട് ആ കാര്യത്തെ സംബന്ധിച്ച് വളരെ ഗൗരവമായി പരിഗണിക്കണമെന്നാണ് ഒരു നിർദ്ദേശം എനിക്ക് ഈ സഭയുടെ മുൻപാകെ വെയ്ക്കാനുള്ളത്. ശ്രീമാൻ കെ. ജി. ആർ. കർത്താ പ്രസംഗിച്ചപ്പോൾ പറഞ്ഞത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് 12 വർഷക്കാലം, 15 വർഷക്കാലം നീണ്ടുപോയിട്ടുണ്ടെന്നാണ്, ശരിയാണ്. ഞാൻതന്നെ ഒരിക്കൽ തെരഞ്ഞെടുത്തിട്ട് 12 വർഷക്കാലം തുടർച്ചയായി കാലാവധി നീട്ടിനീട്ടി ആ സ്ഥാപനത്തിന്റെ അധിപതി അല്ലെങ്കിൽ മുനിസിപ്പൽ ചെയർമാൻ എന്നുള്ള നിലയിൽ ഇരുന്നിട്ടുള്ളയാളാണ്. പക്ഷേ അന്ന് കൗൺസിലുണ്ടായിരുന്നു. ഇന്നത്തെ വ്യത്യാസം, തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ പിരിച്ചു വിട്ടിരിക്കുകയാണ്. അതുകൊണ്ട് സ്വാഭാവികമായിട്ടും ഭരണസമിതികൾ നിലവിൽ വരാനും തെരഞ്ഞെടുപ്പ് നടത്താനുമൊക്കെ അതിനേറെയായ ചില കാലതാമസമുണ്ടാകും. ഏതു ഗവൺമെൻറു ഭരിച്ചാലും കാലതാമസമുണ്ടാകുന്നത് സ്വാഭാവികം മാത്രമാണ്. കൗൺസിലുകളുടെ അധികാരം ഏൽപ്പിച്ചിട്ടുള്ളത് ഒന്നുകിൽ കളക്ടറുടെ കീഴിൽ അല്ലെങ്കിൽ സബ്കളക്ടറുടേയോ, താലൂക്ക് പഞ്ചായത്ത് ആഫീസറുടെയോ കീഴിലാണ്. ഒരു താലൂക്ക് പഞ്ചായത്ത്ആഫീസറുടെ കീഴിലാണെങ്കിൽ ചുരുങ്ങിയത് പത്ത്, പതിനാല് പഞ്ചായത്തുകളുണ്ടാകും. സബ്കളക്ടർമാർക്ക് മുപ്പതോ, നാൽപ്പതോ മുനിസിപ്പാലിറ്റികളുണ്ടാകും. കൂടാതെ അവർക്ക് വേറെ ഒരുപാട് പദ്ധതികളും പരാതികളുമുണ്ട്. കൗൺസിലുകളുടെ കാര്യം നോക്കാനുള്ള സമയം കിട്ടുകയില്ല. അതുകൊണ്ട് ഈ സ്ഥാപനങ്ങളുടെ ഭരണം ഉദ്യോഗസ്ഥൻമാരുടെ ബ്യൂറോക്രസിയുടെ കീഴിൽ അമർന്നിരിക്കുകയാണ്. ഒരുപാട് പരാതികൾ അക്കാര്യത്തിലുണ്ട്. അതുകൊണ്ട് സ്ഥലത്തെ എം. എൽ. എ., എം. പി., മുൻപഞ്ചായത്തു പ്രസിഡൻറ് തുടങ്ങി അഞ്ചാറുപേരെ ഉൾപ്പെടുത്തി അവർക്കുവേണ്ട തീരുമാനമെടുക്കാൻ നിയമപ്രകാരമുള്ള അധികാരം ഇല്ലെങ്കിൽപോലും ഉപദേശിക്കാനും ഈ കാര്യങ്ങൾ മനസ്സിലാക്കി വേണ്ടത്ര നിർദ്ദേശം കാലാകാലങ്ങളിൽ കൊടുക്കാനും വേണ്ടിയിട്ടുള്ള ഒരു സംവിധാനം വളരെ അടിയന്തിരമായി ഉണ്ടാക്കണമെന്നുള്ള നിർദ്ദേശമാണ് എനിക്ക് വയ്ക്കാനുള്ളത്. അല്ലെങ്കിൽ വളരെ അപകടമാണ്. കാരണം എല്ലാ പ്രദേശങ്ങളിലും ഉദ്യോഗസ്ഥൻമാരുടെ കൊള്ളരുതായ്മയും തോന്നിയവാസങ്ങളുമാണ് നടക്കുന്നത്. അതിനാൽ ഈ നിർദ്ദേശംകൂടി പരിഗണിക്കണമെന്ന് എനിക്ക് ഒരപേക്ഷയുണ്ട്. അങ്ങേപ്പുറത്തുനിന്ന് പ്രസംഗിച്ച മെമ്പർമാർ പറഞ്ഞു കഴിഞ്ഞ കുറെ നാളുകളായി ഈ പഞ്ചായത്തുകളിൽ വർക്കുകളൊന്നും നടക്കുന്നില്ലെന്ന്. പഞ്ചായത്തുകൾ സാമ്പത്തികമായി ബുദ്ധിമുട്ടിലാണ്. അതുകൊണ്ടാണ് വർക്കു നടക്കാത്തത്. അത് മെച്ചപ്പെടുത്താൻ വേണ്ടിയാണ് ഫിനാൻസ് കമ്മീഷനെ നിയമിച്ചത്. ആ ഫിനാൻസ്കമ്മീഷൻ റിപ്പോർട്ടു സമർപ്പിച്ചിട്ട് ഏകദേശം ഒരു വർഷക്കാലമായി. എന്നാൽ ആ റിപ്പോർട്ടിൽ പറയുന്ന കാതലായ കാര്യങ്ങൾ നടപ്പിലാക്കാൻ ബന്ധപ്പെട്ടവർ ശ്രമിക്കുന്നില്ലെന്നുള്ളത് വളരെ സങ്കടകരമാണ്. എനിക്കൊരു അഭ്യർത്ഥനയുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വളരെ അടിയന്തിരമായി ഫിനാൻസ് കമ്മീഷൻ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കാൻവേണ്ട നടപടിയെടുക്കണം. അല്ലെങ്കിൽ കമ്മീഷൻ റിപ്പോർട്ടു നടപ്പാക്കാൻ വളരെയധികം നീണ്ടുപോകും. അതുകൊണ്ട് കമ്മീഷൻ വച്ചിട്ടുള്ള കാര്യങ്ങൾ പരിശോധിച്ച് അടിയന്തിരമായി നടപ്പാക്കാൻ ഏർപ്പാടുചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, ബഹുമാനപ്പെട്ട തങ്കച്ചൻ ഇപ്പോൾ പ്രകടിപ്പിച്ച അഭിപ്രായം ഇൻഡ്യൻനാഷണൽ കോൺഗ്രസ് ഐ–യുടെ ഔദ്യോഗികമായ അഭിപ്രായമാണോ ? അങ്ങനെയാണെങ്കിൽ ഇക്കാര്യം നടപ്പിലാക്കുന്നതിന് എതിരായി നിൽക്കുന്നത് ആരാണെന്നു കൂടി വ്യക്തമാക്കുമോ ?

ശ്രീ. പി. പി. തങ്കച്ചൻ: ആരാണെതിരെന്നു ചോദിച്ചാൽ എനിക്കറിയില്ല. അതു നടപ്പിലാക്കണമെന്ന് മാത്രമേ എനിക്കു പറയാനുള്ളു. ഇതിൽ ആരും എതിരുണ്ടെന്നു തോന്നുന്നില്ല. ഗവൺമെൻറ് വളരെ അടിയന്തിരമായി ഉദ്യോഗസ്ഥൻമാരുടെ കയ്യിൽനിന്നും ആ കമ്മീഷൻ റിപ്പോർട്ടു വരുത്തി, അതു പഠിച്ച് നടപ്പിലാക്കേണ്ട ചുമതല ഗവൺമെൻറിനുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അതിന് മുൻകയ്യെടുത്തു നടപ്പിലാക്കണമെന്നു മാത്രമേ എനിക്കു പറയാനുള്ളു. മറ്റൊരു നിർദ്ദേശംകൂടി വയ്ക്കാനുണ്ട്. കേന്ദ്രഗവൺമെൻറിൽനിന്ന് ധാരാളം ധനസഹായം വിവിധമേഖലകളിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റികളുടെ വികസനത്തിനുവേണ്ടി കിട്ടുന്നുണ്ട്. അത് വേണ്ടത്ര പ്രയോജനപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല എന്നാണ് എന്റെ പരിഭവവും പരാതിയും. സ്മാം ആൻറ് മീഡിയം ടൗൺസ് മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് ഏതാണ്ട് ഒരു കോടിയോളം രൂപവരെ ധനസഹായം കിട്ടുന്ന ഒരു പദ്ധതിയാണ്. കേരളത്തിലെ പലപട്ടണങ്ങളുടെയും ലിസ്റ്റ് കേന്ദ്രഗവൺമെൻറിൽ പോയി അവിടെ കിടക്കുകയാണ്, ഉദാഹരണത്തിന് എന്റെ പ്രദേശത്തുള്ള പെരുമ്പാവൂർ മുനിസിപ്പാലിറ്റിയും അതുപോലെ എറണാകുളം ജില്ലയിൽ പറവൂർ മുനിസിപ്പാലിറ്റിയുമൊക്കെ ഏറ്റവും മുൻഗണനാക്രമത്തിലാണ് ലിസ്റ്റ് പോയിട്ടുള്ളത്. ഇതുവരെ അനുവാദം കിട്ടിയിട്ടില്ല. മന്ത്രി കേന്ദ്രമന്ത്രിമാരെ കാണുകയും അതിനുള്ള അനുവാദം വാങ്ങുകയും ചെയ്താൽ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന നമുക്ക് കേന്ദ്രഗവൺമെൻറിന്റെ സഹായം ലഭ്യമാകുന്നതാണ്.

ഡ്രെയിനേജിന്റെ കാര്യത്തിൽ, സ്ലം ക്ലിയറൻസിന്റെ കാര്യത്തിൽ കേന്ദ്ര ഗവർമെൻറിൽനിന്ന് ഇഷ്ടം പോലെ ധനസഹായം കിട്ടും. അത് ലഭ്യമാക്കുകയും പ്രയോജനപ്പെടുത്തുകയും വേണം. നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്ത് റോഡുകൾ ഉണ്ടാക്കുന്നതിനുവേണ്ടി ഏഴരക്കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെൻറിന്റെ ദുരിതാശ്വാസ ഫണ്ടിൽനിന്ന് ഇയർമാർക്ക് ചെയ്ത് ഏഴരക്കോടി രൂപ പഞ്ചായത്തു റോഡുകൾ ഉണ്ടാക്കാൻ വേണ്ടി ചെലവഴിച്ചിട്ടുണ്ട്. ഓരോ പഞ്ചായത്തിലും ഓരോ റോഡെങ്കിലും പണിതിട്ടുണ്ട്. അത് എടുത്തു പറയത്തക്ക രീതിയിലുള്ള ഒരു നേട്ടമാണ്.

നമ്മുടെ ഇറിഗേഷൻ പദ്ധതികളെ സംബന്ധിച്ച് ഒരൊറ്റ നിർദ്ദേശം മാത്രമേ ഞാൻ ഈ അവസരത്തിൽ വയ്ക്കുന്നുള്ളു "രാമേശ്വരത്തെ ക്ഷൗരം പോലെ" ഒരുപാട് വർക്കുകൾ അവിടെയും ഇവിടെയും തുടങ്ങിവച്ചിട്ടുണ്ട്. ഉദാഹരണത്തിന് എന്റെ നിയോജകമണ്ഡലത്തിലെ പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കാര്യം പറയാം: കുറച്ചു സംഖ്യ മുതൽ മുടക്കിയാൽ ആ സ്കീം പൂർത്തീകരിക്കാൻ സാധിക്കും. അങ്ങനെ പൂർത്തീകരിക്കാനിരിക്കുന്ന സ്കീമുകൾക്ക് മുൻഗണനകൊടുത്ത് ആ പണി പൂർത്തിയാക്കുക. തുടങ്ങിയ വർക്കുകൾ പൂർത്തിയാക്കണം എന്നിട്ടു മാത്രമേ പുതിയ ജോലികൾ കൊടുക്കാവൂ. അല്ലെങ്കിൽ അതുമില്ല ഇതുമില്ലാത്തെയാകും. പെരുമ്പാവൂർ മുനിസിപ്പാലിറ്റിക്ക് തൊട്ടടുത്തു കിടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

രായമംഗലം, വെങ്ങോല മുതലായ പഞ്ചായത്തുകൾക്കു കൂടി പ്രയോജനപ്പെടുത്തുന്ന നിലയിൽ വാട്ടർ സപ്ലൈ സ്കീം വിപുലീകരിക്കുന്ന ഒരു ഓഗ്മെന്റേഷൻ സ്കീം ഉണ്ടാക്കണം. അത് എൽ. ഐ. സി. യുടെ സഹായത്തോടുകൂടിയുള്ള ഒരു സ്കീമാണ്. കഴിഞ്ഞ വർഷം അത് എടുക്കാൻ കഴിഞ്ഞില്ല. കാരണം കോഴിക്കോട് പട്ടണത്തിന് മുൻഗണനാക്രമത്തിൽ അനുവാദം കൊടുത്തു. ഈ വർഷമെങ്കിലും ഈ ഓഗ്മെന്റേഷൻ സ്കീമിന് മുൻഗണന തന്ന് ആ മുനിസിപ്പൽ അതിർത്തിയ്ക്ക് അകത്ത് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം ഉണ്ടാക്കാൻ സഹായം ചെയ്യണം. ഇഷ്ടം പോലെ ടൗൺ പ്ലാനിംഗ് അതോറിറ്റികളും ഈ രാജ്യത്ത് ഉണ്ടാക്കിയിട്ടുണ്ട്. എന്തു കാര്യത്തിനാണെന്ന് എനിക്കറിയില്ല. പത്തു പൈസ സ്വയമായിട്ട് ഉണ്ടാക്കാൻ അവർക്ക് അധികാരമില്ല. ടാക്സ് പിരിക്കാൻ അധികാരമില്ല. ഗവർമെന്റിൽനിന്ന് ധനസഹായം കൊടുത്താൽ മാത്രമേ എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളു. ഗവർമെന്റിൽനിന്ന് ഒട്ട് കൊടുക്കുന്നുമില്ല. ഒരു ട്രസ്റ്റ് ഉണ്ടാക്കിയിട്ട് അതിന്റെ പേരിൽ കുറേ ഉദ്യോഗസ്ഥൻമാരെ തീറ്റിപ്പോറ്റുന്നത് എന്തിനാണ്. അതുപോലെയുള്ള ഡവലപ്പ്മെന്റ് അതോറിറ്റിസിനു സാമ്പത്തികമായിട്ട് സഹായം കണ്ടെത്തണം. സാമ്പത്തിക സഹായം കൊടുത്ത് അവർ ഉദ്ദേശിക്കുന്ന കാര്യം അവരെക്കൊണ്ട് ചെയ്യിച്ചാൽ മാത്രമേ ഡവലപ്മെന്റ് അതോറിറ്റിസിനെക്കൊണ്ട് പ്രയോജനമുള്ളു. അതുകൊണ്ട് വളരെ ഗൗരവമായി ആ കാര്യം പരിഗണിച്ച് അവർക്ക് പണം കണ്ടുപിടിച്ചു കൊടുക്കണം. അല്ലെങ്കിൽ അതു വേണ്ടെന്നു വയ്ക്കണം. ഇല്ലെങ്കിൽ അവർ പ്രവർത്തിക്കുകയില്ല, കോർപ്പറേഷനോ മുനിസിപ്പാലിറ്റിയോ ആണെങ്കിൽ അവർ പ്രവർത്തിപ്പിക്കുകയുമില്ല.

ശ്രീ. ടി. കെ. ഹംസ: കൊച്ചിയിലെ കളക്ടറായിരുന്ന ജോസഫ് എന്ന ഒരാൾക്ക് അവിടത്തെ ഒരു കേരളാ കേൺഗ്രസ്സുകാരൻ ഭൂമി പതിച്ചു കിട്ടുന്നതിനുവേണ്ടി ഹർജികൊടുത്തു. അത് കളക്ടർ തള്ളിക്കളഞ്ഞു. കളക്ടറില്ലാത്ത അവസരത്തിൽ എ. ഡി. എം. നെക്കൊണ്ട് പാർട്ടി സ്വാധീനം ഉപയോഗിച്ചുകൊണ്ട് അത് പതിപ്പിച്ചുവാങ്ങി. പിന്നീട് കളക്ടർ കോർപ്പറേഷൻ കമ്മീഷണർ എന്ന സ്ഥാനത്തു വന്നപ്പോൾ അത് റദ്ദ് ചെയ്തു. ആ കാരണം വച്ചുകൊണ്ട് റവന്യു മിനിസ്റ്ററുടെ സ്വാധീനത്തിൽ സ്ഥലം മാറിയതായ വിവരം അങ്ങേക്ക് അറിയാമോ? മട്ടാഞ്ചേരി എം. എൽ. എ. ഹംസക്കുഞ്ഞടക്കം അതിൽ പ്രതിഷേധിച്ചു എന്നാണ് ഞങ്ങൾക്ക് അറിവു കിട്ടിയിരിക്കുന്നത്.

ശ്രീ. പി. പി. തങ്കച്ചൻ: കളക്ടറെ സ്ഥലം മാറി എന്നുള്ളത് വസ്തുതയാണ്. പക്ഷേ ഇതിന്റെ പേരിലാണോ എന്നെനിക്കറിയില്ല. ആ കാലഘട്ടത്തിൽ അങ്ങനെയുള്ള ആരോപണങ്ങൾ ഉണ്ടായിരുന്നു എന്നുള്ളത് ശരിയാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ഇവിടെ ശുദ്ധജലവിതരണത്തെക്കുറിച്ച് ഒരു കാര്യം മാത്രമേ ഞാൻ സൂചിപ്പിക്കുന്നുള്ളു. കേരള സംസ്ഥാനത്ത് ശ്രീ. എം. പി. ഗംഗാധരൻ ആ വകുപ്പ് കൈകാര്യം ചെയ്തിരുന്ന കാലഘട്ടത്തിൽ നമുക്ക് അഭിമാനിക്കാവുന്നതേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് എന്നുള്ളത് പ്രതിപക്ഷങ്ങൾ പോലും സമ്മതിക്കുന്ന ഒരു കാര്യമാണ്. പോരായ്മകൾ ഉണ്ടാകും, ഇല്ലെന്നു ഞാൻ പറയുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കുടിവെള്ളത്തിന്റെ ക്ഷാമം പരിഹരിച്ചു എന്ന് അവകാശപ്പെടുന്ന മന്ത്രിയുടെ ഭരണത്തിൽ തലശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly

യിൽ ഒരു തുള്ളിവെള്ളംപോലും കിട്ടാതെ ജനങ്ങൾ വിഷമത അനുഭവിക്കുന്ന കാര്യം മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. പി. തങ്കച്ചൻ: കുറച്ചൊക്കെ പോരായ്മകൾ ഉണ്ടാകും. അതൊക്കെ പരിഹരിക്കാവുന്നതേ ഉള്ളു. നമ്മുടെ സംസ്ഥാനത്തുള്ള 1164 പ്രശ്ന ഗ്രാമങ്ങളിൽ മൂന്നു നാലു ഗ്രാമം ഒഴിച്ചു മറ്റുള്ള എല്ലാ ഗ്രാമങ്ങളിലും വെള്ളം എത്തിക്കാൻ വേണ്ടിയുള്ള സംവിധാനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അതിനുവേണ്ടി തീവ്രശ്രമം ആ കാലഘട്ടത്തിൽ നടത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് ഒരംഗീകാരം എന്നുള്ള നിലയിൽ 500 ലക്ഷം രൂപ ബോണസ്സായിട്ട് നൽകിയ സംഭവം നമുക്ക് മറക്കാൻ ഒക്കുന്ന ഒരു കാര്യമല്ല. അങ്ങനെ ബോണസ് വാങ്ങാൻ ശ്രീ. ഗംഗാധരന്റെ പ്രവർത്തനങ്ങൾക്ക് സാധിച്ചത് ഈ കാലഘട്ടത്തിൽ ആയിരുന്നു എന്നുള്ളത് സമ്മതിക്കാവുന്നതേ ഉള്ളു. അത് എടുത്തു പറയാവുന്ന ഒരു നേട്ടമാണ്. മറ്റു പല സംസ്ഥാനങ്ങൾക്കും, മറ്റു പല മന്ത്രിമാർക്കും, മറ്റു പല വകുപ്പിനും കിട്ടാത്ത ഒരു അംഗീകാരമാണ് കിട്ടിയിരിക്കുന്നത്. ഇപ്പോൾ ആ വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. കെ. എം. മാണി നല്ല രീതിയിൽ മുന്നോട്ടുപോകും എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഞാൻ ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പഞ്ചായത്തു ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കണം. കറണ്ട് ചാർജ്ജും ഉദ്യോഗസ്ഥൻമാരുടെ ശമ്പളവും കഴിഞ്ഞാൽ വികസന പ്രവർത്തനങ്ങൾക്ക് പഞ്ചായത്തുകൾക്ക് പണമില്ല. പണിയൊന്നും നടക്കുന്നില്ല. മന്ത്രിക്കും പണിയില്ല. പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർക്ക് പത്തു രൂപ വരെയും പഞ്ചായത്തു കമ്മിറ്റിയ്ക്ക് 25 രൂപവരെയും മാത്രമേ ചെലവഴിക്കാൻ അധികാരമുള്ളു. അനാഥപ്രേതങ്ങളുടെ പോസ്റ്റ്മോർട്ടം നടത്തി മറവുചെയ്യാൻ 50 രൂപയാണ് അനുവദിച്ചിട്ടുള്ളത്. പേപ്പട്ടിയെക്കൊന്നു മറവു ചെയ്യുന്നതിന് മൂന്നു രൂപയാണ്. ഇതിനെപ്പറ്റിയെല്ലാം കള്ളക്കണക്കെഴുതുകയാണ് പഞ്ചായത്തുകൾ ഇപ്പോൾ ചെയ്യുന്നത്. സംസ്ഥാനത്തെ പഞ്ചായത്തുകളുടെ കൂണുപോലെ മുളച്ച് കേരളം മുഴുവനും അനാഥപ്രേതങ്ങളും പേപ്പട്ടികളുമാണ്. മുഖ്യമന്ത്രി ആഭ്യന്തരവകുപ്പ് ഏറ്റെടുത്തതിനുശേഷം പേപ്പട്ടി ശല്യം വർദ്ധിച്ചിരിക്കുകയാണ്. 1960-ലെ കേരളാ പഞ്ചായത്ത് ആക്ടിലെ വ്യവസ്ഥകൾക്ക് കാലാനുസൃതമായി മാറ്റം വരുത്തണം. ഈ സർക്കാർ അധികാരവികേന്ദ്രീകരണം നടത്തുകയില്ലെന്ന് ഉറപ്പാണ്. 16 കൊല്ലമായി പാർട്ടി തെരഞ്ഞെടുപ്പ് നടത്താത്ത കോൺഗ്രസ്സിന്റെ ഭരണമാണിവിടെ നടക്കുന്നത്.. വില്ലേജ് റോഡ് മെയിന്റനൻസ് ഗ്രാന്റും, വസ്തു കൈമാറ്റ നികുതിയും ഇപ്പോൾ കൊടുക്കുന്നില്ല. മുകുന്ദപുരം താലൂക്കിൽ 27 പഞ്ചായത്തുകൾക്ക് ഒരു സ്പെഷ്യൽ ഓഫീസറാണ്. സർട്ടിഫിക്കറ്റുകൾ കിട്ടാതെ വിദ്യാർത്ഥികളും നാട്ടുകാരും കഷ്ടപ്പെടുകയാണ്. തൃശൂർ നഗര വികസനത്തിനായി സർക്കാർ അംഗീകരിച്ച മാസ്റ്റർപ്ലാനിന് വിരുദ്ധമായി തൃശൂരിൽ ആമ്പക്കാടൻ കവലയിൽ ഒരു കെട്ടിടം പണിയുന്നതിന് എ. ടി. മാണി എന്നു പറയുന്ന ഒരാൾക്ക് മന്ത്രി അനുവാദം നൽകിയിരിക്കുകയാണ്. മുനിസിപ്പാലിറ്റിയെയും അതോറിറ്റിയേയും മറികടന്നുകൊണ്ടാണ് ഈ ഉത്തരവ് നൽകിയിട്ടുള്ളത്. അത് അഴിമതിയാണെന്നു ഞാൻ പറയുന്നില്ല. ഇരിങ്ങാലക്കുട വാട്ടർ സപ്ലൈ സ്കീം വിപുലീകരിക്കണം. പടിയൂർ പഞ്ചായത്തിൽ മഴക്കാലത്തും വേനൽക്കാലത്തും കുടി വെള്ളമില്ല. അവിടെ ഉപ്പുവെള്ളമാണ് കിട്ടുന്നത്. ഈ രാജ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ടവർക്ക് പച്ചവെള്ളം കൊടുക്കാൻ കഴിയാത്ത പാപ്പരായ സർക്കാരാണ് ഈ രാജ്യം ഭരിക്കുന്നത്. മന്ത്രി ഗംഗാധരന്റെ അവിഹിത നിയമനങ്ങളെ റദ്ദാക്കി മാണി സാർ മാനം രക്ഷിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. വാട്ടർ ആതോറിറ്റിയുടെ പേരുമാറ്റി നല്ല ഒരു പേരു കൊടുക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. 1976-നു മുമ്പ് ആരംഭിച്ച ചിമ്മിനി മുപ്പി പദ്ധതി 1989-ൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. എന്നാൽ മുപ്പിയുടെ പണി ആരംഭിച്ചിട്ടേയില്ല. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. ജി. ജനാർദ്ദനൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. വടകര നിയോജകമണ്ഡലത്തിൽനിന്ന് തുടങ്ങി ലോനപ്പൻ നമ്പാടന്റെയും നമ്മുടെ സ്പീക്കറുടെയും കെ. പി. പ്രഭാകരന്റെയും നിയോജകമണ്ഡലത്തിൽപ്പെട്ട കൃഷിക്കാർക്ക് ഉപയുക്തമായ ചിമ്മിനി-മുപ്പി സ്കീമിന് 1976-ൽ ജഗ്ജീവൻറാം കല്ലിട്ടു. അന്ന് 5 വർഷത്തിനകത്ത് പണി പൂർത്തീകരിക്കുമെന്ന് പറഞ്ഞു ഇന്ന്, അതിന്റെ ആദ്യത്തെ സ്റ്റേജുപോലും പൂർത്തിയായിട്ടില്ല. ജഗ്ജീവൻറാം ഇന്ന് നമ്മുടെകൂടെ ഇല്ലാ എന്നതുകൊണ്ടാണോ ഈ ഉദാസീനത ഇവിടെ വന്നിരിക്കുന്നത് എന്ന് എനിക്ക് നിശ്ചയമില്ല. ഒരുകാര്യം ഞാൻ പറയട്ടെ, ഒരു പ്രധാനപ്പെട്ട സ്കീം, അതിന്റെ ആദ്യത്തെ സ്റ്റേജ് ഈ വർഷം പൂർത്തീകരിച്ചില്ലെങ്കിൽ ഒരു വലിയ ജനരോഷം ആളിക്കത്തും.

എന്റെ നിയോജകമണ്ഡലത്തിലെ കിഴക്കു വടക്കൻ അതിർത്തി പറമ്പിക്കുളമാണ്. മറ്റൊരുഭാഗം നെൻമാറയും ചാലക്കുടിയും. നമ്മുടെ ബഹുമാന്യനായ മന്ത്രി മാണിയുടെ അദ്ധ്വാന ജനവിഭാഗം ധാരാളമായി താമസിക്കുന്ന പ്രദേശമാണ്. അവിടങ്ങളിലെ ആളുകൾ വെള്ളമില്ലാതെ കഷ്ടപ്പെടുകയാണ്. നാലഞ്ച് കുഴൽക്കിണർ അവിടെ കുഴിക്കണം; അവർക്ക് ആശ്വാസമുണ്ടാക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

മറ്റൊരു കാര്യം നമ്മുടെ മാണിയെ സാമാന്യമുള്ള എല്ലാ വകുപ്പിലേക്കും മാറ്റി ഈ ഭരണത്തിന്റെ മുഖച്ഛായ നന്നാക്കണം. ഞങ്ങളുടെ ഇടയിൽ ഒരു പഴഞ്ചൊല്ലുണ്ട്.....'തെലാദി വസ്തുക്കളശുദ്ധമായാൽ പൗലോസുതൊട്ടാലതു ശുദ്ധമാകും' അതുപോലെ അമ്പലത്തിലൊക്കെ പൂജ ചെയ്തു ഉണ്ടാക്കുന്ന എണ്ണ പൗലോസ് തൊട്ടാൽ ശുദ്ധമായി. നമ്മുടെ ഏതു വകുപ്പിനെയും അദ്ധ്വാനവർഗ്ഗ നേതാവായ മാണി തൊട്ടാൽ ശുദ്ധമാകും, അത് ഉത്തമവുമാകും. അതുകൊണ്ട് അങ്ങ് എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളോട് സ്നേഹമുണ്ടെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കറോട്, ബഹുമാനമുള്ള ശ്രീ. കെ. പി. പ്രഭാകരനോട്, എന്നോട്, സ്നേഹമുണ്ടെങ്കിൽ ശ്രീ. മാണി ആ ചിമ്മിനി-മുപ്പി സ്കീം നടപ്പാക്കിയില്ലെങ്കിൽ എന്റെ ഈ പ്രസംഗം പിൻവലിച്ച് അന്ന് മറ്റൊരു പ്രസംഗംചെയ്യേണ്ടിവരുമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. വി. സുരേന്ദ്രൻപിള്ള: സർ, ഇവിടെ അവതരിപ്പിച്ച പൊതു ജനാരോഗ്യം, ജലസേചനം, നഗരവികസനം, പഞ്ചായത്ത് തുടങ്ങിയ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. സർ, കേരളപ്പിറവിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ശേഷം ഈ സംസ്ഥാനം മാറിമാറി ഭരിച്ചിട്ടുള്ള പലപല ഗവൺമെൻറുകളും, ഈ ഗവൺമെൻറുകളുടെ ഒക്കെ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള പദ്ധതികളും പരിപാടികളുമൊക്കെ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പി. എച്ച്. ഇ. ഡി. എന്ന ഒരു വകുപ്പ് കേരള സംസ്ഥാനത്തുണ്ട് എന്ന് നാലുപേരെ അറിയിക്കുന്നതിനുള്ള അവസരമുണ്ടായതും ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിൻെറ കാലഘട്ടത്തിൽ ആണ്. ഈ ഗവൺമെൻറിൻെറ കാലഘട്ടത്തിൽ എന്തൊക്കെ പ്രവർത്തനങ്ങൾ ഇവിടെ നടത്തിയെന്ന് ചിന്തിക്കാതെ നടപ്പിലാക്കേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാതെ അവിടവിടെയൊക്കെ കുഴൽക്കിണർ കുഴിച്ചിട്ട് വെള്ളമില്ല, അവിടെ എന്തോ തകരാറുകൊണ്ട് പദ്ധതി മുടങ്ങിക്കിടക്കുന്നു എന്ന പ്രചരണമാണ് പ്രതിപക്ഷം നടത്തുന്നത്.

കേരളത്തിലുടനീളമുള്ള കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി നാലായിരം കുഴൽക്കിണറുകൾ കുഴിച്ചെങ്കിൽ അതിൽ അഞ്ചോ പത്തെണ്ണത്തിൻെറ പമ്പുകൾ വർക്ക് ചെയ്യുന്നില്ലെന്ന് വിചാരിച്ച് ഈ ഗവൺമെൻറ് ചെയ്ത നല്ല കാര്യങ്ങളെക്കുറിച്ച് വിസ്മരിക്കാൻ കഴിയുമോ? ഇത് കേൾക്കുമ്പോൾ വളരെ രസകരമായ ഒരു കഥയാണ് ഓർമ്മവരുന്നത്. രണ്ട് സംസ്കൃത പാണ്ഡിത്യമുള്ള താത്വികൻമാർ കൂടി ഇരുന്ന് പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും സംസാരിച്ചു. ഒരാൾ പറയുന്നതു മുഴുവനും ശരിയാണെന്ന് വരികയും മറെറയാൾ എന്തുപറഞ്ഞാലും അല്ല അല്ല എന്ന വാചകം ഉരുവിട്ടുകൊണ്ടിരിക്കുകയും ചെയ്തപ്പോൾ മറെറ ആൾ പറഞ്ഞു ''തവമാതാ പതിവ്രത'' തൻെറ അമ്മ പതിവ്രതയാണെന്ന് പറഞ്ഞു അതിനും അല്ല എന്ന് പറഞ്ഞതുപോലെയാണ് പ്രതിപക്ഷത്തുനിന്ന് പ്രസംഗിച്ച ഓരോ ആളുകളും ഈ ഗവൺമെൻറിൻെറ പ്രവർത്തനത്തെ വിലയിരുത്തിയത്. ഈ ഗവൺമെൻറ് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി, കഴിഞ്ഞ കാലഘട്ടങ്ങളിൽ ചെയ്ത നല്ല കാര്യങ്ങൾ എന്താണെന്ന് ചിന്തിക്കാൻ പോലും മെനക്കെടാത്ത് വലിയ കഷ്ടമാണെന്ന് മാത്രമേ ഈ അവസരത്തിൽ പറയാനുള്ളൂ. വേൾഡ് ബാങ്കിൻേറയും മറെറ് വിദേശ സഹായവുംകൊണ്ട് നടപ്പാക്കുന്ന പല പദ്ധതികളും നമ്മുടെ സംസ്ഥാനത്തുണ്ട്.

സൂര്യപ്രകാശവും ജലവുമാണ് വളരെ പ്രധാനപ്പെട്ട രണ്ട് ഘടകങ്ങൾ. സർ, നമുക്ക് സൂര്യപ്രകാശം ഇഷ്ടം പോലെ കിട്ടുന്നു. ഒരു കാർഷിക സംസ്ഥാനമായ കേരളത്തിലെ കർഷകർക്ക് ആവശ്യത്തിനുള്ള ജലം കൃഷിയുക്തഭൂമിയിൽ കിട്ടുക എന്നതാണ് കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട കാര്യം. ഇപ്പോൾ കർഷകർക്ക് ബോധ്യമുണ്ട്, അവരുടെ കൃഷിയുക്തഭൂമിയിൽ കൃഷിക്ക് ആവശ്യമായ ജലം എത്തിക്കാൻ ഈ ഗവൺമെൻറിനെകൊണ്ട് കഴിയും എന്ന്. സർ, ഹരിജനങ്ങളും ഗിരിജനങ്ങളും ആദിവാസികളും ഒക്കെ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ അവർക്കാവശ്യമായ ശുദ്ധജലമെത്തിക്കാൻ ഈ ഗവൺമെൻറിനെക്കൊണ്ട് കഴിഞ്ഞിരിക്കുന്നു എന്ന് അവർക്ക് ബോധ്യമായി.

കടലോരപ്രദേശങ്ങളിൽ ഉപ്പുവെള്ളം മാത്രം കുടിച്ചുകൊണ്ടിരിക്കുന്ന, അതുമാത്രംകൊണ്ട് ജീവിച്ചുകൊണ്ടിരുന്ന പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് ഇന്ന് വൻകിട ശുദ്ധജലവിതരണ പദ്ധതികളും ചെറുകിട ശുദ്ധജലവിതരണ പദ്ധതികളും ഒക്കെ നടപ്പാക്കി കുടി

LIBRARY ARCHIVES Kerala Legislative Assembly

വെള്ളത്തിന്റെ പ്രശ്നം പരിഹരിച്ചുവരുന്നു. പദ്ധതികൾ നടപ്പിലാക്കുമ്പോൾ വളരെയധികം ശ്രദ്ധിക്കണമെന്ന് എനിക്ക് ഈ വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥനയുണ്ട്. വളരെയധികം സാമ്പത്തികമായ ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമൊക്കെ നമ്മളെ സംബന്ധിച്ചിടത്തോളമുണ്ട്. ഒരു വൻ കിടജലസേചനപദ്ധതി നടപ്പാക്കുമ്പോൾ, ആ ജലസേചന പദ്ധതിയെ സംബന്ധിച്ചിടത്തോളം അതിന്റെ ഇംപ്ലിമെന്റേഷനും, മറ്റ് കാര്യങ്ങൾക്കൊക്കെ ബുദ്ധിമുട്ടുകളുണ്ട്. പക്ഷേ ബുദ്ധിമുട്ടുകൾ എത്രയുണ്ടെങ്കിലും ഒരു കാർഷിക സംസ്ഥാനമായ നമ്മുടെ സംസ്ഥാനത്ത് ജലസേചനപദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്ന കാര്യത്തിൽ യാതൊരു വിഘാതവും വരാൻ പാടില്ല. പദ്ധതികൾ കൂടുതൽ തുടങ്ങുന്നതിലല്ല ശ്രദ്ധിക്കേണ്ടത്, തുടങ്ങിയ പദ്ധതികൾ തീവ്രയത്ന പരിപാടിയോടുകൂടി, ഒരു സമയബന്ധിത പരിപാടിയുടെ അടിസ്ഥാനത്തിൽ പൂർത്തിയാക്കാൻവേണ്ടുന്ന എല്ലാ നടപടികളും സ്വീകരിക്കണം. ഉദാഹരണത്തിന് കല്ലട ജലസേചന പദ്ധതിയെപ്പോലെ വളരെയധികം ഉദ്ദേശ്യലക്ഷ്യത്തോടുകൂടി നടപ്പാക്കുന്ന പല പദ്ധതികളുമുണ്ട്. എന്റെ നിയോജകമണ്ഡലത്തിന്റെ വളരെ അടുത്തുള്ള കല്ലട ജലസേചനപദ്ധതി തുടങ്ങിയിട്ട് വളരെ വർഷങ്ങളായി 170 കോടിയോളം രൂപ അതിനുവേണ്ടി മുടക്കിക്കഴിഞ്ഞിരിക്കുന്നു. ഇനിയും വളരെയധികം കോടിരൂപ അതിനുവേണ്ടി ചെലവാകും. പത്തുപതിനഞ്ചുവർഷംകൊണ്ട് 109 കോടിയോളം ഉറുപ്പിക മുടക്കി അതിന്റെ ഒന്നാം ഘട്ടം കമ്മിഷൻ ചെയ്യാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. അത് വിസ്മരിക്കരുത്. കഴിഞ്ഞ 20 വർഷക്കാലമായി 60 കോടി രൂപ മുടക്കിയെങ്കിൽ കഴിഞ്ഞ നാലുവർഷംകൊണ്ട് 109 കോടിയോളം രൂപ ചെലവാക്കി പദ്ധതിയുടെ പൂർത്തീകരണത്തിന് ശ്രമിച്ച ഒരു ഗവൺമെന്റ് കേരളത്തിലെ ഏറ്റവും വലിയ ജലസേചനപദ്ധതിയായ കല്ലട പദ്ധതിക്കുവേണ്ടി ഇത്രത്തോളം ആത്മാർത്ഥമായ ത്യാഗം സഹിച്ചുകൊണ്ട് കർഷകരുടെ ഉയർച്ചക്കുവേണ്ടി പ്രവർത്തിച്ചെങ്കിൽ അത് നിങ്ങൾക്ക് അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. അത്തരം കാര്യങ്ങൾ നിങ്ങൾ വിസ്മരിച്ചുകൊണ്ട് എവിടെയെങ്കിലും ഒരു കുഴൽക്കിണറിന്റെ പമ്പ് പ്രവർത്തിക്കുന്നില്ല എന്നതാണ് നിങ്ങളുടെ പ്രശ്നം. എത്രത്തോളം ഗുണം കല്ലട ജലസേചന പദ്ധതികൊണ്ട് ഉണ്ടെന്നുപറയാൻ കഴിയുമോ? അതൊക്കെ മറച്ചുവെച്ചുകൊണ്ട് ഈ ഗവൺമെന്റിന് എന്തെങ്കിലും ഒരു പാകപ്പിഴ എവിടെയെങ്കിലും ഉണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കാൻ ധൃതികാണിക്കുന്ന പ്രതിപക്ഷങ്ങളേ നിങ്ങളോട് എനിക്ക് ഒരഭ്യർത്ഥനയുണ്ട്. ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങൾ നിങ്ങൾ മറന്നാലും കേരളത്തിലെ പാവപ്പെട്ട ആളുകൾ, കഷ്ടപ്പാടും. ബുദ്ധിമുട്ടും അനുഭവിക്കുന്ന ജനങ്ങൾ മറക്കുമെന്ന് നിങ്ങൾ കരുതേണ്ട. അവരൊക്കെ ഓർമ്മിക്കും. ഈ ഗവൺമെന്റ് എന്തിനുവേണ്ടി പ്രവർത്തിച്ചു, എന്തൊക്കെ നല്ല കാര്യങ്ങൾ ചെയ്തു എന്ന്. ഈ പ്രശ്നങ്ങളൊക്കെ പരിഹരിക്കുന്നതോടൊപ്പംതന്നെ പ്രധാനമാണ് ഡ്രെയിനേജ് സ്കീം. മലിനജലം, നമ്മുടെ പട്ടണങ്ങളിലും നഗരങ്ങളിലും ഒക്കെ വളരെയധികം മാരകമായ രോഗങ്ങൾ പടർന്നുപിടിക്കത്തക്ക കാരണമായി നിൽക്കുന്ന മലിനജലം ഒഴുക്കിവിടുന്നതിനുള്ള പരിപാടികൾ വളരെ ശീഘ്രഗതിയിൽ പുരോഗമിപ്പിക്കേണ്ടതാണ്. പല പട്ടണങ്ങളിലും പല സ്ഥലങ്ങളിലും അത് കൃത്യമായി ഒഴുക്കിവിടാനുള്ള സൗകര്യങ്ങൾ ഇല്ല.

2/5—16

LIBRARY ARCHIVES Kerala Legislative Assembly

അനുദിനം വർദ്ധിച്ചുവരുന്ന ടാക്സി, കാറുകൾ, ആട്ടോറിക്ഷകൾ മറ്റ് വാഹനങ്ങളൊക്കെയുള്ള നമ്മുടെ പട്ടണങ്ങളിൽ, പ്രധാനപ്പെട്ട മറ്റ് പഞ്ചായത്തുകളുടെ ആസ്ഥാനങ്ങളിൽ ഇന്ന് ഈ വാഹനങ്ങൾ പാർക്കുചെയ്യാൻപോലും സൗകര്യമില്ലെന്ന ഒരു വലിയ ദുഃസ്ഥിതിനാം നേരിട്ടുകൊണ്ടിരിക്കുകയാണ്. സർ, സെക്രട്ടേറിയേറ്റിന്റെ മുൻവശത്തുപോലും ഇന്ന് ഒരു വാഹനത്തിന് പാർക്ക് ചെയ്യാനൊക്കാത്ത അവസ്ഥയാണ് ഉണ്ടായിരിക്കുന്നത്. ടൗൺ പ്ലാനിങ്ങിനെക്കുറിച്ച് ചിന്തിക്കുമ്പോൾ വളരെ ദീർഘവീക്ഷണത്തോടുകൂടി 50-100 വർഷങ്ങൾക്കപ്പുറമുള്ള ദീർഘവീക്ഷണത്തോടുകൂടിയുള്ള, ചിന്താഗതിയോടുകൂടി ആ കാര്യങ്ങൾ ചെയ്യാൻ കഴിയണം. എന്റെ നിയോജകമണ്ഡലമായ പുനലൂരിൽ പുനലൂർ വാട്ടർ സപ്ലൈ സ്കീമിന്റെ ഒന്നാം സ്റ്റേജിൽ ഉള്ള വർക്കുകൾ പൂർത്തിയാക്കിയെങ്കിലും 30,35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുള്ള II stage വർക്കിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ക്ഷൻ കിട്ടിയെങ്കിലും ബഡ്ജറ്റിൽ ഒരു പൈസപോലും ഇല്ലാത്തതുകൊണ്ട് സെക്കൻറ് സ്റ്റേജ് എടുത്ത് ടെൻഡർ ചെയ്യാൻ പറ്റാത്ത അവസ്ഥയിലാണ്. അടിയന്തിരമായി അതിനാവശ്യമായ ഫണ്ട് അലോട്ട് ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. എ. മജീദ്]

ശ്രീ. സി. വാസുദേവമേനോൻ: സർ, നമ്മുടെ മഹത്തായ ഭാരതത്തിന്റെ ചരിത്രം ഗ്രീസിൽനിന്നും മെസോപൊട്ടോമിയായിൽനിന്നുമെല്ലാം സഞ്ചാരികൾ കൈബർപാസിൽക്കൂടി കടന്ന് സിന്ധുനദീതടപ്രദേശങ്ങളിൽ താമസിച്ചതായിട്ടും അവിടെ കൃഷിചെയ്തു ജീവിച്ചതായിട്ടും ഭാരതത്തിന് വലിയ സംസ്കാരം സംഭാവന ചെയ്തതായിട്ടുമാണ്. ഇത് നൂറാണ്ടുകൾക്കുമുമ്പുള്ള ചരിത്രമാണ്. അതു കഴിഞ്ഞതിനുശേഷം ബഹുമാന്യനായ കരുണാകരൻറേയും ശ്രീ. ഗംഗാധരൻറേയും ശ്രീ. മാണിയുടേയും ഭരണത്തിൽ കേരളത്തിൽ പാലക്കാട് ജില്ലയിൽനിന്ന് ഒരു വിഭാഗം ആളുകൾ വെള്ളമില്ലാതെ കൃഷി ചെയ്യാൻ നിവൃത്തിയില്ലാതെ നാടുവിട്ടുപോകുന്ന ചരിത്രമാണ്. ഇങ്ങനെ എത്രയോ നൂറാണ്ടുകൾക്കുശേഷം നമ്മുടെ ചരിത്രം മാറ്റി എഴുതേണ്ടതായിട്ടുവരും. ഒരു കാലത്ത് ചരിത്രത്തിൽ ഇത് രേഖപ്പെടുത്തും. ആ പ്രദേശങ്ങളിലുള്ള വരൾച്ചയുടേയും ജലക്ഷാമത്തിന്റേയും രൂക്ഷത വേണ്ടവിധം മന്ത്രിമാരോ അല്ലെങ്കിൽ ഗവൺമെൻറോ മനസ്സിലാക്കുന്നില്ല എന്നതാണ് എന്റെ ശക്തമായിട്ടുള്ള ആക്ഷേപം. നമ്മുടെ രാജ്യത്തിന്റെ ദേശീയോദ്ഗ്രഥനത്തെസംബന്ധിച്ചും പഞ്ചാബിനെ സംബന്ധിച്ചുമെല്ലാം സംസാരിക്കുന്നവർ മാള ഒരു രാജ്യമാണ്, പാല ഒരു രാജ്യമാണ്, കൊട്ടാരക്കര ഒരു രാജ്യമാണ് എന്ന് കരുതിക്കൂടാ. കേരളം ഒരു സംസ്ഥാനമാണ് എന്നെങ്കിലും കരുതാനുള്ള വിശാലവീക്ഷണം ഭരിക്കുന്ന ആളുകൾക്കുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാനിത് പറയാൻ കാരണം ബഹുമാന്യനായ ശ്രീമാൻ മാണി ധനകാര്യമന്ത്രിയായിരുന്നപ്പോൾ നടത്തിയിട്ടുള്ള പ്രസംഗത്തിൽ പറഞ്ഞു, കുരിയാർകുട്ടി-കാരപ്പാറ മിഡിൽ ഡോബ് ഡ്രെയിനേജ് പദ്ധതിക്ക് സാങ്കേതിക കാരണങ്ങളാൽ ഇതുവരെ കേന്ദ്രഗവൺമെൻറിന്റെ അനുമതി ലഭിച്ചിട്ടില്ല. പാലക്കാട് ജില്ലയ്ക്ക് പൊതുവിലും കൂടെക്കൂടെ വരൾച്ചയുടെ കെടുതിയിൽപ്പെടുന്ന കൊഴിഞ്ഞാംപാറ തുടങ്ങിയ പ്രദേശങ്ങൾക്ക് പ്രത്യേകിച്ചും പ്രയോജനപ്രദമായ ഈ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിക്ക് കേന്ദ്രത്തിന്റെ അംഗീകാരം സമ്പാദിച്ച് എത്രയുംവേഗം പ്രാവർത്തികമാക്കുന്നതാണ് എന്ന്. ഇത് അദ്ദേഹത്തിന്റെ പ്രസംഗത്തിലുള്ളതാണ്. ഇവിടെ പറഞ്ഞത് തുടങ്ങിയ പദ്ധതികളും പൂർത്തിയാക്കണമെന്നാണ്. എന്നിട്ട്. പുതിയ പദ്ധതികളും തുടങ്ങിയാൽ മതിയെന്നാണ്. അതാണ് കേന്ദ്രഗവൺമെന്റിന്റെ നയം, അതാണ് നമ്മളും അംഗീകരിച്ചിരിക്കുന്നത് എന്നാണ് പറഞ്ഞത്. കുരിയാർകുട്ടി-കാരപ്പാറ പദ്ധതി തുടങ്ങിയതാണ്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ എത്രകോടി രൂപ കുരിയാർകുട്ടി-കാരപ്പാറ പദ്ധതി ആരംഭിക്കുന്നതിനുവേണ്ടി ചെലവാക്കി എന്നു പറയണം. അതും ഒരു ഗവൺമെന്റാണ് തുടങ്ങിയത്. തുടങ്ങിവെച്ച പദ്ധതിക്ക് അംഗീകാരം ലഭിച്ചില്ല എന്നു പറയുന്നുണ്ടല്ലോ. അംഗീകാരം നിഷേധിച്ചതായി ഗവൺമെന്റിന് എന്തെങ്കിലും കത്ത് ലഭിച്ചിട്ടുണ്ടോ? അങ്ങനെ എന്തെങ്കിലും നിർദ്ദേശം കേന്ദ്രഗവൺമെന്റിൽനിന്നും കിട്ടിയിട്ടുണ്ടോ? ആകെകൂടി കേന്ദ്രപരിസ്ഥിതി വകുപ്പിൽനിന്നും ഇതിനെ സംബന്ധിച്ച് ഒരു സംശയം പ്രകടിപ്പിച്ചത് മാത്രമേയുള്ളു. ഇത് വന പ്രദേശങ്ങളേയും അതുപോലെ വന്യമൃഗങ്ങളേയും എങ്ങനെ ബാധിക്കും എന്ന കാര്യത്തെസംബന്ധിച്ച് ഒരു സംശയം മാത്രമേ പ്രകടിപ്പിച്ചിട്ടുള്ളു. ആ സംശയനിവാരണത്തിനുവേണ്ടി നമ്മുടെ കേരളത്തിലെ തന്നെ വിദഗ്ദ്ധൻമാരായിട്ടുള്ള എഞ്ചിനീയർമാരേയും അതുപോലെയുള്ള ആളുകളെയും ഈ കാര്യത്തെസംബന്ധിച്ച് അന്വേഷിക്കുന്നതിന് ഗവൺമെന്റ് ഏർപ്പാട് ചെയ്തിരുന്നു. അവർ അന്വേഷിച്ചിട്ട് അതിന്റെ വാസ്തവസ്ഥിതി വ്യക്തമാക്കുന്ന റിപ്പോർട്ട് ഈ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അവിടെ വനം നശിക്കുന്ന പ്രശ്നമില്ല. കുറെ തേക്കിൻതോട്ടങ്ങളാണ് അവിടെയുള്ളത്. നമ്മുടെ നാട്ടിൻപ്രദേശത്ത് ഇപ്പോൾ ധാരാളം തേക്കിൻതോട്ടങ്ങളുണ്ട്. അത് വനംപ്രദേശത്തു മാത്രമേ വച്ചുപിടിപ്പിക്കാവു എന്നില്ല. അതുകൊണ്ട് വനം നശിക്കുന്ന പ്രശ്നം ഈ കാര്യത്തിൽ ഇല്ലായെന്ന് വളരെ വ്യക്തമായിട്ടും പറഞ്ഞിരുന്നു. അതിനുശേഷം കേന്ദ്രഗവൺമെന്റ് അംഗീകാരം നിഷേധിക്കുന്നതിനുമുമ്പുതന്നെ കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടില്ല എന്നുപറഞ്ഞാൽ ലഭിക്കുന്നതിനുവേണ്ടി എന്തു ശ്രമം നടത്തി? ഇക്കാര്യത്തിലുള്ള സംശയം തീർക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും ചെയ്തോ? ഇത് തുടങ്ങിവച്ച പദ്ധതിയല്ലേ? തുടങ്ങിവച്ച പദ്ധതി പൂർത്തീകരിക്കേണ്ട ചുമതല പിന്നീടുവരുന്ന ഗവൺമെന്റുകൾക്കുള്ളതല്ലേ? ഇങ്ങനെ ഒരു പ്രദേശത്തുനിന്നും കൃഷിക്കാരൊക്കെ, ജനങ്ങളൊക്കെ നാടുവിട്ടുപോകുന്ന ഒരു പരിതസ്ഥിതിയിലേക്ക് ഈ ഗവൺമെന്റിന്റെ കാലത്ത് എത്തിച്ചേരുന്നത് ഒരിക്കലും ഭൂഷണമല്ല. അതുകൊണ്ട് ഈ കാര്യം വളരെ ഗൗരവമായിത്തന്നെയെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതിന് വളരെ വൈകുമെങ്കിൽ അത്യാവശ്യമായിട്ടുള്ള ചില പദ്ധതികളുണ്ട്. പ്രത്യേകിച്ചും ഗായത്രി പദ്ധതിക്ക് പോരാതെ വരുന്ന വെള്ളം—ആ അണക്കെട്ടുകളുണ്ടാക്കുന്നതിനുവേണ്ടിയാണ് ഇപ്പോൾ മലയംപാണ്ടി വെള്ളം അതിലേക്ക് തിരിച്ചുവിടുന്നതിനുള്ള ഇൻവെസ്റ്റിഗേഷനൊക്കെ നടത്തുന്നത്. അതിന്റെ ഇൻവെസ്റ്റിഗേഷൻ വളരെവേഗം പൂർത്തിയാക്കി ആ പ്രദേശങ്ങളിലേക്ക് വെള്ളമെത്തിക്കണം. കൃഷിക്കുമാത്രമല്ല വെള്ളം കിട്ടേണ്ടത്; കൃഷി വളരെ പ്രധാനംതന്നെയാണ്. എങ്കിലും കുടിവെള്ളത്തിന്റെ ക്ഷാമം കൂടിയുണ്ട്. ആ പ്രദേശങ്ങളും അങ്ങേയറ്റം വരൾച്ചബാധിതപ്രദേശമാണ്. അതുകൊണ്ട് ഈ കാര്യം വളരെ ഗൗരവമായിട്ട് എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരു പ്രധാനപ്പെട്ട വകുപ്പാണ് പഞ്ചായത്ത്. പഞ്ചായത്തുകളെസംബന്ധിച്ച് സംസാരിക്കുന്ന അവസരത്തിൽ ബഹുമാന്യനായ സുരേന്ദ്രൻപിള്ള പറഞ്ഞ പല കാര്യങ്ങളോടും ഞങ്ങൾക്ക് യോജിപ്പാണുള്ളത്. ഞങ്ങളാണ് ഇവിടെ എതിർക്കുന്നത്, അല്ല, ഇല്ല എന്നൊക്കെ പറയുന്നത് എന്നാണ് ഭരണപക്ഷത്തുള്ളവർ പറയുന്നത്". ഇവിടെ ശ്രീ. സുരേന്ദ്രൻപിള്ള 'തവമാതാ പതിവ്രത' എന്നുപറഞ്ഞപ്പോൾ ഇല്ല എന്നാണോ മനസ്സിലാക്കേണ്ടത്. ആണെങ്കിൽ ശ്രീ. സുരേന്ദ്രൻപിള്ള പറയണം. അദ്ദേഹം നിഷേധംകൊണ്ട് പറഞ്ഞതാണോ? തെരഞ്ഞെടുക്കപ്പെട്ട സമിതികളില്ലാത്തതുകൊണ്ട് വളരെയധികം ബുദ്ധിമുട്ടുകളുണ്ട്. ഞാൻ ചോദിക്കുകയാണ് പഞ്ചായത്തുകളുടെ ചുമതല വഹിക്കുന്ന ഏതെങ്കിലും ഒരു താലൂക്ക് പഞ്ചായത്താഫീസർ ബഹുമാന്യനായ മന്ത്രിക്ക് ഒരു പഞ്ചായത്തിന്റെ ആവശ്യം എന്തെങ്കിലും ഉന്നയിച്ചുകൊണ്ട് ഒരു നിവേദനം നൽകിയിട്ടുണ്ടോ? പഞ്ചായത്തുകൾ പിരിഞ്ഞുപോയതിനുശേഷം ഒരു നിവേദനം താലൂക്ക് പഞ്ചായത്ത് ഓഫീസർ നേരിട്ട് മന്ത്രിക്ക് കൊണ്ടുവന്ന് സമർപ്പിച്ചിട്ടുണ്ടോ? സമർപ്പിക്കാറുണ്ടോ? ഡയറക്ടർക്ക് സമർപ്പിക്കാറുണ്ടോ? അവിടത്തെ പ്രധാനപ്പെട്ട ആവശ്യങ്ങൾ വളരെവേഗം നടപ്പിലാക്കുന്നതിനുവേണ്ടി മന്ത്രിയുടെ മുമ്പിൽ ഒരു നിവേദനം കൊടുക്കുവാൻ പോലുമുള്ള സൗകര്യമില്ല. എന്നിട്ട് യാതൊരു കുഴപ്പവുംകൂടാതെ ഈ പഞ്ചായത്തിന്റെ ഭരണമെല്ലാം നടക്കുന്നു എന്നാണ് പറയുന്നത്. മന്ത്രി അങ്ങനെ പറയുന്നതിൽ ഖേദമുണ്ട്. അങ്ങനെ മനസ്സാക്ഷിക്ക് വിരുദ്ധമായിട്ട് പറയരുത്. ഇത് കേരളത്തിലെ പ്രശ്നമല്ല. നമ്മുടെ രാഷ്ട്രം അംഗീകരിച്ചതാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രശ്നം മാത്രമല്ല. ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്താൻ പറയുന്നതല്ല. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അടക്കം ആസൂത്രണത്തിനേറെയും അതിന്റെ പ്രവർത്തനത്തിനേറെയും ചുമതല പഞ്ചായത്തുകളെ ഏൽപ്പിക്കണമെന്ന് പറഞ്ഞതാണ്. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം കൊടുക്കുന്നതുമാത്രമല്ല ജില്ലകളിൽ പോലും തെരഞ്ഞെടുക്കപ്പെടുന്ന ജനങ്ങൾക്ക് അധികാരം കൊടുക്കുന്ന ജില്ലാഭരണസ്ഥാപനങ്ങൾ ഉണ്ടാകണമെന്ന അഭിപ്രായം ഈ രാജ്യത്ത് ശക്തിയായി പൊങ്ങിവന്നതിന്റെ ഫലമായിട്ടാണ് നമ്മുടെ രാജ്യത്ത് ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ബിൽ പാസ്സാക്കിയത്. ഇന്ന് ഈ ഗവൺമെന്റ് ജനങ്ങളെ ഭയപ്പെടുന്നില്ല എന്ന് പറഞ്ഞല്ലോ. പണ്ട് സുഗ്രീവൻ കിഷ്ക്കിന്ധയിൽപോയി അഭയം പ്രാപിച്ചതുപോലെയാകും അവസാനം നിങ്ങളുടെ സ്ഥിതിയും. ഇപ്പോൾ ജനങ്ങളെ പേടിച്ച് പഞ്ചായത്തുതെരഞ്ഞെടുപ്പ് വേണ്ടന്നുവച്ചു. ഇനി കുറെ കഴിയുമ്പോൾ ജനങ്ങളെപ്പേടിച്ച് ബ്ലോക്ക് അഡൈസറി കമ്മിറ്റി വേണ്ടന്നുവയ്ക്കും, ജനങ്ങളെപ്പേടിച്ച് സംസ്ഥാനതെരഞ്ഞെടുപ്പുതന്നെ വേണ്ടന്നുവയ്ക്കും. സംസ്ഥാനങ്ങൾക്ക് അധികാരം കൊടുക്കണ്ട കേന്ദ്രം ശക്തമാക്കണമെന്ന് പറയുന്നതെന്തുകൊണ്ട്? ജനങ്ങൾ വേറെ ആരെയെങ്കിലും തെരഞ്ഞെടുത്താലോ എന്ന ഭയംകൊണ്ടാണ്. നിങ്ങൾക്ക് അവസാനം ജനങ്ങളെ ഭയപ്പെട്ട് വല്ല മരക്കൊമ്പിലും പോയി ഇരിക്കേണ്ടിവരും. അവിടെ വന്നാൽ ശാപം കിട്ടും, അതുകൊണ്ട് അവിടെ വരാൻ പാടില്ലെന്നു പറയേണ്ടിവരും. ആ രീതിയിൽ ജനങ്ങളെ ഭയപ്പെട്ട് ഈ രാജ്യത്തെ ജനാധിപത്യസ്ഥാപനങ്ങളെയെല്ലാം നശിപ്പിക്കുന്ന രീതിയിൽ നിങ്ങൾ മുന്നോട്ടുപോയിക്കൂടാ. തെരഞ്ഞെടുപ്പിനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിവച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി ഇവിടെ പറഞ്ഞു. തിരഞ്ഞെടുപ്പ് നടത്തുന്നതിന് യാതൊരു തടസ്സവുമില്ല, ബൂത്തുകൾവരെ എവിടെ സ്ഥാപിക്കണമെന്നുള്ളത് ശരിപ്പെടുത്തിവച്ചിരിക്കുന്നു എന്ന് നിങ്ങൾ പറഞ്ഞു. ഇനി എന്തു താമസം? ഭരണകക്ഷിയിലെ തങ്കച്ചനടക്കം പറയണം. ആരെ പേടിച്ചിട്ടാണ് ഇത് നടത്താത്തത്. ജനങ്ങളെ ഭയപ്പെട്ടിട്ടല്ല എന്ന് നിങ്ങൾ പറയുന്നതിൽ എന്താണർത്ഥം? ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അഭിപ്രായമാണോ അതോ ശ്രീ. തങ്കച്ചന്റെ അഭിപ്രായമാണോ പറഞ്ഞതെന്ന് ശ്രീ. തങ്കച്ചൻ പറയണം.

ശ്രീ. ഒ. രാജൻ: 16 കൊല്ലമായിട്ട് സ്വന്തം സംഘടനയുടെ തെരഞ്ഞെടുപ്പ് നടത്താത്ത ഒരു രാഷ്ട്രീയപാർട്ടിയാണ് ഇന്ത്യ ഭരിക്കുന്നതെന്നറിയാമോ?

ശ്രീ. പി. പി. തങ്കച്ചൻ: വാർഡ് പുനർവിഭജനം എന്ന പ്രക്രിയ അവസാനിക്കാതെ തെരഞ്ഞെടുപ്പ് നടത്താൻ സാധിക്കുകയില്ലല്ലോ. അതിന്റെ താമസമാണെന്നറിയാമോ?

ശ്രീ. സി. വാസുദേവമേനോൻ: സർ, അത് മന്ത്രി മറുപടി പറയുമ്പോൾ പറയും. വാർഡ് വിഭജനമെല്ലാം പൂർത്തിയായിരിക്കുന്നു. അല്ലെങ്കിൽ മന്ത്രി പറയണം. മന്ത്രി കഴിഞ്ഞ പ്രാവശ്യം മറുപടി പറഞ്ഞതാണ് ഈ സഭയിൽ. എല്ലാം പൂർത്തിയായിരിക്കുന്നു. ബൂത്തുകൾ എവിടെ സ്ഥാപിക്കണമെന്നുള്ള ലിസ്റ്റ് പോലും വാങ്ങിയിരിക്കുന്നു, നിങ്ങൾ ഭരണകക്ഷിയിലിരുന്നുകൊണ്ട് ഇതെങ്കിലും മന്ത്രിയോട് ചോദിച്ച് മനസ്സിലാക്കണ്ടേ? എല്ലാക്കാര്യങ്ങളും പൂർത്തിയായിരിക്കുന്നു. തെരഞ്ഞെടുപ്പുനടത്താൻ യാതൊരു പ്രയാസവുമില്ല. ഒരാഴ്ച കൊണ്ട് തെരഞ്ഞെടുപ്പ് നടത്താം. മന്ത്രി പറഞ്ഞത് രണ്ടോ മൂന്നോ ദിവസം മതി തെരഞ്ഞെടുപ്പ് നടത്താനെന്നാണ്. പക്ഷേ നിങ്ങൾ അനുവാദം കൊടുക്കുമോ? ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ ഇവിടത്തെ നാലുകൊല്ലത്തെ ഭരണംകൊണ്ട് ജനങ്ങളുടെ മഹാഭൂരിപക്ഷം പിൻതുണ സമ്പാദിച്ചു എന്നു പറയുന്ന നിങ്ങളുടെ നേതാവിനോട് ഒന്ന് പറയണം തെരഞ്ഞെടുപ്പ് അടിയന്തിരമായിട്ട് നടത്താൻ. അങ്ങനെ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളെയെല്ലാം ഇല്ലാതാക്കുകയെന്ന നയം ഈ ഗവൺമെന്റിന്റെ നയമാണെങ്കിൽ അത് പറയണം. അല്ലെങ്കിൽ അടിയന്തിരമായിട്ട് തെരഞ്ഞെടുപ്പ് നടത്തണം. അതുപോലെതന്നെ മറ്റൊരു കാര്യം ഇവിടെ പറഞ്ഞത് പഞ്ചായത്ത് ഫിനാൻസ് കമ്മിഷനെ സംബന്ധിച്ചാണ്. പഞ്ചായത്ത് ഫിനാൻസ് കമ്മിഷൻ പഞ്ചായത്തുകളെ സഹായിക്കാൻവേണ്ടിയാണോ?

സർ, പഞ്ചായത്ത് ഡയറക്ടർ ശ്രീ. സുബ്ബയ്യൻ, ഷെഡ്യൂൾഡ് കാസ്റ്റാണ്. അയാളെ ഇതിൽനിന്ന് മാറ്റണം. അതിനുള്ള തന്ത്രമല്ലേ. പതിമൂന്ന് കൊല്ലക്കാലം സുസ്ത്യർഹമായ സേവനമനുഷ്ഠിച്ചിട്ടുള്ള പഞ്ചായത്ത് ഡയറക്ടറെ ആ സ്ഥാനത്തുനിന്ന് മാറ്റാൻ നിങ്ങൾക്ക് മറ്റൊരുവഴി കണ്ടില്ല. നിങ്ങൾ ഇവിടെ പിന്നോക്കക്കാർക്കുവേണ്ടി വാദിക്കുന്നല്ലോ, അവരെ പരിപൂർണ്ണമായിട്ട് സംരക്ഷിക്കണമെന്ന് പറയുന്നല്ലോ. നിങ്ങൾ എന്താണ് പറയാത്തത് ഒരു ഡിപ്പാർട്ടുമെന്റിന്റെ തലവനായി പതിമൂന്ന് കൊല്ലക്കാലം പിന്നോക്കസമുദായത്തിൽപ്പെട്ട ഒരാൾ സേവനമനുഷ്ഠിച്ചതിനുശേഷം അയാളെ അവിടെ നിന്ന് മാറ്റി. മുഖ്യമന്ത്രിയോട് ചോദിച്ചപ്പോൾ പറഞ്ഞത് അതിനെക്കാൾ ഉയർന്ന പദവിയിൽ ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷ

LIBRARY ARCHIVES Kerala Legislative Assembly

നിലേക്ക് അയാളെ മാറ്റിയെന്നാണ്. ഇപ്പോൾ ഞാൻ ചോദിക്കട്ടെ പഞ്ചായത്ത് ഫിനാൻസ് കമ്മീഷൻ ഇംപ്ലിമെന്റേഷൻ ഓഫീസർ, അയാളുടെ ഓഫീസ് എവിടെയാണ്. ബഹുമാനപ്പെട്ട മന്ത്രി ഒന്ന് പറഞ്ഞുതരൂ; അയാൾക്ക്, എനിക്കൊരു കത്ത് എഴുതണം; ഏത് ഓഫീസിലേക്ക് എഴുതണം, അയാൾക്ക് ഓഫീസുണ്ടോ ഇന്ന്. എന്തിനാണ് ഈ കളിയെല്ലാം വാസ്തവത്തിൽ സത്യസന്ധമായിട്ട്, കാര്യങ്ങൾ നടത്തുന്നതിനുപകരം ഇങ്ങനെ ജനങ്ങളുടെ അതി പ്രധാനമായ പഞ്ചായത്ത് പോലുള്ള കാര്യങ്ങളിൽ അത്യാത്തിലുള്ള ഒളിച്ചുകളി നടത്തുന്നതും, അതുപോലെ തിരിമറികളും നടത്തുന്നതും, ഭൂഷണമല്ല. മന്ത്രിയില്ലാത്ത നിലയ്ക്കു ബഹുമാനപ്പെട്ട ശ്രീ. സുന്ദരത്തെപ്പറ്റി എനിക്ക് വലിയ മതിപ്പാണ് ഉള്ളത്, സ്നേഹമാണുള്ളത്. പക്ഷേ. അദ്ദേഹം മന്ത്രിയായിരുന്നുകൊണ്ട് മൂടുപടം ഇട്ടുകൊണ്ടുള്ള ഈ പ്രവർത്തനം വാസ്തവത്തിൽ അങ്ങേയറ്റം ജനങ്ങൾക്ക് ദ്രോഹകരമാണ്.

രാജ്യത്തിന് ദ്രോഹകരമാണ്. നിങ്ങളുടെ മനസ്സാക്ഷിക്കും ദ്രോഹകരമായിട്ടുള്ള പ്രവർത്തനമാണ്.

ഒരു വാക്കുകൂടി പറയട്ടെ, ഈ ശുദ്ധജലവിതരണത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ശ്രീ. തങ്കച്ചൻ പറഞ്ഞ അഭിപ്രായം തന്നെയാണ് എനിക്കുള്ളത്. ഒരു ടാപ്പ് പുതുതായിട്ട് വയ്ക്കണമെങ്കിൽ ഇവിടെ വന്ന് മാനേജിംഗ് ഡയറക്ടറോട് പറയണം. സർ, എനിക്കും സാധിക്കും. ശ്രീ. തങ്കച്ചനും സാധിക്കും. സാധാരണ വിവിധ പഞ്ചായത്തുകളിൽ ഇതുപോലുള്ളവ സ്ഥാപിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ആരോട് പറയും. ജനങ്ങളെ സംബന്ധിച്ചിടത്തോളം കുടിക്കുന്ന വെള്ളത്തിന് ഒരു ടാപ്പ് വയ്ക്കുന്ന കാര്യം പറയണമെങ്കിൽ തിരുവനന്തപുരത്തുവന്ന് മാനേജിംഗ് ഡയറക്ടറെ കാണണമെന്നുള്ള സ്ഥിതി ഈ വാട്ടർ ആന്റ് വെയ്സ്റ്റ് വാട്ടർ അതോറിറ്റിയിൽ വന്നുകൂടാ. അതിൽ ജനങ്ങൾക്ക് പറയാനുള്ളത് പറയാൻ ഒരു സംവിധാനമുണ്ടാകണം. കുടിവെള്ളം വളരെ പ്രധാനമായ ഒരു കാര്യമാണ്. അതുപോലെ ഒരു കാര്യം ഇവിടെ ബന്ധപ്പെട്ട എം. എൽ. എ. മാർക്ക് പ്രസംഗിക്കാൻ സമയമില്ലാത്തതുകൊണ്ട്, രണ്ടോ മൂന്നോ പഞ്ചായത്തുകളെ ബാധിക്കുന്ന കാര്യങ്ങൾ ആണ്. കൊളച്ചേരി വാട്ടർ സപ്ലൈ സ്കീമിന് സാംഗ്ഷൻ കിട്ടിയതാണ്. സാംഗ്ഷൻ കിട്ടിയ വാട്ടർ സപ്ലൈ സ്കീം ഇത്ര കാലമായിട്ടും നടത്തുന്നില്ല. ബഹുമാനപ്പെട്ട ശ്രീമതി ദേവൂട്ടി, അതുപോലെതന്നെ ശ്രീ. മൂസാൻ കുട്ടി, ശ്രീ. എ. കെ. ശശീന്ദ്രൻ എന്നിവരുടെ മണ്ഡലങ്ങളിൽപ്പെടുന്നതാണ്. ആ വാട്ടർ സപ്ലൈ സ്കീമിന് സാംഗ്ഷൻ ആയിട്ട് നടപ്പിലാക്കുന്നില്ല. അത് നടപ്പിലാക്കുന്നതിനുവേണ്ടി അടിയന്തിരമായ നടപടി സ്വീകരിക്കണം. അത്തരത്തിൽ പ്രഖ്യാപിത നയങ്ങൾക്ക് എതിരായിട്ട് നമ്മുടെ രാഷ്ട്രം അംഗീകരിച്ച നയങ്ങൾക്ക് എതിരായിട്ടാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്: അതുപോലെതന്നെ ചരിത്രകാലംമുമ്പ് നമ്മുടെ രാജ്യത്ത് വിദേശീയരെ ആകർഷിച്ചത് നമ്മുടെ ജലസമ്പത്താണ്. അവയെല്ലാം നഷ്ടപ്പെടുത്തിക്കൊണ്ട് അതുപോലും കാര്യക്ഷമമായിട്ട് ഉപയോഗിക്കാൻ സാധിക്കാതെ ജനങ്ങൾ നാടുവിട്ട് പോകുന്ന ഒരു പരിതഃസ്ഥിതി ഇവിടെ എത്തിയിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ ധനാഭ്യർത്ഥനകളെ നാലിനേയും ഞാൻ പിന്താങ്ങുകയാണ്. സർ, ഇന്നത്തെ സഭയിലെ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാന പരാതി പഞ്ചായത്ത് തെരഞ്ഞെടുപ്പ് നീട്ടിവച്ചതിനെക്കുറിച്ചാണ്. എനിക്ക് അതിനെക്കുറിച്ച് ഒന്നേ പറയാനുള്ളു. മുട്ടുകൈ ഇല്ലാത്തവൻ ചെറുവിരലില്ലാത്തവനെ പരിഹസിക്കരുത് എന്ന് മാത്രമേ എനിക്ക് പറയുവാനുള്ളു. പ്രത്യേകിച്ച് അപ്പുറത്ത് ആർ. എസ്. പി. ക്കാരും അതുപോലെതന്നെ സി. പി. ഐ. ക്കാരുമൊക്കെ ഇരിക്കുമ്പോൾ അവർക്ക് എങ്ങനെയാണ് ഈ വക കാര്യങ്ങൾ പറയാൻ കഴിയുന്നത്? നിങ്ങളുടെ പണി തരക്കേടില്ലാത്ത ഒരു പണിയാണ്. കാരണം എല്ലാ കാര്യത്തിലും ഉള്ള സമീപനം എത്താണ്ട് അതേമാതിരിയാണ്. അടിയന്തിരാവസ്ഥ തീരുന്നതുവരെയും അത് നന്നായി ആസ്വദിച്ചു, അടിയന്തിരാവസ്ഥ കഴിഞ്ഞപ്പോൾ അതിനെ തള്ളിപ്പറഞ്ഞു. അതുപോലെതന്നെ പഞ്ചായത്ത് തെരഞ്ഞെടുപ്പ്. ഇവിടെ ഏറ്റവും കൂടുതൽ പ്രാവശ്യം മാറ്റിവച്ച ഗവൺമെന്റിന് നേതൃത്വം കൊടുത്ത് ആ ഗവൺമെന്റിൽ ഇരുന്ന ആളുകളാണ് അപ്പുറത്തിരുന്ന് ഇവിടെ ഇപ്പോൾ കുറച്ചുകാലത്തേക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പ് മാറ്റിവച്ചതിനെ വലിയ കാര്യമായി പറയുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ആ കാലഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സമിതി നിലവിലുണ്ടായിരുന്നു എന്ന് അങ്ങേക്ക് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അറിയാം. ഇപ്പോൾ ഈ ഗവൺമെന്റ് തെരഞ്ഞെടുപ്പ് വളരെയധികം നീട്ടിക്കൊണ്ടുപോകുവാൻ ഉദ്ദേശിക്കുന്നില്ല എന്നുള്ളതിന്റെ ഒന്നാമത്തെ തെളിവാണിത്. കാരണം ഉദ്യോഗസ്ഥൻമാരെവച്ച് വാർഡ് വിഭജനവും മറ്റുള്ള കാര്യങ്ങളുമൊക്കെ പെട്ടെന്ന് നടത്തി തെരഞ്ഞെടുപ്പ് പൂർത്തിയാക്കണമെന്നുള്ള നിലയിലാണ് കൗൺസിലുകളുടെ കാലാവധി നീട്ടിക്കൊടുക്കേണ്ട എന്ന് അന്ന് തീരുമാനിച്ചത്. അപ്പോൾ തെരഞ്ഞെടുപ്പ് നടത്താൻ ഉദ്ദേശിച്ചിരിക്കുന്നു എന്നുള്ളതിന്റെ ഒന്നാമത്തെ തെളിവാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പു ഇത്രയും നീട്ടിക്കൊടുത്ത സാഹചര്യത്തിൽ, കാലാവധി നീട്ടിക്കൊടുക്കുവാനുള്ള അധികാരം സ്വയം ഉപേക്ഷിച്ചിട്ട്, ഇത് നീട്ടിക്കൊണ്ടുപോകാൻ ഉദ്ദേശിച്ചിട്ടാണോ ഗവൺമെന്റ് ഇത്രയും വലിയവേല ചെയ്യാൻ തയ്യാറായത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പഞ്ചായത്ത് തെരഞ്ഞെടുപ്പ് എപ്പോൾ നടത്തണമെന്ന് തീരുമാനിക്കേണ്ടത് ഗവൺമെന്റാണ്. ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചിരുന്ന വകുപ്പിന്റെ കാര്യത്തിലും അത് ഭേദഗതിചെയ്യാനുള്ള അവകാശം ഗവൺമെന്റിനു, അതുപോലെ സയേൻക്കുമൊക്കെയാണ്. അത് എപ്പോൾ നടത്തണമെന്നുള്ളത് തീരുമാനിക്കേണ്ടത് ഗവൺമെന്റാണ്.

ശ്രീ. സി. ടി. കൃഷ്ണൻ: ബഹുമാനപ്പെട്ട കോടതി ഈ നിശ്ചിതതീയതിക്ക് തെരഞ്ഞെടുപ്പ് നടത്തുകയോ അല്ലെങ്കിൽ നിലവിലുള്ള ബോർഡിന്റെ കാലാവധി നീട്ടിക്കൊടുക്കുകയോ ചെയ്യണമെന്നുള്ള നിർദ്ദേശം ഗവൺമെന്റിനു കൊടുത്തതായിട്ട് ബഹുമാനപ്പെട്ട ശ്രീ. കുഞ്ഞാലിക്കുട്ടിക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഞാൻ അതൊന്നും നിഷേധിച്ചിട്ടില്ല. പുതിയ വാർഡ് വിഭജനം നടത്തി, പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പ് നടത്താനാണ് ഗവൺമെന്റിന്റെ ഉദ്ദേശം. ആ ഉദ്ദേശം മുന്നിൽ വച്ചുകൊണ്ടാണ് അത്തരം കാര്യങ്ങളൊക്കെ ചെയ്തത്. ഇനി ഇപ്പോഴും പഞ്ചായത്ത് തെരഞ്ഞെടുപ്പ് നീട്ടിവയ്ക്കുന്നത് അത്ര വലിയ ഒരു പരാതി അല്ല. ഇൻഡ്യയിലെ ഒരു സംസ്ഥാനത്തും പഞ്ചായത്ത് തെരഞ്ഞെടുപ്പ് സമയത്തുനടത്തുന്ന ചരിത്രമില്ല. കേരളത്തിന്റെ കാര്യംതന്നെ എടുത്തുനോക്കിയാൽ ഏത് ഗവൺമെന്റാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നീട്ടിവയ്ക്കാത്തതായിട്ടുള്ളത്. ശ്രീ. പട്ടം താണുപിള്ളയുടെ ഗവൺമെന്റ്, ശ്രീ. ശങ്കർ മന്ത്രിസഭ, ശ്രീ. ഇ. എം. എസ്. ന്റെ മന്ത്രിസഭ, പിന്നെ ശ്രീ. അച്യുതമേനോന്റെ മന്ത്രിസഭയുടെ കാലത്തുള്ള കാര്യമാണ് ഞാൻ നേരത്തെ പറഞ്ഞത്. കുറച്ചെങ്ങാനുമാണോ, 15 കൊല്ലക്കാലത്തിനുള്ളിൽ പതിനെട്ടു തവണ നീട്ടി. ചെറിയ നീട്ടലൊന്നുമല്ല നീട്ടിയത്. അന്ന് പഞ്ചായത്ത് മന്ത്രി ശ്രീ. അവുക്കാദർകുട്ടി നഹ ആയിരുന്നു. അത് അറിഞ്ഞുകൊണ്ടുതന്നെയാണ് പറയുന്നത്. ആ മന്ത്രിസഭയുടെ നേതാവ് ശ്രീ. അച്യുതമേനോനായിരുന്നു എന്നു കൂടി ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, തെരഞ്ഞെടുപ്പ് നീണ്ടുപോയി എന്നത് ശരിയാണെങ്കിലും തെരഞ്ഞെടുപ്പുനടത്തുന്നത് വരെ പഞ്ചായത്ത് കമ്മിറ്റിയെ തുടരാൻ അനുവദിച്ചിരുന്നുവെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീമതി കെ. ആർ. ഗൗരി: ഒരു തെറ്റ് അങ്ങ് തിരുത്തിയേക്കണം. ശ്രീ. അച്യുതമേനോൻ പതിനഞ്ച് വർഷമൊന്നും ഭരിച്ചിട്ടില്ല. എട്ടു കൊല്ലമേ ഭരിച്ചിട്ടുള്ളു. 1969 ഡിസംബറിൽ തുടങ്ങിയത് 1977-ൽ തീർന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഞാൻ മൊത്തത്തിലുള്ളതാണ് പറഞ്ഞത്, എല്ലാ ഗവൺമെന്റുകളുടെ കാലത്തുംകൂടി പതിനഞ്ച് കൊല്ലത്തേക്ക് എന്നാണ് പറഞ്ഞത്. ശ്രീ. അച്യുതമേനോന്റെ മന്ത്രിസഭയ്ക്ക് നീട്ടാവുന്നിടത്തോളം കാലം നീട്ടി. അതുപോലെതന്നെ ശ്രീമതി. കെ. ആർ. ഗൗരി ഉൾപ്പെട്ട മന്ത്രിസഭ കുറെക്കാലം നീട്ടി.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. നഹാ സാഹിബ് ആയിരുന്നു അന്ന് പഞ്ചായത്ത് മന്ത്രി.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അത് ഞാൻ അംഗീകരിച്ചു. അതാണ് ഞാൻ പറഞ്ഞത് ഇവിടെ ഇപ്പോഴും അത്ര വലിയ കാര്യമൊന്നും സംഭവിച്ചിട്ടില്ലെന്ന്. ഇവിടെ ആകെ നീട്ടിയെന്നു പറയുന്നത് ഒരു കൊല്ലമാണ്.

ശ്രീ. പി. കെ. കെ. ബാവ: ഇടതുപക്ഷ സർക്കാർ ഇവിടെ ഭരിച്ചിരുന്ന കാലത്ത്, ശ്രീ. ആർ. എസ്. ഉണ്ണി മന്ത്രിയായിരുന്ന കാലത്ത് മലപ്പുറം ജില്ലയിൽ തെരഞ്ഞെടുപ്പ് നടത്തുവാൻ പ്രതിപക്ഷത്തുനിന്ന് വളരെയധികം സമ്മർദ്ദങ്ങളും ഉണ്ടായിട്ടും യാതൊരു കാരണവും ഇല്ലാതെ നീട്ടിവച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അതാണ് ഞാൻ പറഞ്ഞത് ഓരോ കാലത്തും നീട്ടിയിട്ടുണ്ടെന്ന്. ഇവിടെ ഇപ്പോഴത്തെ സംവിധാനത്ത് കുറച്ചു കാലത്തേക്ക്, ഒരു ആറുമാസമോ, എട്ടുമാസമോ ഒരുകൊല്ലമോ താമസം ഉണ്ടായി എന്ന് സമ്മതിക്കുന്നതിൽ എനിക്ക് വിരോധമില്ല. പക്ഷെ ഈ ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നതിൽ യാതൊരു അർത്ഥവുമില്ല. ഇനി ഇപ്പോഴത്തെ തെരഞ്ഞെടുപ്പ് വേണമെന്നു പറയാം. അത് എപ്പോഴത്തെ വേണമെന്ന് തീരുമാനിക്കേണ്ടത് ഇപ്പോഴത്തെ ഭരിക്കുന്ന ഗവൺമെന്റാണ്. ആ ഗവൺമെന്റ് തീരുമാനിക്കുകതന്നെ ചെയ്യും. ഇപ്പോഴത്തെ പറയുന്നത് ബംഗാളിന്റെ കാര്യമാണ്. ഇപ്പോഴത്തെ തെരഞ്ഞെടുപ്പ് കഴിഞ്ഞ് നിങ്ങളെ വിജയിച്ചു എന്നൊക്കെ പറയുന്നുണ്ട്. ശ്രീ. വാസുദേവമേനോൻ പറഞ്ഞു ജനങ്ങളെ പേടിച്ചാണ് തെരഞ്ഞെടുപ്പ് നീട്ടിയതെന്നാണ്. അങ്ങനെയാണെങ്കിൽ ബംഗാളിലെ ഗവൺമെന്റും ഈ കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലം ഭയന്നുകൊണ്ടായിരുന്നോ തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടിരുന്നത്.

ശ്രീ. പി. പി. തങ്കച്ചൻ: ഇപ്പോഴത്തെ രാഷ്ട്രീയ സാഹചര്യത്തിൽ ഒരു പൊതുതെരഞ്ഞെടുപ്പിനോ പഞ്ചായത്ത് തെരഞ്ഞെടുപ്പിനോ മാർക്സിസ്റ്റ് പാർട്ടി തയ്യാറല്ല എന്നുള്ള കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അതാണ് ഞാൻ ഇനി പറയാൻ പോകുന്നത്. ഇപ്പോഴത്തെ ബംഗാളിലുണ്ടായ വിജയമൊക്കെക്കണ്ട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും പ്രതിപക്ഷങ്ങളും ഇവിടെ അങ്ങനെ ഒച്ചയും ബഹളവും ഉണ്ടാക്കരുത്. കാരണം ഏറ്റവും പുതിയ ന്യൂസ് ഞാൻ പറഞ്ഞുതരാം. ഇന്ന് കാലത്ത്. ഇന്നലെ ഇവിടെനിന്ന് പോയ ശ്രീ. എം. വി. രാഘവൻ കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ ഇറങ്ങി. അദ്ദേഹത്തെ സ്വീകരിക്കുവാൻ അവിടെ ഒരു വമ്പിച്ച ജനക്കൂട്ടം ഉണ്ടായിരുന്നു. നേരെമറിച്ച് അതേവണ്ടിയിൽ പോയിരുന്ന ശ്രീ. ബാലാനന്ദൻ ഇറങ്ങിയപ്പോഴത്തെ ഒന്നും ആളുകളും ഉണ്ടായിരുന്നില്ല എന്നാണ് റിപ്പോർട്ട്. ആരുമില്ലാതെ ബാഗും തൂക്കിപ്പിടിച്ച് ഇറങ്ങിപ്പോയത് ബാലാനന്ദനാണ്. സ്വീകരിച്ചുമാലയിട്ടു കൊണ്ടുപോയത് എം. വി. രാഘവനെയാണ്. ഇപ്പോഴത്തെ സംശയം മാറിക്കാണുമെന്ന് വിശ്വസിക്കുകയാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ ഇവിടെ തെരഞ്ഞെടുപ്പിനു വേണ്ടിയൊന്നും ബഹളം കൂട്ടിയിട്ടാവശ്യമില്ല. ഈ ഗവൺമെന്റ് പഞ്ചായത്തത്ത് തെരഞ്ഞെടുപ്പിനെക്കുറിച്ച് കാര്യമായിട്ടാലോചിച്ചുകൊണ്ടിരിക്കുകയാണ്. എന്തായാലും പഞ്ചായത്തുതെരഞ്ഞെടുപ്പ് നടത്തുവാനുള്ള ഈ ഗ്യാപ്പിൽ ചില കാര്യങ്ങളും ചെയ്യണമെന്നാണ് എനിക്ക് വിനീതമായി അപേക്ഷിക്കുവാനുള്ളത്. ഈ കാലത്ത് ചില കാര്യങ്ങളും ചെയ്താൽമാത്രമേ അടുത്ത് പഞ്ചായത്തുതെരഞ്ഞെടുപ്പ് കഴിഞ്ഞ് ഭരണസമിതികളും നിലവിൽ വരുമ്പോഴും ആ സമിതികൾക്ക് നന്നായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളു. സമിതികളും വെറുതേയിരുന്ന് പ്രമേയം പാസാക്കുകയെന്ന ഒരു സ്ഥിതിയിൽനിന്ന്, മാറണമെങ്കിൽ ചില കാര്യങ്ങളൊക്കെ ചെയ്യേണ്ടതുണ്ട്. ഒന്നാമതായി പഞ്ചായത്തു വകുപ്പുതന്നെ ഒരു മേജർ വകുപ്പായി അംഗീകരിക്കേണ്ടതുണ്ട്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: പഞ്ചായത്തുവകുപ്പ് ഒരു മേജർ വകുപ്പായി അംഗീകരിക്കണമെന്നാണ് പറയുന്നത്. ഭരണമുന്നണിയും മുഖ്യമന്ത്രിയും അംഗീകരിക്കണമെന്നാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: കാലാകാലങ്ങളായി പഞ്ചായത്ത് വകുപ്പിനോട് എടുത്തു വരുന്ന സമീപനത്തിൽ മാറ്റം വരുത്തണമെന്നാണ് ഞാൻ പറയുന്നത്. കാരണം പഞ്ചായത്തുവകുപ്പിലൂടെ വികസന പ്രവർത്തനങ്ങൾ നടപ്പിലായാൽ അതായിരിക്കും ഏറ്റവും ഫലപ്രദം. ഇത് സംബന്ധിച്ച് ഏർപ്പെടുത്തിയ കമ്മീഷനുകളൊക്കെതന്നെ ഇത് മുമ്പ് പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. ബൽവന്തറോയ് മേത്ത കമ്മീഷൻ, അശോക് മേത്താ കമ്മീഷൻ ഇവരെല്ലാം പറഞ്ഞിട്ടുള്ള കാര്യമാണ്. എന്തിനധികം നമ്മുടെ മഹാത്മഗാന്ധിയുടെ തീയറിതന്നെ അതാണ്. അങ്ങനെയുള്ള രീതിയിൽ പഞ്ചായത്ത് ഡിപ്പാർട്ടുമെന്റിനെ കാണണമെന്നാണ് ഞാൻ പറയുന്നത്. പല വികസനപ്രവർത്തനങ്ങളുമുണ്ട്. ലോകസഭ പാസാക്കുന്ന നിയമങ്ങളുണ്ട്. നമ്മുടെ സഭ പാസാക്കുന്ന നിയമങ്ങളുണ്ട്. ജനങ്ങളുടെ നാഡിയിടിപ്പറിയാവുന്ന ഒരു ജനകീയ സമിതിയാണ് ഈ പഞ്ചായത്ത്സമിതികൾ, ആ പഞ്ചായത്തുസമിതികളെ സംബന്ധിച്ചിടത്തോളം ഇന്നത്തെ സ്ഥിതി വളരെ ശോചനീയമാണ്. അത് ഈ ഗവൺമെന്റിന്റെ കാലത്തു മാത്രമുള്ളതല്ല. പല വികസന പ്രവർത്തനങ്ങളും ഇന്ന് ഉദ്യോഗസ്ഥ ഏജൻസിയിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അത് പലതും വേണമെങ്കിൽ പഞ്ചായത്തിലൂടെ നടപ്പിലാക്കാവുന്നതാണ്. എന്തിനധികം പറയുന്നു, ഇരുപതിനപരിപാടി പോലും ഇന്ന് ബ്ലോക്കുതലത്തിലൂടെയാണ് നടപ്പിലാക്കുന്നത്. ആ പരിപാടികൾ ഫലത്തിൽ ഉദ്യോഗസ്ഥൻമാരാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അത് മാറ്റുന്നതിനുവേണ്ടി ഈ വികസനപ്രവർത്തനങ്ങളിൽ ചിലത് പഞ്ചായത്തുവകുപ്പിൽ കൊണ്ടുവന്ന് പഞ്ചായത്തിലൂടെ നടപ്പിലാക്കുവാനുള്ള നടപടികളെടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. അതുമാത്രമല്ലെതന്നെയാണ് ആവശ്യമായ ഫണ്ട് പ്രൊവൈഡ് ചെയ്യുന്ന കാര്യം. പലരും അതിനെപ്പറ്റി ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ അതിനെപ്പറ്റി വിശദീകരിക്കുന്നില്ല. തെരഞ്ഞെടുപ്പിനുമുമ്പ് ചില നിയമഭേദഗതികളൊക്കെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വരുത്തണമെന്നാണ് എനിക്കു പറയുവാനുള്ളത്. ഇപ്പോൾ പഞ്ചായത്ത് ഫൈനാൻസ് കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പത്തിരുപത് വർഷംമുമ്പുണ്ടാക്കിയ ഒരു നിയമസംഹിതയാണിന്ന് പഞ്ചായത്തുകളിൽ നിലനിൽക്കുന്നത്. ഇതനുസരിച്ച് ഒരു തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ബോർഡ് എടുത്ത തീരുമാനമാണെങ്കിൽപോലും അത് ക്യാൻസൽചെയ്യാനുള്ള അധികാരം ഡെപ്യൂട്ടി ഡയറക്ടർക്ക് ഉണ്ട്. ഞാൻ ഒരു ഉദാഹരണം മാത്രം പറയുകയാണ്, തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രസിഡൻറ്, ജനങ്ങളുടെ പ്രതിനിധിയായി ബഹുമാനിക്കപ്പെടേണ്ട ഒരാൾ, ഡെപ്യൂട്ടി ഡയറക്ടറുടെ മുമ്പിൽചെന്ന് ഓഛാനിച്ചുനിൽക്കേണ്ട സ്ഥിതിവിശേഷം ഇതുമൂലമുണ്ടാകും. ഇത്തരത്തിലുള്ള ഒരുപാട് ന്യൂനതകൾ നമ്മുടെ പഞ്ചായത്തുനിയമത്തിലുണ്ട്. ഈ ഇടവേളയിൽ ഇത്തരം കാര്യങ്ങൾ ചെയ്യാൻവേണ്ടി ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ഒന്നുരണ്ടുകാര്യങ്ങൾ നഗരസഭകളെക്കുറിച്ചുകൂടി പറഞ്ഞുകൊള്ളട്ടെ. ഒന്ന്; നോൺ-റെമ്യൂണറേറീവ് ടൗൺ ഇംപ്രൂവുമെന്റ് സ്കീം. കേരളത്തിലെ നഗരസഭകളെ സംബന്ധിച്ചിടത്തോളം മർമ്മപ്രധാനമാണ്. അതിൽനിന്നാണ് നഗരസഭകൾക്ക് പല വികസനപ്രവർത്തനങ്ങൾക്കും പണം കൊടുത്തുകൊണ്ടിരിക്കുന്നത്. ഇത്തവണ കേവലം 10 ലക്ഷം രൂപമാത്രമാണ് ഈ സ്കീമിലുള്ളത്. മലപ്പുറം മുനിസിപ്പാലിറ്റിയുടെ കാര്യം പറയുകയാണെങ്കിൽ 10 ലക്ഷത്തിലധികം രൂപ ഈ ഇനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കുടിശ്ശികയായി കൊടുക്കാനുണ്ട്. അതുകൊണ്ട് മുൻധനകാര്യവകുപ്പു മന്ത്രിയും പുതിയ ധനകാര്യ വകുപ്പുമന്ത്രിയുംകൂടി ഒന്നാലോചിച്ച് കുടിശ്ശികയായിമാത്രം നിൽക്കുന്ന ഈ ഹെഡിലുള്ള പണം കൊടുത്തുതീർക്കാനുള്ള നടപടികളും സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

അതുപോലെയാണ് ഐ. ഡി. എസ്. എം. ടി. സ്കീം. കേരളത്തിലെ 9 നഗരസഭകളെ ഈ സ്കീമിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 9 നഗരസഭകളിലും വലിയ വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്. 40+40+20 അതായത് 40 ശതമാനം കേന്ദ്രഗവൺമെൻറ് 40 ശതമാനം സംസ്ഥാനഗവൺമെൻറ് 20 ശതമാനം. അതായത് മുനിസിപ്പാലിറ്റികളും എന്നുള്ള നിലയിലാണ് ഈ സ്കീമിപ്പോൾ നടപ്പിലാക്കിവരുന്നത്. ഈ സ്കീമുകളുടെ നടത്തിപ്പിൽ വളരെയധികം കാലതാമസമുണ്ടായിട്ടുള്ളതുകൊണ്ട് പല പ്രയാസങ്ങളുമുണ്ടായിരിക്കുകയാണ്. ലാൻഡ് അക്വിസിഷനിലും ടെക്നിക്കൽ സാങ്ഷനിലും മെറ്റീരിയൽസ് കിട്ടാത്തതിലുള്ള പ്രയാസങ്ങളാലുമാണ് കാലതാമസമുണ്ടായത്. കാലതാമസംമൂലം ഈ സ്കീമുകളും പലതും നടപ്പിലാക്കാൻ പറ്റാത്ത സ്ഥിതിവന്നിരിക്കുകയാണ്. അതിന്റെ പ്രോജക്ട് റിപ്പോർട്ടുകളും റിവൈസ് ചെയ്തേ മതിയാകുകയുള്ളൂ. ഇതിന്റെ പല പണികളും രാമേശ്വരത്തെ ക്ഷൗരംപോലെ പകുതിയാക്കിനിറുത്തിവച്ചിരിക്കുകയുണ്ട്. അങ്ങനെയുള്ള സ്ഥിതി മാറ്റുവാൻവേണ്ടി പുതിയ പ്രോജക്ട് റിപ്പോർട്ടുണ്ടാക്കി 7-ാം പഞ്ചവൽസരപദ്ധതിയിൽ ഐ. ഡി. എസ്. എം. ടി സ്കീമിനാവശ്യമായ ഫണ്ട് പ്രൊവൈഡ് ചെയ്യാനുള്ള നടപടികളും സ്വീകരിക്കണമെന്ന് ഞാൻ വകുപ്പുമന്ത്രിയോടഭ്യർത്ഥിക്കുന്നു.

കേരളത്തിലെ പല നഗരസഭകളിലും മർമ്മപ്രധാനമായ ഏറ്റവും പ്രയാസമേറിയ ഒരു പ്രശ്നമായിമാറിക്കൊണ്ടിരിക്കുകയാണ് solid waste disposal. നമ്മുടെ നഗരസഭകളുടെ ആരോഗ്യത്തെതന്നെ ബാധിക്കുന്ന ഒരു പ്രശ്നമാണ്, അതിന് തക്കതായ ഒരു സ്കീമുണ്ടാക്കാൻവേണ്ടി ശ്രമിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടഭ്യർത്ഥിക്കുന്നു. നമ്മുടെ വാട്ടർ സപ്ലൈ സ്കീമിൽ പലതും എൽ. ഐ. സി. യുടെ സഹായത്തോടുകൂടിയുള്ളതാണ്. ഇന്ത്യയിലെ 70 ശതമാനം രോഗവും വെള്ളത്തിൽകൂടി പകരുന്ന രോഗങ്ങളാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ അർത്ഥത്തിൽ നോക്കുകയാണെങ്കിൽ നഗരശുചീകരണം വളരെ മർമ്മപ്രധാനമാണ്. കുടിവെള്ളത്തെപ്പോലും മലിനമാക്കുന്ന വെയ്സ്റ്റ് ഉണ്ട്. അത് നഗരങ്ങളിൽനിന്നും ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. വെയ്സ്റ്റുകൾ കത്തിക്കുന്നതിനുള്ള യന്ത്രങ്ങൾ വാങ്ങുകയോ അതുപോലെയുള്ള ഏതെങ്കിലും പദ്ധതിക്കാവശ്യമായ സ്കീം ആവിഷ്ക്കരിക്കുകയോ ചെയ്യണമെന്ന് ഞാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടഭ്യർത്ഥിക്കുന്നു.

ഒന്നുരണ്ടുകാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ ചുരുക്കുകയാണ്. മലപ്പുറം ജില്ലയിൽ നിരന്തരമായി കടലാക്രമണങ്ങളുണ്ടാകുന്ന കടൽത്തീരങ്ങളുണ്ട്. പൊന്നാനി, കടലുണ്ടി തുടങ്ങി വ്യാപകമായി കടലാക്രമണങ്ങളുണ്ടാകുന്ന പ്രദേശങ്ങളിൽ കടൽഭിത്തികെട്ടുന്നതിനുള്ള അടിയന്തിരനടപടികളും സ്വീകരിക്കണം. പല സ്ഥലത്തും മണൽച്ചാക്കിട്ടുകൊണ്ട് താൽക്കാലികനടപടികളും എടുത്തിരിക്കുകയാണ്. അവിടെ സ്ഥിരമായ കടൽഭിത്തികെട്ടാനുള്ള നടപടികളെടുക്കണമെന്ന് ഞാൻ മന്ത്രിയോടഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ പരപ്പനങ്ങാടി, കടലുണ്ടി

LIBRARY ARCHIVES Kerala Legislative Assembly

നഗരം, വേങ്ങര തുടങ്ങിയ വാട്ടർ സപ്ലൈ സ്കീമുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഒറിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അഴിമതിയുടെയും ധൂർത്തിന്റെയും നിറകുടമായ ഒരു ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളാണിത്. അഴിമതിയുടെ കാര്യത്തിൽ ഗിന്നസ് ബുക്കിൽ സ്ഥാനം പിടിക്കാൻ അർഹതനേടിയ വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ ഉംപ്പെടെയുള്ള പി. എച്ച് ഇ. ഡി., ജലസേചനം എന്നീ വകുപ്പുകൾക്കും അണ്ണാൻകുഞ്ഞും തന്നാലായത് എന്ന മട്ടിൽ അഴിമതി നടത്താൻ ആത്മാർത്ഥമായി പരിശ്രമിക്കുന്ന നഗരവികസനം, പഞ്ചായത്ത് എന്നീ വകുപ്പുകൾക്കും വേണ്ടിയാണ് ഈ ധനാഭ്യർത്ഥനകൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സർ, ശ്രീ. സി. എം. സുന്ദരം ഏകാംഗ പാർട്ടിക്കാരനാണ്. നമ്മുടെ ബഹുമാന്യനായ മന്ത്രി ശ്രീ. കെ. എം. മാണി ഇപ്പോഴും പാർട്ടിയിൽ ഏകനാണ് എന്നാണ് അറിയുന്നത്. ഒരു പക്ഷേ അതുകൊണ്ടായിരിക്കും രണ്ടുപേരുടെയും വകുപ്പുകൾ ഒരുമിച്ച് ഇന്ന് ധനാഭ്യർത്ഥനകളിൽ അവതരിപ്പിച്ചത്. ശ്രീ. പി. സി. ജോർജ് ഉണ്ടെന്നുള്ള വിവരം ശ്രീ. കെ. എം. മാണിക്ക് നല്ലതുപോലെ അറിയാം.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. സി. ജോസഫ്]

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഏകത്വത്തിൽ ഒരു നാനാത്വമാണ്. ഏകനാണെന്ന് തോന്നുന്നതാണ്.

ശ്രീ. കാനം രാജേന്ദ്രൻ: സർ, അദ്ദേഹത്തിന്റെ അകലെയല്ലാത്ത പ്രഭാതത്തിലേക്കുള്ള ഏകാന്തയാത്രയിൽ പകൽ മേഘസ്തംഭവും രാത്രിയിൽ അഗ്നിസ്തംഭവും അദ്ദേഹത്തിന് വഴികാട്ടട്ടെ എന്ന് ഞാൻ ആർത്ഥാർത്ഥമായി ആശംസിക്കുന്നു. സർ, ഈ ധനാഭ്യർത്ഥനകളെക്കുറിച്ചു പറയുമ്പോൾ പി. എച്ച്. ഇ. ഡി. യെ സംബന്ധിച്ചിടത്തോളം വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റി രൂപീകരിച്ചശേഷം നമ്മൾ നൽകുന്ന ഫണവും അവിടെ ചെലവഴിക്കുന്ന പണവും അവർ നടത്തുന്ന പ്രവർത്തനങ്ങളും എല്ലാം പരിശോധിച്ചാൽ എന്തെങ്കിലും സംവിധാനം ഉണ്ടോ എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. നേരത്തെ ഡിമാൻഡ് അവതരിപ്പിച്ച സന്ദർഭത്തിൽതന്നെ ഈ വിഷയം ഇവിടെ അവതരിപ്പിച്ചിരുന്നതാണ്. എന്നാൽ അതിനുശേഷം ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻവിംഗ്തന്നെ നടത്തിയ നിരവധി പരിശോധനകളിൽ യാതൊരു ബഡ്ജറ്റ്, നിയന്ത്രണങ്ങളും പാലിക്കാതെ അനാവശ്യമായി ഓർഡറുകൾ കൊടുക്കുകയും വളരെ കൂടുതൽ പണം സംസ്ഥാനഗവൺമെന്റിന് നഷ്ടം ഉണ്ടാക്കുകയും ചെയ്തെന്ന് തെളിയിക്കുകയും ചെയ്ത വകുപ്പാണിത്. ഈ സംസ്ഥാനത്തിലെ ഖജനാവിലുള്ള പണം ചെലവഴിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ അതിൽ നിന്നെല്ലാം വ്യത്യസ്തമായിട്ട് തോന്നിയതുപോലെ പ്രവർത്തനങ്ങൾ നടത്താൻകഴിയുന്ന ഒരു സ്ഥാപനമാണെന്ന് കഴിഞ്ഞ കാലങ്ങളിൽ അത് തെളിയിച്ചിട്ടുണ്ട്. ലോകത്ത് വിഡ്ഢികളുടെ ദിനത്തിലാണ് വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റി രൂപംകൊണ്ടത്. സർ, നിയമസഭയേയും ഈ നാട്ടിലെ ജനങ്ങളേയും വിഡ്ഢികളാക്കുന്ന പ്രവർത്തനങ്ങളാണ് കഴിഞ്ഞ കുറേ നാളായി അവർ നടത്തിക്കൊണ്ടിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. നമ്മുടെ സംസ്ഥാന മുഖ്യമന്ത്രി കഴിഞ്ഞാൽ ഏറ്റവും ശക്തനായ മന്ത്രി നിയമവകുപ്പുമന്ത്രി തന്നെയാണ് എന്നാണ് എന്റെ അഭിപ്രായം. മുഖ്യമന്ത്രി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വകുപ്പുകളുള്ള മന്ത്രി നിയമവകുപ്പുമന്ത്രിക്കുതന്നെയാണ്. കടലിൽ കല്ലിടുന്ന വകുപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും അദ്ദേഹത്തിന്റെ കയ്യിലുണ്ട്. അതുകൊണ്ട് വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിട്ടിയെ സംബന്ധിച്ച് അദ്ദേഹം ഒരു പുനഃപ്പരിശോധന നടത്തി ഇതിൽ നിന്ന് വേസ്റ്റ് വാട്ടർ എന്നുള്ളത് നമുക്ക് ഒന്ന് ഒഴിവാക്കാൻ എന്തെങ്കിലും മാർഗ്ഗം ഉണ്ടാക്കണം. ഈ സ്ഥാപനത്തിലെ നിയമനങ്ങളെക്കുറിച്ചും അവിടെ നടത്തിയിട്ടുള്ള അഴിമതികളെക്കുറിച്ചും ഈ സന്ദർഭത്തിൽ ഞാൻ ആവർത്തിക്കുന്നില്ല. കഴിഞ്ഞ നിയമസഭാസമ്മേളനങ്ങളിലൊക്കെ ഈ ഭാഗത്തുനിന്നുള്ള എം. എൽ. എ. മാർ ആവർത്തിച്ച് പറയുകയും ആ കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റുതന്നെ പലവിധത്തിലുള്ള അന്വേഷണങ്ങളും നടത്തുകയും ചെയ്യുകയുണ്ടായി, പക്ഷേ ഫലമുണ്ടായില്ലെന്നു മാത്രമേയുള്ളൂ. വ്യക്തിപരമായ കാരണങ്ങളാൽ മന്ത്രിസഭയിൽനിന്ന് മന്ത്രിസ്ഥാനമൊഴിഞ്ഞ ശ്രീ. എം. പി. ഗംഗാധരനെതിരായി ഞാൻ ഒന്നും പറയുന്നില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ: താങ്കൾ ഇവിടെ വ്യക്തിപരമെന്നു പറഞ്ഞല്ലോ. കാണാൻ കൊള്ളാവുന്ന ചെറുപ്പക്കാരനും കശുവണ്ടി മുതലാളിയുടെ മകനുമായപ്പോൾ പ്രായമാകാത്ത മകളെ വയസ്സു തിരുത്തി വിവാഹം ചെയ്തു കൊടുത്തു എന്നതിന്റെ പേരിൽ കോടതി പരാമർശിച്ചതിനെ തുടർന്ന് രാജിവെച്ചതല്ലേ. അത് വ്യക്തിപരമാണോ?

ശ്രീ. കാനം രാജേന്ദ്രൻ: സർ, നിയമസഭയിൽ ഒരു മെമ്പർ സംസാരിക്കുമ്പോൾ അത് ഉത്തരവാദിത്വത്തോടുകൂടി സംസാരിക്കണമെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 17-ന് മറുപടി ഈ നിയമസഭയിൽ വന്നപ്പോൾ ശ്രീ. കെ. പി. രാമചന്ദ്രൻ നായർ-കാരണം എടുത്തു പറഞ്ഞിട്ടില്ല, ശ്രീ. എം. പി. ഗംഗാധരൻ-വ്യക്തിപരമായ കാരണങ്ങൾ, ശ്രീ. വയലാർ രവി-വ്യക്തിപരമായ കാരണങ്ങൾ ഇങ്ങനെയൊക്കെയാണ് നിയമസഭയിൽ തന്ന മറുപടി. രാജിവെച്ചതിന്റെ കാരണമാണ്. ഞാൻ ഉദ്ദേശിച്ചത്. അങ്ങനെ വ്യക്തിപരമായ കാരണങ്ങളാൽ ഈ മന്ത്രിസഭയിലെ മന്ത്രിസ്ഥാനത്തുനിന്നും പുറത്താകേണ്ടിവന്ന അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ നിരവധി പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ശ്രീ. കെ. എം. മാണി ധനകാര്യവകുപ്പുമന്ത്രി ആയിരിക്കുമ്പോൾ ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗ് ചില പരിശോധനകൾ നടത്തുകയുണ്ടായി. ആ ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധനയിൻ പ്രധാനപ്പെട്ട രണ്ടു കേസുകളിൽ, നമ്പർ 79519/FIWC3/Fin.85 ശ്രീ. കുരുവിള വർഗ്ഗീസ്, എക്സിക്യൂട്ടീവ് എൻജിനീയർ, ശ്രീ. മോഹൻജോൺ, ടെക്നിക്കൽ അസിസ്റ്റന്റ്, ശ്രീ. പി. ബാലകൃഷ്ണൻ, ഡിവിഷണൽ അക്കൗണ്ടന്റ് ഈ ഫൈനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗ് ആമുഖമായി പരിശോധിച്ച രേഖയിൽ പറഞ്ഞിട്ടുണ്ട്. Flagrant violations of Code Rules, departmental practices, procedures and instructions, DGS and D. Rules etc. flouting even the basic financial proprieties have been noted in several cases of purchase of gun-metal valves. An urgent discreet and detailed investigation is seen essential to bring to light the full share of involvement at various levels to fix up responsibilities for the serious lapses, for suspected pecuniary gain causing heavy loss to the Government.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇതു മാത്രമല്ല. ഞാൻ അതിന്റെ എല്ലാ നിഗമനങ്ങളിലേക്കും കടക്കുന്നില്ല. അതിൽ വീണ്ടും മൂന്നാമത്തെ റെക്കമെന്റേഷനിൽ പറഞ്ഞിരിക്കുന്നത് records, files and financial transactions reveal that the rules and regulations in Code Manuals are seldom complied with. It is obvious that such a situation has been created deliberately by mis-managing records in order to avoid the detection of irregularities involved in the clantastine purchase and payments etc. സർ, ഇത് ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗിന്റെ രേഖയാണ്. അതു പോലെതന്നെ പറയുന്നു As per store purchase rules, purchase exceeding Rs. 10 lakhs have to be met approved by the concerned Minister and the Minister in charge of store purchase department through Finance Minister. However, none of those officers have sought the approval of the Government for purchase over more than 10 lakhs. ആരാണ് സർ, അനുവാദം കൊടുത്തത്? supply orders with M/s. Netha Metal works are seen placed without observing the relevant instructions or procedures. ധാരാളം എക്സാംബിംസ് പറഞ്ഞിട്ടുണ്ട്. ഇതുപോലെ പറഞ്ഞുകഴിഞ്ഞതിനുശേഷം അവസാനമായി അവർ പറഞ്ഞിരിക്കുന്നു. In order to safeguard the Government interest involving several crores of rupees, it is suggested that the Kerala Water and Waste Water Authority may be directed to defer any further adjustments of debit note received from DGS and D, and also payment to supplies on direct purchases, until it is assured to the wing that both valves PVC and H.D.P. pipes have been fully received. സർ, ഈ സംസ്ഥാനത്തെ ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗ് അതിന്റെ പരിശോധന നടത്തിയശേഷം കേരളത്തിലെ പ്രസിദ്ധമായ ഗൺമെറ്റൽ വാൽവ് കുംഭകോണത്തെ സംബന്ധിച്ചും എച്ച് ഡി. പി. പി. വി. സി. പൈപ്പ് വാങ്ങിയതിനെ സംബന്ധിച്ചും പറഞ്ഞിരിക്കുന്ന ഭാഗമാണ് ഞാൻ ഉദ്ധരിച്ചത്. വേറെ ഒരു അന്വേഷണംകൂടി നടന്നു. File No. 68979/Financial Inspection wing C3/85/Finance. PVC, HDP പൈപ്പുകളുടെ കുംഭകോണത്തെ സംബന്ധിച്ചിടത്തോളം മറ്റൊരു അന്വേഷണം നടന്നിട്ടുണ്ട്. ഈ അന്വേഷണങ്ങളിലുള്ള നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിക്കാൻ തീരുമാനിച്ചു? ഇത് ഒരു സ്വയംഭരണാധികാര സ്ഥാപനമാണെന്നു പറയുന്നു. നമ്മുടെ നാട്ടിലെ ജനങ്ങളുടെ പണമാണിവിടെ ചിലവഴിക്കുന്നത്. അങ്ങനെ ജനങ്ങളുടെ പണം ചിലവഴിക്കുന്ന സമയത്ത് ഗവൺമെന്റിന്റെ ബഡ്ജറ്റിൽ പ്രൊവിഷൻ ഉണ്ടോയെന്നു നോക്കാതെ, അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ഇല്ലാതെ ടെക്നിക്കൽ സാംഗ്ഷൻ ഇല്ലാതെ, കോടിക്കണക്കിനു രൂപയുടെ കൊള്ളയാണ് ഇവിടെ നടന്നിട്ടുള്ളത്. മറ്റൊരു കാര്യംകൂടി ഞാൻ പറയാം. ഈ നിയമസഭയിലെ ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞിരിക്കുന്നു. 48.25 കോടി രൂപയുടെ അത്രയും പൈപ്പുകൾ മാത്രമേ വാങ്ങിച്ചിട്ടുള്ളു എന്ന്. ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് ആൻഡ് ഡിസ്പോസൽ ഓഫീസിൽ ഓർഡർ കൊടുത്തു കഴിഞ്ഞതിനുശേഷം ഓർഡർ പ്ലെയ്സ് ചെയ്തു എന്നുപറഞ്ഞ് റെയിൽവേയുടെ വേ ബില്ലും ഐ. എസ്. ഐ. യുടെ സർട്ടിഫിക്കറ്റും കൊടുത്തുകഴിഞ്ഞാൽ 98 ശതമാനം പേമെന്റ് കൊടുക്കുന്നുണ്ട് എന്നാണ് ഈ റിപ്പോർട്ടിൽ പറഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നത്. കഴിഞ്ഞകാലത്ത് എത്ര ഓർഡർ കൊടുത്തുവെന്നും എത്ര മാത്രം പൈപ്പുകൾ അവിടെനിന്നും വാങ്ങി എന്നതിനെക്കുറിച്ചും ഓരോ ഡിവിഷനിലും അന്വേഷിച്ചിട്ട് കണക്കുകൾ കിട്ടുന്നില്ല. തൃശ്ശൂരിലെ എജീസ് ഓഫിസിൽ അക്കൗണ്ടന്റ് ജനറലിനു കിട്ടിയ കണക്കുകളുടെ അടിസ്ഥാനത്തിൽ 90 കോടിരൂപയുടെ ട്രാൻസാക്ഷൻസ് നടന്നിട്ടുണ്ട് എന്നാണ് ഈ ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ടിൽ പറയുന്നത്. നിയമസഭയിൽ ഒന്നുപറയുക, ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗ് അവരുടെ അപൂർണ്ണമായ കണക്കുകൾ വച്ചുകൊണ്ടു തന്നെ 90 കോടി രൂപ ഉണ്ടെന്നു പറയുക, ഈ വിധത്തിൽ തെറ്റായി ജനങ്ങളെ കബളിപ്പിക്കുക, ഗവൺമെൻറിനേയും ഈ നിയമസഭയേയും കബളിപ്പിക്കുന്ന ഒരു പ്രസ്ഥാനമായി മാറിയിരിക്കുകയാണ്. എന്റെ സുഹൃത്ത് മുൻമന്ത്രി ശ്രീ. എം. പി. ഗംഗാധരൻ ഇവിടെ വച്ചു പറഞ്ഞു, പി. വി. സി. പൈപ്പ് വാങ്ങിയത് ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും ചട്ടമനുസരിച്ചാണ് ചെയ്തത് എന്ന്. എന്താണ് ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്? പാരലൽ റേറ്റ് കോൺട്രാക്ട്. Parallel Rate Contract System അംഗീകരിക്കണമെങ്കിൽ സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ടുമെൻറിന്റെ അംഗീകാരം വേണം. സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെൻറിന്റെ അംഗീകാരമില്ലാതെ പാരലൽ റേറ്റ് കോൺട്രാക്ട് കൊടുത്തത് എങ്ങനെ?, ഈ റിപ്പോർട്ടിൽത്തന്നെ പറയുന്നുണ്ട്. It was done without observing tender formalities. It was done without the concurrence of the Government. സർ, ടെൻഡർ ഫോർമാലിറ്റീസ് അംഗീകരിക്കാതെ ഗവൺമെൻറിന്റെ അംഗീകാരമില്ലാതെ കോടിക്കണക്കിനു രൂപയുടെ കുംഭകോണംനടന്നതിന്റെ ആകെ തുകയാണ് വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റി എന്നു പറഞ്ഞാൽ അതിന്റെ അർത്ഥംതന്നെ. ഈ സ്ഥാപനത്തിൽ ഔദ്യോഗിക കണക്കനുസരിച്ച് 115 ആളുകളെ നേരിട്ടു നിയമിച്ചിട്ടുണ്ടെന്നാണ് പറഞ്ഞു. പക്ഷേ ആയിരക്കണക്കിന് ആളുകളെ ഇഷ്ടംപോലെ തിരുകിക്കയറ്റിയിരിക്കുന്നതായാണ് അറിയുന്നത്.

സർ, ആ സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ റിട്ടയർ ചെയ്യുന്ന കാലഘട്ടത്തിൽ തന്നെ വീണ്ടും അദ്ദേഹത്തിന് കാലാവധി നീട്ടിക്കൊടുക്കുകയുണ്ടായി. അദ്ദേഹം റിട്ടയർ ചെയ്യേണ്ടത് 31-4-84-ൽ ആയിരുന്നു. അതിനുമുൻപ് 30-3-84-ൽ അദ്ദേഹം രാജിവെച്ചു. കെ.എസ്.ആറിലെ സ്പെഷ്യൽ പെൻഷൻ റൂൾസ് 1 മുതൽ 12 വരെ ചട്ടങ്ങളിലെ 13-ാം ഉപവണ്ഡത്തിനെതിരായിട്ടാണ് അവിടെ തുടരാൻ അദ്ദേഹത്തിന് അനുവാദം കൊടുത്തത്. 60 വയസ് കഴിഞ്ഞു. ജൂൺ മാസത്തിൽത്തന്നെ വീണ്ടും എക്സ്റ്റൻഷൻ കൊടുത്തിരിക്കുകയാണ്. ഈ രാജ്യത്ത് നിയമങ്ങളും ചട്ടങ്ങളും ഇല്ലേ? റിട്ടയർചെയ്ത ഉദ്യോഗസ്ഥൻമാരെ അവരുടെ സാങ്കേതിക പരിജ്ഞാനത്തിന്റെയും കഴിവുകളുടെയും അടിസ്ഥാനത്തിൽ ഒരു കാലഘട്ടത്തിലേക്ക് നീട്ടിക്കൊടുത്തു നിയമിച്ചു എന്നുപറഞ്ഞാൽ ഒരു വാദത്തിനുവേണ്ടിയെങ്കിലും മനസ്സിലാക്കാം. ഈ നാട്ടിൽ അറിവും കഴിവുമുള്ളവരില്ലേ? 60 വയസ്സു കഴിഞ്ഞാലേ എക്സ്പീരിയൻസ് വർദ്ധിക്കുകയുള്ളോ? ഈ ഒരു സാഹചര്യം ഉണ്ടാക്കി; നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ പണം അന്യായമായി ചെലവാക്കുന്ന ഈ സ്ഥാപനത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താൻ, അതിന്റെ കഴിഞ്ഞകാല ചെയ്തികളെക്കുറിച്ച് അന്വേഷിക്കാൻ ഇപ്പോഴത്തെ മന്ത്രി ശ്രീ. കെ. എം. മാണി തയ്യാറാകുമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

നഗരവികസനത്തെക്കുറിച്ചുകൂടി ഒരു കാര്യം പറഞ്ഞിട്ട് ഞാൻ അവ സാനിപ്പിക്കാം. നഗരവികസനം, പഞ്ചായത്ത് ഈ രണ്ടുവകുപ്പുകളിലും ഇപ്പോൾ ചില കാര്യങ്ങൾ ചെയ്തു തുടങ്ങിയിട്ടുണ്ട്. ജി.സി.ഡി.എ. എറെറടുക്കുകയും അതിനുശേഷം ആയിരക്കണക്കിന് രൂപ മുടക്കി ഡവലപ്പ്മെൻറ് വർക്കുകളെല്ലാം പൂർത്തിയാക്കിയശേഷം ഇന്ന് ഒരേക്കർ നാല്പത്തിയഞ്ചുസെൻറ് സ്ഥലം ഇപ്പോൾ, തിരിച്ചുകൊടുക്കാൻ മന്ത്രി സുന്ദരം ഓർഡർ കൊടുത്തിരിക്കുകയാണ്. ജി. സി. ഡി. എ. പൊന്നും വില കെട്ടിവെച്ച് അവിടെ ഡവലപ്പ്മെൻറ് വർക്കുകൾ നടത്തിയതിനു ശേഷം ആ സ്ഥലം ഇപ്പോൾ ചെല്ലാത്ത് ഫ്രാങ്കിൻ എന്നുപറയുന്ന ആളിനു തിരിച്ചുകൊടുക്കാൻ ഗവൺമെൻറ് ഉത്തരവിട്ടു. ജി. സി. ഡി. എ. യുടെ തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ അവിടെ പണംമുടക്കി കാര്യവർത്ത് പണിയുകയും ലാൻഡ് ഡവലപ്പ് ചെയ്യുകയും ചെയ്തു. പൊന്നും വിലകൊടുത്ത് ഡവലപ്പ്മെൻറ് വർക്കുകൾ നടത്തിയതിനു ശേഷം അത് തിരിച്ചു കൊടുക്കുവാൻ ഓർഡറിട്ടു.

അതുപോലെതന്നെ ഈ നിയമസഭയിൽ ഉയർന്നുവന്നിട്ടുള്ളതാണ് കന്നറാപ്പ് വികസന പദ്ധതിയുടെ കാര്യം. ദീർഘനാളുകൾ ചർച്ച ചെയ്തതിനുശേഷം ജി. സി. ഡി. എ. യുടെ എല്ലാ എതിർപ്പുകളേയും അവഗണിച്ചുകൊണ്ട് ഈ മന്ത്രിതന്നെ, ബി. ആർ, അജിത്, ബീവർ എസ്റ്റേറ്റ് ലിമിറ്റഡ് എന്ന കൊച്ചിയിലെ നിയൽ എസ്റ്റേറ്റ് ഇടപാടുകാരന് ആ സ്ഥലം തിരിച്ചുകൊടുക്കുവാൻ തീരുമാനിച്ചു. അത് ആരാണെന്ന് അറിയാമോ: വ്യാജഡ്രാഫ്റ്റ് കേസിലെ കൃഷ്ണകുമാർ! അദ്ദേഹത്തിനും സുഹൃത്തുക്കൾക്കുംവേണ്ടി ആ ഭൂമി തിരിച്ചുകൊടുക്കുവാൻ ഇടപാടുണ്ടാക്കി. ഇതുപോലെ എത്ര നടപടികളും നഗരവികസനവകുപ്പ് കൈവശം വച്ചുകൊണ്ട് അദ്ദേഹം സ്വീകരിച്ചു. നഗരവികസനം ഇപ്പോൾ ശ്രീ കെ. എം. മാണിയുടെ കയ്യിലാണ്. ഇപ്പോൾ നിരവധി ഡവലപ്പ്മെൻറ് അതോറിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഡവലപ്പ്മെൻറ് അതോറിറ്റികൾ രൂപീകരിക്കുമ്പോൾ ഇക്കാര്യത്തെക്കുറിച്ച് അറിവും പരിചയവുമുള്ള ആളുകളെ ഒഴിവാക്കിക്കൊണ്ട് ടൗൺപ്ലാനറേയും മുനിസിപ്പൽ ചെയർമാൻമാരായിട്ടുള്ള ജില്ലാ കളക്ടർമാരേയും ഒഴിവാക്കിക്കൊണ്ട്, ആരെയെങ്കിലും കുറേ ആളുകളെ വിളിച്ചുകൂട്ടി, ഇപ്പോൾ ഡവലപ്പ്മെൻറ് അതോറിറ്റികൾ രണ്ടുകക്ഷിയുടെ യോഗമാക്കി മാറ്റാൻ നടപടികൾ സ്വീകരിക്കുകയാണ്. ഓരോ പ്രദേശത്തുമുള്ള എം. പി. മാരേയും ജനപ്രതിനിധികളെയും ഉൾപ്പെടുത്താതെ ഡവലപ്പ്മെൻറ് അതോറിറ്റികൾ രൂപീകരിച്ചിട്ടുള്ളതുകൊണ്ട് ഇതുപോലെയുള്ള പല നടപടികളും സ്വീകരിക്കുവാൻ അവർക്ക് സൗകര്യം ഉണ്ടാകുന്നുണ്ട്. ആകെക്കൂടി അഴിമതിയിലും സ്വജനപക്ഷപാതത്തിലും മുങ്ങിക്കുളിച്ചു നിൽക്കുന്ന ഒരു ഗവൺമെൻറാണിത്. ജനങ്ങളുടെ പണം എങ്ങനെ ചെലവഴിക്കണമെന്നതിനെക്കുറിച്ച് അറിയാൻ പാടില്ലാത്തതും ജനങ്ങളുടെ പണത്തോട് ഉത്തരവാദിത്വം കാണിക്കാത്തതുമായ ഈ ഗവൺമെൻറ് അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. മുഹമ്മദാലി: സർ, ജനങ്ങളുടെ പ്രാഥമിക കാര്യനിർവ്വഹണവുമായി ബന്ധപ്പെട്ട ജലസേചനം, നഗരവികസനം പഞ്ചായത്ത് തുടങ്ങിയ വകുപ്പുകളിലേക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞ കാര്യങ്ങൾ വളരെ ക്കാലമായി ആവർത്തിച്ചു പറഞ്ഞതായതുകൊണ്ട് പ്രത്യേകിച്ച് വാട്ടർ

LIBRARY ARCHIVES Kerala Legislative Assembly

ആൻറ് വേസ്റ്റ് വാട്ടർ അതോറിട്ടിയെക്കുറിച്ചുള്ള ആക്ഷേപങ്ങളും വളരെക്കാലങ്ങളായിട്ടുള്ള ആവർത്തനങ്ങളും ആയതുകൊണ്ടും ഞാൻ അതിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. നഗരവികസനവുമായി ബന്ധപ്പെട്ട ചില കാര്യങ്ങളും ബഹുമാനപ്പെട്ടമന്ത്രിയുടേയും ഈ സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ശ്രമിക്കുന്നത്. ദീർഘവീക്ഷണത്തോടുകൂടി നടപ്പിലാക്കിയിട്ടുള്ള പല പദ്ധതികളും സാമ്പത്തിക പ്രയാസങ്ങളും മൂലവും പ്രായോഗികമായ ബുദ്ധിമുട്ടുകളും മൂലവും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണ് ഇന്നുള്ളത്. വികസനഅതോറിറ്റികളും രൂപീകരിച്ച അവസരത്തിലുണ്ടായിരുന്ന ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വ്യത്യസ്തമായ സാഹചര്യത്തെയാണ് അതോറിട്ടികളും നേരിട്ടുകൊണ്ടിരിക്കുന്നതെന്ന പരമാർത്ഥം ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തിട്ടുള്ള പ്രഗൽഭനായ മന്ത്രി ശ്രീ. കെ. എം. മാണി മനസിലാക്കണം. വികസനപരമായ കാര്യങ്ങളിൽ വളരെ പ്രാധാന്യം നൽകി പ്രവർത്തിക്കേണ്ട ഈ കാലഘട്ടത്തിൽ അതിന് അനുയോജ്യമല്ലാത്ത ഒരു കാലഘട്ടത്തിലാണ് നാം എത്തിച്ചേർന്നിരിക്കുന്നത്. ഇന്ന് ഒരു നിയമത്തിന്റെ ചട്ടക്കൂടിന്റെ അകത്തു നിന്നുകൊണ്ടാണ് കേരളത്തിലെ ഡെവലപ്പ്മെൻറ് അതോറിട്ടികളും പ്രവർത്തിക്കുന്നത്. ഓരോ പ്രദേശത്തിനും വ്യത്യസ്തമായ സാഹചര്യങ്ങളാണുള്ളത്. അതിന് പര്യാപ്തമായ നിയമങ്ങളും കൊണ്ടുവന്നാൽമാത്രമേ അതോറിറ്റികൾക്ക് സുഗമമായി പ്രവർത്തിക്കാൻ കഴിയു. ഇന്ന് ഡവലപ്പ്മെൻറ് അതോറിട്ടികളും വളരെ കൂടുതലായി ഉണ്ടായിട്ടുണ്ട്. നിർഭാഗ്യവശാൽ പല ഡവലപ്പ്മെൻറ് അതോറിറ്റികളുടെയും പ്രവർത്തനം മുന്നോട്ടുപോകുവാൻ സാധിക്കാത്ത സാഹചര്യത്തിലാണ് ഇന്ന് എത്തിയിരിക്കുന്നത്. ഇതിനു സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ച് വളരെ പ്ലാനിംഗോടുകൂടി മുന്നോട്ടു പോകണം. കൊച്ചിൻ ഡവലപ്പ്മെൻറ് അതോറിറ്റിപോലെയുള്ള അതോറിട്ടികളുമായി ബന്ധപ്പെടുത്തിക്കൊണ്ട് പുതിയതായി രൂപീകരിച്ചിരിക്കുന്ന അതോറിട്ടികളും ഒരു നിയമത്തിന്റെ ചട്ടക്കൂടിൽ ആണ് പ്രവർത്തിക്കുന്നത്. ഇതുമൂലം വളരെയധികം പ്രായോഗികമായ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്ന കാര്യം ഗവൺമെൻറ് വിസ്മരിക്കുന്നുവെന്നാണ് മനസിലാകുന്നത്. ഡൽഹി, മദ്രാസ്, ബാംഗ്ലൂർ എന്നീ ഡവലപ്പ്മെൻറ് അതോറിട്ടികൾപോലെ വളരെ ശ്രദ്ധേയമായി പ്രവർത്തിക്കേണ്ട കൊച്ചിൻ ഡവലപ്പ്മെൻറ്അതോറിട്ടിക്ക് അതിനേറ്റതായ പരിഗണനയും സ്റ്റാറ്റസും നൽകാൻ ഗവൺമെൻറ് തയ്യാറാകണം. കൊച്ചി നഗരം ശ്രദ്ധേയമായ രീതിയിൽ വികസിച്ചുകൊണ്ടിരുന്ന ഒരു പ്രദേശമാണ്. അതിന് അതിനേറ്റതായ രീതിയിൽ പ്രവർത്തിക്കാൻ കഴിയുന്ന രീതിയിൽ ആക്റ്റിന്റെ പരിധിക്കകത്ത്കൊണ്ടുവന്നാൽ മാത്രമേ സുഗമമായി പ്രവർത്തിക്കാൻ കഴിയു. ഇടുക്കി ഡവലപ്പ്മെൻറ് അതോറിറ്റിയുടെയും പാലക്കാട് ഡവലപ്പ്മെൻറ് അതോറിറ്റിയുടെയും പോലെയുള്ള പരിമിതിക്കുള്ളിൽ നിന്നുകൊണ്ടാണ് ഗ്രോവർ കൊച്ചിൻ ഡവലപ്പ്മെൻറ് അതോറിറ്റിപോലുള്ള വലിയ ഡവലപ്പ്മെൻറ് അതോറിട്ടികൾ പ്രവർത്തിക്കേണ്ടി വരുന്നത്. ഒരു ഡവലപ്പ്മെൻറ് അതോറിട്ടിക്ക് ശരിയായ രീതിയിൽ പ്രവർത്തിക്കാൻ കഴിയണമെങ്കിൽ വിവിധ ഡിപ്പാർട്ടുമെൻറുകളും തമ്മിലുള്ള കോ-ഓർഡിനേഷൻ വേണം. ഈ രംഗത്ത് അത് ഉണ്ടാകുന്നില്ല. അത് ചുരുങ്ങി പരികയാണ്. ഡവലപ്പ്മെൻറ് അതോറിട്ടികൾ ഉണ്ടായിരുന്ന സ്ഥലങ്ങളിൽ അതിനെക്കുറിച്ച് സങ്കല്പങ്ങളുണ്ടായിരുന്നു. വിവിധ ഡിപ്പാർട്ടുമെൻറുകളും കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്നതിനെക്കുറിച്ച് സങ്കല്പങ്ങളുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഒരു ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനം എന്നതിനേക്കാൾ ഏറെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതീക്ഷയോടുകൂടി ഡവലപ്പ്മെൻറ് അതോറിറ്റികൾക്ക് രൂപം കൊടുത്തത്. ഇന്ന് അത് ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ പ്രവർത്തിക്കുകയാണ്. ഡവലപ്പ്മെൻറ് അതോറിറ്റിയുടെ പ്രസക്തി ഇല്ലാതായിട്ടുണ്ട്. കൊച്ചിയിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റും കൊച്ചിൻ കോർപ്പറേഷനും ജില്ലാഭരണ സംവിധാനവും ഉണ്ട്. അതുമായി ബന്ധപെട്ട വിവിധ ഘടകങ്ങളെ യോജിപ്പിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോയെങ്കിൽ മാത്രമേ ആ ഡവലപ്പ്മെൻറ് അതോറിറ്റിയ്ക്ക് പ്രവർത്തിക്കാൻ കഴിയൂ എന്ന കാര്യത്തിൽ സംശയമില്ല. നിർഭാഗ്യവശാൽ ആ സ്വാഭാവികത ഇന്ന് നിലവിലില്ല. അതുകൊണ്ട് ഈ രംഗത്ത് പുതിയ ഊർജ്ജസ്വലത കൈവരിക്കാൻ ശ്രമിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യത്തിൽ സജീവമായ താല്പര്യം ഉണ്ടാകണം. ഗ്രേറ്റർ കൊച്ചിൻ ഡവലപ്പ്മെൻറ് അതോറിറ്റിയെ ഡൽഹി, ബോംബെ, ബാഗ്ലൂർ മുതലായ ഡവലപ്പ്മെൻറ് അതോറിട്ടികൾപോലെ ഒരു പ്രത്യേക നിയമനിർമ്മാണത്തിന്റെ ചട്ടക്കൂടിനകത്തുകൊണ്ടുവന്ന്, വിവിധ ഡിപ്പാർട്ടുമെൻറുകളും തമ്മിൽ ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കി, പോർട്ട് ട്രസ്റ്റ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് പ്രാതിനിധ്യം കൊടുത്തുകൊണ്ട് പ്രവർത്തനം മുന്നോട്ടു കൊണ്ടുപോവുകയാണെങ്കിൽ നല്ല ഫലങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. അതുപോലെ തന്നെ വിഭവസമാഹരണത്തിന്റെ കാര്യത്തിൽ ഡവലപ്പ്മെൻറ് അതോറിട്ടികൾക്ക് ലഭിക്കേണ്ട ധനസഹായത്തിന്റെ കാര്യത്തിൽ, മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ലഭിക്കേണ്ട ധനസഹായത്തിന്റെ കാര്യത്തിൽ അവഗണന നേരിടുന്നുവെന്നുള്ള കാര്യം ഇവിടെ സഭയിൽ എല്ലാവരും ഉന്നയിച്ചതാണ്. ഒരു ഡവലപ്പ്മെൻറ് അതോറിട്ടിക്ക് പ്രവർത്തിക്കണമെങ്കിൽ, നികുതിപിരിക്കാതെ സാധിക്കുകയില്ല. നികുതി പിരിക്കുക എന്നുള്ളത്, അല്ലെങ്കിൽ നികുതിവർദ്ധനവ് ഉണ്ടാവുകയെന്നുള്ളത് ഇന്നത്തെ സാഹചര്യത്തിൽ, മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കുപോലും കഴിയാത്ത സാഹചര്യത്തിൽ ഡെവലപ്പ്മെൻറ് അതോറിട്ടിക്ക് പുതിയതായി നികുതി പിരിക്കുവാനുള്ള സൗകര്യം ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടാക്കിയാൽ തന്നെയും അത് നടപ്പിലാക്കാൻ സാധിക്കുകയില്ല എന്ന് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അപ്പോൾ വിഭവ സമാഹരണത്തിന് ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാകണം. അതിന് ഡിബെൻചറുകൾ ഫ്ലോട്ടു ചെയ്യാനുള്ള അനുവാദം കൊടുക്കണം. ഇന്ന് അക്കാര്യങ്ങളെക്കുറിച്ച്, ശ്രദ്ധിക്കുവാൻ ആരും തയ്യാറാകുന്നില്ല. കാലാകാലങ്ങളിൽ അധികാരത്തിൽവരുന്ന ഗവൺമെൻറുകൾ പല സ്ഥാപിത താല്പര്യങ്ങളേയും സംരക്ഷിക്കാൻ ശ്രമിക്കുന്നു. അത് ഈ ഗവൺമെൻറിന്റെ കാലത്ത് മാത്രമല്ല എല്ലാ ഗവൺമെൻറുകളുടെകാലത്തും ഉണ്ടായിരുന്നുവെന്നുള്ളത് നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്. ഡവലപ്പ്മെൻറ് അതോറിട്ടികളുടെ പ്രവർത്തനം മന്ദീഭവിപ്പിക്കുന്നതുകൊണ്ട് പല തരത്തിലുള്ള അവിഹിതമായ കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന സാഹചര്യം ഉണ്ടാകുന്നു. അതിനെല്ലാം മാറ്റം ഉണ്ടാകണം. ഡവലപ്പ്മെൻറ് അതോറിട്ടിക്ക് ഒരു ആട്ടോണമസ് ബോഡിയെന്നുള്ള നിലയിൽ അല്ലെങ്കിൽ ജനപ്രതിനിധികൾ ഉൾക്കൊള്ളുന്ന മറ്റു ഡിപ്പാർട്ടുമെൻറുകളുടെ പങ്കാളിത്തമുള്ള ഒരു സ്ഥാപനം എന്ന നിലയിൽ സ്വന്തം കാലിൽ നിന്നുകൊണ്ട് പ്രവർത്തിക്കുവാൻ കഴിയുന്ന വിധത്തിൽ വിശാല വീക്ഷണത്തോടുകൂടി പ്രവർത്തിക്കുവാൻ സാധിക്കത്തക്ക വിധത്തിൽ സമഗ്രമായ ഒരു പ്ലാനിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുവാൻ കഴിയുന്ന വിധത്തിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയണമെങ്കിൽ എല്ലാവിധത്തിലുള്ള പിൻബലവും എല്ലാതരത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

പരിഗണനയും ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടായെങ്കിൽ മാത്രമേ സാധിക്കുകയുള്ളു എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ചിത്രം മറെറാന്നാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, കാലാകാലങ്ങളിൽ ഘടനയിൽ ഉണ്ടാകുന്ന മാറെറങ്ങളും ഡവലപ്പ്മെൻറ് അതോറിട്ടിയുടെ വികസനത്തിനോ പ്രവർത്തനത്തിനോ ഒരിക്കലും സഹായകരമല്ല. ഇപ്പോഴത്തെ ഒരു ഓർഡിനൻസിലൂടെയുള്ള നിയമനിർമ്മാണത്തിൻെറ പരിധിക്കകത്തുനിന്നാണ് ഈ അതോറിട്ടികളും പ്രവർത്തിക്കുന്നത്. അത് പ്രായോഗികമായി വളരെയേറെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നുണ്ട്. ഒരിഞ്ചുപോലും മുൻപോട്ടുപോകാൻ കഴിയാത്ത ഒരു സാഹചര്യം സംജാതമായിട്ടുണ്ട്. ഇതിനെല്ലാം മാറം വരുത്തിക്കൊണ്ട് ഈ രംഗത്ത് കാര്യമായ മാറം വരുത്തണമെങ്കിൽ, ഓരോ ഡവലപ്പ്മെൻറ് അതോറിട്ടിക്കും ആ ഡവലപ്പ്മെൻറ് അതോറിട്ടികളും നിലനിക്കുന്ന പ്രദേശത്തെ സാഹചര്യങ്ങളെ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ കഴിയുന്ന വിധത്തിൽ പ്രത്യേകമായ നിയമനിർമ്മാണങ്ങളും കൊണ്ടുവന്ന് ഡവലപ്പ്മെൻറ് അതോറിട്ടികളെ ശക്തിപ്പെടുത്തുവാനുള്ള ശ്രമം ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ മുനിസിപ്പാലിറ്റികളുടെ കാര്യത്തിലാണെങ്കിലും കോർപ്പറേഷനുകളുടെ കാര്യത്തിലാണെങ്കിലും ജനകീയ കമ്മിറ്റികളും ഇല്ലാത്ത ഇന്നത്തെ സാഹചര്യത്തിൽ തിരഞ്ഞെടുപ്പ് നടത്തുന്ന കാര്യത്തിൽ ഇവിടെ ആരും എതിരാണെന്ന് തോന്നുന്നില്ല. ഗവൺമെൻറ് ആ കാര്യത്തിൽ അനുകൂലമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. നടപടിക്രമങ്ങളുടെയും മറും പ്രശ്നങ്ങളുള്ളതുകൊണ്ട് നീണ്ടുനീണ്ടു പോകുന്നു എന്നേയുള്ളു. തിരഞ്ഞെടുപ്പ് നടക്കുന്നതുവരെ ഉദ്യോഗസ്ഥ രംഗത്തുള്ള ആളുകൾ കൈകാര്യം ചെയ്യുന്നതുമൂലം വളരെ കടസംസങ്ങൾ ഉണ്ടാകുന്നുണ്ട്. ജനങ്ങളുമായി നിരന്തരം ബന്ധപ്പെടേണ്ട സ്ഥാപനങ്ങളെന്നുള്ള നിലയിൽ, ഈ കുറവ് നികത്തുവാൻ ജനപ്രതിനിധികളെ ഇതിനകത്ത് വരുത്തുവാനുള്ള മാർഗ്ഗങ്ങളും, ഒരു പൊതുവായ സമീപനമെന്ന നിലയിൽ, ഗവൺമെൻറ് ആരായണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. എങ്കിൽ മാത്രമേ ഇന്ന് നേരിടുന്ന പല പ്രയാസങ്ങളും ദൂരികരിക്കുവാൻ സാധിക്കുകയുള്ളു. അതുപോലെതന്നെ ധനകാര്യ സ്ഥാപനങ്ങളുടെ സഹായം നേടിയെടുക്കുന്ന കാര്യത്തിൽ ഗവൺമെൻറ് മുൻകൈ എടുത്തു പ്രവർത്തിച്ചാൽ മാത്രമേ നഗരസഭകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും എല്ലാം അവയുടെ വികസന പ്രവർത്തനങ്ങളും ഫലപ്രദമായി നടത്താൻ സാധിക്കുകയുള്ളു. വേൾഡ് ബാങ്കിൻെറ ആഭിമുഖ്യത്തിലായാലും മറു ധനകാര്യ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിലായാലും ദേശീയ തലത്തിൽ ലഭിക്കാവുന്ന സാമ്പത്തിക സഹായങ്ങളുടെ അടിസ്ഥാനത്തിൽ അത് ഉപയോഗപ്പെടുത്തുവാൻ കഴിയണമെങ്കിൽ, ഗവൺമെൻറുതലത്തിൽ സജീവമായിട്ടുള്ള ഒരു പരിശ്രമം ഉണ്ടായെങ്കിൽ മാത്രമേ നഗരസഭകളുടെയും മുനിസിപ്പാലിറ്റികളുടെയും പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളു. നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ ഇന്നത്തെ നിലയിൽ കരം പിരിച്ചുകൊണ്ട് വികസനപ്രവർത്തനങ്ങളും മറു പ്രവർത്തനവും നടത്തിക്കൊണ്ടുപോകുവാൻ കഴിയുകയില്ലെന്ന് നമുക്ക് എല്ലാവർക്കുമറിയാവുന്നതാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഇപ്പോഴത്തെ തിരഞ്ഞെടുപ്പ് നടത്താൻ തയ്യാറാണ്. തിരഞ്ഞെടുപ്പ് നടത്തുന്നതിൽ വിരോധമില്ലെന്ന് പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയാണെങ്കിൽ ഇതിന് മറുപടി പറയുമ്പോൾ തിരഞ്ഞെടുപ്പ് എന്നു നടത്തുമെന്ന് വ്യക്തമാക്കാമോ ? അതിനുള്ള നടപടിക്രമങ്ങളെല്ലാം ശരിയായിരിക്കുകയാണ്. ഇക്കാര്യം ഒന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. മുഹമ്മദാലി: തിരഞ്ഞെടുപ്പിന്റെ കാര്യത്തിൽ ഈ മുന്നണിയുടെ കാലത്തുമാത്രമല്ല, അതിനു മുൻപ് ഉണ്ടായിരുന്ന മുന്നണിയുടെ കാലത്തും ബഹുമാനപ്പെട്ട മെമ്പർ പ്രതിനിധാനം ചെയ്യുന്ന പാർട്ടി അധികാരത്തിൽ ഇരുന്ന കാലത്തും തിരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോയി എന്ന കാര്യം നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്. ഇപ്പോൾ സ്വഭാവികമായും തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള കാലതാമസത്തിന്റെ കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ,പറയുമെന്നുള്ളതുകൊണ്ട്, അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല, ഈ പഞ്ചായത്തുകളുടെ കാര്യം ഇവിടെ പരാമർശിക്കപ്പെട്ടതുകൊണ്ട് ആവർത്തിച്ചു പറയുന്നു എന്നു മാത്രമേയുള്ളൂ. പഞ്ചായത്തുകളുടെ ഭരണപരമായ കാര്യങ്ങളിൽ ഇന്ന് വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഒരു താലൂക്ക് പഞ്ചായത്താഫീസറുടെ കീഴിലാണ് വളരെയേറെ പഞ്ചായത്തുകൾ ഇന്നു പ്രവർത്തിക്കുന്നത്. ഇന്ന് പഞ്ചായത്ത് ഭരണസമിതിയുടെ ചുമതല ഈ താലൂക്ക് പഞ്ചായത്താഫീസർക്കാണ്. അദ്ദേഹത്തിന് എല്ലാ പഞ്ചായത്തുകളിലുംപോയി ഭരണസമിതികൂടി തീരുമാനമെടുക്കാൻ വളരെയധികം ബുദ്ധിമുട്ടുകൾ വരുന്നുണ്ട്. അതുപോലെതന്നെ ആ രംഗത്ത് ജനപ്രതിനിധികളുടെ കുറവുമൂലം പ്രയാസങ്ങളുണ്ടാകുന്നുണ്ട്. ആ കുറവ് പരിഹരിക്കുവാൻ ഈ താലൂക്ക് പഞ്ചായത്ത് ഭരണസമിതി കൂടുമ്പോൾ എം. എൽ. എ. മാരെക്കൂടി പ്രത്യേകം ക്ഷണിക്കേണ്ടതാണ്. അതുവഴി പ്രദേശത്തെ എം.എൽ.എ. മാരെകൂടി വിളിക്കുവാൻ തയ്യാറാവുകയാണെങ്കിൽ, ഈ പ്രശ്നങ്ങൾക്ക് കുറെയൊക്കെ പരിഹാരം ഉണ്ടാക്കുവാൻ കഴിയുമെന്നാണ് എനിക്കു തോന്നുന്നത്. അതുപോലെതന്നെ ഇന്ന് പഞ്ചായത്തുകളിലെ കാര്യങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ, സ്വഭാവികമായും സാമ്പത്തികമായി യാതൊരു വരുമാനവും ഇല്ലാത്ത പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം വളരെയേറെ പ്രയാസങ്ങൾ നേരിടുന്നുണ്ട്. ഇവിടെ പറഞ്ഞതുപോലെ സ്ട്രീറ്റുലൈറ്റ്, ശുദ്ധജലവിതരണം റോഡുകളുടെ മെയിന്റനൻസ് ഇവയ്ക്കെല്ലാംതന്നെ വളരെ പ്രയാസം നേരിടുന്നുണ്ട്. ബ്ലോക്ക് വികസനത്തിന്റെ ഭാഗമായിട്ട് വെട്ടിയറോഡുകളുടെ മെയിന്റനൻസിനുപോലും തുകയില്ലാതെ പഞ്ചായത്തുകൾ പ്രയാസപ്പെടുകയാണ്. ആ ബാദ്ധ്യത നിറവേറ്റുന്നതിന് കഴിയാതെ വന്നിരിക്കുകയാണ്. അതിനാവശ്യമായ സാമ്പത്തികസഹായം നൽകാൻ ഗവൺമെന്റ് നടപടി എടുക്കണം. അതിനുവേണ്ട വിഹിതം ബഡ്ജറിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്ന് പറയാതിരിക്കുവാൻ നിർവാഹമില്ല. അതുകൊണ്ട് അതിനുവേണ്ട ധനസഹായം പഞ്ചായത്തുകൾക്ക് നൽകണമെന്നു മാത്രമേ എനിക്കു പറയാനുള്ളൂ. എങ്കിലേ പഞ്ചായത്തുകൾക്ക് ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയൂ എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ജലസേചനത്തിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി, ശ്രീ. കെ. എം. മാണിയോട് എനിക്ക് ഒരുകാര്യംപറയാനുണ്ട്. ഇന്ന് ദേശീയതലത്തിൽതന്നെ ശ്രദ്ധയാകർഷിച്ചിട്ടുള്ള ഒരു കാര്യമാണ് ഗംഗാനദിയുടെ ശുദ്ധീകരണത്തിന്റെ കാര്യത്തിൽ കേന്ദ്രഗവൺമെന്റും നമ്മുടെ പ്രിയങ്കരനായ പ്രധാനമന്ത്രി, ശ്രീ. രാജീവ് ഗാന്ധിയും നൽകിയിട്ടുള്ള പ്രത്യേക ശ്രദ്ധയും പരിഗണനയും. അതുപോലെയുള്ളൊരു കാര്യം നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ആലുവാപ്പുഴയുടെയും പെരിയാറിന്റെയും കാര്യത്തിലുണ്ടാകുന്നത് നന്നായിരിക്കും. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നല്ലൊരു വിഭാഗം ജനങ്ങളും കുടിവെള്ളത്തിനുപയോഗിക്കുന്നത് ആലുവാപ്പുഴയിലെ വെള്ളമാണ്. പെരിയാർനദിയെ സംബന്ധിച്ചിടത്തോളം, പറയുകയാണെങ്കിൽ ഇന്ന് ദിവസം ചെല്ലുംതോറും, അഴുക്കുകളുടെ ഒരു സങ്കേതമായി മാറിയിരിക്കുകയാണ്. അതുകൊണ്ട് പെരിയാർനദി ശുദ്ധീകരിക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രഗവൺമെന്റിനു സമർപ്പിച്ചാൽ അതിന് സാമ്പത്തികസഹായം ലഭിക്കാൻ സാദ്ധ്യതയുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കണം. ഇന്ന് ശുദ്ധജലവിതരണത്തിന്റെ കാര്യം നോക്കുകയാണെങ്കിൽ ആലുവായിൽ ഇന്നുള്ള ശുദ്ധജല വിതരണ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്ന സ്ഥലത്ത് എല്ലാവിധത്തിലുള്ള അഴുക്കുചാലുകളും വിടുന്നതുകൊണ്ട്, ആ ഭാഗത്തുള്ള ജലം മുഴുവൻ മലീമസമാകുകയും ജനങ്ങളുടെ ആരോഗ്യത്തെ ഇത് സാരമായി ബാധിക്കുകയും ചെയ്യുന്നു. ആ നദി മുഴുവൻ അഴുക്കുകൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഒരു കാലത്ത് ആരോഗ്യപ്രദമായ പല കാര്യങ്ങൾക്കും ഉപയോഗിക്കുവാൻ പെരിയാർ നദിയിലെ ജലം ഉപയോഗിച്ചിരുന്നു. ഇന്ന് പെരിയാർനദി മുഴുവൻ അഴുക്കുകൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഇത്രയേറെ ബൃഹത്തായ ശുദ്ധജലവിതരണ പദ്ധതികളും നിലനിൽക്കുന്ന ആ പുഴയിൽ മാലിന്യങ്ങളും നീക്കം ചെയ്യാൻ അടിയന്തിരമായി ശ്രദ്ധിക്കേണ്ടതുണ്ട്. ഇന്ന് ദേശീയതലത്തിൽ ഗംഗാനദി ശുദ്ധീകരിക്കുന്നതുപോലെ പെരിയാർ നദിക്കുവേണ്ടി സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കി, കേന്ദ്രഗവൺമെന്റിനു സമർപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ ജലസേചനത്തിന്റെ കാര്യത്തിൽ, ഇന്ന് പല പദ്ധതികളെക്കുറിച്ചും അവ പൂർത്തിയാകാത്ത കാര്യത്തെക്കുറിച്ചും പറഞ്ഞുവരുന്നത് പ്രധാനമായിട്ടും കാലതാമസത്തെക്കുറിച്ചാണ്. ഈ കാലതാമസത്തിന്റെ കാര്യത്തിൽ വളരെയേറെ പ്രയാസം നേരിടുന്ന ഒന്നാണ് പെരിയാർവാലി ജലസേചന പദ്ധതി. വളരെ നാൾക്കുമുൻപ് ആരംഭിച്ച പദ്ധതിയാണ്. സാമ്പത്തിക പരിമിതികൊണ്ടുമൂലം അത് പൂർത്തീകരിക്കുവാൻ കഴിയാതെ വന്നിരിക്കുകയാണ്. ഇന്ന് ആ പദ്ധതിയെ ആശ്രയിച്ച് കൃഷി നടത്തുന്നവർ വളരെ കഷ്ടപ്പെടുകയാണ്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർ ഉപയോഗിക്കാത്ത വെള്ളത്തിന് കരംകൊടുക്കേണ്ടി വരുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. അതുപോലെതന്നെ കനാലുകളും വെട്ടിയിട്ട് ആ പണികളുംപോലും പൂർത്തീകരിക്കാനാവാതെ മുടങ്ങിക്കിടക്കുകയാണ്. എല്ലാപണികളും ഒരു സ്തംഭനാവസ്ഥയിലെത്തിയിരിക്കുകയാണ്. അതുകൊണ്ട്, പെരിയാർവാലി ജലസേചന പദ്ധതി, കഴിയുന്നതും വേഗത്തിൽ പൂർത്തീകരിക്കുവാനും അത് കമ്മീഷൻ ചെയ്യുവാനും വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധയും പരിഗണനയും ഉണ്ടാകും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെതന്നെ പ്രധാന്യമായിട്ടുള്ള മറ്റൊരു കാര്യം പറയുവാനുള്ളത്, ഇപ്പോൾ വാട്ടർ ആൻഡ് വെയിസ്റ്റ് വാട്ടർ അതോറിറ്റിയായി മാറിയിരിക്കുന്ന പൊതുജനാരോഗ്യ എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ചാണ്. ഈ അതോറിറ്റിയെക്കുറിച്ചുള്ള ആക്ഷേപങ്ങളും ഈ സഭയിൽ ഉന്നയിക്കുവാൻ മുതിർന്നതുതന്നെ ശരിയല്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്തൊക്കെയായാലും പി. എച്ച്. ഇ. ഡി. ഡിപ്പാർട്ടുമെന്റിനു ജീവൻ നൽകിയത് ശ്രീ. ഗംഗാധരൻ

LIBRARY ARCHIVES Kerala Legislative Assembly

ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനു ശേഷമാണ്. അതിനു ശേഷമാണ് ഈ സംസ്ഥാനത്ത് ഇത്രയേറെ ശുദ്ധജല വിതരണ പദ്ധതികളും വ്യാപകമായി നടപ്പിലാക്കുവാൻ കഴിഞ്ഞത്. നമ്മുടെ പ്രഗൽഭനായ പുതിയ മന്ത്രി, ശ്രീ. കെ. എം. മാണി, ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതോടുകൂടി, ഈ വകുപ്പ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഏതായാലും സാങ്കേതികമായും നയപരമായും സാമ്പത്തികമായും പല പ്രയാസങ്ങളുണ്ടെങ്കിലും ഈ ഗവൺമെന്റ്, ഇക്കാര്യത്തിൽ സജീവമായി താല്പര്യമെടുക്കുകയും ഒരു വർഷത്തിനുള്ളിൽതന്നെ ഫലപ്രദമായി നേട്ടമുണ്ടാക്കുകയും ചെയ്യുമെന്ന് വിശ്വസിച്ചുകൊണ്ട്, ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. ഇ. പത്മനാഭൻ: സർ, അർബൻ ഡെവലപ്മെന്റ്, പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ്, ഇറിഗേഷൻ, പഞ്ചായത്ത് എന്നീ വകുപ്പുകൾക്കുവേണ്ടി അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. പബ്ലിക് ഹെൽത്ത് എൻജിനീയറിംഗിൽപ്പെട്ട വാട്ടർ അതോറിറ്റി വെയ്സറേജ് വാട്ടർ അതോറിറ്റിയുടെ ചാർജ് എടുത്തിട്ടുള്ള നമ്മുടെ ഇറിഗേഷൻ മന്ത്രി ശ്രീ. മാണിയെ ആദ്യമേ ഒരുകാര്യം അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അൽപ്പം സൂക്ഷിച്ചുവേണം ഈ വകുപ്പു കൈകാര്യം ചെയ്യാൻ. കാരണം അതിനൊരു ചരിത്രമുണ്ട്. അങ്ങ് ഈ വകുപ്പിൽ വരാൻതന്നെ കാരണം പ്രതിഛായയാണ്, അങ്ങ് ധനകാര്യമന്ത്രിയും ശ്രീ. രവി ആഭ്യന്തരമന്ത്രിയുമായിരുന്നാൽ തീർച്ചയായും ഗംഗാധരന്റെ കഴുത്തിൽ കയർ വീഴും. അതൊഴിവാക്കാൻ വേണ്ടി പ്രതിഛായ്ക്ക് അപകടം ഒഴിവാക്കാൻ വേണ്ടി വരുത്തിയ ഒരു മാറ്റം എന്നുള്ള നിലയിൽ അങ്ങ് ഇവിടെ വരാനിടയായി. അങ്ങ് ധനകാര്യമന്ത്രിയായിരിക്കുകയും ശ്രീ. രവി ആഭ്യന്തരമന്ത്രിയായിരിക്കുകയും ചെയ്യുമ്പോൾ ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ട് വരികയാണെങ്കിൽ പ്രതിമായ പോയതുതന്നെ.

ജൂലൈ 24-ാം തീയതിയിലെ മനോരമ പത്രം അങ്ങ് വായിച്ചിട്ടുണ്ടാകും. ''ലഹരി മൂത്ത് ലോക്കപ്പിൽ'' എന്ന ഹെഡ്ഡിംഗിൽ ഒരു വാർത്ത വന്നിരുന്നു. അതോറിറ്റി ഓഫീസിൽ ശ്രീ. എം. പി. ഗംഗാധരൻ കയറിയിരുത്തിയിട്ടുള്ള 4 പേർ അരുവിക്കര ടി. ബി. യിൽ കാണിച്ചിട്ടുള്ള പേക്കൂത്തുകളും, ''ആരുണ്ടെടാ ചോദിക്കാൻ'' എന്ന മട്ടിൽ ടി. ബി. ജോലിക്കാരോട് മേക്കിട്ടുകയറുകയും, ''മുഖ്യമന്ത്രിയുടെ ആളുകളാണ്.'' ''ഐ. ജി. യുടെ സുഹൃത്തുക്കളാണ്'' എന്നൊക്കെ പറഞ്ഞ് അവരെ അവസാനം പോലീസിൽ ഏൽപ്പിക്കേണ്ടിവന്നു. ഗവൺമെന്റ് സർവന്റ്സ് കോണ്ടക്ട് റൂൾസ് ഇവർക്ക് ബാധകമാണെന്നാണ് അതോറിറ്റി എടുത്ത തീരുമാനം. ഇവരുടെ പേരിൽ എന്തെങ്കിലും ക്രിമിനൽകേസ് ചാർജ് ചെയ്തിട്ടുണ്ടോയെന്നറിയില്ല. യാതൊരു നടപടിയും ഇവരുടെ പേരിൽ എടുത്തിട്ടില്ല. രഘുനാഥൻ എന്നു പറയുന്ന ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ട ഒരു ഡിവിഷണൽ അക്കൗണ്ടന്റിനെ പ്രമോഷനോടനുബന്ധിച്ച് പാർട്ടി നടത്തണമെന്ന് ഇതേ ആളുകൾ പറഞ്ഞു. ആ പാർട്ടിയോടനുബന്ധിച്ചും ബാറിൽവച്ച് അടിയുംപിടിയും മാറ് കോലാഹലങ്ങളും നടത്തുകയുണ്ടായി. അതാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് സൂക്ഷിക്കണമെന്ന് പറഞ്ഞത്. ഇങ്ങനെ പരമ

LIBRARY ARCHIVES Kerala Legislative Assembly

ആഭാസന്മാരെ പോറ്റി വളർത്തുന്ന ആ സ്ഥാപനത്തിൽ യാതൊരു നിയമവും ബാധകമല്ല. എന്തും ചെയ്യാമെന്നുള്ള സ്ഥിതിയാണ് അവിടെയുള്ളത്. പൈപ്പ് വാങ്ങിയതിന്റെ കണക്ക് കാണം രാജേന്ദ്രൻ പറഞ്ഞു. മാണിയുടെ ബഡ്ജറ്റിൽ 101 കോടി രൂപയുടെ മിച്ചമാണുള്ളതെങ്കിൽ പി. എച്ച്. ഇ. ഡി. ക്ക് മാത്രമായി കൊടുക്കാനുള്ള തുക 100 കോടി ഉറുപ്പികയാണ്. റേറ്റ് കോൺട്രാക്റ്റ് അനുസരിച്ച് യാതൊരു കണക്കുമില്ലാതെ പൈപ്പ് വാങ്ങിയതിന്റെ കണക്കാണിത്. ഈ പദ്ധതിക്ക് ലോകബാങ്കിന്റെ സഹായം കിട്ടുമെന്ന്. എം. പി. ഗംഗാധരൻ നിയമസഭയിൽ പറയുകയും പബ്ലിക് റിലേഷൻസ് വകുപ്പു മുഖേന പ്രചരണംനടത്തുകയും ചെയ്തു. എന്നാൽ ഈ അതോറിറ്റി രൂപീകരിച്ചതിനുശേഷം ഒരൊറ്റ പൈസപോലും ഈ പ്രോജക്റ്റിനു വേണ്ടി ഈ സംസ്ഥാനത്തിന് കിട്ടിയിട്ടില്ല, അവിടെ ആകെ നടന്നിട്ടുള്ളത് നിയമനങ്ങൾ മാത്രമാണ്. എൻ. എം. ആർ., സി. എൽ. ആർ., എസ്. എൽ. ആർ എന്നീ പല പേരുകളിലും ആളുകളെ നിയമിച്ചിട്ടുണ്ട്. അവരെയെല്ലാം താൽക്കാലിക ജീവനക്കാരായി നിർത്തിക്കൊണ്ട് ശ്രീ. ഗംഗാധരൻ ആരംഭിച്ച ഒരു പുതിയ ഏർപ്പാടുണ്ട്. അദ്ദേഹത്തിന് അവിടെ പി. ആർ. ഒ. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഒരു പ്രൈവറ്റ് റിക്രൂട്ട്മെന്റ് ഓഫീസറുണ്ട്. പി. ആർ. ഒ. പേര് കേട്ടാൽ പബ്ലിക് റിലേഷൻസ് ഓഫീസറാണെന്നു തോന്നും. അദ്ദേഹം ഓർഡർ കൊടുക്കാറില്ല. കയ്യൊപ്പ് ഇടാറില്ല, - ഒരു ലിസ്റ്റ് വച്ചുകൊണ്ട് ഉദ്യോഗസ്ഥൻമാരെ വിളിച്ചു പറയും. അങ്ങനെ എത്രയോ പേരെ നിയമിച്ചിട്ടുണ്ട്. അങ്ങനെ നിയമിച്ച എത്രപേർ അവിടെയുണ്ടെന്നു അങ്ങ് അന്വേഷിച്ചുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അന്വേഷിച്ചതിന്റെ ഫലമെന്താണെന്നു അറിയില്ല. ലോകബാങ്കിൽനിന്നു കടം വാങ്ങി, പലിശയടക്കം തിരിച്ചു കൊടുക്കേണ്ട പണം- ശുദ്ധജലം എത്തിച്ചുകൊടുക്കുവാനല്ല ഉപയോഗിക്കുന്നത്. ആരെയൊക്കെ എച്ച്. ആറിൽ നിയമിച്ചിട്ടുണ്ടെന്നു പറയാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ആ രീതിയിലാണ് അവിടത്തെ പ്രവർത്തനങ്ങൾ. ഇത് ഒരു അതോറിറ്റിയായി മാറിയപ്പോൾ അവിടെയുണ്ടായിരുന്ന താൽക്കാലിക ജീവനക്കാരെ പിരിച്ച് വിടുകയാണുണ്ടായത്. ന്യായമായ രീതിയിൽ ഗവൺമെന്റ് അനുശാസിക്കുന്ന നിയമങ്ങളനുസരിച്ച് നിയമിക്കപ്പെട്ടവരായിരുന്നു അവർ. അവരെ പിരിച്ചുവിട്ടിട്ട് ആരുമറിയാതെ അതോറിറ്റിയിൽ പത്തുമുപ്പത്തഞ്ച് പേരെ നിയമിച്ചു. പിന്നെ സഹകാര്യ റിക്രൂട്ട്മെന്റ് വഴി നിയമിക്കപ്പെട്ട 101 പേരെ സ്ഥിരപ്പെടുത്താനുള്ള ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുകയാണ്. അതോറിറ്റി രൂപീകരിക്കാൻ കൊണ്ടുവന്ന ഓർഡിനൻസ് നിയമമാക്കാൻ പോകുകയാണ്. കമാണ്ട് ഏരിയ ഡവലപ്പ്മെന്റ് അതോറിറ്റി അതും ഓർഡിനൻസ് ആണ്. സാവകാശത്തോടുകൂടി നിയമനിർമ്മാണത്തിനുള്ള സാമാന്യരീതിയിലുള്ള നടപടിയല്ല ഗംഗാധരൻ സ്വീകരിച്ചിരിക്കുന്നത്. കെടുകാര്യസ്ഥതയാണ്. സർക്കാർ ജീവനക്കാരെ മറ്റൊരു സ്ഥാപനത്തിലേക്ക് മാറ്റുമ്പോൾ മുമ്പുണ്ടായിരുന്നതിനെക്കാളും കുറവല്ലാത്ത ആനുകൂല്യത്തോടെ സേവനവ്യവസ്ഥകൾ ഉറപ്പ് ചെയ്യും. എന്നാൽ ഇപ്പോൾ ഇറക്കിയ സ്പെഷ്യൽറൂൾ ഓർഡറിലാണെങ്കിൽ ഇന്നലെവരെയുള്ള അത്തരം ജീവനക്കാർക്ക് പെൻഷൻ ബാധകമല്ലെന്നാണ് റൂൾ എഴുതിവച്ചിരിക്കുന്നത്. ആ റൂളിനെ സംബന്ധിച്ച് നിരവധി ഭേദഗതികൾ ഞങ്ങൾ നിർദ്ദേശിച്ചിരുന്നു. ആ റൂൾ റദ്ദാക്കി പുതിയ റൂൾ വച്ചു എന്നാണ് പറഞ്ഞത്. ഇന്നലെവരെ ഞങ്ങൾക്ക് ആ റൂൾ കിട്ടിയിട്ടില്ല. ഗസറ്റിൽ 1-4-1986-ൽ പ്രസിദ്ധീകരിച്ചെന്നാണ് പറയുന്നത്. ഒരു പുതിയ നിയമമുണ്ടാകുമ്പോൾ അതുമായി ബന്ധപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്ക് അതുസംബന്ധമായ അഭിപ്രായം പറയാൻ അവസരം കൊടുക്കണം. കേരളത്തിൽ തിരുവിതാകൂറും കൊച്ചിയും മലബാറും ചേർന്ന കേരളം വന്ന 1956 കാലത്ത് പുതിയ നിയമം വരുമ്പോൾ ആദ്യം ഗസറ്റിൽ ഡ്രാഫ്റ്റ് വന്നു എല്ലാവരും അഭിപ്രായം പറഞ്ഞതിനുശേഷമേ അതു ഫൈനലൈസ് ചെയ്തുള്ളു. അത്രപോലും അവകാശം കൊടുക്കാതെ ഏകപക്ഷീയമായി നിലവിലുള്ള അവകാശങ്ങൾ ചവിട്ടിമെതിച്ചിരിക്കുകയാണ്. അതുമാത്രമല്ല പുതിയ ആൾക്കാരെ അവിടെ നിയമിച്ചിരിക്കുകയാണ്. പി. ആർ. പോലും എഴുതാൻ അറിയാത്ത ഒരു യു. ഡി. ക്ലാർക്കിനെ പി ആർ. ഒ. ആയി നിയമിച്ചുകൊണ്ട് ഇപ്പോൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി തിരുകിക്കയറ്റിയിരിക്കുകയാണ്. വ്യക്തികളോട് പലർക്കും പല വിധേയത്വവും ഉണ്ടായിരിക്കും. അതെല്ലാം ഭരണഘടനാനുസൃതമായി നിയമിച്ചിട്ടുള്ള സിവിൽ സർവ്വൻറ്സിന്റെ തലയിൽ അടിച്ചേൽപ്പിക്കുന്നത് കാടത്തമാണ്. അത്തരം നിയമനങ്ങൾ പുനഃപരിശോധന നടത്തണം. ഇവിടത്തെ എൻ. എം. ആർ., സി. എൽ. ആർ ജീവനക്കാർ പി. ഡബ്ലിയു. ഡി യിലുള്ളതുപോലല്ല. ഇവിടെ അവർ അവശ്യസർവ്വീസുകാരാണ്. അങ്ങനെയുള്ള ഈ അവശ്യസർവ്വീസുകാർക്ക് 80 മുതൽ ശമ്പളപരിഷ്കരണത്തിനുള്ള ശുപാർശ ഇന്നുവരെ നടപ്പിലാക്കിയിട്ടില്ല. 81-ൽ 30 രൂപ ഇടക്കാലാശ്വാസമായി അനുവദിച്ചത് 5 വർഷമായി അതുപോലെ തുടരുകയാണ്. കഴിഞ്ഞ 5 വർഷക്കാലമായി ഇടക്കാലാശ്വാസം അതേപോലെ തുടരുന്ന സംസ്ഥാനഗവൺമെൻറിന്റെ കീഴിലുള്ള ഏകവിഭാഗം അവശ്യസർവ്വീസിൽപ്പെട്ട എൻ. എം. ആർ. ജീവനക്കാരാണ്. അതിനുശേഷം ശമ്പള പരിഷ്കരണം വന്നു. എന്നാൽ ഈ എൻ. എം. ആർ. തൊഴിലാളികൾക്ക് യാതൊരു ആനുകൂല്യവും കൊടുക്കാൻ കഴിഞ്ഞില്ല. സി.എൽ. ആർ. ജീവനക്കാരുടെ പ്രശ്നങ്ങൾ പരിശോധിക്കണമെന്നു കമ്മിറ്റിയോട് പറഞ്ഞിട്ട് ഇന്നുവരെ ആ കമ്മിറ്റിയോഗംപോലും കൂടിയിട്ടില്ല. ശുദ്ധജലവിതരണരംഗത്തും മലിനജലത്തിലും സീവേജിലുമൊക്കെ ഇറങ്ങിപ്രവർത്തിക്കുന്ന ഇവരാണ് യഥാർത്ഥത്തിൽ ശുദ്ധജലവിതരണം നിലനിർത്തുന്ന വിഭാഗം. അവരുടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ അങ്ങ് മന്ത്രിയായതിനു ശേഷമുണ്ടായിരിക്കുന്ന വിസ്മയകരമായ സ്ഥിതിവിശേഷം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാഗ്രഹിക്കുകയാണ്. അങ്ങയുടെ പാർട്ടിയുടെ നേതൃത്വത്തിൽ കെ. ഡി. യു. സി. എന്ന പേരിൽ ഇപ്പോൾ 6 സംഘടനകൾ രൂപം കൊണ്ടിരിക്കുകയാണ്. ഇവിടെ താൽക്കാലികജീവനക്കാരെ സ്ഥിരപ്പെടുത്താറുണ്ട്.. എച്ച്. ആർ. കാരുണ്ട്. സി. എൽ. ആർ. കാരുണ്ട്. ഇതുതന്നെ കൊയ്ത്തെന്നുള്ള രീതിയിലുള്ള ഒരു സമീപനമുണ്ടോയെന്നു ആത്മാർത്ഥമായ പരിശോധന നടത്തണം. അഴിമതിക്ക് വീണ്ടുമൊരു വഴി വയ്ക്കരുത്.

പി. ടി. പി. നഗറിലുള്ള 3 ഏക്കർ സ്ഥലം പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് വകുപ്പിന്റെ ഭാവി വികസനത്തിന് വളരെയധികം ആവശ്യമാണ്. ആ സ്ഥലം അന്യാധീനപ്പെടാൻ പോകുകയാണ്. അതോറിറ്റിയിലുള്ള ഉന്നതൻമാരായ ചില ഉദ്യോഗസ്ഥൻമാർക്കും പ്രമാണിമാർക്കും വീട് വയ്ക്കാൻ ആ സ്ഥലം കൈമാറ്റം ചെയ്യാൻ പോകുകയാണ്. അത് അങ്ങനെ കൈമാറ്റം ചെയ്യുന്നത് ശരിയല്ല. ധൂർത്തു ഒരു നിയന്ത്രണവുമില്ലാതെ നടക്കുന്നു. ചിലർ ഉച്ചയൂണിന് പോകാനും ലാകോളെജിൽ ഈവനിംഗ് ക്ലാസിന് പോകാനും അതോറിറ്റി വക ഫോറിൻകാർ ഉപയോഗിക്കുന്നുണ്ട്. അവിടെ ഒന്നിനും

LIBRARY ARCHIVES Kerala Legislative Assembly

ഒരു നിയമവും വ്യവസ്ഥയുമില്ല, അങ്ങനെ അടിമുടി അഴിമതിയെന്നു മാത്രമല്ല കൊള്ളരുതായ്മകളുടേയും നിയമരാഹിത്യത്തിന്റെയും രംഗമായിട്ട് ഈ അതോറിറ്റി രൂപം പ്രാപിച്ചിരിക്കുകയാണ്. ഇതിന് എന്തെങ്കിലും മാറ്റം വരുത്താൻ ആത്മാർത്ഥമായിട്ടുള്ള ശ്രമം നടത്തണം. അവിടത്തെ തൊഴിലാളികൾ ഒരു പണിമുടക്കുനോട്ടീസ് കൊടുത്തു. അതിനെപ്പറ്റി ഒരു ചർച്ച നടത്തി. മുഖ്യമന്ത്രിക്ക് ഒരു നിവേദനം കൊടുത്തതിന്റെ ഫലമായുണ്ടായ മാറ്റമാണിത്. പ്രശ്നം ഒത്തുതീർപ്പിലെത്തുമെന്നാണ് ഞങ്ങൾ വിചാരിച്ചത്. പക്ഷെ മുഖ്യമന്ത്രിയുടെ അറിവോടുകൂടി അവസാനം എഗ്രിമെന്റ് ഒപ്പിടുന്നത് തടയപ്പെട്ടു എന്നാണ് മനസ്സിലാക്കുന്നത്. എന്തായാലും ഇക്കാര്യമൊന്നു പരിശോധിക്കുകയും, അവിടെ ഒരു പ്രക്ഷോഭണമുണ്ടാകാതെ കഴിക്കുന്നതു നന്നായിരിക്കുമെന്നുമാണ് ഞങ്ങളുടെ അഭിപ്രായം.

സർ, നഗരവികസനത്തെപ്പറ്റി എത്രതന്നെ വാക്കുകൾ പറയാൻ ആഗ്രഹിക്കുകയാണ്. തിരുവനന്തപുരം സിറ്റിയിൽ 5 സെന്റിനകത്ത് ഒരു വീട് വയ്ക്കണമെങ്കിൽ ആ കെട്ടിടത്തിന്റെ സ്ഥിതിയെന്താണ്? മുമ്പിൽ 3 മീറ്റർ പിന്നിൽ 3 മീറ്റർ സൈഡിൽ 1 1/2 മീറ്റർ എന്നീ രീതിയിൽ സ്ഥലം വിട്ടാൽ 5 സെന്റിൽ 3 സെന്റും ഈ നിയമത്തിന് വിടണം. അങ്ങനെ ആകപ്പാടെ 4 മീറ്ററിൽ വീതിയിൽ ഒരു വീടുവയ്ക്കണമെന്നതാണ് സ്ഥിതിയാണ് നിലനിൽക്കുന്നത്. ഈ നിയമത്തിലല്ല പ്രശ്നം. ഇതിന് എക്സംപ്ഷൻ വാങ്ങുന്നതിന് ഓഫീസുകളിൽ കയറി ഇറങ്ങി അഴിമതിക്ക് വളം വയ്ക്കുന്ന ഒരു സ്ഥിതിയാണ് ഇന്നുള്ളത്.

ശ്രീ. കെ. പങ്കജാക്ഷൻ: സർ, 1 1/2 മീറ്ററും 3 മീറ്ററും 4 മീറ്ററും വിടണമെന്ന ചട്ടം ഈ അഞ്ചു സെന്റുകാരന്റെ പുറത്ത് മാത്രമെ കർക്കശമായി നടപ്പിലാക്കാറുള്ളൂയെന്നും സമ്പന്നർക്ക് ഒരു നെല്ലിടപോലും വിടാതിരിക്കാനുള്ള അനുവാദം കൊടുക്കുന്നുയെന്നതും അങ്ങേയ്ക്കറിയാമല്ലോ?

ശ്രീ. ഇ. പത്മനാഭൻ: സർ, സമ്പന്നർക്ക് അതിന്റെ പ്രശ്നമില്ലെന്നു മാത്രമല്ല 5 സെന്റിൽ സമ്പന്നരുണ്ടെങ്കിൽ അവരും കാണേണ്ടവരെകണ്ടാൽ പിന്നെ പ്രശ്നമൊന്നും ഉണ്ടാവുകയില്ലെയെന്നുള്ളതാണ് സ്ഥിതി. പാലക്കാട് വികസന അതോറിറ്റി ശ്രീ. സുന്ദരം സ്വാമിയുടെ പ്രസ്റ്റീജിന്റെ പ്രശ്നമായിരുന്നു. അവിടെ എന്തു ചെയ്തു. ഒരു ശ്രീ. ശങ്കരനാരായണൻ, ഐ. എ. എസ്. ഓഫീസറെ ഒഴിച്ചുകെട്ടണമെന്ന് തോന്നി. ഉടനെ അദ്ദേഹത്തെ അതോറിറ്റി ചെയർമാനാക്കി അങ്ങോട്ടും ഇങ്ങോട്ടും ഷട്ടിലടിക്കാൻ വിട്ടു. ഫോൺ ചാർജ്ജിനും ഓഫീസ് വാടകയ്ക്കും വേണ്ടിവരുന്ന ഒരു ലക്ഷം രൂപപോലും ഇല്ലാത്ത രീതിയിലാണ് ഈ വികസന അതോറിറ്റി നടത്തികൊണ്ടുപോകുന്നത്. ഇതിനെ സംബന്ധിച്ച് ഒരു നിയമമുണ്ടോ? ഇതിനെ സംബന്ധിച്ച് ഒരു ബില്ലും ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. താൽക്കാലികവും കൃഷ്ണികവുമായ രാഷ്ട്രീയ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ചില പ്രഖ്യാപനങ്ങളല്ലാതെ നഗരവികസനത്തിന്റെ കാര്യത്തിൽ കാര്യമായ യാതൊരു മാറ്റവും വരുത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല.

നമ്മുടെ ജലസേചനത്തിന്റെ സ്ഥിതി ഇതിൽനിന്നും ഒട്ടും വ്യത്യസ്തമല്ല. ഒരു പുനഃപരിശോധനക്ക് തയ്യാറാകണമെന്ന് ജലസേചന വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്; നമ്മുടെ രാജ്യത്തുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

അധികവും ഉപരിതല ജലം ഉപയോഗിച്ചുകൊണ്ടുള്ള ജലസേചനമാണ്. ജലസേചനത്തിന് തീർച്ചയായിട്ടും വാട്ടർ ലോഗ്ഡ് ഏരിയവേണം. ഇത് മലമ്പ്രദേശത്തും വനപ്രദേശത്തും ആയിരിക്കും. ഇന്നത്തെ പരിസ്ഥിതി വനസംരക്ഷണ നിയമമുണ്ടെങ്കിൽ ഈ ഉപരിതലസമ്പത്തുള്ള കേരളത്തിൽ ഒരൊറ്റ പദ്ധതിപോലും നടപ്പിലാക്കാൻ കഴിയുകയില്ല. വാമനപുരം പദ്ധതിയെ സംബന്ധിച്ചുള്ള ഏറ്റവും വലിയ പ്രശ്നം ഫോറസ്റ്റ് നിയമമാണ്. നമ്മുടെ രാജ്യത്ത് കാർഷിക വികസനവും ജലസേചന വികസനവും ആവശ്യമാണെങ്കിൽ ഈ രണ്ട് കാര്യങ്ങളും എങ്ങനെ സമന്വയിപ്പിക്കണമെന്നുള്ള കാര്യത്തെക്കുറിച്ച് കാര്യമായി ആലോചിക്കേണ്ടിയിരുന്നു 1950–1951 മുതൽക്ക് ഇന്നോളമുള്ള കാലഘട്ടത്തിൽ നമ്മുടെ രാജ്യത്ത് ഇറിഗേഷനു വിധേയമാക്കാവുന്ന ഭൂമിയുടെ കേവലം 46 ശതമാനം മാത്രമേ ഇന്നും ഇറിഗേഷനു വിധേയമാക്കിയിട്ടുള്ളു എന്നതാണ് യാഥാർത്ഥ്യം. ഈ രംഗത്ത് ഓട്ടേറെ കാര്യങ്ങൾ ചെയ്യേണ്ടിരിക്കുകയാണ്. നിരവധി വർഷങ്ങളായി ആരംഭിച്ചിട്ടുള്ള പദ്ധതികൾക്ക് യാതൊരു വിധത്തിലുള്ള മോചനവും ഇല്ലാത്ത സ്ഥിതിയാണ് ഇന്നുള്ളത്. ഈ ഇറിഗേഷൻ പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റ് നൽകുന്ന സാമ്പത്തിക സഹായത്തെ സംബന്ധിച്ചിടത്തോളം ഒരു പുനഃപരിശോധന ആവശ്യമാണ്. 228 പദ്ധതികൾ ഇന്ത്യയിലുടനീളം പല സംസ്ഥാനങ്ങളിലായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ 1960 കാലങ്ങളിൽ ആരംഭിച്ച പദ്ധതികളല്ലാതെ പുതിയതൊന്നും ഇല്ല. അങ്ങനെയുള്ള പദ്ധതികൾ– സൈലന്റുവാലിയായാലും കുരിയാർകുറ്റിയായാലും ഇന്ന് ഉപേക്ഷിക്കപ്പെട്ട അവസ്ഥയാണുള്ളത്. 100ശതമാനം യൂട്ടിലൈസേഷൻ സാദ്ധ്യതയുള്ള ഒന്നാണ് ചെറുകിട ജലസേചനം. അഖിലേന്ത്യാടിസ്ഥാനത്തിൽ മൊത്തത്തിലുള്ള വൻകിട ഇടത്തര ജലസേചനത്തിന്റെ സാദ്ധ്യതകളിൽ അൻപതുശതമാനത്തിലേറെ സ്ഥലത്ത് ചെറുകിട ജലസേചനം വഴിയാണ് നടത്തുന്നത്. കേരളത്തിലെ സ്ഥിതി വളരെ പരിതാപകരമാണ്. 1957–ൽ ആരംഭിച്ച എന്റെ നിയോജകമണ്ഡലത്തിലെ കാരൽമണ്ണ ലിഫ്റ്റ് ഇറിഗേഷനെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഓരോ വർഷവും അതിനെക്കുറിച്ച് പറയുമ്പോൾ ഈ കൊല്ലം പൂർത്തിയാക്കാമെന്ന് പറയും. ഇന്നോളം അത് പൂർത്തിയായിട്ടില്ല. അതുപോലെതന്നെ എന്റെ നിയോജകമണ്ഡലത്തിലെ മറ്റൊരു പദ്ധതിയായ കാഞ്ഞിരപ്പുഴ പദ്ധതിക്കു വേണ്ടി സാധുക്കളിൽനിന്നും അക്വയർ ചെയ്ത ഭൂമിക്ക് 105 ലക്ഷം രൂപ കോംപൻസേഷൻ കൊടുക്കാനുണ്ട്. അക്വിസിഷൻ പ്രൊസീഡിംഗ്സ് കഴിഞ്ഞിട്ട് 3 വർഷമായി. പണമില്ലായെന്നുള്ള ഒറ്റൊറ കാരണംകൊണ്ട് ഭൂമി നഷ്ടപ്പെട്ടവർ ഇന്ന് താലൂക്കാഫീസുകളിൽ കയറിയിറങ്ങുകയാണ്. കഴിഞ്ഞവർഷവും ഇത് നിയമസഭയിൽ ഉന്നയിച്ചു. അന്നത്തെ മന്ത്രി പറഞ്ഞു 5 കോടിരൂപ ഇപ്പോൾ തന്നെ ഇതിനു വേണ്ടി മാറ്റിക്കൊടുക്കാൻ പോകുന്നുയെന്ന്. ഇതുവരെ യാതൊന്നും നടന്നില്ല. അതുപോലെതന്നെ നദീജലപദ്ധതികളുടെ സ്ഥിതി എന്താണെന്ന് പരിശോധിച്ചു നോക്കേണ്ടതാണ്. പാലക്കാട് ജില്ലയിൽ മംഗലം ഡാമുണ്ട്. അവിടെ മുഖ്യമന്ത്രി യോഗം നടത്തിയ അവസരത്തിൽ ഞങ്ങൾ ഇത് ചൂണ്ടിക്കാണിച്ചു. രണ്ട് മഴ പെയ്താൽ അത് ഓവർ ഫ്ളോ ചെയ്യും. അത് 10 അടി ഉയർത്താൻ കഴിയുമെന്നുള്ള കാര്യം സാങ്കേതിക വിദഗ്ദ്ധന്മാർ അംഗീകരിച്ചതാണ്. ഇതിന് നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഇന്നോളം യാതൊന്നും ചെയ്തിട്ടില്ല. പാലക്കാട് ജില്ലയിൽ കാഞ്ഞിരപ്പുഴ, മലമ്പുഴ, മീൻകര, ചിറ്റൂർപുഴ, വാളയാർ, മംഗലം, പോത്തുണ്ടി തുടങ്ങിയിട്ടുള്ള ഡാമുകളുണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഇന്നും വരൾച്ചയാണ്. കയ്യാച്ചു്മെൻറ് ഏരിയായിൽ ഡിഫോറസ്ട്രേഷൻ മൂലമുണ്ടാകുന്ന മണ്ണൊലിപ്പും മറ്റും തടയാൻ നടപടികളില്ല. വളരെയധികം ജലസേചനപദ്ധതികളുണ്ടെങ്കിലും ഇന്നും വരൾച്ച ബാധിത പ്രദേശമായി മാറിയിരിക്കുന്നുണ്ട്. പാലക്കാട് ജില്ലയിൽ പ്രത്യേകിച്ചും കാർഷികമേഖല എന്നുള്ളനിലക്കും നെല്ലുൽപ്പാദനത്തിന്റെ ഏറ്റവും നല്ലകേന്ദ്രം എന്നുള്ളനിലക്കും അവിടത്തെ പദ്ധതികളെ ഫലപ്രദമാക്കണം. ഈ ഡാമുകളുടെ കുറവ് എന്തെന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കുന്നുള്ള പ്രത്യേക സംവിധാനമുണ്ടാക്കണം, മലമ്പുഴയിൽ ഒരു കമ്മിറ്റി ഉണ്ടാക്കി എന്നാണ് അറിഞ്ഞത്. ഈ കമ്മിറ്റിയുടെ കാലാവധി ആറോ എട്ടോ മാസമാണ്. തുടർച്ചയായി നടത്തേണ്ട ഒരു പ്രവർത്തനത്തിന് ആവശ്യമായ പണമോ അതിനുള്ള അധികാരമോ ഇല്ലാത്തതുകൊണ്ട് അന്ന് ആരംഭിച്ച പ്രവർത്തനങ്ങൾ തന്നെ തടസ്സപ്പെട്ട സ്ഥിതിയാണ് ഇന്നുള്ളത്. കുറിയാടി പദ്ധതിക്ക് ലീക്കുണ്ടെന്നും കെട്ടുറപ്പ് പോരായെന്നുമുള്ള ആക്ഷേപങ്ങൾ പരസ്യമായി വന്നിട്ടുണ്ട്. ഇത് ശക്തിപ്പെടുത്തേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് തീർച്ചയായിട്ടും ഈ ഗവൺമെൻറ് ആലോചിക്കണം. ഇത് പരിഹരിക്കുന്നതിന് യാതൊരു പദ്ധതിയുമില്ല. കുരിയാർകുറ്റി പദ്ധതി അടച്ചുപൂട്ടാനും രണ്ടു ലക്ഷം രൂപയാണ്; വളപട്ടണം പദ്ധതി നടപ്പിലാക്കാനും രണ്ടു ലക്ഷം രൂപയാണ് ഈ ബഡ്ജറ്റ് അലോട്ടുമെൻറിന്റെ പ്രത്യേകത. ഈ ഗവൺമെൻറ് ഈ രംഗത്ത് ഒരു കാര്യവും ചെയ്യുമെന്നുള്ള ഒരു പ്രതീക്ഷയ്ക്കും വകനൽകാത്തതാണ് ഈ ബഡ്ജറ്റിൽ വച്ചിട്ടുള്ള നിർദ്ദേശങ്ങൾ. അതുകൊണ്ട് ഞാൻ ഈ നിർദ്ദേശങ്ങളെ ശക്തിയുക്തം എതിർക്കുന്നു.

പ്രോട്ടോക്കോളിൽ വ്യതിയാനം വരുത്തിയതുസംബന്ധിച്ച പ്രസ്താവന

ശ്രീ. ഇ. കെ. നായനാർ: സർ, ബഹുമാനപ്പെട്ട ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഒരു കാര്യം ഉന്നയിക്കുകയാണ്. സംസ്ഥാന പൊതുമരാമത്തുവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ടി. ബി. കം, റസ്റ്റ് ഹൗസുകൾ, ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ, ക്യാമ്പ് ഷെഡ്ഡുകൾ എന്നിവിടങ്ങളിൽ താമസസൗകര്യം നൽകുന്നതു സംബന്ധിച്ച മുൻഗണനാക്രമം പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള ഒരു ഓർഡർ, 1984-ലെ ഓർഡറിൽനിന്നും മൗലികമായി വ്യത്യാസം വരുത്തിക്കൊണ്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഓർഡറിൽ റസ്റ്റ് ഹൗസുകൾ, ടി. ബി, ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ എന്നിവയിൽ താമസസൗകര്യം കൊടുക്കുന്നതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള Order of Precedence ഫലത്തിൽ പാർലമെൻറ് അംഗങ്ങളേയും നിയമസഭാംഗങ്ങളേയും തരംതാഴ്ത്തിയിരിക്കുന്ന തരത്തിലുള്ളതാണ്. പുതുക്കിയ ഉത്തരവിൻപ്രകാരം ഒൻപതാമത്തെ കാറഗറിയിൽ മാത്രമേ എം. പി. മാരും എം. എൽ. എ. മാരും പെടുകയുള്ളു. മാത്രമല്ല ജില്ലാ കളക്ടർ വകുപ്പുതലവൻമാർ തുടങ്ങിയുള്ള ഉദ്യോഗസ്ഥൻമാരുടെയും താഴെയുള്ള സ്ഥാനത്താണ് എം. പി. മാർക്കും എം. എൽ. എ. മാർക്കും സൗകര്യം നൽകിയിട്ടുള്ളത്. ഏറ്റവും താഴെക്കിടയിൽപ്പെട്ടിട്ടുള്ളതാണ് എം. എൽ. എ. കാരണം അത് താഴ്ന്ന പണിയാണ്. ജനങ്ങളുടെ ഇടയിൽ നിയമസഭാംഗങ്ങളെ ഇത്രയും അപഹാസ്യരാക്കുന്ന തരത്തിലുള്ള ഒരു തരം താഴ്ത്തൽ നടപടിയും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: സർ, ഒരു കാര്യംകൂടി ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ഈ Order of Precedence-ൽ വന്ന അമെൻറുമെൻറിന് പുറമെ വന്ന അമെൻറുമെൻറിൻെറ അവസാനഭാഗം ഇങ്ങനെയാണ്". ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിനുപുറമെ ഈ ഓർഡറിൻെറ അവസാന ഭാഗത്തിൽ വി. ഐ. പി. മാർ ആരൊക്കെയെന്ന് പറയുന്നുണ്ട്.

The room with telephone connections in the T. Bs. / R. Hs. etc will be maintained as V.I.P. room and shall be reserved for occupation only according to the following order of precedence. In the absence of reservation for occupation of V.I.Ps. the room shall be kept locked.

എന്നിട്ട് V.I.Ps. ആരൊക്കെയെന്ന് പറയുന്നുണ്ട്.

(i) Governor of the State and Governors of other States. തർക്കമില്ല.

(ii) Chief Minister/Central Ministers. തർക്കമില്ല.

(iii) Speaker of the State Assembly/Speaker of other State Assemblies/Chief Justice of the High court. നമുക്ക് തർക്കമില്ല.

(iv) Ministers of the State/other States/Deputy Speaker and others with same status. തർക്കമില്ല.

പിന്നെ വന്നിരിക്കുന്നത്

(v) Judges of the High Court/Chief Secretary. ജനറൽ പ്രോട്ടോക്കോളിൽ ചീഫ് സെക്രട്ടറി എം. എൽ. എ. മാരുടെ താഴത്തെ ലവലിലായിരുന്നുവെന്ന് മനസ്സിലാക്കേണം.

പിന്നീട് വന്നിരിക്കുന്നത്

(vi) Members of Board of Revenue

പിന്നീട് വന്നിരിക്കുന്നത്

(vii) Secretaries of Government/District Collectors/Head of Department having State wide jurisdiction and Chairman of Kerala Publice Service Commission.

അതേസമയം ഇതിൽ എം. എൽ. എ. എന്നുള്ളത് ഇല്ല. ഈ വി. ഐ. പി. കാറ്റഗറിയിൽ ഇല്ല, എൻെറ പോയിൻറ് അതാണ്. എം. എൽ. എ. മാരെ ഇങ്ങനെ അപമാനിക്കണമോ? എം. എൽ. എ. മാരെക്കുറിച്ച് ഇവർക്ക് പുച്ഛമായിരിക്കാം. ജനറൽ പ്രോട്ടോക്കോളിൽ എം. എൽ. എ. യുടെ സ്ഥാനം പറഞ്ഞിട്ടുണ്ട്. ഞാൻ മനസ്സിലാക്കുന്നത് ഈ ഓർഡർ വന്നിരിക്കുന്നത് പ്രധാനമായിട്ട് പി.എസ്.സി. ചെയർമാൻെറ ഒരു കത്തിൻെറ അടിസ്ഥാനത്തിലാണെന്നാണ്. അവർക്ക് വി. ഐ. പി. സ്ഥാനം കൊടുക്കുന്നതിൽ നമുക്ക് പരാതിയില്ല. അതുകൊണ്ട് എം. എൽ. എ. മാരെ തരംതാഴ്ത്തണമോ? നിങ്ങളെപ്പോലെ തെരഞ്ഞെടുക്കപ്പെട്ടവരല്ലേ ഈ ഇരിക്കുന്നവരെല്ലാം. അവരോട് അപമര്യാദ കാണിക്കുന്നതിന് മാപ്പ് പറയണം. ഈ ഗവൺമെൻറ് മാപ്പ് പറയണം. അതാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ഇന്ന് ഈ സഭയിലെ എല്ലാ ഭാഗത്തുനിന്നുമുള്ള മെമ്പർമാരും ഈ പ്രശ്നം ചെയറിൻെറ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

സത്യം പറഞ്ഞാൽ ഈ ഓർഡറിനെ എങ്ങനെയാണ് വിശേഷിപ്പിക്കേണ്ടതെന്ന് ചെയറിന് അറിയില്ല. അത്രമാത്രം അപലപനീയമാണ്. ഇന്ന് പാർലമെന്ററി സംവിധാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ അംഗീകരിച്ച് ആദരിക്കുകയെന്നുള്ളത് ഏതൊരു സംവിധാനത്തിന്റെയും നിക്ഷിപ്തമായിട്ടുള്ള ചുമതലയാണ്. ഈ ഓർഡർ റദ്ദാക്കി മെമ്പർമാരെ അംഗീകരിച്ചുകൊണ്ടുള്ള സംവിധാനമുണ്ടാക്കാൻ നടപടി ഉണ്ടാക്കേണ്ടതാണെന്നാണ് ചെയറിന്റെ അഭിപ്രായം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇത് ഒരു ലെറ്ററിന്റെ അടിസ്ഥാനത്തിൽ വന്ന തെറ്റാണ്. ഈ സംഭവത്തിൽ ഖേദമുണ്ട്. ആ തെറ്റ് വരാനുണ്ടായ സാഹചര്യങ്ങളും പരിശോധിച്ച്, തിരുത്തൽ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ഇത് പുതിയതായി ഒരു തെറ്റ് പറ്റിയതല്ല. 1-12-1983-ലെ ഓർഡറിലും വി. ഐ. പി. യിൽ എം. എൽ. എ. മാരില്ല. പി. എസ്. സി. ചെയർമാന്റെ കത്ത് കിട്ടിയപ്പോഴാണ് അത് മാറ്റി 29-3-1986-ൽ ഓർഡർ ഇഷ്യൂ ചെയ്യുന്നത്. പി.എസ്.സി. ചെയർമാനേയും മെമ്പർമാരേയും കൂട്ടിച്ചേർത്തു എന്നുള്ളതല്ലാതെയാതൊരു മാറ്റവും അതിൽ വരുത്തിയിട്ടില്ല. വി. ഐ. പി. യിൽ പണ്ട് എം. എൽ. എ. മാർ ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഈ ഓർഡറിലും ഉണ്ടായില്ലായെന്നുള്ളതിൽ കവിഞ്ഞ് എം. എൽ. എ. മാരേയോ എം. പി. യേയോ അവഗണിക്കുവാനോ വിലകുറച്ചുകാണിക്കുവാനോ തീർച്ചയായും ഒരു എം. എൽ. എ. എന്നുള്ള നിലയിൽ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുള്ള കാര്യം ഞാൻ നിങ്ങളെ അറിയിക്കുകയാണ്. പ്രസ് റിലീസിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ കഴിഞ്ഞ മാർച്ച് 29-ാം തീയതി പുറപ്പെടുവിച്ച ഒരു ഓർഡറിന്റെ പ്രസ് റിലീസ് വരുന്നത് ഇന്നാണ്, ജൂൺ 26-ാം തീയതി. ഇതിന് പ്രത്യേകമായ കാരണം എങ്ങനെയുണ്ടായി ആര് ഉണ്ടാക്കി എന്നുള്ള കാര്യം തീർച്ചയായും അന്വേഷിച്ച് അതിന് ആവശ്യമായ നടപടി എടുക്കും. 29-ാം തീയതി പുറപ്പെടുവിച്ച ഒരു കൽപ്പനയെ സംബന്ധിച്ച പ്രസ് റിലീസ് 30-ാം തീയതിയോ അടുത്ത 1-ാം തീയതിയോ, 2-ാം തീയതിയോ വരേണ്ടതായിരുന്നു. അത് വരാതെ മൂന്നുമാസം കഴിഞ്ഞതിനുശേഷം ബോധപൂർവ്വം ഇപ്പോൾ ഈ അസംബ്ലി നടക്കുന്ന ഈ സമയത്ത് അത് പുറപ്പെടുവിച്ചതിൽ എന്തോ ദുരുദ്ദേശമുണ്ടെന്നാണ് ഞാൻ പറയുന്നത്. കാരണം 1983 ഡിസംബറിൽ പാസാക്കിയ ഒരു നിയമം, അതിൽ എം. എൽ. എ. മാരെ വി ഐ. പി. മാരായി കണക്കാക്കിയിട്ടില്ല. എത്രയോ അസംബ്ലി ഇവിടെ നടന്നു. ആരും ഈ പ്രശ്നം ഉന്നയിച്ചില്ല. ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പറഞ്ഞതുപോലെ തീർച്ചയായും എം. എൽ. എ. മാർക്ക് അർഹമായ സ്ഥാനം വേണം എന്ന് തന്നെയാണ് എന്റെയും അഭിപ്രായം. അതിന് ആവശ്യമായ പരിശോധന നടത്തി വേണ്ടത് തിരുത്തി ഓർഡർ ഇഷ്യൂ ചെയ്യും എന്നു മാത്രമേ പറയുന്നുള്ളൂ.

മി. സ്പീക്കർ: ഇത് നേരത്തെയുണ്ടായിരുന്ന ഓർഡറിന്റെ അനുബന്ധമാണെന്നാണ് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി പറഞ്ഞത്. നേരത്തെതന്നെ പി. ഡബ്ലിയു. ഡി. റെസ്റ്റ് ഹൗസിനെ സംബന്ധിച്ച് ഇത്തരം പരാതികൾ പല സന്ദർഭങ്ങളിലായി ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. ഏതായാലും നേരത്തെയുണ്ടായിരുന്നു എന്നുള്ളത് ഒരു പ്രശ്നമല്ല. Better late than never. ഒരു കാരണവശാലും ഈ ഓർഡറിന്

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു സാധുതയും ഉണ്ടാകാൻ പാടുള്ളതല്ല. തെറ്റു തിരുത്തി മുമ്പോട്ടുപോകാൻ തയ്യാറായി കാണുന്നതിൽ സന്തോഷമുണ്ട്. തെറ്റു തിരുത്തുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ജലസേചനകാര്യത്തെ സംബന്ധിച്ചും ജലവിതരണ പദ്ധതികളെ സംബന്ധിച്ചും എല്ലാം ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളും തീർച്ചയായും ഗവൺമെന്റിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തിന് മാർഗ്ഗരേഖയാകുമെന്ന് വളരെ വിനീതനായി അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്.

ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പത്മനാഭൻ അദ്ദേഹത്തിന്റെ പ്രസംഗം ഉപസംഹരിക്കവേ, നമുക്ക് ജലസേചനം കൊടുക്കുവാൻ കഴിവുള്ളതിൽ 40 ശതമാനമെങ്കിലും ഭൂമിയിൽ വെള്ളം കൊടുക്കുവാൻ കഴിഞ്ഞിട്ടില്ലായെന്ന് പറയുകയുണ്ടായി. അത് പൂർണ്ണമായും ശരിയല്ലെങ്കിൽപ്പോലും അദ്ദേഹത്തിന്റെ വികാരങ്ങളോട് ഗവൺമെന്റ് വളരെ യോജിക്കുകയാണ്. ഏഴാം പദ്ധതി കാലഘട്ടത്തിൽ ഇന്നുള്ളതിന്റെ ഇരട്ടി കൃഷിഭൂമിയിൽ വെള്ളം നൽകുന്നതിനുള്ള നടപടികൾ ഗവൺമെന്റ് ലക്ഷ്യംവച്ചിട്ടുണ്ട്. കേരളത്തിലാകെ 25 ലക്ഷം ഹെക്ടർ കൃഷിഭൂമിയാണുള്ളത്. അതിൽ 14 ലക്ഷം ഹെക്ടർ കൃഷിഭൂമിക്കാണ് വെള്ളം കൊടുക്കുവാൻ നമുക്ക് കഴിയുന്നത്. അതിൽ 6-ാം പദ്ധതിയുടെ അവസാനംവരെ 3.6 ലക്ഷം ഹെക്ടർ ഭൂമിക്കുമാത്രമെ നമുക്ക് വെള്ളം കൊടുക്കുവാൻ കഴിഞ്ഞിട്ടുള്ളു. 7-ാം പദ്ധതിയുടെ അവസാനത്തിൽ ഇത് 5.53 ലക്ഷം ഹെക്ടറാക്കി ഉയർത്തണമെന്ന് ആഗ്രഹിക്കുകയാണ്. അതിന്റെ അർത്ഥം ഇന്നുള്ളതിനേക്കാൾ രണ്ട് ലക്ഷം ഹെക്ടർ ഭൂമിയിൽക്കൂടി അഡീഷണലായി ജലസേചനസൗകര്യമുള്ളതാക്കണമെന്നതാണ് 7-ാം പദ്ധതിയുടെ ലക്ഷ്യം. അതുകൊണ്ട് നമുക്ക് ചുമതലകൾ വളരെയാണ്. ഇന്നുള്ളതിനേക്കാൾ ഇരട്ടി ചുമതലകളോടുകൂടി ഇരട്ടി ഭാരം ഏറ്റെടുക്കേണ്ട ഒരു ഘട്ടത്തിൽ നാം വന്നു നിൽക്കുകയാണ്.

സർ, ഇവിടെ ബഹുമാനപ്പെട്ട പല മെമ്പാൻമാരും സംസാരിച്ചപ്പോൾ ഈ പദ്ധതികളുടെ നിർമ്മാണരംഗത്തുവരുന്ന കാലതാമസം ഒഴിവാക്കണമെന്നുപറയുകയുണ്ടായി. ഞാൻ അത് അംഗീകരിക്കുകയാണ്. നമ്മുടെ രാജ്യത്ത് ഇന്നുള്ള ജലസേചന പദ്ധതികളും ഏറിയ പങ്കും മൂന്നാം പഞ്ചവത്സരപദ്ധതി കാലഘട്ടത്തിൽ തുടങ്ങിയതാണെന്നുള്ളത് വിസ്മരിക്കാൻ പാടില്ല. ഉദാഹരണമായി 1961 മുതൽ 1966 വരെയുള്ള മൂന്നാം പഞ്ചവത്സര പദ്ധതി കാലഘട്ടത്തിൽ കല്ലട, പമ്പ, പെരിയാർവാലി, ചിറ്റൂർപുഴ, കാഞ്ഞിരപുഴ, കുറ്റ്യാടി, പഴശ്ശി എന്നീ ഏഴ് പദ്ധതികളും മൂന്നാം പദ്ധതി കാലഘട്ടത്തിൽ തുടങ്ങിയതാണ്. ഇതുവരെ നമുക്ക് അവ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അഞ്ചാം പദ്ധതി കാലഘട്ടത്തിലാണ് മൂവാറ്റുപുഴ, ചിമ്മിനി, കാരാപുഴ, അട്ടപ്പാടി എന്നീ പദ്ധതികളേറ്റെടുത്തത്. പത്തും, ഇരുപതും, ഇരുപത്തഞ്ചും വർഷങ്ങളായി മേൽപ്പറഞ്ഞ പദ്ധതികളും പൂർത്തിയാക്കാൻ കഴിയാതിരുന്നത് ജലസേചനത്തിന് മുൻകാലഘട്ടങ്ങളിൽ മുഖ്യമായ പരിഗണന കൊടുക്കാത്തതുകൊണ്ടാണ്. ഈ രാജ്യത്ത് ഒരു കാർഷിക വിപ്ലവത്തെപ്പറ്റി ആരും ചിന്തിച്ചിട്ടില്ല. ഈ കൃഷിഭൂമിയുടെ പ്രൊഡക്റ്റിവിറ്റി വർദ്ധിപ്പിച്ചുകൊണ്ട് കാർഷിക മേഖലയുടെ സമ്പദ്വ്യവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

ശക്തമാക്കാനുള്ള പരിപാടികളെ സംബന്ധിച്ചിടത്തോളം ജലസേചനത്തിന് വളരെ പ്രാധാന്യമുണ്ട്. ആദ്യപദ്ധതി കാലഘട്ടത്തിൽ കേരളത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ ചിന്തിച്ചുകാണാത്തതുകൊണ്ടോ, പ്രാധാന്യം നൽകാത്തതുകൊണ്ടോ വന്നുപോയിച്ചതാണെന്ന് ഞാൻ ഓർക്കുകയാണ്. ഉദാഹരണമായി പറയുകയാണെങ്കിൽ ആദ്യത്തെ അഞ്ച് പദ്ധതികളിൽ നമ്മൾ ചെലവഴിച്ച പണം 208 കോടി രൂപ മാത്രമാണ്. എന്നാൽ ആറാം പദ്ധതി വന്നപ്പോൾ കാര്യം കുറച്ച് മാറി. സമീപനത്തിൽ മാറ്റം വന്നു. ആറാം പദ്ധതിയിൽ 256 കോടി രൂപ ഉൾപ്പെടുത്തുകയുണ്ടായി. ഒന്നുമുതൽ അഞ്ചുവരെ പദ്ധതികൾക്ക് ആകെ മുടക്കിയ മുതലിനേക്കാൾ കൂടുതൽ സംഖ്യ ആറാം പദ്ധതി കാലഘട്ടത്തിൽ വകയിരുത്തുവാൻ കഴിഞ്ഞുവെന്നുള്ളത് വാസ്തവത്തിൽ സന്തോഷകരമായ ഒരു വസ്തുതയാണ്. എങ്കിലും 464 കോടി രൂപ മാത്രമാണ് ആറ് പദ്ധതികൾക്കുമായി നമുക്ക് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. ഓൺ ഗോയിംഗ് പ്രോജക്ടുകളെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ 19 ഓൺ ഗോയിംഗ് പ്രോജക്ടുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അത് മുഴുവൻ തീർക്കണമെങ്കിൽ 500 കോടി രൂപ ആവശ്യമാണ്. ഇപ്പോഴത്തെ ഏറ്റവും ഒടുവിലുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് 450 കോടി രൂപയാണ് 19 പ്രോജക്ടുകൾ തീർക്കുന്നതിന് ആവശ്യമായിട്ടുള്ളത് എന്ന് ഗവൺമെന്റിന് ബോധ്യമായിട്ടുണ്ട്. കുറച്ചുകൂടി കഴിയുമ്പോൾ പ്രൈസ് എസ്ക്കലേഷൻകൂടി നമ്മൾ പരിഗണിക്കുകയാണെങ്കിൽ 500 കോടി രൂപയില്ലാതെ ഇന്നത്തെ ഓൺ ഗോയിംഗ് പ്രോജക്ട്സ് നമുക്ക് പൂർത്തിയാക്കാൻ കഴിയില്ല. പക്ഷേ ഏഴാം പദ്ധതി അലോക്കേഷൻ 280 കോടി രൂപ മാത്രമാണ്. സർ, അതിന്റെ അർത്ഥം 200 കോടിയിൽപ്പരം രൂപയുടെ പ്രവർത്തനം ഏഴാം പദ്ധതി കഴിഞ്ഞ് എട്ടാം പദ്ധതിയിലേക്ക് സ്പിൽ ഓവറായി മാറിപ്പോകുമെന്നുള്ള ദൂഷിതവലയത്തിൽ വീണ്ടും നമ്മൾ വന്നുനിൽക്കാൻ പോവുകയാണ്. ഈ ദൂഷിതവലയത്തിൽനിന്നും കേരളം രക്ഷപ്പെടണമെങ്കിൽ ഇതിന് പ്രതിവിധിയായിട്ടൊരു കാര്യമെയുള്ളൂ. പഴയ പദ്ധതികളെ സംബന്ധിച്ചിടത്തോളം, ഏറ്റവും പഴയ പദ്ധതികൾക്കുവേണ്ടി റ്റ്പ്പാൻ അലോക്കേഷൻ ഉപയോഗിക്കണം. അതേസമയത്ത് നാം കുറെകൂടി പദ്ധതികൾക്ക് വിദേശസഹായം നേടിക്കൊണ്ട് കൂടുതൽ പദ്ധതികളുടെ നിർമ്മാണം ഏറ്റെടുക്കുകയും, അത് പുരോഗമിപ്പിക്കുകയും ചെയ്യേണ്ടതാണ് ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ആവശ്യമാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇതൊരു നയമായി കൂടുതൽ പദ്ധതികൾ എക്സ്റ്റേണൽ എയിഡിന് പോസ് ചെയ്തുകൊണ്ട്, എക്സ്റ്റേണൽ എയിഡ് കൂടുതൽ പദ്ധതികൾക്ക് എടുത്തുകൊണ്ട്, കൂടുതൽ പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. വാമനപുരം പദ്ധതിയെപ്പറ്റി ബഹുമാനപ്പെട്ട കോലിയക്കോട് കൃഷ്ണൻനായർ ഇവിടെ പറയുകയുണ്ടായി. സർ, വാമനപുരം, മൂവാറ്റുപുഴ, മീനച്ചൽ, ഇടമലയാർ, ചിമ്മവട്ട, ചാലിയാർ എന്നീ പദ്ധതികൾ ലോകബാങ്കിന്റെയും മറ്റു വിദേശ ഏജൻസികളുടെയും സഹായം ആർജിച്ചുകൊണ്ട് നടപ്പിലാക്കണമെന്ന് ഗവൺമെന്റ് ആത്മാർത്ഥമായി ആഗ്രഹിക്കുകയാണ്. അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആകെ നമുക്ക് വിദേശസഹായമുള്ള ഒരു പദ്ധതി കല്ലട പദ്ധതി മാത്രമാണ്. ഈ കല്ലട

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയിൽനിന്നും മേയ് 24-ാം തീയതി വെള്ളം കൊടുക്കാൻ കഴിഞ്ഞു. മൈനർ കൺവെയൻസ് സിസ്റ്റം പൂർത്തിയായ മൂവായിരം ഹെക്ടർ സ്ഥലത്ത് വെള്ളം കൊടുത്തു പക്ഷേ മൈനർ കൺവെയൻസ് സിസ്റ്റം ഇനിയും പൂർത്തിയാകാനുണ്ട്. അതു മുഴുവൻ പൂർത്തിയാക്കിക്കൊണ്ട് 1986.87 വർഷത്തിൽ 25000 ഹെക്ടർ സ്ഥലത്ത് മുഴുവൻ വെള്ളം കൊടുക്കുവാൻ കഴിയുമെന്നാണ് ഗവൺമെൻറ് കരുതുന്നത്. കല്ലട ഒന്നും, രണ്ടും ഘട്ടങ്ങളിലായി 61300 ഹെക്ടർ സ്ഥലത്ത് വെള്ളം കൊടുക്കുവാനാണ് കല്ലട പ്രോജക്ടു കൊണ്ട് ഉദ്ദേശിക്കുന്നത്. അതിന്റെ ഫസ്റ്റ് സ്റ്റേജ് 37600 ഹെക്ടറാണ്. ആ ഫസ്റ്റ് സ്റ്റേജിന് ലോകബാങ്കിന്റെ സഹായം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളത് 94 കോടി രൂപയാണ്. എക്സ്ചേഞ്ച് വാല്യു അനുസരിച്ച് തുക ചിലപ്പോൾ മാറിയെന്നുവരാം. എത്രയാലും 94 കോടി രൂപ വാഗ്ദാനം ചെയ്തിട്ടുള്ളതിൽ 45 കോടി രൂപ വാങ്ങി. 49 കോടി രൂപ നമുക്ക് കിട്ടാനുണ്ട്. ആ കിട്ടാനുള്ള 45 കോടി രൂപ ഉപയോഗിച്ചുകൊണ്ട് കല്ലടയുടെ ഒന്നാം ഘട്ടം മുഴുവൻ പൂർത്തിയാക്കുകയും രണ്ടാം ഘട്ടത്തിൽ ഉദ്ദേശിച്ചിട്ടുള്ളതിൽ 13000 ഹെക്ടർ സ്ഥലം ജലസേചനവിധേയമാക്കുകയും ചെയ്യുവാൻ കഴിയുമെന്നും കരുതുകയാണ്. അതിലേക്ക് വരുമ്പോൾ ലോകബാങ്കിൽനിന്നും ഇനി കിട്ടുവാനുള്ള സംഖ്യകൂടി ഉപയോഗിച്ചുകൊണ്ട് ഈ വർഷവും, അടുത്ത വർഷവുംകൂടി ഈ പറയുന്ന പദ്ധതികൾ പൂർത്തിയാക്കിക്കൊണ്ട് കല്ലട പ്രോജക്ടിന്റെ ഫലമായി 50000 ഹെക്ടർ സ്ഥല, ജലസേചന വിധേയമാക്കാൻ കഴിയുമെന്ന് ഗവൺമെൻറ് വിചാരിക്കുന്നു. അതനുസരിച്ചുള്ള പ്രവർത്തനം മുന്നോട്ടു നീക്കുവാൻ പോകുകയാണ്. ഈ വിവരം വേൾഡ് ബാങ്കിനെ അറിയിച്ചിട്ടുണ്ട്. അതിനുവേണ്ടി ഒരു വർഷംകൂടി കാലാവധി നീട്ടിത്തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. വേൾഡ് ബാങ്കിന്റെ അസിസ്റ്റൻസ് അനുസരിച്ച് ഈ പ്രോജക്ടിന്റെ കാലാവധി 31-3-87-ൽ തീരുകയാണ്. എന്നാൽ പ്രോജക്ടിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കുകയും രണ്ടാം ഘട്ടത്തിന്റെ കുറെ ഏരിയാകൂടി ജലസേചനവിധേയമാക്കുകയും ചെയ്യുന്നതിനുവേണ്ടി കാലാവധി ഒരു വർഷംകൂടി നീട്ടിക്കൊണ്ടുള്ള അനുവാദം അവർ നൽകും. ജലസേചനപദ്ധതികളുടെ നിർമ്മാണത്തെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് അനുകരിക്കുവാൻ പോകുന്ന ഒരു കാര്യം സഭയെ അറിയിക്കാനാഗ്രഹിക്കുകയാണ് ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതുപോലെ പഴയ പദ്ധതികൾ എത്രയും വേഗം തീർക്കുവാൻ ഗവൺമെൻറ് ആഗ്രഹിക്കുന്നു. ഫൈനാൻഷ്യൽ ടാർജറിനോടൊപ്പം ഫിസിക്കൽ ടാർജറിന് പ്രാധാന്യം ഗവൺമെൻറ് നൽകും. അതിന് യാതൊരു സംശയവുമില്ല ബഹുമാനപ്പെട്ട തങ്കച്ചൻ എം. എൽ. എ. ഇവിടെ സൂചിപ്പിക്കുകയുണ്ടായി, പ്രോജക്ടുകളിൽ കൂടുതൽ ഗുണമുള്ള പണികൾ ആദ്യം ആദ്യം തീർക്കണമെന്ന്. നല്ല ആശയമാണ്. ഗവൺമെൻറ് ഒരു ഗൈഡ് ലൈൻ അനുസരിച്ചാണ് മുന്നോട്ടുപോകുന്നത്. പല നിർമ്മാണ പ്രവർത്തനങ്ങളുള്ളതിൽ ഏതു പ്രവർത്തനം ആദ്യം നടത്തിയാൽ കൂടുതൽ ജനങ്ങൾക്ക് പ്രയോജനം ചെയ്യുമെന്ന് കണ്ടെത്തി ആ പണി ആദ്യം ചെയ്തു തീർക്കുന്നതാണ്. അല്ലാതെ പേമെൻറ് കരാർ തീർക്കുന്നതിൽ അല്ല ഗവൺമെൻറ് താൽപര്യമെടുക്കുന്നത്. അങ്ങനെ കൂടുതൽ ആളുകൾക്ക് പ്രയോജനം ചെയ്യുന്ന പണികൾക്ക് പ്രയോറിറ്റി നിശ്ചയിച്ചുകൊണ്ട് ആ കാര്യങ്ങൾ എടുത്ത് നടത്തുവാൻ ഗവൺമെൻറു തുടങ്ങുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ രണ്ടുമൂന്നു പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

കളിൽ പ്രയോജനകരമായ രണ്ടുമൂന്ന് കാര്യങ്ങൾക്ക് പ്രയോറിറ്റി കൊടുക്കുന്നു. പമ്പയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ പമ്പാ പദ്ധതിയുടെ ഇടതുകര കനാലിന്റെ പണി പൂർത്തിയാകാത്തതുകൊണ്ട് പന്നിയൂർ, ഹരിപ്പാട്, ചേപ്പാട് എന്നീ സ്ഥലങ്ങളിലേക്ക് വെള്ളം കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. കുറച്ച് പണികൂടി മാത്രം തീർത്താൽമതി. അത്രയും പണികൂടി വേഗം പൂർത്തിയാക്കി ഒരു മാസത്തിനകം 5000 ഹെക്ടർ സ്ഥലത്ത് പുതുതായി വെള്ളം കൊടുക്കുവാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. അങ്ങനെ 5000 ഹെക്ടർ സ്ഥലത്ത് ഒരു മാസത്തിനകം വെള്ളം കൊടുക്കുമെന്ന് സഭയെ അറിയിക്കുന്നു. പെരിയാർ വാലിയെ സംബന്ധിച്ചിടത്തോളം ലോ ലെവൽ കനാൽ എക്സറ്റൻഡ് ചെയ്യുവാനും ഹൈ ലെവൽ കനാൽ നിർമ്മിക്കുന്നതിനും വേണ്ടിയുള്ള പ്രോജക്ടാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഹൈ ലെവൽ കനാലിനെക്കുറിച്ച് പറയുമ്പോൾ അതിന്റെ പണിയിൽ 24 കിലോമീറ്റർ ഹൈ ലെവൽ കനാൽ നിർമ്മിച്ചത് അവിടെയും ഇവിടെയുമായിട്ടാണ്. അതിന്റെ ഇടക്ക് ഒരു കിലോമീറ്റർ മിസ്സിംഗ് ലിങ്ക് നിർമ്മാണംകൂടി അവശ്യപ്പെടുന്നുണ്ട്. ഭൂതത്താൻകെട്ടിലെ ബാരേജ് ഷട്ടറിന്റെ പണി പരിഷ്ക്കരിക്കുകയും വേണം. ആ ഷട്ടർ പരിഷ്ക്കരിച്ചുകൊണ്ട് ഇടക്ക് കിടക്കുന്ന ഒരു കിലോമീറ്റർ നിർമ്മാണപ്രവർത്തനം ഉടനെ ഏറ്റെടുത്ത് നവംബർ മാസത്തിനകം പെരിയാർ വാലി പ്രോജക്ടിൽ 10,000 ഹെക്ടർ സ്ഥലത്ത് പുതുതായി വെള്ളം കൊടുക്കുവാനുള്ള നടപടിയിലേക്ക് നീങ്ങുവാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. ചിറ്റൂർ പുഴയിലേക്ക് ലക്ഷ്യമിട്ടിരുന്നത് 26970 ഹെക്ടർ സ്ഥലത്ത് വെള്ളം കൊടുക്കുവാനാണ്. ഇതിനോടകം 25281 ഹെക്ടർ സ്ഥലത്ത് വെള്ളം കൊടുത്തു. ഇനി 1500 ഹെക്ടർ സ്ഥലത്തു കൂടി വെള്ളം കൊടുക്കുവാൻ ഒരു ചെറിയ കാര്യം ചെയ്താൽമതി. മീനാക്ഷിപുരത്തുള്ള കനാലിൽനിന്നും വെള്ളം പമ്പ് ചെയ്ത് ലിഫ്റ്റ് ചെയ്യേണ്ടിയിരിക്കുന്നു. വെള്ളം പമ്പ് ചെയ്യുന്ന നടപടിയിലേക്ക് ഗവൺമെന്റ് പ്രയോറിറ്റി കൊടുത്തുകൊണ്ട് ആ പ്രദേശത്തിന് കൂടുതൽ പ്രയോജനമുണ്ടാക്കും. ചിമ്മിനിയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട സി. ജി. ജനാർദ്ദനൻ അദ്ദേഹത്തിന്റെ വികാരം ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. എനിക്ക് ജനാർദ്ദനനോട് വലിയ സ്നേഹമുണ്ട്. അദ്ദേഹം പറഞ്ഞ നല്ല വാക്കുകൾക്ക് നന്ദിയുമുണ്ട്. എർത്ത് ഡാമിനെ സംബന്ധിച്ചിടത്തോളം അൻപതര ശതമാനം പണികൂടി തീർന്നു. മേസണറി ഡാമിനെ സംബന്ധിച്ചിടത്തോളം 40 % വർക്ക് തീർന്നു. ബാക്കി അവശേഷിക്കുന്ന വർക്കിന് ടെൻഡർ നോട്ടീസ് കൊടുത്തു. ശ്രീ. പി. കുമാരൻ കാഞ്ഞിരപുഴയുടെ അനുബന്ധപദ്ധതിയായ തുപ്പനാട് പദ്ധതിയെക്കുറിച്ച് പറയുകയുണ്ടായി. അതിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ആ റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന്റെ അനുമതിക്ക് അയച്ചുകൊടുക്കുന്ന ഘട്ടത്തിൽ ഇപ്പോഴിരിക്കുകയാണ്. എത്രയുംവേഗം അതിന്റെ അനുമതി നമുക്ക് വാങ്ങാൻ കഴിയും.

സർ, ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടി, അദ്ദേഹത്തിന്റെ ആവേശം കൊണ്ടായിരിക്കാം കുരിയാർകുറ്റി, കാരപ്പാറ എന്നീ പ്രോജക്ടുകളെക്കുറിച്ച് പറഞ്ഞു. ഞാൻ ബഡ്ജറ്റിൽ പറഞ്ഞു, അതിന് കേന്ദ്രാനുമതി കിട്ടിയിട്ടില്ലയെന്ന്. അദ്ദേഹം പറഞ്ഞു, അവിടെയുള്ള കേരളാ കോൺഗ്രസുകാരെ പ്രീണിപ്പിക്കുവാൻ വേണ്ടി ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി പറഞ്ഞുവെന്ന്. ഏതായാലും പാലക്കാട്ടും കേരളാ കോൺഗ്രസുകാർ ഉണ്ടെന്ന് കൃഷ്ണൻകുട്ടി സമ്മതിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടിയോട് എനിക്ക് ഒരു കാര്യം പറയുവാനുണ്ട്. Environmental project വിംഗ് നമുക്ക് ഇങ്ങോട്ട് കമ്മ്യൂണിക്കേഷൻ തന്നിട്ടുണ്ട്. This a project, fit to be rejected. റിജക്ട് ചെയ്യേണ്ടതെന്നു പറഞ്ഞാണ് എഴുതിയിരിക്കുന്നത്. കാരണം കുരിയാർകുറ്റി പ്രോജക്ട്—ഈ പ്രോജക്ട് നടപ്പിലാക്കുകയാണെങ്കിൽ ഇപ്പോഴത്തെ സ്കീമനുസരിച്ച് വന്യമൃഗ സങ്കേതത്തിൽ ഒരു ഭാഗം വെള്ളത്തിൽ മുങ്ങിപ്പോകുമെന്നുള്ളതുകൊണ്ട് അത് റിജക്ട് ചെയ്യേണ്ടതാണ്. അങ്ങനെയാണ് നമുക്ക് കമ്മ്യൂണിക്കേഷൻ കിട്ടിയത്. അതുകൊണ്ട് കേന്ദ്രത്തിന്റെ തടസ്സം നീക്കം ചെയ്യേണ്ടതുണ്ട്. എത്രയും വേഗം കുരിയാർകുറ്റി പ്രോജക്ട് തീർക്കേണ്ടത് കേരളാ കോൺഗ്രസിന്റെ മാത്രം ആവശ്യമല്ല. പാലക്കാട് ജില്ലയിൽ കുടിവെള്ളത്തിനുവേണ്ടി ദാഹിക്കുന്നവർക്ക്, കൃഷിക്കാർക്ക് ഇങ്ങനെയുള്ളവർക്കുവേണ്ടി ഈ പദ്ധതി എത്രയും വേഗം തീർക്കേണ്ടതാണ്.

അടുത്തതായി അട്ടപ്പാടിയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ ഇറിഗേഷൻ മിനിസ്റ്റേഴ്സിന്റെ കോൺഫറൻസിൽവെച്ച് പറയുകയുണ്ടായി. കാവേരി ബേസിൽ ശിരുവാണിനദിയിൽ അട്ടപ്പാടിയിൽ ഒരു അണകെട്ടേണ്ടതുണ്ട്. പക്ഷേ ഇൻറർ സ്റ്റേറ്റ് റിവർ ബേസിനിൽ ആയതുകൊണ്ട് തർക്കമുണ്ടെന്നു പറഞ്ഞുകൊണ്ട് അതിന്റെ നിർമ്മാണത്തെ കേന്ദ്ര ഗവൺമെന്റ് ഇപ്പോഴും തടസ്സപ്പെടുത്തിയിരിക്കുകയാണ്. ഞങ്ങൾ പറഞ്ഞു അതിന്റെ അനുമതി നിഷേധിക്കേണ്ട കാര്യമില്ല. കാവേരി ബേസിനിൽനിന്ന് 56 ടി. എം. സി. വെള്ളമെടുക്കാൻ മുമ്പ് തന്നെ കരാറുണ്ട്. അതിന്നു നമുക്ക് അവകാശമുണ്ടെങ്കിൽ നാലര ടി. എം. സി. വെള്ളമെടുക്കുന്ന ഒരു പദ്ധതി നമ്മൾ നടപ്പിലാക്കുന്നതുകൊണ്ട് എന്താണ് ബുദ്ധിമുട്ട്? അതുകൊണ്ട് അതിന് നമുക്ക് അനുവാദം നൽകണമെന്ന് പറഞ്ഞിരിക്കുകയാണ്. നിർമ്മാണം നടക്കാത്ത പദ്ധതികളെക്കുറിച്ച് എല്ലാവരും പറഞ്ഞു. നിർമ്മാണം കഴിഞ്ഞ പദ്ധതികളുണ്ട്. ഈ ഗവൺമെന്റിന്റെ ലക്ഷ്യം പദ്ധതി പൂർത്തിയാക്കുകയെന്നുള്ളതു മാത്രമല്ല, ഉള്ളപദ്ധതിയിൽനിന്നും കൃഷിക്കാർക്ക് വെള്ളം കിട്ടുന്നുണ്ടോ? അവർക്ക് എല്ലാ സ്ഥലങ്ങളിലും വെള്ളം കിട്ടുന്നുണ്ടോ? അതിനകത്തെ ചാനലുകളെല്ലാം. ഒരേ സമയത്ത് പ്രവർത്തിപ്പിച്ചുകൊണ്ട് കൃഷിക്കാർക്ക് വെള്ളം കിട്ടുന്നുണ്ടോയെന്ന് പരിശോധിക്കുവാനും ഒരേ രീതിയിൽ എല്ലാ സ്ഥലത്തും മുകളിലും താഴെയും എല്ലാ വശത്തും വെള്ളം കിട്ടുന്നതിനും ഇന്ന് മറ്റു രീതിയിൽ നമുക്ക് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് കൺസ്ട്രക്ഷൻ ചെയ്യപ്പെട്ട എല്ലാ പദ്ധതികളിലും കനാൽ കമ്മിറ്റികളും ഫാർമേഴ്സ് യൂണിയനുകളും ഫാർമേഴ്സ് അസോസിയേഷനുകളും ഉണ്ടാക്കിക്കൊണ്ട് ജനങ്ങളുടെ സഹകരണത്തോടുകൂടി, ജനങ്ങളുടെ സപ്പോർട്ടോടുകൂടി പൂർത്തിയാക്കപ്പെട്ട പദ്ധതികൾക്ക് പൂർണ്ണമായ പ്രയോജനം ലഭിക്കുന്നതിനുള്ള നടപടികളിലേക്ക് കടക്കുന്നതിന് ആഗ്രഹിക്കുകയാണ്.

സർ, അതുപോലെതന്നെ ലിഫ്റ്റ് ഇറിഗേഷൻ രംഗത്ത് നമുക്ക് ഇതുവരെ വിദേശ സഹായം നേടുവാൻ കഴിഞ്ഞിട്ടില്ല. ആ വിദേശ സഹായം എടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടെ സഹായം നമുക്ക് കിട്ടുന്നതിനുള്ള നടപടികളിലേക്ക് ഗവൺമെന്റ് കടക്കുകയാണ്. കുടിവെള്ളത്തെ, സംബന്ധിച്ച് പറയുമ്പോൾ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: സാംട്ട് വാട്ടർ ബാരിയർ സമയത്തിന് അടച്ചിടാമോ? അത് സ്ഥിരമായിട്ട് അടച്ചിടാതെ തുടയ്ക്കുകയും തുറക്കുകയും ചെയ്യണം.

ശ്രീ. കെ. എം. മാണി: ആ കാര്യത്തിൽ തീർച്ചയായും ഗവൺമെന്റ് ശ്രദ്ധ പതിപ്പിക്കാം.

ശ്രീ. ഇ. കെ. നായനാർ: മിസ്റ്റർ മാണി, കണ്ണൂർ പട്ടണത്തിൽ 25 ലക്ഷം രൂപ ചെലവാക്കിയാൽ എല്ലാ മാസവും വെള്ളം കിട്ടാനുള്ള ഒരു പദ്ധതിയുണ്ട്. അത് ഗവൺമെന്റിന് സമർപ്പിച്ചിരിക്കയാണ്. ഇത് പൊട്ട ഗവൺമെന്റായതുകൊണ്ട് ഇതിനെപ്പറ്റി അറിയാമോ എന്നറിയില്ല. പഴശ്ശിയിൽനിന്ന് കണ്ണൂർ പട്ടണത്തിലേക്ക് പൈപ്പുവഴി വെള്ളമെയച്ചാൽ പന്ത്രണ്ടു മാസവും വെള്ളം കിട്ടും. 25 ലക്ഷം രൂപ നിങ്ങടം ഇതിനുവേണ്ടി ചെലവു ചെയ്യാതെ മുഴുവനും കട്ടു മുടിക്കുകയല്ലേ ചെയ്തത്?

ശ്രീ. കെ. എം. മാണി: ഇത് പൊട്ട ഗവൺമെന്റല്ലെന്ന് ശ്രീ. നായനാരെക്കൊണ്ടുതന്നെ സമ്മതിപ്പിക്കുവാൻ പോവുകയാണ്. കണ്ണൂരിലേക്ക് വെള്ളം എത്തിക്കുവാനുള്ള പദ്ധതിയിലേക്ക് ഈ ഗവൺമെന്റ് കടക്കുകയാണ്. അതിനുള്ള പരിപാടികളും ഈ ഗവൺമെന്റിന്റെ കയ്യിലുണ്ട്. അത് ഉടൻതന്നെ പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ, കണ്ണൂരിലേക്ക് ജല വിതരണ പദ്ധതിയെ സംബന്ധിച്ചിടത്തോളം ആഗ്മെന്റ് ചെയ്യാനും അത് കൂടുതൽ വിപുലമാക്കാനുമുള്ള പരിപാടി ഈ ഗവൺമെന്റിന്റെ കയ്യിലുണ്ട്. അതിൽ ആദ്യമായി ശ്രദ്ധ പതിപ്പിക്കുന്നതാണ്. ഇവിടെ 1981–1990 ഇന്റർ നാഷണൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഡക്കേഡായി പ്രഖ്യാപിച്ചിട്ടുണ്ട്. ഞാൻ എന്റെ മുൻഗാമി ശ്രീ. എം. പി. ഗംഗാധരനെ ബഹുമാനത്തോടുകൂടി കാണുകയാണ്. നമ്മുടെ മുനിസിപ്പൽ ടൗണുകളെ സംബന്ധിച്ചിടത്തോളം മുനിസിപ്പൽ ടൗണുകളിൽ അർബൻ വാട്ടർ സപ്ലൈ സ്കീം കാര്യമായി പുരോഗമിച്ചിട്ടുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ 50 ശതമാനം ജനങ്ങൾക്കും ഇനിയും നമുക്ക് വെള്ളം കൊടുക്കേണ്ടതായിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. കുടിവെള്ളത്തിന് പ്രയാസമുള്ള ഏരിയാകളിൽ ഇനിയും നമുക്ക് വെള്ളം എത്തിക്കേണ്ടതായിട്ടുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഓൺ ഗോയിംഗ് പ്രോജക്ടുകളെ സംബന്ധിച്ചിടത്തോളം നടന്നുകൊണ്ടിരിക്കുന്ന സ്കീമുകളെ വേഗതയിൽ പൂർത്തിയാക്കണം. മുടക്കിയ പണത്തിന് പ്രയോജനം കിട്ടണം. വളരെക്കാലമായി പണം മുടക്കിയിട്ടുണ്ടെങ്കിലും റിട്ടേൺ വേണമെന്നുണ്ടെങ്കിൽ എക്സിക്യൂഷന് കാലതാമസം വരുത്തൻ പാടില്ല. എത്രയുംവേഗം അതിന്റെ എക്സിക്യൂഷൻ നമുക്ക് പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. പുതിയ പ്രോജക്ടുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട നായനാർ ഇവിടെ പറഞ്ഞു. ഒരു കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ ഗവൺമെന്റ് ലോക ബാങ്കിന്റെ സഹായത്തോടുകൂടി ഏഴ് ബൃഹത്തായ, വൻകിട ജലസേചന പദ്ധതികളും ഈ വർഷം ആരംഭിക്കുകയാണ്; ഉടൻതന്നെ ആരംഭിക്കുവാൻ പോവുകയാണ്. രണ്ടു സാനിട്ടേഷൻ പദ്ധതികളും ആരംഭിക്കുകയാണ്. വിശാലകൊച്ചി വികസനമേഖലയിലെ ജലവിതരണ പദ്ധതി വിപുലീകരിക്കുവാൻ 30 കോടി രൂപ ചെലവ് വരുന്നു. അവിടെയുള്ള സമീപ പഞ്ചായത്തുകൾക്ക് പ്രയോജനം കിട്ടുന്ന ഒരു പദ്ധതിയാണത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോണിന്റെ ശ്രദ്ധയ്ക്കായി ഒരു കാര്യം പറയാം. കൊല്ലം നഗരത്തിലും പരിസര പ്രദേശത്തുമായി ഇന്നുള്ള ജലവിതരണ പദ്ധതികളെ ആഗ്മെന്റ് ചെയ്തുകൊണ്ട് 20 കോടി രൂപയുടെ പദ്ധതി കൊല്ലം ജില്ലയിലും പരിസര പ്രദേശത്തുമായികുടിവെള്ളം കൊടുക്കത്തക്കവണ്ണം നടപ്പിലാക്കാൻ പോവുകയാണ്. അതുപോലെതന്നെ കോട്ടയം നഗരത്തിൽ ഇന്നുള്ള സ്കീം ആഗ്മെന്റ് ചെയ്തുകൊണ്ട് പരിസരത്തുള്ള നാലു പഞ്ചായത്തുകളിൽ കുടിവെള്ളം കൊടുക്കത്തക്ക വണ്ണം ഒരു സ്കീം നടപ്പിലാക്കുവാനുള്ള നടപടികളും ഈ ഗവൺമെന്റ് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. വിളപ്പിൽ, അടൂർ, ചിതറ, പുത്തൻ കുരിശ് എന്നീ പഞ്ചായത്തുകളിൽ പുതിയ പദ്ധതികളും ഈ വർഷം തന്നെ ആരംഭിക്കുവാൻ ഉദ്ദേശിക്കുകയാണ്.

ശ്രീ. ബേബിജോൺ: കൊല്ലത്ത് പുതിയ പദ്ധതികളും നടപ്പാക്കുമെന്ന് പറഞ്ഞത് നല്ല കാര്യമാണ്. ഒരു കാര്യം ചെയ്താൽ കൊള്ളാം. ഇന്നു നിലവിലിരിക്കുന്നവ തകർക്കാതിരിക്കണം. കാരണം, അത് പോസ്സിബിലിറ്റിസില്ലാതെ പൈപ്പ് മാത്രം കുഴിച്ചിട്ടുകൊണ്ട് അവിടത്തെ വാട്ടർ ഡിസ്ട്രിബ്യൂഷൻ സ്കീം മുഴുവൻ താറുമാറായിരിക്കുകയാണ്.

ശ്രീ. കെ. എം. മാണി: ഞാൻ അതിലേക്ക് വരുന്നുണ്ട്. ഈ ഗവൺമെന്റ് ആഗ്രഹിക്കുന്ന രണ്ടു മൂന്നു പ്രയോറിറ്റിസുണ്ട്. ഈ രാജ്യത്ത് 20 വീടോ അല്ലെങ്കിൽ 10 വീടോ അതിൽ കൂടുതലോ ഉള്ള 2000 ഹരിജനങ്ങളുടെ സങ്കേതങ്ങളും ഇനിയും വെള്ളമെത്തേണ്ടതെയുണ്ട്. ആ രണ്ടായിരം സങ്കേതങ്ങളിലും ആദ്യം കുടിവെള്ളം കൊടുക്കുവാനുള്ള ഒരു തീവ്ര പരിപാടിയിലേക്ക് ഗവൺമെന്റ് നീങ്ങുവാൻ ആഗ്രഹിക്കുകയാണ്. അതുപോലെ പാവപ്പെട്ട ഹരിജനങ്ങളും താമസിക്കുന്ന ലക്ഷം വീടു കോളനികളിൽ കേന്ദ്ര ഗവൺമെന്റ് പ്രയോറിറ്റി കൊടുത്തിട്ടില്ല. ലക്ഷം വീടു കോളനികളും ഇന്ന് അവഗണിക്കപ്പെടുകയാണ്. അത് ഹരിജൻ കോളനികളല്ലാത്തതുകൊണ്ടായിരിക്കാം. പക്ഷെ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കഴിവുള്ളിടത്തോളം സംസ്ഥാനത്തെ ലക്ഷം വീടു കോളനികളിലും ഇന്ന് കുടിവെള്ളം കൊടുക്കുന്നതിനുവേണ്ടി ട്യൂബ് വെല്ലുകളും കുഴിച്ചുകൊണ്ട് അവിടെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുവാൻ സത്വരമായ ശ്രദ്ധ പതിപ്പിക്കുന്നതാണെന്നു പറയാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്ത് രണ്ട് മൂന്നു കാര്യങ്ങളും ചെയ്യാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതായത്, ഇപ്പോഴുതന്നെ നമ്മുടെ സംസ്ഥാനത്ത് വളരെയധികം കുഴൽക്കിണറുകളും കുഴിച്ച് ഹാൻഡ് പമ്പുകളും വച്ചിരിക്കുകയാണ്. ഹാൻഡ് പമ്പ് വച്ച് അതിൽക്കൂടി കുഴൽക്കിണറിലെ വെള്ളം നമ്മളും ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ അതിൽ ഈൽഡ് ഉള്ള കിണറുകളുണ്ട്; ആ കിണറുകളും ഐഡന്റിഫൈ ചെയ്തുകൊണ്ട് കുഴൽകിണറുകളുമായി ബന്ധപ്പെട്ടുകൊണ്ട് പൈപ്പ് വാട്ടർ സപ്ലൈ സിസ്റ്റം, മിനിവാട്ടർ സപ്ലൈ സിസ്റ്റം, കേരളമൊട്ടാകെ വികസിപ്പിച്ചെടുക്കുകയെന്ന ലക്ഷ്യം ഗവൺമെന്റ് നടപ്പാക്കുവാൻ ആഗ്രഹിക്കുകയാണ്. ആ നിലയിലേക്ക് നമുക്ക് ഇതിനോടകം കുഴിച്ചിട്ടുള്ള കുഴൽക്കിണറുകളുടെ പൂർണ്ണമായ പ്രയോജനം എത്തിക്കുവാൻ കഴിയുമെന്ന് ആശിക്കുകയാണ്. നമുക്ക് വെള്ളം കൊടുക്കുവാൻ കഴിഞ്ഞാലും കാളിറിറി കൺട്രോളിനെ സംബന്ധിച്ചിടത്തോളം ഇന്ന് ചില പ്രോബ്ലംകളുണ്ട്. ഈ സംവിധാനങ്ങളും മാറിക്കൊണ്ട് നമുക്ക് തിരുവനന്തപുരം, ആലുവാ,

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് എന്നീ കേന്ദ്രങ്ങളിലായി മൂന്ന് റീജിയണൽ വാട്ടർ അനാലിസിസ് ലബോറട്ടറികളും സ്ഥാപിക്കുകയും ആ ലബോറട്ടറികളിലേക്ക് സാമ്പിളും ജലം കൊണ്ടു കൊടുക്കുന്നതിനും മറ്റു കാര്യങ്ങൾക്കുമായി മൊബൈൽ ലബോറട്ടറീസ് സ്ഥാപിക്കുവാനും ആഗ്രഹിക്കുകയാണ്. അപ്പോഴും ഈ സംസ്ഥാനത്ത് മൂന്നു റീജിയണൽ ലബോറട്ടറികളും മൊബൈൽ ലബോറട്ടറികളും സ്ഥാപിച്ചുകൊണ്ട് ഗവൺമെന്റ് വിതരണം ചെയ്യുന്ന ജലത്തിന്റെ കാളിറി ഉറപ്പുവരുത്തുവാൻ, തീർച്ചയായും അത് സുപ്രധാനമായ കാര്യമാണെന്ന് കരുതിക്കൊണ്ട് അതിനുള്ള നടപടികളിലേക്ക് കടക്കുകയാണ്.

ശ്രീ. കെ. വി സുരേന്ദ്രനാഥ്: ഈ അടുത്ത ദിവസം കേന്ദ്ര വാട്ടർ മാനേജ്മെന്റ് സെക്രട്ടറി ഇവിടെ വന്നിട്ട് ഗ്രൗണ്ട് വാട്ടർ ഓവർ എക്സ്പ്ലോയിറ്റ് ചെയ്തിട്ട്, വാട്ടർലെവൽ താഴ്ന്നു തന്നെ നാശമായിരിക്കുന്നു, അത് ഇവിടെ പാടില്ല യെന്ന് പറഞ്ഞ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: അത് പറയാതെതന്നെ ഈ ഗവൺമെന്റിനായാലും മറ്റാരാളിന്റെ കാട്ടേഷൻ ആവശ്യമില്ല. അത് നിയന്ത്രിക്കേണ്ടതാണ്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: മിനി വാട്ടർ സ്കീമിനെ സംബന്ധിച്ച് പറഞ്ഞല്ലോ? അതുകൊണ്ട് ചോദിച്ചതാണ്.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് പറഞ്ഞത് ശരിയാണ്. അത് ഗവൺമെന്റ് അംഗീകരിക്കുന്നു. ഇവിടെ സംസാരിച്ചപ്പോഴും ശ്രീ. കാനം രാജേന്ദ്രനും മറ്റു മെമ്പർമാരും, പൈപ്പ് വാങ്ങിയതിനെപ്പറ്റി ശ്രീ. മാണി എന്തു ചെയ്യുന്നുവെന്ന് ചോദിക്കുകയുണ്ടായി. ഈ ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗിൽ ഞാനില്ല ഇപ്പോഴും ഞാൻ ധനകാര്യ മന്ത്രിയല്ല. ഇപ്പോഴും അതിന്റെ അന്വേഷണം എവിടെയാണെന്നുള്ളതിനെപ്പറ്റി എനിക്കറിയില്ല. പക്ഷെ ഒരു കാര്യം ഞാൻ ശ്രീ.കാനം രാജേന്ദ്രനോട് പറയാം. അത് മുൻമന്ത്രി ശ്രീ. എം. പി. ഗംഗാധരൻ ഇവിടെ വിശദമായി പറഞ്ഞു. ഞാൻ അസന്നിഗ്ദ്ധമായി പറയുകയാണ്, ഫിനാൻഷ്യൽ വിംഗ് എന്നു പറയുന്നത് ഒരു ഇൻഡിപ്പെൻഡന്റ് ഏജൻസിയാണ്, ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഒരു ഏജൻസിയാണ്. ഇവിടെ വളരെയധികം പരാതികളുണ്ടായി. ആവശ്യത്തിലേറെ പൈപ്പുകൾ വാങ്ങിയിട്ടിരിക്കുന്നുയെന്ന പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗ് അതിനെപ്പറ്റി അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണ്. ആ ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗിന്റെ അന്വേഷണ റിപ്പോർട്ട് കിട്ടിയാൽ അത് തീർച്ചയായും വെളിച്ചം കണ്ടെത്താതിരിക്കയില്ല. ആ അന്വേഷണ റിപ്പോർട്ട് കിട്ടിയാൽ വാട്ടർ അതോറിറ്റി ആ റിപ്പോർട്ട് എന്താണെന്നുള്ളത് ഈ ഡിപ്പാർട്ടുമെന്റിനെ അറിയിക്കാതിരിക്കയില്ല. ആ റിപ്പോർട്ട് കിട്ടിയാൽ ഏതെങ്കിലും ഒരു വീഴ്ച വരുത്തിയിട്ടുണ്ടെന്നു കണ്ടാൽ മുഖം നോക്കാതെ, ശക്തമായ നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുന്നതാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, പ്രതിഭരായ ചർച്ചയിൽ ഇതുമായി ബന്ധപ്പെട്ട ചില ഫയലുകൾ ഡൽഹിയിൽ ശ്രീ. മാണി കൊണ്ടുപോയതായി പത്രങ്ങളിലെല്ലാം വായിച്ചു. അത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ഇവിടെ ഒരു പർച്ചേസ് പോളിസി ഈ ഗവൺമെന്റ് എടുക്കുകയാണ്. പൈപ്പ് ആകട്ടെ, മറ്റ് കാര്യങ്ങളാകട്ടെ ഒരു പർച്ചേസ് പോളിസി വേണമെന്ന് ആഗ്രഹിക്കുന്നു. നമ്മുടെ ബൃഹത്തായ വികസനപ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് അതിനാവശ്യമായ സാധനസാമഗ്രികളും വാങ്ങാതെ വരുമ്പോൾ സ്തംഭനമുണ്ടാകും. അതിനാവശ്യമായ സാധനസാമഗ്രികളും വാങ്ങുമ്പോൾ അമിതമായി വാങ്ങാൻ പാടില്ല. അതിന് മുടക്കുന്ന മുതലിന്റെ പ്രയോജനമില്ലാതെ വരും.. വേസ്റ്റായി കിടക്കും. അതുകൊണ്ട് ഈ രണ്ട് തത്വങ്ങളെ സംബന്ധിച്ചിടത്തോളം ആവശ്യത്തിന് വാങ്ങിക്കുകയും വേണം, അമിതമായി വരാനും പാടില്ല. ഇത് പൊരുത്തപ്പെടുത്തിക്കൊണ്ട് ഒരു പർച്ചേസ് പോളിസിക്ക് രൂപം കൊടുക്കാൻ ആഗ്രഹിക്കുകയണ്. ഓരോ സ്കീമിലും എത്തെല്ലാം സാധനങ്ങൾ വേണം എന്ന് കൃത്യമായി തിട്ടപ്പെടുത്തുകയും നിലവിലുള്ള സ്റ്റോക്കുംകൂടി വെരിഫൈചെയ്ത് സ്റ്റോഴ്സുംകൂടി വെരിഫൈ ചെയ്ത്, ബാക്കി പോരായ്മ എത്രയുണ്ടെന്ന് നോക്കി ആ പോരായ്മകൾ ഉള്ളിടത്തോളം പൊണ്ടിററി മാത്രം സംഭരിക്കുവാനായിട്ടാണ് ആഗ്രഹിക്കുന്നത്. അപ്രകാരം വാങ്ങുമ്പോൾ ഏറ്റവും നല്ല സാധനങ്ങൾ ഏറ്റവും കുറഞ്ഞ വിലക്ക് യഥാസമയം വാങ്ങിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ പർച്ചേസ് പോളിസി എന്ന് സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർ, ഇവിടെ നിയമനത്തെ സംബന്ധിച്ച് പറയുകയുണ്ടായി. ഇതുവരെ 289 പേരെ ഈ വാട്ടർ അതോറിട്ടിയിൽ നിയമിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ 174 പേരെ പി. എസ്. സി. യിൽനിന്നും 115 പേരെ ഡയറക്ട് റിക്രൂട്ട്മെന്റു വഴിയുമാണ്. ഈ നിമിഷം മുതൽ ഭാവിയിലേക്കുള്ള മുഴുവൻ അപ്പോയിന്റ്മെന്റും പി.എസ്.സി. ക്ക് ഗവൺമെന്റ് വിടുന്നു എന്ന് അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്. സർ, പബ്ലിക് സർവ്വീസ് കമ്മീഷൻ ഒരു അഡ്വീഷണൽ ഫംഗ്ഷൻസ് നിയമം ഭേദഗതിചെയ്തുകൊണ്ട് വാട്ടർ അതോറിട്ടിയുടെ ഭാവി നിയമനങ്ങളും മുഴുവൻ പബ്ലിക് സർവ്വീസ് കമ്മീഷനു വിടാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ള വിവരം ഞാൻ ഈ സഭയെ അറിയിക്കുകയാണ്. ഇതിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഈ വിമർശനങ്ങളൊന്നും ആവശ്യമില്ലാത്തതാണ്. സീസറിന്റെ ഭാര്യ സംശയത്തിനതീതമായിരിക്കണം എന്ന് പറയുന്നതുപോലെ ഞങ്ങൾക്കാർക്കും ഈ സഭയെ ഒളിച്ചുവെക്കേണ്ട യാതൊരു കാര്യവുമില്ല.

ശ്രീ. ബേബിജോൺ: പബ്ലിക് സർവ്വീസ് കമ്മീഷനു വിടുമെന്ന് പറഞ്ഞു, അതിനെപ്പറ്റി ഞങ്ങളും ഒന്നു ചോദിച്ചു കൊള്ളട്ടെ. ഈ വർക്സ് കോൺട്രാക്റ്ററിനുള്ള വൗച്ചറിൽ ധാരാളം ആളുകളെ എടുത്തിട്ടുണ്ട്. അത് ഒന്നു പരിശോധിക്കണം.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട ശ്രീ. ബേബിജോൺ, നമ്മുടെ ഈ ഡയലോഗ് ഇതുകൊണ്ട് തീർന്നിട്ടില്ല. പുറത്തേക്ക് ഇറങ്ങ് ശ്രീ. ബേബിജോണും ഞാനും തമ്മിൽ ഡയലോഗ് വേണം. ബേബിജോൺ അറിയാവുന്ന കാര്യങ്ങൾ ഇങ്ങോട്ടു പറയണം. ഞാൻ അതിന് മറുപടി നൽകും.

ശ്രീ. ബേബിജോൺ: അങ്ങ് ഫിനാൻസ് മിനിസ്റ്റർ ആയിരുന്നപ്പോൾ അന്വേഷണത്തിനായച്ച ഒരു അന്വേഷണ റിപ്പോർട്ടിൽ നിന്ന് ഞാൻ മനസ്സിലാക്കിയത്. (ബഹളം)..... ഞാൻ മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

വായിക്കുന്നില്ല .....
Violation of Court Rules, Departmental practices, proceedures and instructions, DGS&D Rules etc., flouting even the basic financial and proprieties have been noted in several cases of purchase of G. M. Valves .....
പിന്നെ ബഹുമാന്യനായ മുൻധനകാര്യമന്ത്രി, ധനകാര്യമന്ത്രി ആയിരുന്നപ്പോഴും അയച്ച ഒരു പെറീഷൻസിനെ സംബന്ധിച്ച് വന്ന റിപ്പോർട്ടിന്റെ ഭാഗമാണിത്.

ശ്രീ. കെ. എം. മാണി: റിപ്പോർട്ട് ഗവൺമെന്റിന് നൽകുന്നതിനു മുൻപ് പ്രതിപക്ഷത്തിന് കൊടുക്കുമെന്ന് വിചാരിച്ചില്ല.

ശ്രീ. ബേബിജോൺ: ഈ റിപ്പോർട്ടിൽ ഒരു ഭാഗത്ത് പറയുന്നുണ്ട് .....
The following officers has made large irregular purchases....officials ന്റെ പേര്; One Mr. Venugopal, Superintending Engineer, Mr. Muraleedhara Panicker, Executive Engineer, Mr. T. B. Jacob Exective Engineer, Mr. N. S. Bairavan, Chief Engineer Mr. G. Govindan Potti, Chief Engineer..... അതിനെ കുറിച്ച് പറയുന്നത്,.... the purchase was made at a time when large stock was available with the authority. Hence, its motivation warrants investigation.

ശ്രീ. കെ. എം. മാണി: ഈ തരത്തിലുള്ള ഒരു ശൈലി, ഗവൺമെന്റിന്റെ അന്വേഷണ റിപ്പോർട്ട് ഗവൺമെന്റിനെ ഏൽപ്പിച്ച് ഗവൺമെന്റ് അത് പരിശോധിക്കുന്നതിനു മുൻപ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമസഭയിൽ ഒരു ചർച്ചയും, ഞാൻ അതിന് മറുപടി പറയുകയും ചെയ്യുക എന്നു പറയുന്നത് വളരെ വിഷമകരമായ ഒരു കാര്യമാണ്. ഈ ശൈലി വളരെ ശരിയായ കാര്യമല്ല. ഒരു കാര്യം ശ്രീ. ബേബിജോണിനോട് പറയാം. ഇത് എന്ത് രേഖയാണെന്നുള്ള കാര്യം എനിക്കറിയില്ല. ഏതായാലും ബഹുമാനപ്പെട്ട ബേബിജോൺ അത് മേശപ്പുറത്തുവെയ്ക്കണം.

സർ, ടൗൺ പ്ലാനിംഗ് ഡെവലപ്പ്മെന്റിനെ സംബന്ധിച്ചിടത്തോളം കേരളാബിൽഡിംഗ് റൂംസിന്റെ എക്സെംപ്ഷനുവേണ്ടി ഇൻഡിസ് ക്രിമിനേറ്റായി എക്സംപ്ഷൻ കൊടുക്കുന്ന ഒരു നടപടിയെ സംബന്ധിച്ചിടത്തോളം ഇവിടെ പറയുകയുണ്ടായി. നിയമമുണ്ട് എക്സംപ്ഷൻ കൊടുക്കാൻ ഗവൺമെന്റിന് അനുവാദമുണ്ട്. അതിനെ സംബന്ധിച്ച ഗൈഡ്ലൈൻ എത്രയും വേഗം ഗവൺമെന്റ് രൂപം കൊടുക്കുന്നതാണ്. നമ്മുടെ സ്വസ്ഥാനത്ത് വികസന അതോറിട്ടികളും മുനിസിപ്പൽ കൗൺസിലുകളും നഗര സംവിധാന പദ്ധതികളും ആസൂത്രണം ചെയ്യുന്നുണ്ട്. മാസ്റ്റർപ്ലാൻ ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീം ഒക്കെ നോട്ടിഫൈ ചെയ്യുന്നു. ഈ സംസ്ഥാനത്ത് വന്നിരിക്കുന്ന ഒരു കാര്യം ഒരു സ്കീം നോട്ടിഫൈ ചെയ്തിട്ട് അത് നോട്ടിഫൈ ചെയ്യുന്ന കാലാവധിക്കകം ആ സ്കീം നടപ്പിലാക്കാതെ വരികയും സ്വകാര്യ വ്യക്തികളുടെ എൻറർപ്രൈസസിന് വിഷമം വരികയും ചെയ്യുന്ന ഒരു സ്ഥിതി വിശേഷം ഇവിടെ ഉണ്ടായിട്ടുണ്ട്. സർ, അതുകൊണ്ട് ഒരു പോളിസി change ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുകയാണ്. ഏതു പദ്ധതികളാകട്ടെ, അതിന്റെ ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ടാകട്ടെ, മാസ്റ്റർ പ്ലാനാകട്ടെ, നോട്ടിഫൈ ചെയ്ത് കഴിഞ്ഞാൽ ഗവൺമെന്റ് ഒരു കാലാവധിക്കകം ആ പ്രോജക്ടറ് ഏറ്റെടുക്കാതെ അനിശ്ചിതമായി അത് നടപ്പിലാക്കാതെ വരുന്നെങ്കിൽ. പ്രൈവറ്റ് എൻറർപ്രൈസസിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ ഗൈഡ് ലൈൻസ് അനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് അവർക്ക് അനുമതി നൽകുന്നതാണ് എന്നുള്ള ഒരു നിലപാടാണ് ഗവൺമെന്റ് എടുക്കുന്നത്.

അതുപോലെതന്നെ അക്വിസിഷനെ സംബന്ധിച്ച് പറയുകയാണെങ്കിൽ എവിടെയെങ്കിലും ഏതെങ്കിലും പ്രോജക്ട് നോട്ടിഫൈ ചെയ്താൽ അക്വിസിഷനുവേണ്ടി ഡിക്ലറേഷൻ വന്നു കഴിഞ്ഞതിനുശേഷം അതിന്റെ പീരീഡ് പുതിയ അക്വിസിഷൻ നിയമമനുസരിച്ച് മൂന്നു വർഷം കഴിഞ്ഞാൽ അത് ഡ്രോപ്പ് ആകുമെങ്കിലും ടൗൺ പ്ലാനിംഗ് സ്കീം അവിടെ ഉള്ളതുകൊണ്ട് ആളുകൾക്ക് ഭൂമി കൈമാറ്റം ചെയ്യുന്നതിനോ, എന്തെങ്കിലും ഡെവലപ്പ്മെന്റ് നടത്തുന്നതിനോ ബുദ്ധിമുട്ട് ഉള്ളതുകൊണ്ട്, ഗവൺമെന്റ് ഒരു മാസ്റ്റർ പ്ലാൻ നോട്ടിഫൈ ചെയ്താൽ ആ പ്ലാൻ അനുസരിച്ച് ഗവൺമെന്റിന് ഒരു ഏരിയ ഡെവലപ്പ് ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നെങ്കിൽ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പ്ലാൻ അനുസരിച്ച് പ്രൈവറ്റ് ഇൻഡിവിഡുവൽസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഗവൺമെന്റ് തടസ്സം നിൽക്കേണ്ടതില്ല. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അത് ആപശ്യമാണ് എന്നുള്ളതുകൊണ്ട് ആ രംഗത്തും ഒരു പുതിയ ഗൈഡ് ലൈസൻസിന് രൂപം കൊടുക്കുകയാണ്. ആ നിലയിലേക്ക് കാര്യങ്ങൾ ഭംഗിയായി തീരട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. ഈ സഭയിൽ നിന്ന് ഉന്നയിക്കപ്പെട്ട ചില നിർദ്ദേശങ്ങൾ ഞാൻ കാര്യമായി എടുക്കുന്നതാണ്. അതിലേക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തട്ടെ.

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ വിമർശിക്കുകയും ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. മൊത്തത്തിലുള്ള ആയിരത്തിയൊന്നു പഞ്ചായത്തുകളെ നാലുതരമായിട്ടാണ് തിരിച്ചിരിക്കുന്നത്. നാലുവർഷമായിട്ട് ഇതിന്റെ ഭരണം തുടർന്നിട്ട് അഞ്ചാമത്തെ വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ഈ അവസരത്തിൽ നമ്മുടെ പഞ്ചായത്തുകളിൽ ഉണ്ടായിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഒരു പട്ടിക ഞാൻ വായിക്കാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾക്കുവേണ്ടെങ്കിൽ ഞാൻ വായിക്കുന്നില്ല. (ബഹളം)
26 പഞ്ചായത്തുകൾക്ക് ടി. വി. സെറ്റുകൾ കൊടുത്തു. ഇനി കൂടുതൽ പഞ്ചായത്തുകൾക്ക് ടി. വി. സെറ്റു കൊടുക്കുവാൻ ആഗ്രഹിക്കുന്നുണ്ട്. ലോകബാങ്കിൽ നിന്നുള്ള സഹായത്തോടുകൂടി 31 പഞ്ചായത്തുകൾ പതിനെട്ടായിരം ചെലവു കുറഞ്ഞ കക്കൂസുകൾ നിർമ്മിക്കുവാനുള്ള പരിപാടികൾ ആവിഷ്ക്കരിച്ച് പ്രവർത്തിച്ചു വരികയാണ്. പഞ്ചായത്തു വാട്ടർ സപ്ലൈ സ്കീമിന്റെ പേരിൽ പാലക്കാട് ഒരു പൈലറ്റ് സ്കീം ആരംഭിച്ചു വരുന്നുണ്ട്. ഇന്നലെ ഇവിടെ റവന്യൂ വകുപ്പുമന്ത്രി പറഞ്ഞു, പാലക്കാട് ജില്ലയിൽ 133 വില്ലേജുകളിൽ വരൾച്ച ബാധിച്ചിട്ടുണ്ടെന്ന്. കുടിവെള്ളമില്ലാതെ ഏറ്റവുമധികം ബുദ്ധിമുട്ടുന്നത് പാലക്കാട് ജില്ലക്കാരാണ്. വെള്ളപ്പൊക്ക ദുരിത

LIBRARY ARCHIVES Kerala Legislative Assembly

നിവാരണ ഫണ്ടിൽനിന്ന് ആദ്യമായിട്ടാണ് ഏഴരക്കോടി രൂപ കേന്ദ്ര ഗവൺമെന്റിൽനിന്ന് നമുക്ക് ലഭിക്കുന്നത്. അതുമൂലം കേരളത്തിൽ ധാരാളം പഞ്ചായത്തുറോഡുകളും നന്നാക്കാൻ സാധിച്ചിട്ടുണ്ട്. എത്രയോ സർക്കാരുകളും ഇവിടെ അധികാരത്തിൽവന്നു. പക്ഷേ ആദ്യമായിട്ടാണ് 7.35 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽ നിന്നു പഞ്ചായത്തിന്റെ പേരിൽ നമുക്കു കിട്ടിയിരിക്കുന്നത്. അതുപോലെതന്നെ വി. ആർ. എം. ഗ്രാന്റിന്റെ കാര്യം. വി. ആർ. എം. ഗ്രാന്റിന്റെ വകയിൽ 18 കോടി രൂപ വിതരണം ചെയ്യാനുണ്ടായിരുന്നത് 12.88 കോടി രൂപ മാത്രമേ വിതരണം ചെയ്യാൻ സാധിച്ചിട്ടുള്ളു. ബാക്കി കുടിശ്ശികയുമുണ്ട്. അതും വിതരണം ചെയ്യുന്നതായിരിക്കും. ബിൽഡിംഗ് ഗ്രാന്റിനു പതിനയ്യായിരം രൂപയോളം ഓരോ പഞ്ചായത്തിനും കൊടുത്തിട്ടുണ്ട്. അങ്ങനെ 37.45 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് 283 പഞ്ചായത്തുകൾക്ക് ഓഫീസ്കെട്ടിടം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർമാർക്കും അനുദ്യോഗസ്ഥർമാർക്കും ഒരു പരിശീലനകേന്ദ്രം പുതുതായിട്ട് സ്ഥാപിച്ച് പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നുണ്ട്. റൂറൽ ഡെവലപ്പ്മെന്റ് ബോർഡിന്റെ സാമ്പത്തിക സഹായംകൊണ്ട് ധാരാളം ഷോപ്പിംഗ് കോംപ്ലക്സ്, ബസ് സ്റ്റാന്റ്, കമ്മ്യൂണിറ്റി ഹാൾ, ലോഡ്ജിംഗ് ഹൗസസ് എന്നിവ വ്യാപകമായിട്ട് കേരളത്തിൽ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് സാധിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിലെ പഞ്ചായത്തുകളുമായിട്ട് തട്ടിച്ചുനോക്കിയാൽ നമ്മുടെ പഞ്ചായത്തുകളിൽ അർബൻ ക്യാരക്ടറുകൾ രൂപീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. ഒരു പഞ്ചായത്ത് മുനിസിപ്പാലിറ്റിയായിട്ട് ഉയർത്തിയിട്ടുണ്ട്.

ഇനി എനിക്ക് പറയുവാനുള്ളത് തെരഞ്ഞെടുപ്പിനെ സംബന്ധിച്ചാണ്. തെരഞ്ഞെടുപ്പ് വളരെയധികം നീട്ടിക്കൊണ്ടുപോകുന്നുണ്ട് എന്ന് പല സമയങ്ങളിലും ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ആ തെരഞ്ഞെടുപ്പ് യഥാർത്ഥത്തിൽ മനഃപൂർവ്വം നീട്ടിക്കൊണ്ടുപോയിട്ടുള്ളതല്ല. 1981-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ ആയിരം പഞ്ചായത്തുകൾക്ക് പുതിയ വാർഡുകളുടെ സ്ട്രങ്ത് രൂപീകരിക്കുകയും വോട്ടർ പട്ടിക ഉണ്ടാക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് വളരെയധികം ചെയ്തിരിച്ച ജോലികളും നടന്നുകൊണ്ടിരിക്കുന്നു. ഇതെല്ലാം അറിയാമായിരുന്നിട്ടും തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് ഇങ്ങനെ ആവർത്തിച്ചാവർത്തിച്ചു പറയുന്നതിന്റെ ഉദ്ദേശം ആർക്കും മനസിലാക്കാൻ സാധിക്കുകയില്ല. അയൽ സംസ്ഥാനങ്ങളിൽ പത്തും പതിനഞ്ചും കൊല്ലങ്ങളും പഞ്ചായത്തുകളിൽ തെരഞ്ഞെടുപ്പു നടത്താതെ മുന്നോട്ടു പോയിട്ടുണ്ട്. ഒന്നോ രണ്ടോ കൊല്ലം തെരഞ്ഞെടുപ്പിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി പഞ്ചായത്തു തെരഞ്ഞെടുപ്പിന്റെ കാലാവധി നീട്ടിവെച്ചതുകൊണ്ട് നിങ്ങളും ഇങ്ങനെയെല്ലാം പറയാൻ തുടങ്ങിയാൽപ്പിന്നെ എങ്ങനെയാണ്? ശ്രീ. കാനം രാജേന്ദ്രൻ പറയുകയുണ്ടായി. ജി. സി. ഡി. എ. യിൽ കുന്ദ്ര അയലൻറിന് 70 ഏക്കർ വിട്ടുകൊടുക്കുകയുണ്ടായി, ഒന്നേമുക്കാൽ ഏക്കർ ആർക്കോ കൊടുത്തു എന്നൊക്കെ. ഇതൊക്കെ ആർക്കും മനസിലാക്കാൻ സാധിക്കാത്ത സ്റ്റേറ്റുമെന്റാണ്. കാര്യഗൗരവത്തോടുകൂടി ചിന്തിച്ചു കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ പറയുകയില്ലായിരുന്നു. ധനാഭ്യർത്ഥന പാസാക്കിത്തരണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XXIII—നഗരവികസനം

ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. ശങ്കരനാരായണപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. സി. കബീർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. മൂസ്സക്കുട്ടി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എ. കെ. പത്മനാഭൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ഇ. പത്മനാഭൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ധനാഭ്യർത്ഥന നമ്പർ XXI—പൊതുജനാരോഗ്യ എഞ്ചിനീയറിംഗ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച് ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി റേച്ചൽ സണ്ണി പനവേലി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. ശങ്കരനാരായണപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. മൂസ്സക്കുട്ടി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ഇ. പത്മനാഭൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എ. കെ. പത്മനാഭൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ധനാഭ്യർത്ഥന നമ്പർ XXXIX—ജലസേചനം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി റേച്ചൽ സണ്ണി പനവേലിൽ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. മൂസ്സക്കുട്ടി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ഇ. പത്മനാഭൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. സി. കബീർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എ. കെ. പത്മനാഭൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

നഗരവികസനം എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 1986-87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തിയാക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: സർ, ഞാൻ പോം ആവശ്യപ്പെടുന്നു,

(സഭ താഴെ കാണുംവിധം വേർതിരിഞ്ഞ് വോട്ടുരേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ-68

1. ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി
2. ശ്രീ. പി. എം. അബൂബേക്കർ
3. ശ്രീ. സി. ടി. അഹമ്മദ്അലി
4. ശ്രീ. കെ. അവുക്കാദർകുട്ടിനഹ
5. ശ്രീ. ആർ. ബാലകൃഷ്ണപിള്ള
6. ശ്രീ. തെന്നല ജി. ബാലകൃഷ്ണപിള്ള
7. ശ്രീ. പി. കെ. കെ. ബാവ
8. ശ്രീ. ബെന്നിബഹനാൻ
9. ശ്രീ. പി. ഭാസ്ക്കരൻ
10. ശ്രീ. വി. ദിനകരൻ
11. ശ്രീ. എം. പി. ഗംഗാധരൻ
12. ശ്രീ എ. ജോർജ്
13. ശ്രീ. പി. സി. ജോർജ്
14. ശ്രീ. കെ. എം. ഹംസക്കുഞ്ഞ്
15. ശ്രീ. എം. എം. ഹസ്സൻ
16. ശ്രീ. എം. പി. എം. ഇസ്ഹാക്ക്കുരിക്കൾ
17. ശ്രീ. എ. എൽ. ജേക്കബ്
18. ശ്രീ. സി. ജി. ജനാർദ്ദനൻ
19. ശ്രീ. ടി. എസ്. ജോൺ
20. ശ്രീ. എ. സി. ജോസ്
21. ഡോക്ടർ കെ. സി. ജോസഫ്
22. ശ്രീ. കെ. സി. ജോസഫ്
23. ശ്രീ. പി. ജെ. ജോസഫ്
24. ശ്രീമതി എം. കമലം
25. ശ്രീ. കെ. ജി. ആർ. കർത്താ
26. ശ്രീ. ജി. കാർത്തികേയൻ
27. ശ്രീ. കെ. കരുണാകരൻ
28. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
29. ശ്രീ. മണിമംഗലത്തു കുട്ട്യാലി
30. ശ്രീ. ഇ. ജെ. ലൂക്കോസ്
31. ശ്രീ. കെ. പി. എ. മജീദ്
32. ശ്രീ. കെ. എം. മാണി
33. ശ്രീ. എം. വി. മാണി
34. ശ്രീ. കെ. മുഹമ്മദാലി
35. ശ്രീ. ഇ. ടി. മുഹമ്മദുബഷീർ
36. ശ്രീ. പി വി. മുഹമ്മദ്
37. ശ്രീ. ടി. എച്ച്. മുസ്തഫ
38. ശ്രീ. കെ. എസ് നാരായണൻനമ്പൂതിരി
39. ശ്രീ. കെ. പി. നൂറുദ്ദീൻ
40. ശ്രീ. ഉമ്മൻചാണ്ടി
41. ശ്രീ. സി. വി. പത്മരാജൻ
42. ശ്രീ. തച്ചടി പ്രഭാകരൻ

LIBRARY ARCHIVES Kerala Legislative Assembly

43. ശ്രീ. കെ. രാഘവൻ മാസ്റ്റർ
44. ശ്രീ. രാഘവൻ പൊഴക്കടവിൽ
45. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
46. ശ്രീ. കെ. പി. രാമചന്ദ്രൻ നായർ
47. ശ്രീ. എസ്. രാമചന്ദ്രൻപിള്ള
48. ശ്രീ തേറമ്പിൽ രാമകൃഷ്ണൻ
49. ശ്രീ. കെ. പി. രാമൻ
50. ശ്രീ. രമേശ് ചെന്നിത്തല
51. ശ്രീ. വയലാർ രവി
52. ശ്രീ. എൻ. ശക്തൻനാടാർ
53. ശ്രീ. പി. സീതിഹാജി
54. ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ
55. ശ്രീ. കടവൂർ ശിവദാസൻ
56. ശ്രീ. നാലകത്തു സൂപ്പി
57. ശ്രീ. കെ. കെ. ശ്രീനിവാസൻ
58. ശ്രീ. പന്തളം സുധാകരൻ
59. ശ്രീ. കോട്ടക്കുഴി സുകുമാരൻ
60. ശ്രീ. സി. എം. സുന്ദരം
61. ശ്രീ. എൻ. സുന്ദരൻ നാടാർ
62. ശ്രീ. വി. സുരേന്ദ്രൻ പിള്ള
63. ശ്രീ. പി. പി. തങ്കച്ചൻ
64. ശ്രീ. സി. എഫ്. തോമസ്
65. ശ്രീ. കെ. കെ. തോമസ്
66. ശ്രീ. പി. കെ വേലായുധൻ
67. ശ്രീ. ടി. വി. വിജയരാജൻ
68. ശ്രീ. സ്റ്റീഫൻ പാടുവ

പ്രതികൂലിക്കുന്നവർ-52

1. ശ്രീ. ടി. കെ. അബ്ദു
2. ശ്രീ. ടി. കെ. ആറുമുഖൻ
3. ശ്രീ. ബേബിജോൺ
4. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
5. ശ്രീ. ഒ. ഭരതൻ
6. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. സി. കെ. ചക്രപാണി
8. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
9. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
10. ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള
11. ശ്രീ. സിറിയക് ജോൺ
12. ശ്രീമതി പി. ദേവൂട്ടി
13. ശ്രീ. കെ. ജെ. ജോർജ്
14. ശ്രീമതി കെ. ആർ. ഗൗരി
15. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
16. ശ്രീ. ടി. കെ. ഹംസ
17. ശ്രീ. കെ. ഇ. ഇസ്മായിൽ
18. ശ്രീ. എം. ജിനദേവൻ

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. ഇ. കെ. നായനാർ
20. ശ്രീ. വി. സി. കബീർ
21. ശ്രീ. കെ. ടി. കണാരൻ
22. ശ്രീ. എം. കെ. കേശവൻ
23. ശ്രീ. സി. ടി. കൃഷ്ണൻ
24. ശ്രീ. കെ. കൃഷ്ണൻകുട്ടി
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. ടി. കുമാരൻ
27. ശ്രീ. പി. കുമാരൻ
28. ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ
29. ശ്രീ. ലോനപ്പൻ നമ്പാടൻ
30. ശ്രീ. സി. പി. മൂസ്സാൻകുട്ടി
31. ശ്രീ. കെ. മൂസ്സക്കുട്ടി
32. ശ്രീ. എ. കെ. പത്മനാഭൻ
33. ശ്രീ. ഇ. പത്മനാഭൻ
34. ശ്രീ. കെ. പങ്കജാക്ഷൻ
35. ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ
36. ശ്രീ. കെ. പി. പ്രഭാകരൻ
37. ശ്രീ. കെ. പുരുഷോത്തമൻ
38. ശ്രീമതി റേച്ചൽ സണ്ണി പനവേലി
39. ശ്രീ. വർക്കല രാധാകൃഷ്ണൻ
40. ശ്രീ. വി. കെ. രാജൻ
41. ശ്രീ. കാനം രാജേന്ദ്രൻ
42. ശ്രീ. കെ. ശങ്കരനാരായണപിള്ള
43. ശ്രീ. എ. കെ. ശശീന്ദ്രൻ
44. ശ്രീ. കെ. വി. സുരേന്ദ്രനാഥ്
45. ശ്രീ. എ. വി. താമരാക്ഷൻ
46. ശ്രീ. സി. കെ. തങ്കപ്പൻ
47. ശ്രീ. വി. ജെ. തങ്കപ്പൻ
48. ശ്രീ. എസ്. ആർ. തങ്കരാജ്
49. ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി)
50. ശ്രീ. ജി. വരദൻ
51. ശ്രീ. സി. വാസുദേവമേനോൻ
52. ശ്രീ. പി. വിജയദാസ്

നിഷ്പക്ഷർ : ഇല്ല.
അനുകൂലിക്കുന്നവർ : 68
പ്രതികൂലിക്കുന്നവർ : 52
നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

പ്രമേയം പാസ്സാക്കിയതായും ഗ്രാന്റ് അനുവദിച്ചിരിക്കുന്നതായും പ്രഖ്യാപിക്കപ്പെട്ടു.

ധനാഭ്യർത്ഥന നമ്പർ XXXVI—പഞ്ചായത്ത്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. സി. കബീർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. മൂസ്സക്കുട്ടി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എ. കെ. പത്മനാഭൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

പഞ്ചായത്ത് എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്ക് നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986-87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ശ്രീ. ബേബിജോൺ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭ താഴെ കാണുംവിധം വേർതിരിഞ്ഞ് വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ-68

1. ശ്രീ. എ. വി. അബ്ദുറഹിമാൻഹാജി
2. ശ്രീ. പി. എം. അബൂബേക്കർ
3. ശ്രീ. സി. ടി. അഹമ്മദ്അലി
4. ശ്രീ. കെ. അവുക്കാദർകുട്ടിനഹ
5. ശ്രീ. ആർ. ബാലകൃഷ്ണപിള്ള
6. ശ്രീ. തെന്നല ജി. ബാലകൃഷ്ണപിള്ള
7. ശ്രീ. പി. കെ. കെ. ബാവ
8. ശ്രീ. ബെന്നിബഹനാൻ
9. ശ്രീ. പി. ഭാസ്കരൻ
10. ശ്രീ. വി. ദിനകരൻ
11. ശ്രീ. എം. പി. ഗംഗാധരൻ
12. ശ്രീ. എ. ജോർജ്
13. ശ്രീ. പി. സി. ജോർജ്
14. ശ്രീ. കെ. എം. ഹംസക്കുഞ്ഞ്
15. ശ്രീ. എം. എം. ഹസ്സൻ
16. ശ്രീ. എം. പി. എം. ഇസ്ഹാക്ക്കുരിക്കൾ
17. ശ്രീ. എ. എൽ. ജേക്കബ്

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. സി. ജി. ജനാർദ്ദനൻ
19. ശ്രീ. ടി. എസ്. ജോൺ
20. ശ്രീ. എ. സി. ജോസ്
21. ഡോക്ടർ കെ. സി. ജോസഫ്
22. ശ്രീ. കെ, സി. ജോസഫ്
23. ശ്രീ. പി. ജെ. ജോസഫ്
24. ശ്രീമതി എം. കമലം
25. ശ്രീ. കെ. ജി. ആർ. കർത്താ
26. ശ്രീ. ജി. കാർത്തികേയൻ
27. ശ്രീ. കെ. കരുണാകരൻ
28. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
29. ശ്രീ. മണിമംഗലത്ത് കുട്ട്യാലി
30. ശ്രീ. ഇ. ജെ. ലൂക്കോസ്
31. ശ്രീ. കെ. പി. എ. മജീദ്
32. ശ്രീ. കെ. എം. മാണി
33. ശ്രീ. എം. വി. മാണി
34. ശ്രീ. കെ. മുഹമ്മദാലി
35. ശ്രീ. ഇ. ടി. മുഹമ്മദുബഷീർ
36. ശ്രീ. പി. വി. മുഹമ്മദ്
37. ശ്രീ. ടി. എച്ച്. മുസ്തഫ
38. ശ്രീ. കെ. എസ്. നാരായണൻനമ്പൂതിരി
39. ശ്രീ. കെ. പി. നൂറുദ്ദീൻ
40. ശ്രീ. ഉമ്മൻചാണ്ടി
41. ശ്രീ. സി. വി. പത്മരാജൻ
42. ശ്രീ. തച്ചടി പ്രഭാകരൻ
43. ശ്രീ. കെ. രാഘവൻ മാസ്റ്റർ
44. ശ്രീ. രാഘവൻ പൊഴക്കടവിൽ
45. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
46. ശ്രീ. കെ. പി. രാമചന്ദ്രൻ നായർ
47. ശ്രീ. എസ്. രാമചന്ദ്രൻപിള്ള
48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
49. ശ്രീ. കെ. പി. രാമൻ
50. ശ്രീ. രമേശ് ചെന്നിത്തല
51. ശ്രീ. വയലാർ രവി
52. ശ്രീ. എൻ. ശക്തൻ നാടാർ
53. ശ്രീ. പി. സീതിഹാജി
54. ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ
55. ശ്രീ. കടവൂർ ശിവദാസൻ
56. ശ്രീ. നാലകത്തുസൂപ്പി
57. ശ്രീ. കെ. കെ. ശ്രീനിവാസൻ
58. ശ്രീ. പന്തളം സുധാകരൻ
59. ശ്രീ. കോട്ടക്കുഴി സുകുമാരൻ
60. ശ്രീ. സി. എം. സുന്ദരം
61. ശ്രീ. എൻ. സുന്ദരൻനാടാർ
62. ശ്രീ. വി. സുരേന്ദ്രൻപിള്ള
63. ശ്രീ. പി. പി. തങ്കച്ചൻ
64. ശ്രീ. സി. എഫ്. തോമസ്
65. ശ്രീ. കെ. കെ. തോമസ്

LIBRARY ARCHIVES Kerala Legislative Assembly

66. ശ്രീ. പി. കെ. വേലായുധൻ
67. ശ്രീ. ടി. വി. വിജയരാജൻ
68. ശ്രീ. സ്റ്റീഫൻ പാടുവ

പ്രതികൂലിക്കുന്നവർ-52

1. ശ്രീ. ടി. കെ. അബ്ദു
2. ശ്രീ. ടി. കെ. ആറുമുഖൻ
3. ശ്രീ. ബേബിജോൺ
4. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
5. ശ്രീ. ഒ. ഭരതൻ
6. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. സി. കെ. ചക്രപാണി
8. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
9. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
10. ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള
11. ശ്രീ. സിറിയക് ജോൺ
12. ശ്രീമതി പി. ദേവൂട്ടി
13. ശ്രീ. കെ. ജെ. ജോർജ്
14. ശ്രീമതി കെ. ആർ. ഗൗരി
15. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
16. ശ്രീ. ടി. കെ. ഹംസ
17. ശ്രീ. കെ. ഇ. ഇസ്മായിൽ
18. ശ്രീ. എം. ജിനദേവൻ
19. ശ്രീ. ഇ. കെ. നായനാർ
20. ശ്രീ. വി. സി. കബീർ
21. ശ്രീ. കെ. ടി. കണാരൻ
22. ശ്രീ. എം. കെ. കേശവൻ
23. ശ്രീ. സി. ടി. കൃഷ്ണൻ
24. ശ്രീ. കെ. കൃഷ്ണൻകുട്ടി
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ
26. ശ്രീ. കെ. ടി. കുമാരൻ
27. ശ്രീ. പി. കുമാരൻ
28. ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ
29. ശ്രീ. ലോനപ്പൻ നമ്പാടൻ
30. ശ്രീ. സി. പി. മൂസ്സാൻകുട്ടി
31. ശ്രീ. കെ. മൂസ്സക്കുട്ടി
32. ശ്രീ. എ. കെ. പത്മനാഭൻ
33. ശ്രീ. ഇ. പത്മനാഭൻ
34. ശ്രീ. കെ. പങ്കജാക്ഷൻ
35. ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ
36. ശ്രീ. കെ. പി. പ്രഭാകരൻ
37. ശ്രീ. കെ. പുരുഷോത്തമൻ
38. ശ്രീമതി റേയ്ച്ചൽ സണ്ണിപനവേലി
39. ശ്രീ. വർക്കല രാധാകൃഷ്ണൻ
40. ശ്രീ. വി. കെ. രാജൻ
41. ശ്രീ. കാനം രാജേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

42. ശ്രീ. കെ. ശങ്കരനാരായണപിള്ള
43. ശ്രീ. എ. കെ. ശശീന്ദ്രൻ
44. ശ്രീ. കെ. വി. സുരേന്ദ്രനാഥ്
45. ശ്രീ. എ. വി. താമരാക്ഷൻ
46. ശ്രീ. സി. കെ. തങ്കപ്പൻ
47. ശ്രീ. വി. ജെ. തങ്കപ്പൻ
48. ശ്രീ. എസ്. ആർ. തങ്കരാജ്
49. ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി)
50. ശ്രീ. ജി. വരദൻ
51. ശ്രീ. സി. വാസുദേവമേനോൻ
52. ശ്രീ. പി. വിജയദാസ്

നിഷ്പക്ഷർ	:	ഇല്ല
അനുകൂലിക്കുന്നവർ	:	68
പ്രതികൂലിക്കുന്നവർ	:	52
നിഷ്പക്ഷത പാലിക്കുന്നവർ	:	ആരുമില്ല

പ്രമേയം പാസ്സാക്കിയതായും ഗ്രാന്റ് അനുവദിച്ചിരിക്കുന്നതായും പ്രഖ്യാപിക്കപ്പെട്ടു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8-30ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ജൂൺ 27-ാം തീയതി വെള്ളിയാഴ്ച രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചക്കുശേഷം 2-49ന് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 1986-87				
		26-3-1986-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക		
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	ആകെ രൂപ
(1)	(2)	(3)	(4)	(5)	(6)	(7)
XXIII	നഗരവികസനം	1,10,00,600	26,66,700	2,20,01,200	53,33,300	2,73,34,500
XXI	പൊതുജനാരോഗ്യ എഞ്ചിനീയറിംഗ്	4,97,50,000	13,34,33,300	9,95,00,000	26,68,66,700	36,63,66,700
XXXIX	ജലസേചനം	9,77,54,500	19,73,45,300	19,55,08,900	39,46,90,700	59,01,99,600
XXXVI	പഞ്ചായത്ത്	3,73,61,100	6,66,700	7,47,22,200	13,33,400	7,60,55,600